# ഒരു സ്നേഹസംസ്കാരം

സിസ്റ്റർ ലോറൻസ് സി.എസ്.സി

മരിയ ഭവൻ സി.എസ്.സി ജനറലേറ്റ്
കോലഴി, തൃശൂർ - 680 010

# Oru Snehasamskaram

**(Malayalam)**

Author:

**Sr Lawrence CSC**

First Edition:

**December, 2018**

Cover Design & Layout:

**Ramesh Chandran**

DTP:

**Rinu K**

Published by:

**Charity Publications**
Maria Bhavan CSC Generalate
Kolazhy, Thrissur 680 010
Copyright to the Publisher
Printed at:
**Santhibhavan Offset Press**
Kannamkulangara, Thrissur
Ph: 0487 2428601

Price: ₹

© Rights Reserved

# അകം താളുകളിൽ


| | പേജ് |
|---|---|
| അവതാരിക | vii |
| ആശംസ | x |
| ഓർമക്കുറിപ്പ് | xii |
| മുഖമൊഴി | xv |
| ഫാ. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത തീർഥയാത്രയിലൂടെ | 20 |
| **ചരിത്ര പശ്ചാത്തലം** | |
| ജനനവും മാമ്മോദീസായും | 23 |
| ബാല്യകാലം | 24 |
| വിദ്യാഭ്യാസം | 25 |
| സെമിനാരി കാലഘട്ടം | 26 |
| പ്രീഫെക്ട് | 27 |
| പൗരോഹിത്യ ജീവിതവും അജപാലന ശുശ്രൂഷയും | 27 |
| അജപാലന വഴികൾ | 28 |
| മരണം | 29 |
| മരണത്തിനായി ഒരുങ്ങിയ വിധം | 31 |
| വിശുദ്ധിയുടെ പരിമളം | 32 |
| **ആത്മീയതയുടെ സ്രോതസുകൾ, അനുകരിക്കുവാൻ ചെയ്ത അധ്വാനങ്ങൾ** | |
| ക്രൂശിതൻ | 37 |
| ദിവ്യകാരുണ്യം | 44 |
| വചനം | 49 |
| പരിശുദ്ധ അമ്മ | 53 |
| വിശുദ്ധ യൗസേപ്പിതാവ് | 58 |

വിശുദ്ധർ 62

**ഇറങ്ങിത്തിരിക്കേണ്ട ഇടങ്ങൾ** 65

**ശുശ്രൂഷയിലെ തനിമ** 67

**ഇറങ്ങിത്തിരിച്ച രീതികൾ** 71

ആത്മീയ ജീവിതം 71

വിശ്വാസം 78

പ്രത്യാശ 82

സ്നേഹം 82

    പാവങ്ങളോടുള്ള പരിഗണന 83

    വൈദികരോടുള്ള പരിഗണന 88

    സഹോദരിമാരോടുള്ള പരിഗണന 90

മിഷൻ ചൈതന്യം 94

അഷ്ട സൗഭാഗ്യമാർഗത്തിൽ 97

അജഗണത്തിനായി അലയുന്ന അജപാലകൻ 101

നീതിപാലകൻ 103

ചൂഷണ വ്യവസ്ഥിതികൾക്കെതിരെയുള്ള കർമതേജസ് 105

വെല്ലുവിളികൾ സ്വയം ഏറ്റെടുത്തവൻ 106

അപരന്റെ ആവശ്യം സ്വന്തം ആവശ്യമായി കണ്ടവൻ 107

അപകടത്തിൽ കാവലാൾ 108

വചന പ്രഘോഷകൻ 108

മതസൗഹാർദം, എക്യുമെനിസം എന്നിവയുടെ പ്രവാചകൻ 109

സുവിശേഷ ദാരിദ്ര്യം ജീവിച്ചവൻ 112

എല്ലാം സ്വന്തമായിരിക്കെ ഒന്നും ഇല്ലാത്ത അവസ്ഥ 113

മാന്യത കാത്തവൻ 117

പ്രകൃതി സൗഹൃദ സംസ്കാരത്തിന് വഴിവെട്ടിയവൻ 118

നല്ലൊരു ആർക്കൈവിസ്റ്റ് 118






| | |
|---|---|
| തെറ്റിദ്ധരിക്കപ്പെട്ടവൻ | 118 |
| തിരസ്കൃതൻ | 120 |
| Episcopal candidate | 121 |
| എതിർത്തവർക്ക് അനുഗ്രഹം | 122 |
| കാത്തിരിപ്പിന്റെ ആത്മീയത | 125 |
| ആത്മീയ പോരാട്ടവും ജാഗ്രതയും | 126 |
| ജീവിത സംഘർഷങ്ങൾ | 129 |
| ആത്മീയതയിൽ നങ്കൂരമിട്ട ജീവിതം | 134 |
| കലാപ്രേമി | 135 |
| ബന്ധങ്ങളുടെ തോഴൻ | 137 |
| വ്യക്തിത്വ സവിശേഷതകൾ | 138 |
| നന്ദിനിറഞ്ഞ ജീവിതം | 140 |
| ഒരു മിസ്റ്റിക് | 142 |
| **ഒരു നവസംസ്കാരം** | 145 |
| ബാല്യകാലസ്മരണകൾ അയവിറക്കുമ്പോൾ... | 147 |
| ഓർമകളുടെ ചെപ്പ് തുറന്നാൽ... | 149 |
| കുടുംബങ്ങളുടെ വഴികാട്ടി | 151 |
| ഊക്കനച്ചൻ എന്റെ കുടുംബസുഹൃത്ത് | 152 |
| ഊക്കനച്ചൻ എന്റെ അപ്പൻ | 153 |
| തിരുസന്നിധാനത്തിലെ കെടാവിളക്ക്; എന്റെ ജീവിതത്തിന്റെ വഴിവിളക്ക് | 154 |
| ഊക്കനച്ചൻ ഞങ്ങളുടെ കുടുംബത്തിന്റെ രക്ഷകൻ | 155 |

**“ഞാൻ ഈ ലോകത്തിലും**
**പരലോകമാകുന്ന നഭോമണ്ഡലത്തിലും**
**ദൈവമഹത്വം പ്രസരിപ്പിക്കുന്ന**
**ദൈവത്തിന്റെ അനന്തകാരുണ്യം**
**പ്രഘോഷിക്കുന്ന ഒരു**
**നക്ഷത്രമായിരിക്കട്ടെ.”**

LMMR., Vol. 1,14



# അവതാരിക

**മാർ റാഫേൽ തട്ടിൽ**
ബിഷപ്, ഷംഷാബാദ് രൂപത,
തെലുങ്കാന

ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ധന്യപദവി 2018 ഡിസംബർ 21-ാം തിയതി ഫ്രാൻസിസ് മാർപാപ്പ പരസ്യപ്പെടുത്തുകയുണ്ടായി. അതിനോടനുബന്ധിച്ച് ചൊവ്വന്നൂർ പള്ളിയിൽ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ കബറിടത്തിൽ ഒരു വിശുദ്ധ കുർബാന അർപ്പിക്കുവാനായി ഞാൻ അവിടെയെത്തി. തദവസരത്തിൽ ചാരിറ്റി സന്യാസിനി സമൂഹാംഗമായ ബ.സി. ലോറൻസ് എന്നോടു പറഞ്ഞു : സ്ഥാപകപിതാവിനെക്കുറിച്ച് ഒരു പുസ്തകം രചിച്ചിട്ടുണ്ട്. അതിന്റെ പണിപ്പുരയിലെ മിനുക്കുപണികളുടെ സന്ദർഭത്തിൽ പിതാവിനെ കാണുവാൻ സാധിച്ചത് ഭാഗ്യമായി ഞാൻ കരുതുന്നു. 'ഒരു സ്നേഹസംസ്കാരം' എന്ന പേരിൽ ഊക്കനച്ചന്റെ ആത്മീയ കാഴ്ചപ്പാടുകളും ആത്മീയതയുടെ ആഴങ്ങളും വെളിച്ചത്തുകൊണ്ടുവരുവാൻ പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ കൈയെഴുത്തു കോപ്പി എന്റെ കയ്യിൽ തന്നിട്ട് സിസ്റ്റർ തുടർന്നു; സാധിക്കുമെങ്കിൽ ഈ പുസ്തകത്തിന് ഒരു അവതാരിക പിതാവ് എഴുതിത്തരണം. ഏറെ ഇഷ്ടത്തോടുകൂടി ഞാനത് സ്വീകരിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ വളരെ താൽപര്യത്തോടെ വായിച്ചു നോക്കി.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ആത്മീയതയെക്കുറിച്ചും, അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ചും, ധാരാളം ഉൾക്കാഴ്ചകൾ നമുക്കു നൽകുന്ന ഒരു പുസ്തകമായിട്ട് എനിക്ക് അനുഭവപ്പെട്ടു. അഞ്ച് മേഖലകളായിട്ടാണ് സിസ്റ്റർ ഈ പുസ്തകത്തെ ആവിഷ്കരിച്ചിരിക്കുന്നത്. ഊക്കനച്ചന്റെ ജീവചരിത്രം ഹ്രസ്വമാണെങ്കിലും പ്രധാനപ്പെട്ട ഒരുകാര്യവും വിട്ടുകളയാതെ ഏറ്റവും ക്രമമായും പ്രചോദനാത്മകമായും ആദ്യ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഊക്കനച്ചൻ എന്ന വ്യക്തിയുടെ ജീവിതത്തിന്റെ വഴികൾ അറിയുവാനും അനുഭവിക്കുവാനും ഈ അധ്യായം വളരെ സഹായകമാണ്. ഇതിലെ ഒരു ഭാഗം എന്നെ വളരെ ആകർഷിച്ചു. ഊക്കനച്ചന്റെ മരണം അടുത്തപ്പോൾ മരണത്തിനായി ഒരുങ്ങിയ വിധം. ധന്യൻ അഗസ്റ്റിൻ ജോണച്ചന്റെ സ്വർഗീയ മധ്യസ്ഥനായ അഗസ്തീനോസ് പുണ്യവാന്റെ വാക്കുകൾ ഊക്കനച്ചനിൽ അന്വർഥമായതായി





ദർശിക്കാനാകും. വിശുദ്ധൻ പറയുന്നു: ഒരു മനുഷ്യൻ എങ്ങനെ യാണ് മരണത്തിനായി ഒരുങ്ങുന്നത്, എങ്ങനെയാണ് മരണത്തെ നോക്കിക്കാണുന്നത് അത് അദ്ദേഹത്തിന്റെ ആത്മീയ സമ്പത്ത് പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ്.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ആദ്ധ്യാത്മികതയുടെ സ്രോതസ്സുകൾ വളരെ വിശദമായിട്ട് രണ്ടാമത്തെ ഘട്ടത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു പുണ്യപുരുഷനായിട്ട് അറിയപ്പെട്ടിരുന്നു. ജനങ്ങൾ ഒരു വിശുദ്ധനെ പ്പോലെ അദ്ദേഹത്തെ പരിഗണിച്ചു. ഊക്കനച്ചന്റെ ആദ്ധ്യാത്മികത രൂപപ്പെട്ട സ്രോതസ്സുകൾ, ആത്മീയ ഉറവിടങ്ങൾ എന്നിവ രണ്ടാം ഘട്ടത്തിൽ വളരെ ആഴത്തിലും ആകർഷണീയമായും അവതരിപ്പി ച്ചിട്ടുണ്ട്. ക്രൂശിതനായ ഈശോയോടുള്ള അടുപ്പം, ദിവ്യകാ രുണ്യത്തോടുള്ള ഒട്ടിച്ചേരൽ, ദൈവവചനത്തിലുള്ള ആഴപ്പെട്ട കാഴ്ചപ്പാടുകൾ, പരിശുദ്ധ അമ്മയോടും, മാർ യൗസേപ്പിതാവിനോടും സകല വിശുദ്ധരോടുമൊക്കെയുള്ള അദ്ദേഹത്തിന്റെ താൽപര്യം, അവരുടെ ജീവിതങ്ങൾ തന്റെ ജീവിതത്തിൽ വെളിച്ചം പകർന്ന വിളക്കുകളാണെന്നുള്ള അദ്ദേഹത്തിന്റെ ബോധ്യം എന്നിങ്ങനെ ഊക്കനച്ചനെ രൂപപ്പെടുത്തിയ ആത്മീയ സ്രോതസ്സുകൾ ഈ ഘട്ടം വ്യക്തമാക്കിത്തരുന്നു. നമ്മുടെത്തന്നെ ആത്മീയ ജീവിതത്തിൽ അത്തരത്തിലുള്ള സ്രോതസ്സുകളോട് അടുപ്പം തോന്നുവാൻ ഈ രണ്ടാം ഘട്ടം കാരണമാണ്.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ഇറങ്ങിത്തിരിച്ച ഇടങ്ങളെക്കുറിച്ചും, ശുശ്രൂഷകളിൽ കൈക്കൊണ്ട തനിമ നിറഞ്ഞ നിലപാടുകളെക്കുറിച്ചും മൂന്നാമത്തെ ഘട്ടത്തിൽ വളരെ ബൃഹത്തായി അവതരിപ്പിച്ചിട്ടുണ്ട്. വിശുദ്ധരുടെ ജീവിതത്തിൽ നാം കാണുന്ന വലിയൊരു പ്രത്യേകത ദൈവിക സുകൃതങ്ങളോട് - വിശ്വാസം, പ്രത്യാശ, സ്നേഹം - അവർ പുലർത്തിയ സർഗാത്മകമായ നിലപാട്, വീരോചിതമായ അഭ്യസനം, അതിസ്വാഭാവികമായ പുണ്യപരിശീ ലനം എന്നിവയാണ്. സ്വർഗീയ ദാനങ്ങളോട് - വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും അനിതര സാധാരണമായ വിധത്തിൽ, ഐതിഹാസികമായ രീതിയിൽ അവർ കാണിച്ച അടുപ്പം, ആഴപ്പെടുന്നതിന് അവർ കാണിച്ച കഠിനാധ്വാനം ഒരു പക്ഷേ അവരെ സാധാരണ മനുഷ്യരിൽ നിന്ന് വേറിട്ട് കാണുവാൻ നമ്മെ പ്രാപ്ത രാക്കുന്നു. പാവങ്ങളോടുള്ള പരിഗണന, വൈദികരോടുള്ള താൽപര്യം, സഹോദരിമാരോടുള്ള സ്നേഹം എന്നിവയെല്ലാം ഊക്കനച്ചന്റെ പ്രത്യേക ശൈലികളായിരുന്നു. മിഷൻ ചൈതന്യംകൊണ്ട് ജ്വലിച്ച ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ധന്യൻ അഗസ്റ്റിൻ





ജോണച്ചൻ ജീവിതത്തിൽ പുലർത്തിയ ഒരുപാട് നന്മനിറഞ്ഞ നിലപാടുകൾ മൂന്നാംഘട്ടത്തിൽ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്.

"ഒരു സ്നേഹസംസ്കാരം" എന്ന പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി പെട്ടെന്ന് വായിച്ച് തീർത്തപ്പോൾ എനിക്ക് തോന്നിയ ആദ്യത്തെ വികാരം ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ തന്റെ ജീവിതം കൊണ്ട് ഈ ലോകത്തോട് പറയുവാൻ ആഗ്രഹിച്ച എല്ലാ പ്രധാനപ്പെട്ട സന്ദേശങ്ങളും ഈ പുസ്തകത്തിൽ സമ്യക്കായി അവതരിപ്പിച്ചിട്ടുണ്ട് എന്നാണ്. ഈ പുസ്തകം അനുവാചകർക്ക് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ അറിയുവാൻ ആധികാരികമായ ഒരു കൈപുസ്തകമാകുമെന്ന് എനിക്കുറപ്പുണ്ട്. അച്ചന്റെ ജീവചരിത്രവും ജീവിതാദർശങ്ങളും ജീവിതശൈലിയുമൊക്കെ സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ, ആകർഷണീയമായ ആവിഷ്കാരശൈലിയിൽ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ നമ്മുടെ ജനങ്ങളുടെ ഇടയിൽ കൂടുതൽ അറിയപ്പെടുവാൻ ഈ പുസ്തകം കാരണമാകുമെന്നാണ് എന്റെ ബോധ്യം. ഈ പുസ്തകമെഴുതുവാൻ സിസ്റ്റർ ലോറൻസ് എടുത്ത കഠിനാധ്വാനം ഏറെ പ്രശംസനീയമാണ്. ചെറിയ ഒരു പുസ്തകത്തിലൂടെ ഒരു വലിയ മനുഷ്യനെ ഏറ്റവും മനോഹരമായി ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിൽ സിസ്റ്റർ വിജയിച്ചിട്ടുണ്ട്. സിസ്റ്ററിന്റെ നന്മനിറഞ്ഞ ത്യാഗസന്നദ്ധതയ്ക്കും കഠിനാധ്വാനത്തിനും സഭയുടെ നാമത്തിൽ ഞാൻ ഏറെ കൃതജ്ഞതയോടെ അഭിനന്ദനങ്ങളർപ്പിക്കുന്നു. ഈ പുസ്തകം എല്ലാവരുടെ ഇടയിലേക്കും എത്തണമെന്നാണ് എന്റെ ആഗ്രഹം. അങ്ങനെ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ കൂടുതൽ അറിയപ്പെടുവാനും അദ്ദേഹം പഠിപ്പിച്ച "സ്നേഹസംസ്കാരം" ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും സാധിക്കട്ടെ. അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതവും ആദ്ധ്യാത്മികതയും ആത്മീയശൈലികളും വ്യക്തമാക്കുന്ന "സ്നേഹസംസ്കാരം" എന്ന ഈ പുസ്തകത്തിന് സർവ ദൈവാനുഗ്രഹവും ആശംസകളും ഞാൻ പ്രാർഥനാപൂർവം നേരുകയും പൊതുജനസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു. ഈ പുസ്തകം എത്രയും പെട്ടെന്ന് എല്ലാവരുടെ കൈകളിലും എത്തിപ്പെടുവാൻ ദൈവം ഇടവരുത്തട്ടെ. പുസ്തകത്തിന് പ്രചുരപ്രചാരം ആശംസിച്ചുകൊണ്ട്,

നിങ്ങളുടെ വത്സല പിതാവ്
**മാർ റാഫേൽ തട്ടിൽ**
ഷംഷാബാദ് രൂപതയുടെ മെത്രാൻ

30.12.2018







**സിസ്റ്റർ ലൂസീന CSC**
സുപ്പീരിയർ ജനറൽ

# ആശംസ

സംസ്കാരം ഒരു സമസ്യയുടെ ഫലമാണ്. കാലാതീതനായ കർമയോഗി ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത സമസ്യയുടെ ആവിഷ്കാരമാണ് 'ഒരു സ്നേഹസംസ്കാരം' എന്ന ചെറുഗ്രന്ഥം. ഇതിന്റെ താളുകൾ ഒരു ഉത്തമ ക്രിസ്ത്യാനിയുടെ, പുരോഹിതന്റെ, അപ്പസ്തോലന്റെ, വിശുദ്ധന്റെ ജീവിതചര്യകൾ വെളിവാക്കുന്നു. ക്രിസ്തുവിന്റെ നഭോമണ്ഡലത്തിലെ നക്ഷത്രമായിരിക്കാൻ ആഗ്രഹിച്ച് ഈ ലോകജീവിതത്തിൽ എല്ലാ പ്രകാരത്തിലും ഒരു തീർഥാടകനായിരുന്ന അദ്ദേഹം ദൈവത്തിന്റെ നഭോമണ്ഡലത്തിൽ മാത്രമല്ല മനുഷ്യമനസുകളുടെ ആകാശത്തിലും ദൈവകാരുണ്യത്തിന്റെ പ്രഘോഷകനായി സ്ഥാനം പിടിച്ചു. ഇതിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ ദൈവം നടത്തിയ അണിയറ ഒരുക്കങ്ങളും, ദൈവ പൈതലെന്ന നിലയിൽ അദ്ദേഹം നൽകിയ ക്രിയാത്മകമായ പ്രതികരണങ്ങളും, സരളമായും സമ്യക്കായും അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകർത്രി ബ.സി. ലോറൻസ് കാണിച്ചിട്ടുള്ള മികവ് ഏറെ അഭിനന്ദനാർഹമാണ്.

ഊക്കനച്ചന്റെ ജീവിതത്തെ ഡയറിക്കുറിപ്പുകളിലൂടെയും അദ്ദേഹത്തെ അടുത്തറിയുന്നവരിൽ നിന്നും വിശദാംശങ്ങളോടെ മനസിലാക്കി, മനനം ചെയ്ത് എഴുതിയ ആദ്യഗ്രന്ഥമായ 'കാലാതീതനായ കർമയോഗി'യുടെ രചയിത്രി കൂടിയായ ബ. സിസ്റ്ററിന്റെ ഈ ഗ്രന്ഥത്തിന് കൂടുതൽ ആധികാരികതയുണ്ട്. നാമകരണനടപടികളുടെ ഹിസ്റ്റോറിക്കൽ കമ്മീഷൻ സെക്രട്ടറിയായും ഇപ്പോൾ വൈസ്പോസ്റ്റുലേറ്ററായും പ്രവർത്തിക്കുന്ന സിസ്റ്ററിന് ചാരിറ്റി സന്യാസിനി സമൂഹസ്ഥാപകനായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ആത്മീയബന്ധം വളരെ സുദൃഢമാണ് എന്ന കാര്യവും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. യേശുവിന്റെ കരുണാർദ്ര സ്നേഹത്തിന്റെ അലയടികൾ ജീവിതത്തിന്റെ സമസ്തമേഖലകളിലും

ഉയർത്തിയ ഊക്കനച്ചന്റെ അപ്പസ്തോലിക സംലഭ്യതയ്ക്കുള്ള സ്വർഗത്തിന്റെ ഉപഹാരമാണ് ഇത്തരുണത്തിൽ അദ്ദേഹത്തിനു ലഭിച്ച 'ധന്യപദവി' എന്നത് എത്ര വാസ്തവമാണ്.


ജീവിതത്തിലും മരണത്തിലും ദൈവത്തിന്റെ കയ്യൊപ്പുണ്ടാക ണമെന്ന് ആഗ്രഹിക്കുന്ന എല്ലാ നല്ല മനസുകൾക്കും ഈ ഗ്രന്ഥം ഒരു ആത്മീയ സഹായിയാണ്. ഇതിന്റെ പിന്നിൽ അധ്വാനിച്ച എല്ലാവർക്കും പ്രത്യേകിച്ച് ഗ്രന്ഥകർത്രി ബ.സി. ലോറൻസിനും അഭിനന്ദനവും നന്ദിയും പറയുന്നു. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ വ്യക്തിവൈശിഷ്ട്യങ്ങളുടെ പ്രഭയും അപ്പസ്തോലി കതയുടെ മിഴിവും അടുത്തറിയുവാനും അനുകരിക്കുവാനും ഇത് ഏവർക്കും പ്രചോദനമേകട്ടെയെന്ന് പ്രാർത്ഥിച്ച് എല്ലാവിധ ആശംസകളും നേരുന്നു.

**സിസ്റ്റർ ലുസീന സി.എസ്.സി**
സുപ്പീരിയർ ജനറൽ
മരിയഭവൻ ജനറലേറ്റ്
കോലഴി, തൃശൂർ

30.12.2018







# ഓർമക്കുറിപ്പ്

**മണലിൽ ദേവസി ജോണി**
Rtd. കൃഷി ഓഫീസർ

അവന്റെ തലപ്പാവിൽ സ്വർണം കൊണ്ടുള്ള ഒരു കിരീടം അണിയിച്ചിരിക്കുന്നു. അതിൽ ഒരു മുദ്രയിലെന്നപോലെ വിശുദ്ധി എന്നു കൊത്തിയിരിക്കുന്നു. വിദഗ്ധന്റെ കരചാതുരി പ്രകടമാക്കുന്ന അത് നയനാനന്ദകരവും ശ്രേഷ്ഠവും അലംകൃതവുമാണ് (പ്രഭാഷകൻ 45:12).

ഒരായുസ്സു മുഴുവൻ എന്നെ ഒരു വിശുദ്ധനാക്കണെ എന്ന് ആഗ്രഹിച്ച് പ്രാർഥിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്ത ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ സ്മരിക്കുമ്പോൾ എന്റെ മനോമുകുരത്തിൽ തെളിഞ്ഞുവരുന്ന ആ മഹത്രൂപം ഞാനിവിടെ കുറിയ്ക്കട്ടെ... വെണ്മയുടെ ശോഭയ്ക്ക് അല്പംപോലും മങ്ങലേൽക്കാത്ത തൂവെള്ള ളോഹധരിച്ച വന്ദ്യവൈദികൻ. എല്ലാ അർഥത്തിലും നലംതികഞ്ഞ ഒരു മാന്യവ്യക്തിത്വം. പോർക്കുളം ഇടവഴിയിലൂടെ റിക്ഷാവണ്ടിയിൽ വരുന്ന പ്രൗഢഗംഭീരനായ ഊക്കനച്ചനെ വളരെ ബഹുമാനത്തോടെ ഞാനിന്നും ഓർക്കുന്നു. നേരിൽ കണ്ടാൽ ആരെയും ആകർഷിക്കത്തക്ക നിറവും ആകാര വടിവും ഒത്തിണങ്ങിയിരുന്നു. യാത്രാസൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന അക്കാലത്ത് പാറേമ്പാടം – പഴഞ്ഞി റോഡ് നിർമാണത്തിന് മുഖ്യപങ്കുവഹിച്ചത് അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധത വിളിച്ചോതുന്ന സംഭവമായിരുന്നു. അന്ന് അദ്ദേഹം ചൊവ്വന്നൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. ഊക്കനച്ചൻ ചൊവ്വന്നൂർ പള്ളി വികാരിയായിരുന്ന കാലത്ത് അക്രൈസ്തവരായിരുന്ന അനേകർ കത്തോലിക്കാ വിശ്വാസികളായി മാറിയിട്ടുണ്ട്. ചൊവ്വന്നൂർ 'ശാല' എന്നറിയപ്പെട്ടിരുന്ന അനാഥാലയം, ഇന്ന് ശിരസുയർത്തി നിൽക്കുന്ന സന്യാസഭവനങ്ങളും കാരുണ്യ ഭവനമായ മരീനഹോമും

അദ്ദേഹത്തിന്റെ ചിരകാല സ്വപ്നമായിരുന്നു. ഞാൻ കാച്ചേരി മഡോണ ധ്യാനകേന്ദ്രത്തിൽ പ്രവർത്തിച്ചിരുന്ന സമയത്ത് പരിചയപ്പെട്ട പ്രശസ്തനായ ഒരു സഹോദരൻ ചൊവ്വന്നൂർ ശാലയിൽ നിന്നും അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് സംരക്ഷണവും, പഠനസൗക ര്യവും ലഭിച്ചതിന്റെ സന്തോഷം പങ്കുവച്ചത് ഇപ്പോഴും ഓർമിക്കുന്നു. അതിനു പിന്നിൽ പ്രവർത്തിച്ച കരങ്ങൾ ആ വന്ദ്യദേഹത്തിന്റേതാണ്. പാവപ്പെട്ടവരെ, ദാരിദ്ര്യദുഃഖത്തിലാഴ്ന്നവരെ, സമൂഹം മാറ്റി നിറുത്തിയവരെ തേടിയായിരുന്നു ആ നല്ല ഇടയന്റെ യാത്ര... അക്കാലത്ത് കരുണയുടെ ആൾരൂപമായി മാറിയ അദ്ദേഹത്തിന് പകരം വയ്ക്കാൻ മറ്റാരും ഉണ്ടായിരുന്നില്ല എന്നതാണ് സത്യം.

എന്റെ വീട്ടിൽ അമ്മ (101-ാം വയസ്സിൽ മരണം - 2018 മെയ്) ഊക്കനച്ചനെക്കുറിച്ചല്ലാതെ മറ്റൊരു വൈദികനെക്കുറിച്ചും ഇത്ര ആദരവോടെ പറഞ്ഞു കേട്ടിട്ടേയില്ല. അത്രമേൽ താല്പര്യവും സ്നേഹവും മാധുര്യവുമുള്ള ഓർമകളും അമ്മ മനസ്സിൽ സൂക്ഷിച്ചിരുന്നു. പലപ്പോഴും ഭവനസന്ദർശനത്തിനിടയിൽ ഞങ്ങളുടെ വീട്ടിലെത്തുന്ന ഊക്കനച്ചന് അമ്മയാണ് ഭക്ഷണം വിളമ്പിക്കൊടുത്തിരുന്നത്. അമ്മ ഞങ്ങളോട് പറയുമായിരുന്നു : "പള്ളിക്കും പട്ടക്കാർക്കും വേണ്ടി ചെയ്യുന്നതൊക്കെയും കുടുംബത്തിന് എല്ലാവിധത്തിലും അനുഗ്രഹമാകും" എന്ന്. അതെല്ലാം സത്യമാണെന്ന് ഇന്നും ഞങ്ങൾ അനുഭവിച്ചറിയുന്നു.

1956 ഒക്ടോബർ 13 ന് ഊക്കനച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തത് ഇന്നും ഒളിമങ്ങാതെ എന്റെ മനസ്സിൽ കിടപ്പുണ്ട്. അന്നുവരെ ചൊവ്വന്നൂർ പ്രദേശത്തോ, പരിസരത്തോ കാണാത്തത്ര വൻജനാവലി ആ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാനെത്തിയിരുന്നു. അതിൽ ഒരുവനായിത്തീരാൻ സാധിച്ചതിൽ ഞാനിന്ന് സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ചൊവ്വന്നൂർ പ്രദേശത്ത് ഇന്നും വിവിധ ജാതി-മത വിഭാഗത്തിൽപെട്ടവർ കൂട്ടായ്മയിൽ കഴിയുന്നു - എക്യുമെനിക്കൽ പ്രസ്ഥാനവും ശക്തിയോടെ മുന്നേറുന്നു. ഇതിനെല്ലാം കരുത്തു പകർന്ന് മുൻപേ പറന്നകന്ന ആ വെൺപ്രാവിന്റെ വിശുദ്ധമായ ചിറകടിശബ്ദം ഇന്നും ഇവിടെ പ്രതിധ്വനിക്കുന്നുണ്ട്. ആ പുണ്യാ ത്മാവിന്റെ മാധ്യസ്ഥ്യം ഈ പ്രദേശമാകെ നിറഞ്ഞു നിൽക്കുന്ന

തിൽ അഭിമാനിക്കുകയും എത്രയും വേഗം അൾത്താരയിൽ വണങ്ങപ്പെടുന്ന ദിനം സമാഗതമാകട്ടെ എന്നാശംസിച്ച് പ്രാർഥനയോടെ കാത്തിരിക്കുന്നു.

കരുണാമയനായ ക്രിസ്തുവിന്റെ മൊഴികളും വഴികളും നേർവഴികളായി കണ്ട് നമുക്കു നന്ദിയുള്ളവരാകാം. ഒരു നൂറ്റാണ്ടിനു മുമ്പ് ക്രിസ്തുവിന്റെ കാരുണ്യഗാഥ ജീവിതവ്രതമായി സ്വീകരിച്ച് ധന്യനായിത്തീർന്ന കരുണാർദ്രസ്നേഹിയായ ഊക്കനച്ചന്റെ ജീവിതവഴിത്താരകളെ പരിചയപ്പെടുത്തുന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകൃതമാകുന്നതിൽ ഏറെ അഭിമാനപുളകിതനാണ് ഞാൻ. ഈ ഗ്രന്ഥം വായനക്കാരിൽ പുതുവർണങ്ങൾ വിരിയിക്കാനും, കരുണയുടെ സുഗന്ധച്ചെപ്പു തുറക്കാനും ഇടവരുത്തട്ടെ എന്നാശംസിക്കുന്നു.

**മണലിൽ ദേവസി മകൻ ജോണി**
Rtd. കൃഷി ഓഫീസർ
പോർക്കുളം.

30.12.2018

# മുഖമൊഴി

കരുണ പിതാവായ ദൈവത്തിന്റെ സ്വഭാവമാണ്. അത് കൊടുക്കുകയും ശുശ്രൂഷിക്കുകയും ക്ഷമിക്കുകയും പങ്കുവക്കുകയും ആത്മദാനം ചെയ്യുകയും ചെയ്യുന്ന ഒരു ജീവിതശൈലിയാണ്. ഇവിടെ എല്ലാ മനുഷ്യരും ഒരുപോലെ പരസ്പരം സ്നേഹിച്ചും ആദരിച്ചും സന്തോഷിച്ചും കൂട്ടായ്മയിൽ ജീവിക്കുന്നു. 'എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്കാ 6:36) എന്നു പഠിപ്പിക്കുന്ന ഈശോ, എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ ഈ ഭാവം സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുന്നു. അങ്ങനെ ആന്തരിക സന്തോഷമനുഭവിച്ച് വിശുദ്ധിയിൽ വളരുവാൻ ആഹ്വാനം ചെയ്യുന്നു.

യേശുവിൽ നിറഞ്ഞു നിന്നതും അതിരില്ലാത്ത കാരുണ്യമാണ് (മത്താ. 5:2). ഈശോയുടെ അത്ഭുതങ്ങളും രോഗശാന്തിയും പ്രധാനമായും കാരുണ്യത്തിന്റെ സന്ദേശമാണ് നൽകുന്നത് (മത്താ. 11:4-6). കാരുണ്യ പ്രവൃത്തികളിലൂടെയാണ് മിശിഹായുടെ ആഗമനം മറ്റുള്ളവർ തിരിച്ചറിയുന്നത് -വിധവയോടു കാണിച്ച കാരുണ്യം (ലൂക്കാ 7:15), ജനങ്ങൾക്ക് അപ്പം നൽകിയത് (മത്താ. 14:14; 15:32). ഉള്ളു കലങ്ങി ഉളവാകുന്ന തരളിതമായ മാതൃസ്നേഹം പോലെയാണ് കരുണ.

കാനായിലെ അത്ഭുതം (യോഹ. 2:1-12) ദൈവത്തിന്റെ സമൃദ്ധമായ കൃപയും ജീവനും സ്നേഹവും വെളിപ്പെടുത്തി. ലാസറിന്റെ കുഴിമാടത്തിൽ കണ്ണീർ പൊഴിച്ച് സഹോദരികളെ ആശ്വസിപ്പിച്ച യേശു അലിവിന്റെയും കരുണയുടെയും ആഴം വെളിപ്പെടുത്തി (യോഹ. 11:35). ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നവർ മാത്രമാണ് നിത്യസമ്മാനത്തിന് അർഹരാകുന്നതെന്ന്

ഈശോ അസന്നിഗ്ദ്ധമായി പഠിപ്പിച്ചു (മത്താ. 25:31-40). ദൈവകാരുണ്യത്തിന്റെ കവിഞ്ഞൊഴുകലായിരുന്നു ഈശോയുടെ പാപമോചന ശുശ്രൂഷകൾ (ലൂക്കാ 23:39-43). തന്റെ വക്ഷസിൽ കുന്തംകൊണ്ടു കുത്തിയ അന്ധനായ പടയാളിക്കു ലഭിച്ച സൗഖ്യം എതിരാളിയെപ്പോലും കാരുണ്യംകൊണ്ടു കീഴടക്കുന്ന ക്രിസ്തുവിന്റെ അന്യാദൃശമായ മഹത്വം വെളിവാക്കുന്നു. അവിടുത്തെ വക്ഷസിലെ മുറിവിൽ നിന്നൊഴുകിയ രക്തവും വെള്ളവും കാരുണ്യത്തിന്റെ പ്രവാഹങ്ങളാണ്.

കാലഭേദമെന്യേ വേദനയനുഭവിക്കുന്ന സകല മനുഷ്യരുടെയും പ്രതിനിധിയാണ് ക്രൂശിതനായ ക്രിസ്തു. തന്റെ മുറിവുകളിലൂടെയാണ് അവിടുന്ന് മുറിവേറ്റ മനുഷ്യർക്ക് സൗഖ്യം പകരുന്നത്. കാരുണ്യത്തിന്റെ ഏറ്റവും മൂർത്തമായ പ്രതീകമാണ് കാൽവരിയിലെ കുരിശ്.

മറ്റൊരാളുടെ ഹൃദയഭാവങ്ങളുമായി താദാത്മ്യപ്പെടുന്നതും അയാൾക്കുവേണ്ടി തന്നെത്തന്നെ വ്യയം ചെയ്ത് ശുശ്രൂഷിക്കുന്നതുമാണ് കരുണ.

കരുണയുടെ ഒരു സംസ്കാരം വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആത്മാവ് ചലനം ഉളവാക്കുന്നു. ഇതിനായി പിതാവായ ദൈവം ചില വ്യക്തികളെ പേരുചൊല്ലി വിളിച്ച് പ്രത്യേക സിദ്ധികൾ നൽകി ഒരുക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർധങ്ങളിലും ഇത്തരം കൃപകൾ സ്വീകരിച്ച വ്യക്തികൾ ഉണ്ട്. അവരിലൊരാളാണ് തൃശ്ശൂർ അതിരൂപതയിലെ കരുണയുടെ ആൾരൂപമായി മാറിയ ചാരിറ്റി സന്യാസിനി സമൂഹ സ്ഥാപകൻ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. പാവപ്പെട്ടവന്റെ രോദനം ദൈവത്തിന്റെ രോദനമായി കണ്ടപ്പോൾ അദ്ദേഹം കാരുണ്യപ്രവൃത്തികളിൽ വ്യാപൃതനായി. കരുണയുടെ രൂപമായി മാറുന്നതാണ് യഥാർഥ ആത്മീയത എന്ന് പഠിപ്പിച്ചു.

അദ്ദേഹം വിശുദ്ധിക്ക് ഒരു പുതിയ മാനം നൽകി: സാധാരണ പ്രവൃത്തികളാണ് ഒരുവനെ വിശുദ്ധനാക്കുന്നത് (LMMR., vol. 1, f. 48). ക്രൂശിതനെയും ക്രിസ്തുവിന്റെ പഠനങ്ങളായ അഷ്ടസൗഭാഗ്യങ്ങളും





നിരന്തരം ധ്യാനിച്ച അദ്ദേഹത്തിന് വെളിപ്പെടുത്തലുകൾ ലഭിച്ചു. വെളിപ്പെടുത്തലുകൾക്കായി ദീർഘനേരം ക്രൂശിത സന്നിധിയിലും ദിവ്യകാരുണ്യത്തിനു മുമ്പിലും കാത്തിരുന്നു; വചനത്തിനു മുമ്പിൽ മുട്ടുകൾ മടക്കി. ചിന്തകൾ, വാക്കുകൾ, മനോഭാവങ്ങൾ, പ്രവൃത്തികൾ, പെരുമാറ്റം, ശുശ്രൂഷ... ഒക്കെ കരുണയുടെ വെട്ടത്തിൽ രൂപപ്പെടുത്തി. ശുശ്രൂഷക്കായി തീരങ്ങളിലൂടെയും ഓരങ്ങളിലൂടെയും അതിരുകളിലൂടെയും മലയിടുക്കുകളിലൂടെയും വരമ്പുകളിലൂടെയും പിന്നാമ്പുറങ്ങളിലൂടെയുമൊക്കെ യാത്ര ചെയ്തു.

തനിക്കു ലഭിച്ച ആത്മീയവെട്ടമനുസരിച്ച്

ജീവിതസാഹചര്യങ്ങളെ എങ്ങനെ കണ്ടു വിലയിരുത്തി
ശുശ്രൂഷകളിൽ കരുണ എങ്ങനെ ചാലിച്ചു ചേർത്തു
മുറിവേറ്റ മുഖങ്ങൾക്ക് എങ്ങനെ രൂപഭംഗി നൽകി
ജീവിതം ഈശോയോട് എങ്ങനെ അനുരൂപപ്പെടുത്തി
സന്തോഷവും സംതൃപ്തിയും സമാധാനവും വിശുദ്ധിയും
നിറഞ്ഞ ഒരു യുഗപ്പിറവിക്കായി എങ്ങനെ യത്നിച്ചു

ഇവയിലേക്ക് വെളിച്ചം വീശുവാനുള്ള ഒരു എളിയ പരിശ്രമമാണ് '**ഒരു സ്നേഹസംസ്കാരം**' എന്ന ഈ ചെറുഗ്രന്ഥം. ഒരു സാമൂഹികമാറ്റം, ഒരു ശൈലിമാറ്റം ഇന്നിന്റെ അനിവാര്യതയാണെന്നും വിശുദ്ധി എല്ലാവർക്കും പ്രാപ്യമാണെന്നും അത് സാധാരണ കൃത്യങ്ങളിൽ അധിഷ്ഠിതമാണെന്നും ധന്യന്റെ ജീവിതവും ദർശനങ്ങളും ഉദ്ഘോഷിക്കുന്നു. ഇത് വായിക്കുന്നവരുടെ ജീവിതത്തിൽ ആത്മീയ ഉണർവ് പെയ്തിറങ്ങട്ടെ എന്ന് പ്രാർഥിക്കുന്നു.

ഇതിന് പ്രചോദനമായി നിന്ന ഒരുപാട് ആളുകളുണ്ട്. ഇടയശുശ്രൂഷയുടെ തിരക്കിനിടയിലും സമയം കണ്ടെത്തി **ഒരു സ്നേഹസംസ്കാരം** എന്ന ഈ പുസ്തകത്തിന് തിലകക്കുറിയായി മികവാർന്ന ഒരു അവതാരിക എഴുതി അനുഗ്രഹിച്ച ഷംഷാബാദ് രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് ഹൃദയം നിറഞ്ഞ നന്ദി സവിനയം അറിയിക്കുന്നു.

ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനും വത്സല പിതാവുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെക്കുറിച്ച് ഒരു

പുസ്തകമെഴുതുവാൻ ആവശ്യപ്പെടുകയും മനോഹരമായ ആശംസ എഴുതി പ്രോത്സാഹിപ്പിക്കുകയും ചേർത്തുനിർത്തുകയും ചെയ്ത സി.എസ്.സി യുടെ ആദരണീയയായ സുപ്പീരിയർ ജനറൽ റവ. മദർ ലുസീനക്ക് കൃതജ്ഞതയുടെ കൂപ്പുകൈ.

ഊക്കനച്ചനെ സ്നേഹിക്കുകയും ആദരിക്കുകയും ബാല്യകാല ഓർമ്മകൾ അയവിറക്കുകയും ചെയ്യുന്ന, അകം നിറഞ്ഞ ആശംസകളും അഭിവാദനങ്ങളുമായി സന്തോഷത്തോടെ ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുകയും ചെയ്ത ശ്രീ. മണലിൽ ദേവസി ജോണിക്ക് ഉള്ള് നിറഞ്ഞ നന്ദി. ഓർമകളുടെ ചെപ്പ് തുറന്ന് അമൂല്യമായ രത്നങ്ങൾ പുറത്തെടുത്ത് ഊക്കനച്ചനെ ഈ കാലഘട്ടത്തിന് പരിചയപ്പെടുത്തിയ അഡ്വ. ശ്രീ. പി.വി. ചന്ദ്രൻ, റവ.ഫാ. ജോർജ് ചീരൻ, ശ്രീ. ടി.ഒ. തോമസ്, ശ്രീമതി മേരി വർഗ്ഗീസ്, ശ്രീമതി മർഗരീത്ത പൊറിഞ്ചു, കുഞ്ഞേത്തി ചേടത്തി, മർത്ത ചേടത്തി എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദി ആദരപൂർവം അറിയിക്കുന്നു.

ഈ ഗ്രന്ഥം രൂപകല്പന ചെയ്യുവാൻ അനുഗ്രഹവർഷം ചൊരിഞ്ഞ ദിവ്യകാരുണ്യ നാഥന് അനവരതം നന്ദിയും സ്തുതിയും അർപ്പിക്കുന്നു. ഈ സംരംഭത്തിന്റെ വിജയത്തിന് ആത്മാർത്ഥമായ സഹായഹസ്തവുമായി ഒപ്പം നിന്ന എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി. കവർ ചിത്രം അണിയിച്ചൊരുക്കിയ ശ്രീ. രമേഷ് ചന്ദ്രനും കമ്പ്യൂട്ടർ വർക്ക് സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച ശ്രീമതി റിനുവിനും പുസ്തകത്തിന്റെ കൈയെഴുത്തു കോപ്പി ക്ഷമയോടെ വായിച്ച് ആവശ്യമായ തിരുത്തലുകൾ നൽകിയ റവ. സിസ്റ്റർ ലിറ്റിൽ മേരി സി.എസ്.സി ക്കും ഹൃദയത്തിന്റെ നിറവിൽ നന്ദിയർപ്പിക്കുന്നു. മനോഹരമായ വിധത്തിൽ അച്ചടി നിർവഹിച്ച് ഈ രചനയെ സഹൃദയ സമക്ഷം അവതരണ യോഗ്യമാക്കിയ കണ്ണംകുളങ്ങര ശാന്തിഭവൻ ഓഫ്സെറ്റ് പ്രസ് & മാനേജർ റവ. സിസ്റ്റർ സജീവ സി.എസ്.സി ക്കും പ്രസിലെ സുഹൃത്തുക്കൾക്കും മനസുനിറഞ്ഞ നന്ദി.

കരുണാസമ്പന്നനായ നല്ല ദൈവമെ, അങ്ങെ അനന്ത പരിപാലനക്കുമുമ്പിൽ ശിരസു നമിച്ചുകൊണ്ട് 'ഒരു സ്നേഹസംസ്കാരം' എന്ന ഗ്രന്ഥം ദൈവമഹത്വത്തിനായി സാദരം സമർപ്പിക്കുന്നു.

ഡിസംബർ 30, 2018 **സി. ലോറൻസ് സി.എസ്.സി**



ദൈവത്തിന്റെ കരുണ
എനിക്കു ലഭിച്ചു.
ഇനിമുതൽ ഞാൻ
ദൈവത്തിന്റെ
അനന്ത കാരുണ്യത്താൽ
ഉയർത്തപ്പെട്ട
സ്മാരകമായിരിക്കും.
ദിവ്യകാരുണ്യത്തിന്റെ
അനന്ത ശക്തിയാൽ
രക്ഷിക്കപ്പെട്ടവനാണ് ഞാൻ.
അതുകൊണ്ട് ഞാൻ
നിത്യകാലത്തോളം
ദൈവത്തിന്റെ കാരുണ്യം
പ്രഘോഷിക്കും.
എന്റെ ജീവിതത്തിലുടനീളം
ഞാനത് അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

LMMR., vol. I, f. 153.

# അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിത തീർഥയാത്രയിലൂടെ

| | |
|---|---|
| 1880 ഡിസം. 19 | ജനനം, തൊയക്കാവ് |
| 1880 ഡിസം. | മാമ്മോദീസ, ഏനമ്മാവ് |
| 1895 | ആയത്ത പഠനം |
| 1898 ഏപ്രിൽ 17 | കാന്റി സെമിനാരി പ്രവേശനം |
| 1900 ഡിസം. 22 | വൈദിക വസ്ത്ര സ്വീകരണം |
| 1904 ഡിസം. 17 | ചെറിയ പട്ടങ്ങൾ |
| 1905 ഡിസം. 23 | സബ് ഡീക്കൻ പട്ടം |
| 1906 ഡിസം. 22 | ഡീക്കൻ പട്ടം |
| 1907 ഡിസം. 21 | തിരുപ്പട്ട സ്വീകരണം |
| 1907 ഡിസം. 22 | നവപൂജാർപ്പണം |
| 1907 ഡിസം. - 1909 സെപ്തം. | സെന്റ് തോമസ് സ്കൂളിന്റെ അസിസ്റ്റന്റ് മാനേജർ |
| 1909 സെപ്തം. - 1909 ഡിസം. 31 | കണ്ടശ്ശാംകടവ് വികാരി, വാടാനപ്പിള്ളി ഇടവകയുടെ നടത്തുവികാരി. |
| 1910 ജനു. 1 - 1917 ഡിസം. 31 | മൈനർ സെമിനാരി റെക്ടർ, ഈ കാലഘട്ടത്തിൽ കുറച്ചുനാൾ വിജയപുരം പള്ളി വികാരി, 1913-ൽ നാലുമാസം ചിറളയം, ചൊവ്വന്നൂർ പള്ളികളുടെ വികാരി. |
| 1913 ജൂലൈ - 1917 ജനു. 13 | മേനാച്ചേരി മെത്രാനച്ചന്റെ സെക്രട്ടറി |
| 1918 ജനു. 1 - 1918 ഡിസം. 21 | ലൂർദ് കത്തീഡ്രൽ വികാരി |
| 1918 ഡിസം. 21 - 1921 ഏപ്രിൽ | കോട്ടപ്പടി പള്ളി വികാരി, ഈ കാലയളവിൽ ആർത്താറ്റ് പള്ളി വികാരിയുമായിരുന്നു. |

അഞ്ഞൂർ, ഇയ്യാൽ, വെള്ളറക്കാട്, ഗുരുവായൂർ, ഒരുമനയൂർ
എന്നിവിടങ്ങളിൽ ഊക്കനച്ചൻ പൊതുവികാരിയൊ,
നടത്തുവികാരിയൊ ആയിരുന്നിട്ടുണ്ട്.





| | |
|---|---|
| 1921 – 1925 | സെന്റ് തോമസ് കോളേജ് മാനേജർ |
| 1925 നവം. – 1928 | മറ്റം പള്ളി വികാരി |
| 1928 ജനു. 28 – 1954 | ചൊവ്വന്നൂർ പള്ളി വികാരി |
| 1929 | അനാഥശാലയുടെ സ്ഥാപനം |
| 1930 നവം. 21 | സ്ത്രീകൾക്കായുള്ള ഭക്തസംഘടനയുടെ സ്ഥാപനം |
| 1932 ഡിസം. 22 | പൗരോഹിത്യ രജത ജൂബിലി |
| 1933 ജൂൺ 12 | ചിറളയം പള്ളി വികാരി |
| 1939 ജനു. 25 – 1941 നവം. 10 | പാലയൂർ പള്ളി വികാരി |
| 1940 ഡിസം. 19 | ഷഷ്ടിപൂർത്തി |
| 1944 നവം. 9 | മാതൃഭവനം ആശീർവാദം |
| 1944 നവം. 13 | ചാരിറ്റി സന്യാസിനി സമൂഹത്തിന് സ്ഥാപനാനുമതി |
| 1944 നവം. 21 | ചാരിറ്റി സന്യാസിനി സമൂഹം ഔദ്യോഗികമായി ആരംഭിച്ചു |
| 1945 മാർച്ച് 18 | സഭാവസ്ത്രത്തിന് അംഗീകാരം |
| 1945 മെയ് 3 | ആദ്യ സഭാംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം |
| 1946 ആഗസ്റ്റ് 28 | കൊക്കാല സെന്റ് അഗസ്റ്റിൻ മഠം സ്ഥാപനം |
| 1946 ഒക്ടോ. 28 | മുണ്ടത്തിക്കോട് ക്രിസ്തുരാജ മഠം സ്ഥാപനം |
| 1948 ജനു. 1 | ആദ്യ സഭാംഗങ്ങളുടെ പ്രഥമ വ്രത വാഗ്ദാനം |
| 1950 ഫെബ്രു. 2 | കുന്ദംകുളം നസറത്ത് പഠന മന്ദിരം സ്ഥാപനം |
| 1950 ഫെബ്രു. 18 | ചൊവ്വന്നൂർ ഫാത്തിമാ മഠം സ്ഥാപനം |

| | |
|---|---|
| 1953 സെപ്തം. 8 | മുല്ലശ്ശേരി ദൈവപരിപാലനാ മഠം സ്ഥാപനം |
| 1954 ഫെബ്രു. 11 | ഉപവി സഹോദരിമാർ കുഷ്ഠരോഗികളുടെ ശുശ്രൂഷയിൽ |
| 1954 മാർച്ച് 19 | കല്ലൂർ സെന്റ് ജോസഫ് മഠം സ്ഥാപനം |
| 1954 - 1956 | വിശ്രമ ജീവിതം |
| 1955 നവം. 21 | പുതുശേരി മരിയ റെജീന മഠം സ്ഥാപനം |
| 1955 മെയ് 4 | സിനാക്സിസ് ആഹ്വാനം - സർക്കുലർ |
| 1955 മെയ് 30 | പ്രഥമ സിനാക്സിസ് |
| 1956 ഒക്ടോ. 4 | അവസാന ദിവ്യബലിയർപ്പണം |
| 1956 ഒക്ടോ. 13 | രോഗീലേപനം |
| 1956 ഒക്ടോ. 13 | പിതൃസന്നിധിയിലേക്ക് |
| 2007 നവം. 30 | നാമകരണ നടപടികളുടെ ആരംഭം |
| 2008 ആഗസ്റ്റ് 24 | ദൈവദാസൻ |
| 2008 ആഗസ്റ്റ് 31 | അതിരൂപതാ ട്രൈബ്യൂണൽ സ്ഥാപനം |
| 2010 മാർച്ച് 24 | കല്ലറ തുറന്ന് ഭൗതികശരീരം പരിശോധിച്ച്, തിട്ടപ്പെടുത്തി, പുനഃസ്ഥാപിച്ചു. |
| 2011 ജൂലൈ 12 | അതിരൂപതാ മിറക്കിൾ ട്രൈബ്യൂണൽ സ്ഥാപനം |
| 2012 മെയ് 23 | അതിരൂപതാ ട്രൈബ്യൂണൽ സമാപനം |
| 2012 ജൂൺ 28 | അതിരൂപതാ മിറക്കിൾ ട്രൈബ്യൂണൽ സമാപനം |
| 2018 ഡിസം. 21 | ധന്യൻ |



# ചരിത്ര പശ്ചാത്തലം

അവിഭക്ത തൃശ്ശൂർ രൂപതയുടെ ബഹുമുഖമായ വളർച്ചയിൽ അരനൂറ്റാണ്ടോളം അനുപമമായ പങ്കുവഹിച്ചിട്ടുള്ള വൈദിക ശ്രേഷ്ഠനാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അഗതികളുടെയും ആലംബഹീനരുടെയും അതിർവരമ്പുകളിൽ കഴിയുന്നവരുടെയും സമഗ്രമായ ഉദ്ധാരണത്തിനായി ജീവിതം സമർപ്പിച്ച കരുണാർദ്ര സ്നേഹത്തിന്റെ പ്രവാചകനും പ്രഘോഷകനും ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമാണ് 2018 ഡിസംബർ 21-ാം തിയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ധന്യപദവിയിലേക്കുയർത്തിയ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ജീവിതം ക്രൂശിതനായ ഈശോയുമായി താദാത്മ്യപ്പെടുത്തുവാൻ സദാ ജാഗ്രത പുലർത്തി, ജീവിത സഹാചര്യങ്ങളെല്ലാം അതിനുള്ള നിമിത്തങ്ങളായി കണ്ട് ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച്, ജീവിതം ക്രൂശിതനോടുള്ള പ്രണയഗീതമാക്കി മാറ്റി ഒരു സ്നേഹസംസ്കാരത്തിന് തിരിതെളിച്ച് മുറിവേറ്റ് വിരൂപമാക്കപ്പെട്ട മുഖങ്ങളിൽ ഈശോയെ ദർശിച്ച് രൂപഭംഗി വരുത്തിയ ഒരു സ്നേഹഗായകനാണ് അദ്ദേഹം. പദചലനങ്ങളെല്ലാം പ്രദക്ഷിണമാക്കിമാറ്റി അദ്ദേഹം നടത്തിയ തീർഥയാത്രയിലൂടെ സഞ്ചരിച്ച് അദ്ദേഹത്തിന്റെ ആത്മീയസ്രോതസുകളും ദർശനങ്ങളും അതിനു നടത്തിയ പരിശ്രമങ്ങളും വേറിട്ട ചിന്തകളും മനോഭാവങ്ങളും പ്രതികരണങ്ങളും ശുശ്രൂഷകളും നോക്കിക്കാണാം. ഇവയെല്ലാം വിരൽചൂണ്ടുന്ന ഒരു ജീവിത ശൈലിമാറ്റത്തിലൂടെ ഊക്കനച്ചൻ പഠിപ്പിച്ച സ്നേഹസംസ്കാരം ജീവിതത്തിൽ പ്രാവർത്തികമാക്കാം.

## ജനനവും മാമ്മോദീസായും

തൃശ്ശൂർ ജില്ലയിലെ എടക്കുളം ഊക്കൻ കുടുംബത്തിൽ നിന്നും പറപ്പൂർ വന്നു താമസമാക്കിയ ശ്രീ അന്തപ്പന്റെയും തൊയക്കാവ് സ്വദേശിയായ ചാലയ്ക്കൽ അന്നമ്മയുടെയും മകനായി 1880

ഡിസംബർ 19-ാം തീയതി[1] റവ.ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ ഭൂജാതനായി. ലോനപ്പൻ എന്ന ഓമനപ്പേരാൽ അറിയപ്പെട്ടിരുന്ന ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ ബാല്യകാലം പ്രശ്നങ്ങളാൽ ആടിയുലയപ്പെട്ടതായിരുന്നു.

ധാരാളം വൈദികരുള്ള അതിപുരാതനമായ കത്തോലിക്കാ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ മാമ്മോദീസ അന്നത്തെ പാരമ്പര്യമനുസരിച്ച് എട്ടോ പത്തോ ദിവസത്തിനുള്ളിൽ അമ്മയുടെ ഇടവകയായ ഏനമ്മാവ് കർമല മാതാവിന്റെ ദേവാലയത്തിൽ വച്ച് നടന്നു[2] എന്ന് അദ്ദേഹത്തെ പരിചയമുള്ളവർ പറയുന്നു. ആ കാലഘട്ടത്തിലെ ഏനമ്മാവ് പള്ളിയിലെയും പറപ്പൂർ പള്ളിയിലെയും മാമ്മോദീസ രജിസ്റ്ററുകളിൽ ഇത് വ്യക്തമല്ല. കാന്റി സെമിനാരിയിലെ രജിസ്റ്ററിൽ മാമ്മോദീസ സ്വീകരണത്തിന്റെയോ സ്ഥൈര്യലേപനത്തിന്റെയോ തീയതികൾ രേഖപ്പെടുത്തിയിട്ടില്ല.

അദ്ദേഹത്തിന്റെ യഥാർഥ പേര് യോഹന്നാൻ എന്നാണ്. എല്ലാ രജിസ്റ്ററുകളും സർട്ടിഫിക്കറ്റുകളും ഇത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെമിനാരി കാലം മുതൽ അദ്ദേഹം സ്വയം എഴുതിയിരുന്നത് അഗസ്റ്റിൻ ജോൺ ഊക്കൻ എന്നാണ്. അഗസ്റ്റിൻ എന്ന പേര് എങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടു എന്ന് വ്യക്തമല്ല. വി. അഗസ്റ്റിൻ തന്റെ 'Heaven Given Patron'[3] എന്നാണ് അദ്ദേഹം സ്പിരിച്വൽ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധന്റെ ആത്മീയത ഒപ്പിയെടുക്കുവാനുള്ള സ്ഥിരമായ പരിശ്രമവും ഡയറി വ്യക്തമാക്കുന്നുണ്ട്.

## ബാല്യകാലം

അമ്മയുടെ സ്നേഹപരിലാളനകളിൽ വളരുവാനുള്ള ഭാഗ്യം ബാലനായ ജോണിന് അധികനാൾ ഉണ്ടായില്ല. അദ്ദേഹത്തിന് രണ്ടര വയസ്സുള്ളപ്പോൾ അമ്മ ഈ ലോകത്തോട് വിടപറഞ്ഞു. അപ്പന്റെ സ്നേഹവും സംരക്ഷണവും ഏറ്റുവാങ്ങി വളർന്നുവരുവാനുള്ള ഭാഗ്യവും ജോണിന് ലഭിച്ചില്ല. ജോണിന് ആറ് വയസ്സുള്ളപ്പോൾ അപ്പൻ കോളറ ബാധിച്ച് മരിച്ചു. അപ്പന്റെ സഹോദരി പറപ്പൂരുള്ള അച്ചാരുണ്ണിയുടെ സംരക്ഷണയിൽ വീട്ടുജോലികളൊക്കെ ചെയ്ത് ജോൺ വളർന്നുവന്നു. തന്റെ വേദനാജനകമായ ബാല്യത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1903 മെയ്

21-ാം തീയതി സ്വർഗാരോഹണ തിരുനാൾ ദിനം അദ്ദേഹം ധ്യാനിച്ച് രേഖപ്പെടുത്തുന്നു: "ഈശോ ഇന്ന് എന്നോട് ഇപ്രകാരം പറയുന്നതായി എനിക്കനുഭവപ്പെട്ടു: ഞാൻ നിന്നെ നിസഹായനും അനാഥനുമായി വിടുകയില്ല; നിനക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ഇവിടെ ഞാനുണ്ട്. അമ്മയുടെ നേരെ തിരിഞ്ഞ് യേശു പറഞ്ഞു. ഇതാ നിന്റെ മകൻ. അപ്പോൾ എന്നെ പൂർണമായും ഞാൻ അമ്മക്കു സമർപ്പിച്ചു".[4] പരിശുദ്ധ അമ്മ വി. യോഹന്നാനെ തന്റെ പ്രിയപ്പെട്ട മകനെപ്പോലെ സ്നേഹിച്ചു എന്ന് ധ്യാനിച്ച ജോൺ അച്ചൻ 1903 മെയ് 23-ാം തീയതി രേഖപ്പെടുത്തുന്നു, "... മാധുര്യം നിറഞ്ഞ അമ്മയോട് ഞാൻ നന്ദി പറയുന്നു. ഒരു അനാഥ ബാലനായ എന്നോട് പ്രത്യേക വിധത്തിൽ കരുണയുണ്ടാകണമെ".[5] പരിശുദ്ധ അമ്മ ശിഷ്യരെ ആശ്വസിപ്പിച്ചതിനെപ്പറ്റി തൊട്ടടുത്ത ദിവസം ധ്യാനിച്ച അദ്ദേഹം രേഖപ്പെടുത്തുന്നു: "... അമ്മേ, എന്നെ മറക്കരുതെ. ഞാൻ ഒരു അനാഥ ശിശുവാണ്, എന്നെ ഒരിക്കലും മറക്കരുതേ".[6]

## വിദ്യാഭ്യാസം

പറപ്പൂർ സെന്റ് ജോൺസ് ലോവർ പ്രൈമറി സ്കൂളിൽ ജോൺ ഊക്കൻ തന്റെ വിദ്യാഭ്യാസം ആരംഭിച്ചു. അഡ്മിഷൻ രജിസ്റ്ററിൽ ഔസേഫ് അന്തപ്പന്റെ മകൻ ഊക്കൻ ലോനപ്പൻ എന്ന് ആറാമത്തെ നമ്പറിൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് അദ്ദേഹം പറപ്പൂർ അടുത്ത് ചാലക്കൽ ആണ് താമസിച്ചിരുന്നത്. 1895-ൽ[7] മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ കുടംബത്തിന്റെ ചുമതല വഹിക്കാനുള്ളതുകൊണ്ട് അദ്ദേഹം പഠനം നിർത്തിയതായും രജിസ്റ്ററിൽ വ്യക്തമാക്കുന്നുണ്ട്.[8]

റവ. ഫാ. ജോസഫ് കുറ്റിക്കാട്ട്[9] ആയിരുന്നു അന്നത്തെ പറപ്പൂർ വി. ജോൺ നെപുംസ്യാൻ പള്ളി[10] വികാരി. 192 കത്തോലിക്കാ കുടുംബങ്ങളാണ് ഇടവകയിലുണ്ടായിരുന്നത്. അന്നത്തെ വികാരി അപ്പസ്തോലിക്ക മോൺ. അഡോൾഫ് മെഡലിക്കോട്ട് 1889-ൽ തൃശ്ശൂരിൽ സെന്റ് തോമസ് സ്കൂൾ ആരംഭിച്ചിരുന്നു. ആയത്ത പഠനത്തിനായി (Preparatory Ecclesiastical Education) 1895-ൽ 12 കുട്ടികൾ അവിടെ താമസിച്ച് പഠിച്ചിരുന്നു. ഇറ്റാലിയൻ മിഷനറി ഫാ. ലുദൊവികോസ് സംബൊണെല്ലിയും ഫാ. മാത്യു ചിറമ്മലും ലാറ്റിനും ഫാ. പൗലോസ് കുറ്റിക്കാട്ട് സുറിയാനിയും അവരെ പഠിപ്പിച്ചു[11]. ജോൺ ഊക്കനെ ആയത്ത പഠനത്തിനുശേഷം വൈദിക പരിശീലനത്തിനായി കാന്റിയിലേക്കയച്ചു.





## സെമിനാരി കാലഘട്ടം

തൃശ്ശൂർ വികാരിയാത്തിൽ നിന്നും വൈദിക പരിശീലനത്തിനായി അർഥികളെ പുത്തൻപള്ളി സെമിനാരിയിലേക്കും സിലോണിലെ കാന്റി പേപ്പൽ സെമിനാരിയിലേക്കുമാണ് അയച്ചിരുന്നത്. 1898 ഏപ്രിൽ 17-ാം തീയതി ജോൺ ഊക്കൻ കാന്റിയിലെ പേപ്പൽ സെമി നാരിയിൽ പ്രവേശിച്ച് പ്രാഥമിക പരിശീലനം നേടി. 1900 ഡിസംബർ 22-ാം തീയതി അദ്ദേഹം വൈദിക വസ്ത്രം സ്വീകരിച്ചു[12]. അദ്ദേഹം ഫിലോസഫിയും തിയോളജിയും പഠിച്ചത് അവിടെത്തന്നെയായി രുന്നു. രണ്ട് സെക്ഷനിലും അദ്ദേഹം പ്രീഫെക്ട് ആയിരുന്നു[13]. ജോൺ ഊക്കൻ സമർഥനായ ഒരു സെമിനാരിയൻ ആയിരുന്നു.

അദ്ദേഹം ചെറിയ പട്ടങ്ങൾ 1904 ഡിസംബർ 17-നും[14] സബ് ഡീക്കൻ പട്ടം 1905 ഡിസംബർ 23-നും[15] ഡീക്കൻ പട്ടം 1906 ഡിസംബർ 22-നും[16] സ്വീകരിച്ചു. 1907 ഡിസംബർ 21-ാം തീയതി[17] കാന്റിയിൽ വച്ച് ബിഷപ് ക്ലമൻസ് പഗാനി ഒ.എസ്.ബി.യിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അടുത്ത ദിവസം 1907 ഡിസംബർ 22-ാം തീയതി[18] അദ്ദേഹം അവിടെത്തന്നെ നവപൂജാർപ്പണം നടത്തി.

സെമിനാരിയിലായിരിക്കുമ്പോൾ തന്റെ ആത്മീയ വളർച്ചയിൽ അതീവ ജാഗ്രത പുലർത്തിയിരുന്നെന്നും നിരന്തരവും സ്ഥിരവുമായ പരിശ്രമത്തിലൂടെ വിശുദ്ധിയിൽ വളരുവാൻ തീക്ഷ്ണമായി ആഗ്രഹി ച്ചിരുന്നെന്നും ഡയറിയിലെ എല്ലാ പേജുകളും വ്യക്തമാക്കുന്നു. ക്രിസ്തീയ പുണ്യങ്ങളിൽ വളരുന്നതിനുള്ള നിരന്തരമായ പരിശ്രമവും കാണാം. സെമിനാരി കാലയളവിലെടുത്ത പ്രതിജ്ഞകളുടെ വെളിച്ചത്തിലാണ് അദ്ദേഹം അജപാലന ശുശ്രൂഷയ്ക്ക് രൂപവും ഭാവവും നൽകിയത്.

നിരന്തരമായ ജാഗ്രതയിലൂടെ തന്റെ ആത്മീയ ജീവിതം ആഴപ്പെടുത്തുവാൻ അദ്ദേഹം എങ്ങനെ പരിശ്രമിച്ചു എന്ന് ഡയറിയുടെ ആദ്യഭാഗം ചിത്രീകരിക്കുന്നുണ്ട്. 1902-ലെ ഒരു മാസധ്യാനത്തിൽ അദ്ദേഹം തീരുമാനമെടുക്കുന്നു: “തപസിലും പ്രായശ്ചിത്തത്തിലും ദൈവസേവനത്തിനുള്ള തീക്ഷ്ണതയിലും മാന്ദ്യം സംഭവിച്ചുകൊ ണ്ടിരിക്കുന്നുവെന്ന ചിന്ത ഇന്നത്തെ ധ്യാനത്തിൽ എന്റെ മനസ്സിനെ ആഴമായി സ്പർശിച്ചു. പ്രാർഥനയിലൂടെ ഇവയെല്ലാം ഞാൻ

വീണ്ടെടുക്കണം.[19]" അദ്ദേഹം സമയപരിധിവച്ച് പരിശ്രമവും നടത്തി[20]. ജീവിതപ്രയാണത്തിൽ പരിപൂർണതയിലേക്കുള്ള സ്ഥിരമായ വളർച്ച ഡയറിയിൽ നിന്നും വ്യക്തമാണ്.

## പ്രീഫെക്ട്

പ്രീഫെക്ട് എന്ന നിലയിൽ അധികാരികൾക്ക് വിധേയപ്പെട്ടും ആലോചനചോദിച്ചും സഹപാഠികളോട് സ്നേഹാദരവോടെ വർത്തിച്ചും ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു. തന്നെ ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം എളിമയോടുകൂടി നിർവഹിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഡയറിയിൽ രേഖപ്പെടുത്തി, "ഈശോ സ്വയം താഴ്ത്തി ദാസന്റെ രൂപം സ്വീകരിച്ചു. അങ്ങനെ പരിശുദ്ധമായ നാമത്തിന് അർഹനായി".[21] ജോണിന്റെ ഹൃദയതാഴ്മ ശുശ്രൂഷാനിർവഹണം ഏവർക്കും സ്വീകാര്യമാക്കിത്തീർത്തു.

അദ്ദേഹം 1907-ൽ എഴുതി: "ദൈവമഹത്വത്തിനായുള്ള എന്റെ തീക്ഷ്ണത എന്റെ വിശുദ്ധീകരണത്തിലും പഠനത്തിലും ഉൾപ്പെടണം. ദൈവത്തോടും ആത്മാക്കളോടുമുള്ള സ്നേഹത്താൽ എരിയുന്ന ഒരു വിശുദ്ധനാകുവാൻ തീക്ഷ്ണതയോടെ ശ്രമിക്കണം. ഈ അവസാന വർഷത്തിലെ എന്റെ പഠനമെല്ലാം സന്തോഷത്തോടുകൂടിയും ആത്മാർഥമായും നടത്തണം. എന്റെ അധികാരികൾക്കു വിധേയപ്പെട്ട് ഏൽപിച്ചിരിക്കുന്ന പ്രീഫെക്ടിന്റെ ജോലി നന്നായി ചെയ്യുവാൻ ശ്രമിക്കുകയും എന്റെ സഹോദരങ്ങളെ കൂടുതൽ നല്ലവരാക്കുന്നതിനോ, അവരുടെ തെറ്റുകൾ തിരുത്തുന്നതിനോ ആയി സ്നേഹത്തോടും ബഹുമാനത്തോടും കൂടി വാക്കുകൾ ഉപയോഗിക്കുകയും വേണം. എന്തുകൊണ്ടെന്നാൽ ഒരു പ്രീഫെക്ട് എന്ന നിലയിലും സെമിനാരിയിലെ മൂത്തയാൾ എന്ന നിലയിലും ആ സ്വാധീനം എനിക്കുണ്ട്".[22]

## പൗരോഹിത്യ ജീവിതവും അജപാലന ശുശ്രൂഷയും

ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ പൗരോഹിത്യശുശ്രൂഷ മൂന്ന് ഘട്ടങ്ങളിലൂടെ കാണുവാൻ ശ്രമിക്കാം.

| | | |
|---|---|---|
| ആദ്യഘട്ടം | : | 1907 - 1928 രൂപത ആസ്ഥാനവുമായി ബന്ധപ്പെട്ട ശുശ്രൂഷകൾ |

| | | |
|---|---|---|
| രണ്ടാംഘട്ടം | : | 1928 – ഒരു മിഷനറിയാകണമെന്ന തന്റെ ചിരകാലാഭിലാഷം പൂവണിയുന്നു. രൂപതയുടെ പ്രാന്തപ്രദേശമായ കുന്ദംകുളവും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള അജപാലന ശുശ്രൂഷ. |
| മൂന്നാംഘട്ടം | : | ചാരിറ്റി കോൺഗ്രിഗേഷന്റെ സ്ഥാപനം. രണ്ടും മൂന്നും ഘട്ടങ്ങൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. |

## അജപാലന വഴികൾ

| | | |
|---|---|---|
| 1907 ഡിസം. – 1909 സെപ്തം. | : | അസിസ്റ്റന്റ് മാനേജർ സെന്റ് തോമസ് സ്കൂൾ[23] |
| 1909 സെപ്തം. – 1909 ഡിസം. 31 | : | വികാരി കണ്ടശ്ശാംകടവ് പള്ളി,[24] |
| | | വാടാനപ്പിള്ളി ഇടവകയുടെ നടത്തു വികാരി[25] |
| 1910 ജനു. 1 – 1917 ഡിസം. 31 | : | തൃശ്ശൂർ മൈനർ സെമിനാരി റെക്ടർ.[26] ഈ കാലഘട്ടത്തിൽ കുറച്ചുനാൾ വിജയപുരം പള്ളിയുടെ വികാരിയായിരുന്നു[27]. |
| | | 1913-ൽ നാലുമാസം ചിറളയം, ചൊവ്വന്നൂർ പള്ളികളുടെ വികാരിയായിരുന്നു[28]. |
| 1913 ജൂലൈ – 1917 ജനു. 13 | : | മാർ ജോൺ മേനാച്ചേരി പിതാവിന്റെ സെക്രട്ടറി[29] |
| 1918 ജനു. 1 – 1918 ഡിസം. 21 | : | കത്തീഡ്രൽ വികാരി[30] |
| 1918 ഡിസം. 21 – 1921 ഏപ്രിൽ | : | കോട്ടപ്പടി പള്ളി വികാരി[31], ഈ കാലയളവിൽ ആർത്താറ്റ് പള്ളി വികാരിയുമായിരുന്നു. |
| 1921 ജൂൺ 4 – 1925 | : | സെന്റ് തോമസ് കോളേജ് മാനേജർ[32] |

| | | |
|---|---|---|
| 1925 നവം. - 1928 | : | മറ്റം പള്ളി വികാരി[33] |
| 1928 ജനു. 28 - 1954 | : | ചൊവ്വന്നൂർ പള്ളി വികാരി[34] |
| 1929 | : | അനാഥശാലയുടെ സ്ഥാപനം[35] |
| 1933 ജൂൺ 12 | : | ചിറളയം പള്ളി വികാരി[36] |
| 1939 ജനു. 25 - 1941 നവം. 10 | : | പാലയൂർ പള്ളി വികാരി[37] |
| 1930 നവം. 21 | : | സ്ത്രീകൾക്കായുള്ള ഭക്തസംഘടന ആരംഭിച്ചു[38] |
| 1944 നവം. 13 | : | കോൺഗ്രിഗേഷന് സ്ഥാപനാനുമതി[39] |
| 1944 നവം. 21 | : | കോൺഗ്രിഗേഷൻ ഔദ്യോഗികമായി ആരംഭിച്ചു[40] |
| 1956 ഒക്ടോ. 13 | : | പിതൃസന്നിധിയിലേക്ക്[41] |

## മരണം

മരണത്തെപ്പറ്റി വളരെ വ്യക്തമായ ദർശനം ഊക്കനച്ചനുണ്ടായിരുന്നു. എന്താണ് മരണം എന്നും മരണത്തിനായി എപ്രകാരം ഒരുങ്ങണമെന്നും സിസ്റ്റേഴ്സിനു നൽകിയ ധ്യാനങ്ങളിലൂടെ അദ്ദേഹം പഠിപ്പിച്ചു: 'ആത്മാവിനെ ദൈവവരപ്രസാദത്തിൽ നിലനിർത്തുക, പാപം ചെയ്താൽ ഉടനെതന്നെ മനസ്തപിച്ച് കുമ്പസാരിക്കുക, ദിവസവും ഉറങ്ങുന്നതിനു മുമ്പ് പാപത്തെപ്പറ്റി അനുതപിക്കുന്ന സ്വഭാവം രൂപീകരിക്കുക. മരണംവരെ പ്രസാദവരാവസ്ഥയിൽ ജീവിക്കുക എന്നത് ദൈവത്തിന്റെ വലിയ കൃപയാണ്. അനുദിനം വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം ഈ അനുഗ്രഹത്തിനായി പ്രാർഥിക്കണം. സ്വർഗത്തെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന പാലം മാത്രമാണ് മരണം. മരണത്തെ അഭിമുഖീകരിക്കാതിരിക്കുന്നത് ഭീരുത്വവും വിഡ്ഢിത്തവുമാണ്[42].

മരണം എന്താണെന്നു മനസ്സിലാക്കുവാൻ തന്റെ സെമിനാരി പരിശീലന കാലഘട്ടത്തിൽവച്ചുതന്നെ അദ്ദേഹം പരിശ്രമിക്കുന്നുണ്ട്. പരിശുദ്ധ അമ്മയുടെ മരണവും ഉയിർപ്പും ധ്യാനിച്ച ജോൺ മരണത്തെ ധീരതയോടെ അഭിമുഖീകരിക്കുവാനുള്ള ഉൾക്കരുത്ത് സമ്പാദിക്കുവാൻ ശ്രമിക്കുന്നു. 1904-ൽ അദ്ദേഹം ധ്യാനിക്കുന്നതിങ്ങനെ: "നന്നായി ജീവിച്ചാൽ മരണം എനിക്കു ഭയാനകമായിരിക്കു

കയില്ല. യേശുവിൽ ലയിച്ചു യേശുവിനോടുകൂടിയായിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്റെ ആത്മാവേ, ധൈര്യമായിരിക്കുക".[43]

വൈദികനായി 25 വർഷങ്ങൾക്കു ശേഷം 1932 ഡിസംബർ 11-ാം തീയതി അദ്ദേഹം വീണ്ടും മരണത്തെപ്പറ്റി ധ്യാനിക്കുന്നു: "യാതൊന്നിനോടും അമിതബന്ധം പുലർത്താതെ ദൈവവരപ്രസാദത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു മരണം ഭീതിജനകമായിരിക്കുകയില്ല. അതുപോലെയാകുവാൻ ശ്രമിക്കുക. എനിക്കു ധാരാളം വസ്തുക്കളുണ്ട്. എന്നാൽ ദൈവാനുഗ്രഹത്താൽ യാതൊന്നിനോടും ഒരഭിനിവേശവും തോന്നുന്നില്ല.[44]" അങ്ങനെ അദ്ദേഹം മരണത്തിനൊരുങ്ങി. മരണത്തിനായൊരുങ്ങുവാൻ സിസ്റ്റേഴ്സിനെ പഠിപ്പിക്കുകയും ചെയ്തു: "നാം ഓരോ നിമിഷവും മരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. നല്ല ജീവിതം നയിക്കുന്നവർ മരണത്തെ ഭയപ്പെടേണ്ടതില്ല. എപ്പോഴും പ്രസാദവരാവസ്ഥയിലായിരിക്കുവാൻ നാം പരിശ്രമിക്കണം. ഈ ലോകത്തെ പരലോകവുമായി ബന്ധിപ്പിക്കുന്ന പാലം മാത്രമാണ് മരണം. മരണക്കിടക്ക ബലിപീഠവും മരണം ബലിയുടെ പൂർത്തീകരണവുമായിരിക്കട്ടെ".[45]

മരണത്തെപ്പറ്റി കൂടെക്കൂടെ ധ്യാനിച്ച് മരണഭയം തരണം ചെയ്യണമെന്ന് അദ്ദേഹം പഠിപ്പിച്ചു.[46] ഒരുവൻ നന്നായി ഒരുങ്ങുകയാണെങ്കിൽ ഈശോയെപ്പോലെ മരണത്തെ സ്വീകരിച്ച് ദൈവതൃക്കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കാനാകുമെന്നും,[47] ജീവിതത്തിലെ അവസാനത്തെ പ്രവൃത്തിയാണ് ഇതെന്നു കരുതി എല്ലാം ചെയ്യണമെന്നും,[48] ഇന്ന് മരണത്തിനായി ഒരുങ്ങിയില്ലെങ്കിൽ ഒരിക്കലും ഒരുങ്ങുകയില്ലെന്നും[49] അദ്ദേഹം പഠിപ്പിച്ചു. ദിവസവും ഉറങ്ങുന്നതിനു മുമ്പായി മരണത്തെപ്പറ്റിയും അവസാന വിധിയെപ്പറ്റിയും ചിന്തിക്കണമെന്നും പാപത്തെപ്പറ്റി മനസ്തപിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു...[50] ഈ ലോക ജീവിതം പോലെയായിരിക്കും ഒരുവന്റെ മരണമെന്നും[51] ഇത് ഇവിടത്തെ അവസാന നിമിഷവും അവസാനിക്കാത്ത ജീവിതത്തിന്റെ ആരംഭവുമാണെന്നും[52] അദ്ദേഹത്തിന് വ്യക്തമായറിയാമായിരുന്നു.

## മരണത്തിനായി ഒരുങ്ങിയ വിധം

മരണത്തിനൊരുങ്ങുന്നതിന്റെ ഭാഗമായി തനിക്കുണ്ടായിരുന്നതെല്ലാം അദ്ദേഹം കൈമാറി. 1948 ആഗസ്റ്റ് 31-ാം തീയതി[53] അദ്ദേഹം




മരണപത്രം തയ്യാറാക്കിയിട്ടുണ്ടായിരുന്നു. 1954-ൽ ഇടവക ഭരണത്തിൽ നിന്നും വിരമിച്ച് മഠത്തിനടുത്തുള്ള ഒരു ചെറിയ ഭവനത്തിൽ താമസമാക്കി. 1955 മെയ് 30-ാം തീയതി സഭയിലെ ആദ്യത്തെ സിനാക്സിസ് നടന്നു. സിനാക്സിസിന് ഒരുങ്ങുന്നതിനായി അദ്ദേഹം 1955 മെയ് 4-ാം തീയതി ഒരു സർക്കുലർ അയച്ചു.[54]

സർക്കുലറിൽ നാം വായിക്കുന്നതിങ്ങനെ : '...നമ്മുടെ സഭയിൽ ബ. മഠാധിപമാരുടെയും മറ്റ് അധികാരികളുടെയും ക്രമപ്രകാരമുള്ള ഒരു പൊതുതെരഞ്ഞെടുപ്പ് നടത്തുന്നതിന് എ.പെ.ബ. മെത്രാനച്ചൻ തിരുമേനി അനുവദിച്ചു നിശ്ചയിച്ചിരിക്കുന്ന ദിവസം ഈ മാസം 30-ാം തീയതിയാണ്. അതുവരെ മഠത്തിലേവരും എല്ലാ ദിവസവും ഇതുവരെ ചൊല്ലിവന്നിരുന്നതുപോലെ തെരഞ്ഞെടുപ്പ് ഉദ്ദേശ്യത്തിനായി ഒരു 'എത്രയും ദയയുള്ള മാതാവെ' എന്ന നമസ്കാരം ചൊല്ലേണ്ടതാണ്. കൂടാതെ, പരി. റൂഹാദ്ക്കുദശയുടെ നൊവേന ഈ മാസം 20-ാം തീയതി തുടങ്ങി 28-ാം തീയതി അവസാനിപ്പിക്കണം.

...29-ാം തീയതി പന്തക്കുസ്താ ദിവസം തെരഞ്ഞെടുപ്പിനായി കൂടുന്ന എല്ലാവരും ഒരുമിച്ച് ഏകാന്ത ധ്യാനവും ഒരുനേരവും അനുഷ്ഠിക്കേണ്ടതാണ്. ശ്രേഷ്ഠന്മാരെ തെരഞ്ഞെടുക്കുന്നതും അവർക്ക് മറ്റുള്ളവരുടെമേൽ അധികാരം കൊടുക്കുന്നതും ദൈവമാണെന്ന് അറിഞ്ഞ് വിശ്വസിച്ച് തെരഞ്ഞെടുപ്പ് ആദ്യവസാനം ദൈവേഷ്ടം അനുസരിച്ച് നടത്തപ്പെടുന്നതിനും സഭയുടെ അഭിവൃദ്ധിക്കു പറ്റിയവർ മുഖം നോക്കാതെ തെരഞ്ഞെടുക്കപ്പെടുന്നതിനും മറ്റും ആവശ്യമായ ദൈവാനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും പ്രത്യേകം ഓരോരുത്തരും പ്രാർഥിക്കുകയും മനഃസാക്ഷിപ്രകാരം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

ഈ എഴുത്ത് കൈപ്പറ്റിയാൽ പ്രാർഥനാമുറിയിൽ എല്ലാവരും കൂടുന്ന അവസരത്തിൽ വായിക്കേണ്ടതും മഠംവക ഫയലിൽ സൂക്ഷിക്കേണ്ടതും ആകുന്നു'.

സിനാക്സിസ് അംഗങ്ങളായി 20 പ്രതിനിധികളെ തെരഞ്ഞെടുത്തു. സിനാക്സിസിൽ അദ്ധ്യക്ഷം വഹിച്ചത് അന്നത്തെ തൃശ്ശൂർ രൂപതാധ്യക്ഷൻ മാർ ജോർജ് ആലപ്പാട്ട് പിതാവാണ്. എല്ലാ മഠങ്ങ

ളിലേക്കുമുള്ള സുപ്പീരിയർ, അസിസ്റ്റന്റ് സുപ്പീരിയർ, നോവിസ് മിസ്ട്രസ് എന്നിവരെ ഈ സിനാക്സിസിൽ തെരഞ്ഞെടുത്തു.

1956 സെപ്തംബറിൽ സ്വന്തം നിയോഗങ്ങൾക്കായി അദ്ദേഹം 28 ദിവ്യബലി അർപ്പിച്ചു. 1956 ഒക്ടോബർ 4-ാം തീയതി അദ്ദേഹം തന്റെ അവസാനത്തെ ബലിയർപ്പിച്ചു. പനി കാരണം തുടർന്നുള്ള ദിവസങ്ങളിൽ അദ്ദേഹത്തിന് ദിവ്യബലിയർപ്പിക്കുവാൻ സാധിച്ചില്ല. ഒക്ടോബർ 12-ാം തീയതി രൂപതാധ്യക്ഷൻ അദ്ദേഹത്തെ സന്ദർശിച്ചു. അടുത്ത ദിവസം 1956 ഒക്ടോബർ 13-ാം തീയതി അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. അന്ന് അദ്ദേഹം രോഗീലേപനം ആവശ്യപ്പെട്ടു. മണവാളനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന മണവാട്ടിയെപ്പോലെ ഏറ്റവും നല്ലളോഹയും ഷൂസും ധരിപ്പിക്കുവാനും ആവശ്യപ്പെട്ടു.[55] അന്നത്തെ ചൊവ്വന്നൂർ പള്ളി വികാരിയായിരുന്ന റവ.ഫാ. ഇട്ടൂപ്പിൽ നിന്നും അദ്ദേഹം വി. കുർബാന സ്വീകരിച്ചു. റവ.ഫാ. മരിയാനൂസ് ടി.ഒ.സി.ഡി അദ്ദേഹത്തിന് രോഗീലേപനം നൽകി.[56]

## വിശുദ്ധിയുടെ പരിമളം

ജാതി-മത-വർഗ-വർണ ഭേദമെന്യെ എല്ലാമനുഷ്യരും ഊക്കനച്ചനെ വിശുദ്ധിയുള്ള ഒരു വലിയ മനുഷ്യനായിട്ടാണ് പരിഗണിച്ചിരുന്നത്. സാധാരണ പതിവിനുമപ്പുറം മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കുന്ദംകുളംവരെയുണ്ടായിരുന്നു. ആയിരക്കണക്കിനാളുകൾ വിലാപയാത്രയിൽ പങ്കെടുത്തു. ഇടവക തിരുനാളിനുപോലും ഇത്രയധികം ജനം ഉണ്ടാകാറില്ല[57] എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. വിലാപയാത്രക്കുശേഷം മൃതദേഹം ഇടവക ദേവാലയത്തിൽ സംസ്കരിച്ചു. ഈ ശുശ്രൂഷകൾക്കെല്ലാം നേതൃത്വം നൽകിയത് ചൊവ്വന്നൂർ നാട്ടിലെ ജനങ്ങളാണ്. ജനങ്ങൾ അദ്ദേഹത്തെ അവരുടെ സ്വന്തമായും സമ്പത്തായും നിധിയായും പരിഗണിച്ചു. അദ്ദേഹം അവർക്ക് നല്ലൊരു അജപാലകനായിരുന്നു, ആത്മീയ നേതാവായിരുന്നു, മാതൃകയായിരുന്നു, അവരുടെ ആവശ്യങ്ങളിൽ ഇടപെട്ട പിതാവായിരുന്നു. അവർ അദ്ദേഹത്തെ വിശുദ്ധനായി പരിഗണിച്ചു. ശവമഞ്ചത്തിൽ നിന്നും പൂക്കളെടുത്തു സൂക്ഷിച്ചവർ അനേകരാണ്.[58] ഇന്നും അവർ മാധ്യസ്ഥ്യം അപേക്ഷിക്കുന്നു; അനുഗ്രഹം പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.





## അടിക്കുറിപ്പുകൾ

1. Archives of Pune Papal seminary (Here after A.P.P.S.), Admission Register, P.72; Archives of Trichur Archdiocese (Here after A.Tri.A.)., K-26-1c; Archives of Kolazhy Maria Bhavan CSC Generalate (Here after A.Kol.MB.CSC.G.), Early Documents (Here after ED), 19.
2. Msgr. Thomas Moothedan., Upavisahodarikalude Sabhayum Sthapakanum, P.6
3. A.Kol.MB.CSC.G., Lights from Medidations, Monthly Recollections etc., vol.1, f.7, 1. (Herafter A. Kol.MB. CSC.G., LMMR.,)
4. A. Kol.MB. CSC.G., LMMR., vol. 1, f.50,3
5. A. Kol.MB. CSC.G., LMMR., vol.1, f. 51, 23 May,1.
6. A. Kol.MB. CSC.G., LMMR., vol.1, f.51, 24 May, 2.
7. The year given in the register is Kollam Era 1070 to which 825 is to be added to get the corresponding Gregorian calendar.
8. Archives of Parappur St. Johns L.P. School, Admission Register, vol.1, pp. 3-4.
9. Fr. Joseph Kuttikkattu came from Puthenpeedika parish. He later joined TOCD and lived at Elthuruth Monastery. He died in 1936.
10. A. Tri.A., Calendar- 1896; PP. 24-25.
11. A.Tri.A., C-1896, P.34.
12. A.Kol.MB.CSC.G., ED 1, Certificate of Tonsure from Mgr. Pagani, Bishop of Kandy; A.Kol.MB. CSC.G., ED 88.
13. A. Kol.MB. CSC.G., LMMR., vol.1, f.11, 1; Resolutions., vol.II, f.13.
14. A.Kol.MB.CSC.G., ED 2, Certificate of minor orders from Mgr. Pagani, Bishop of Kandy; A.Kol.MB.CSC.G., ED 88.
15. A.Kol.MB.CSC.G., ED 3, Certificate of Sub-diaconate from Mgr.Pagani, Bishop of Kandy; A.Kol. MB.CSC.G., ED 88.
16. A.Kol.MB.CSC.G., ED 4, Certificate of Diaconate from Mgr.Pagani, Bishop of Kandy; A.Kol.MB.CSC.G., ED 88.
17. A.Kol.MB.CSC.G., ED 5, Certificate of Ordination from Mgr. Pagani, Bishop of Kandy; A.Kol.MB.CSC.G., ED 88.
18. A.P.P.S., Admission Register, P.72; A.Kol. MB.CSC.G., ED 88.
19. A. Kol.MB. CSC.G., LMMR., vol.1, f.3.
20. A. Kol.MB. CSC.G., LMMR., vol.1, f.65.
21. A. Kol.MB. CSC.G., LMMR., vol.ff. 11-12.
22. Resolutions., vol. II, f. 13.
23. A.Kol.MB.CSC.G., ED 9.
24. A.Tri.A., Priests’ Appointment Register, 1909-1910; A.Kol.MB.CSC.G., ED 7.

25. A.Kol.MB.CSC.G., ED 7.
26. A.Kol.MB.CSC.G., ED 11.
27. A.Kol.MB.CSC.G., ED 12.
28. A.Tri.A.C-21. 1913, f.1.
29. Souvenir Adaranjalikal., p.10
30. A.Tri.A., Priests' Appointment Register, 1917-1918; A.Kol.MB.CSC.G., ED 13.
31. A.Tri.A., Priests' Appointment Register, 1918-1921; A.Kol.MB.CSC.G., ED 14.
32. St.Thomas College, Acquittance Register, PP.46-47; A. Kol.MB. CSC.G., ED 15
33. Souvenir Adaranjalikal., p. 21
34. A.Tri.A., Priests' Appointment Register - 1928; A. Mat.A.F.C.C., Chronicle, vol.1, PP. 56-57.
35. Sr Lawrence CSC., Kalatheethanaya Karmayogi., p.218
36. Archive of Chiralayam Holy Child Convent., (Here after A. Chi. HC.C) Chronicle, vol. I, P.11.
37. Souvenir Adaranjalikal., p.49
38. Snehayogam - History of the Congregation of the Sisters of charity., p.45
39. A.Kol.MB.CSC.G., ED 23.
40. Snehayogam., p.48
41. Snehayogam., p.82
42. A.Kol.MB.CSC.G., Books: Pithruvanikalude Manicheppilninnu, p.42.
43. A.Kol.MB.CSC.G.,LMMR., vol. II, f.73.
44. Resolutions, vol.II, f.45.
45. A.Kol.MB.CSC.G., Exhortations, Sr Rosily CSC, ff. 113-114.
46. A.Kol.MB.CSC.G., Exhortations, Sr Alberta CSC, f.11.
47. A.Kol.MB.CSC.G., Exhortations, Sr Cortuna CSC, f. 51.
48. A.Kol.MB.CSC.G., Exhortations, Sr Cortuna CSC, f. 77.
49. A.Kol.MB.CSC.G., Exhortations, Sr Alberta CSC, f. 16.
50. A.Kol.MB.CSC.G., Exhortations, Sr Alberta CSC, f. 17.
51. A.Kol.MB.CSC.G., Exhortations, Sr Cortuna CSC, f. 126.
52. A.Kol.MB.CSC.G., Exhortations, Sr Rosily CSC, f. 66.
53. A.Kol.MB.CSC.G., ED 47 a-c.
54. Snehayogam., pp.80-81
55. OT., Sr Hyasinth CSC
56. A.Kol.MB.CSC.G., Oral Testimony., (Here after OT) f. 29, Sr Juliana CSC
57. A.Kol.MB.CSC.G., OT., f.15, Devasy Chiriyankandath; f.30, Kochappan Muringathery; f. 31, Kochuthresia Jose; f.33, Kunjethy Alappatt.
58. A.Kol.MB.CSC.G., OT., f.41, Sr Petronila CSC.




ദൈവപുത്രൻ കുരിശ് തോളിലേറ്റി, തന്റെ രക്തത്താൽ അത് കുതിർന്നു,
തന്റെ മരണക്കിടക്കയായി കുരിശുപയോഗിച്ചു. ശ്രേഷ്ഠമായ കുരിശേ,
ഞാൻ ആരാധിക്കുന്നു. നമ്മുടെ രക്ഷയുടെ ഉപകരണമല്ലേ കുരിശ്.
ഒരു താക്കോലിന്റെ ധർമം അത് നിർവഹിക്കുന്നില്ലേ.
കുരിശ് നമ്മുടെ പടച്ചട്ടയാണ്. ഈ അടയാളം ധരിച്ചാൽ വിജയം കൈവരിക്കും.
നമ്മുടെ പ്രത്യാശയാണത്. പാപകൂപത്തിൽ നിന്നും കയറിവരുന്നതിനുള്ള
ഗോവണിയാണത്. ദിവ്യമായ കുരിശേ ഞാൻ നന്ദി പറയുന്നു.
ഞാൻ ദുഃഖിതനാകുമ്പോൾ കുരിശിൽ നിന്നും ധൈര്യം ലഭിക്കട്ടെ.
രക്ഷയുടെ ഈ അടയാളം ഞാൻ ഇടക്കിടക്ക് വരക്കട്ടെ.
എന്റെ ഹൃദയത്തിൽ ഒരു കുരിശു സ്ഥാപിച്ച് ഞാനതിനെ പോഷിപ്പിക്കട്ടെ.
അങ്ങയോടുള്ള സ്നേഹത്തെപ്രതി കുരിശിൽ വലിയൊരു പങ്ക് എനിക്കുണ്ടാകട്ടെ.
യേശുവേ, അങ്ങയുടെ കുരിശിൽ ഞാൻ അഭിമാനം കൊള്ളട്ടെ.
കുരിശിന്റെ യഥാർഥ മൂല്യം ഞാൻ മനസിലാക്കട്ടെ.

LMMR., vol. I, ff. 113,66
LMMR., vol. II, ff. 66,5



Kandy Papal Seminary





# ആത്മീയതയുടെ സ്രോതസുകൾ, അനുകരിക്കുവാൻ ചെയ്ത അദ്ധ്വാനങ്ങൾ

ഫാ. അഗസ്റ്റിൻ ജോൺ ഊക്കന് അനുകരിക്കുവാനുള്ള മാതൃകകളായിരുന്നത് ഈശോയും പരിശുദ്ധ അമ്മയുമാണ്[1]. തന്റെ അനാഥത്വത്തിൽ സനാഥത്വം അദ്ദേഹം കണ്ടെത്തിയതും ഇവരിലാണ്[2]. ഇവരെ ജീവിതത്തിൽ ഏറ്റവുമധികം സ്നേഹിച്ച[3] അദ്ദേഹം ഈശോ യോടും പരിശുദ്ധ അമ്മയോടും സമർപ്പണം നടത്തി[4]. ഈ സ്നേഹ സമർപ്പണത്തിലൂടെ തന്റെ മാതൃകകൾക്കനുയോജ്യമല്ലാത്തതൊന്നും ചെയ്യാതിരിക്കുവാൻ നിതാന്ത ജാഗ്രത പുലർത്തി[5]. മാത്രമല്ല തന്റെ മാതൃകകൾ ആഗ്രഹിക്കുന്നതെല്ലാം എന്തുവിലകൊടുത്തും ചെയ്യു വാൻ[6] അദ്ദേഹം ശ്രദ്ധ ചെലുത്തുകയും ചെയ്തു. കൃപകൊണ്ടു നിറയാൻ തന്റെ ഹൃദയമാകുന്ന കോപ്പ അദ്ദേഹം കാലിയാക്കി[7]. ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ[8] എന്ന് അദ്ദേഹം കോറിയിട്ടു. പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്; ക്രിസ്തുവിന്റെ സുഗന്ധ പരിമളമാണ്[9] എന്ന് അദ്ദേഹം ദർശനം ചെയ്തു. പിതാവായ ദൈവത്തെ എന്റെ നല്ല അപ്പച്ചാ[10] എന്ന് അഭിസംബോധന ചെയ്ത അദ്ദേഹം പിതാവ് തന്നിൽ നിക്ഷേപിച്ചിരിക്കുന്ന ഉൾവിളിക്കനുയോജ്യമായി രൂപാന്തരപ്പെടുവാൻ **ക്രൂശിതനിൽ** നിന്നാണ് പഠിക്കേണ്ടതെന്ന്[11] തിരിച്ചറിഞ്ഞു. ക്രൂശിതനുമായി താദാത്മ്യപ്പെടുവാൻ ആഗ്രഹിച്ചു[12].

ഇതിന് :

ക്രൂശിതനെ നോക്കിയിരുന്നു

ക്രൂശിതനെ പഠിച്ചു

ക്രൂശിതനെ ധ്യാനിച്ചു

ക്രൂശിതനെ ശ്രവിച്ചു

ക്രൂശിതനെ ജീവിക്കുവാനുള്ള ശ്രമങ്ങൾ നടത്തി

ജീവിതം ക്രൂശിതനോടുള്ള ഒരു പ്രണയഗീതമാക്കി മാറ്റി സ്വയം ശൂന്യനാകണം ക്രൂശിതനാൽ നിറയാൻ എന്ന് പ്രബോധനം നൽകി.

എപ്പോഴും ഒരു കല്ലേറു ദൂരെയായിരിക്കണമെന്നും[13] കര ജീവിതത്തെ ഒരിക്കലും സ്വാധീനിക്കരുതെന്നും മറിച്ച് ജീവിതം കരയെയാണ് സ്വാധീനിക്കേണ്ടതെന്നുമുള്ള ബോധ്യത്തിൽ അദ്ദേഹം കുറിച്ചിട്ടു: പഞ്ചേന്ദ്രിയങ്ങൾ ലോകത്തിലേക്ക് അടക്കപ്പെട്ടിരിക്കട്ടെ[14]. ക്രൂശിതനോട് അദ്ദേഹം നർമ സല്ലാപം നടത്തി[15]. അതായിരുന്നു അദ്ദേഹത്തിന്റെ പ്രാർഥനാശൈലി. ഈ ധ്യാനമനനത്തിൽ നിന്നും ലഭിച്ച ഉൾക്കാഴ്ചകൾ അദ്ദേഹം ഡയറിയിൽ കുറിച്ചിട്ടു: കുരിശ് സ്വർണ നിർമിതമായ ഒരു തുറന്ന പുസ്തകമാണ്[16]. ഈ പുസ്തകത്തിൽ നിന്നും പഠിക്കുന്നതിനായി അതിരാവിലെയും രാത്രിയുടെ നീണ്ട യാമങ്ങളിലും അദ്ദേഹം ക്രൂശിതനെ നോക്കിയിരുന്നു[17]. കുരിശിനെ സ്നേഹിച്ചു[18]. തന്റെ പഴയ സ്വഭാവത്തിൽ നിന്നും, പ്രകൃതിയിൽ നിന്നും വിടുതൽ പ്രാപിക്കണമെന്നും[19] ദൈവത്തെ അനുഭവിക്കുന്നതിനായി എല്ലാം ഉപേക്ഷിക്കണമെന്നും[20] തിരിച്ചറിഞ്ഞു. ക്രൂശിതനുമായി താദാത്മ്യപ്പെടുന്നതിനുള്ള പരിശ്രമങ്ങളിൽ നിന്നു ലഭിച്ച വെളിപ്പെടുത്തലുകളും ബോധ്യങ്ങളും അദ്ദേഹം രേഖപ്പെടുത്തുന്നു: കുരിശ് ശ്രേഷ്ഠമാണ്, നമ്മുടെ പടച്ചട്ടയാണ്, നമ്മുടെ പ്രത്യാശയാണ്; പാപകൂപത്തിൽ നിന്നും കയറിവരുന്നതിനുള്ള ഗോവണിയാണ്, രക്ഷയുടെ അടയാളമാണ്, മഹത്വപൂർണമാണ്[21]. ദുഃഖിതനാകുമ്പോൾ ധൈര്യം ലഭിക്കുന്നത് കുരിശിൽ നിന്നാണെന്ന[22] ബോധ്യത്തിൽ അദ്ദേഹം ആഗ്രഹിച്ചു: അങ്ങയോടുള്ള സ്നേഹത്തെപ്രതി കുരിശിലെ വലിയൊരു പങ്ക് എനിക്കുണ്ടാകട്ടെ[23].

കാൽവരിയും[24] കുരിശും[25] അദ്ദേഹത്തിന് വഴികാട്ടികളായിരുന്നു. കുറ്റാരോപണങ്ങൾക്കും അധിക്ഷേപങ്ങൾക്കുമിടയിൽ ഈശോ മൗനം അവലംബിച്ചു[26] എന്ന് അദ്ദേഹം മനനം ചെയ്യുന്നു. സ്വന്തം കുരിശെടുത്ത് മുമ്പേ പോവുകയും കുരിശിൽ മരിക്കുകയും ചെയ്ത യേശുവിനെ മാത്രം അനുഗമിക്കണമെന്ന്[27] തീരുമാനിച്ചുറച്ച അദ്ദേഹം പരിശുദ്ധ അമ്മയുടെ സഹായത്തോടെ കുരിശിൽ വലിയൊരു പങ്ക് നൽകണമെ[28] എന്ന് പ്രാർഥിക്കുന്നു.

ഈ ലോകജീവിതം ഒരു തീർഥാടനമാണെന്നും[29] തീർഥാടന വഴികൾ ഇടുങ്ങിയതാണെന്നും[30] വലിയ ഭാണ്ഡങ്ങൾ കൊണ്ടു നടക്കുവാനുള്ള വിസ്താരം വഴികൾക്കില്ലെന്നും[31] തിരിച്ചറിഞ്ഞ അദ്ദേഹം യാത്രയിൽ കൂടെയുണ്ടായിരിക്കേണ്ട സമ്പത്ത് ഇന്ദ്രിയ നിഗ്രഹം, ആത്മസംയമനം, തപശ്ചര്യ, എളിമപ്പെടുത്തലുകൾ[32] എന്നിവയാണെന്ന് ദർശനം ചെയ്തു. ഇതിന് ഈശോയുടെ ശിശു മനസ്സ് സ്വന്തമാക്കണമെന്ന് ഉൾക്കാഴ്ച ലഭിച്ചപ്പോൾ ശിശുവായ ഈശോ അദ്ദേഹത്തിന്റെ ധ്യാനവിഷയമായി. ശിശുമനോഭാവം അദ്ദേഹം അത്ഭുതത്തോടെ നോക്കിക്കണ്ടു. ശിശുവിന്റെ നിസാരത, വിനയം[33], ഒന്നുമില്ലാത്ത അവസ്ഥ[34], അനുസരണം[35], അമ്മ നൽകുന്ന സംരക്ഷണം[36], ഹൃദയതാഴ്മ[37], ദുർബലത[38]. ശിശുമനോഭാവത്തിന്റെ സവിശേഷതകളെല്ലാം അദ്ദേഹം ഈശോയിൽ ദർശിച്ചു[39]. അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ: 'അവിടുന്ന് എന്നോട് പറയുന്നു : എന്നെപ്പോലെ ശിശുവാകുക. നിങ്ങൾ ശിശുക്കളെപ്പോ ലെയാകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല'. ശിശുവായ യേശുവേ, അങ്ങയുടെ നിഷ്കളങ്കതയും, വിനയം, ഉപവി, മൗനം എന്നിവയും എന്നെ പഠിപ്പിക്കണമെ[40] എന്ന് പ്രാർഥി ക്കുകയും ഈ ആത്മീയത ജീവിക്കുവാൻ നിതാന്ത പരിശ്രമം നടത്തുകയും ചെയ്തു. അദ്ദേഹം സ്വയം ശിശു[41] എന്ന് വിശേഷി പ്പിക്കുകയും ഒരു ശിശുവിനെപ്പോലെ അമ്മയെ സ്നേഹിക്കണ മെന്നു[42] തീരുമാനിക്കുകയും ചെയ്തു. അഷ്ടസൗഭാഗ്യങ്ങൾ അദ്ദേഹത്തിന്റെ നിരന്തര ധ്യാനവിഷയമായിരുന്നു[43]. അങ്ങനെ ക്രൂശിത ആത്മീയത അദ്ദേഹം സ്വന്തമാക്കി; ആന്തരിക സന്തോഷം അനുഭവിക്കുകയും ചെയ്തു. 'വർഷങ്ങൾ കഴിയുന്തോറും എന്റെ ആത്മാവ് അങ്ങയുടെ പക്കലേക്ക് പറന്നടുക്കുന്നു[44] എന്നാണ് തന്റെ ആത്മീയാനുഭവം അദ്ദേഹം പങ്കുവക്കുന്നത്.

ശിശു സവിശേഷതകൾ വിളിച്ചോതുന്നതായിരുന്നു അദ്ദേഹ ത്തിന്റെ ജീവിതമെന്ന് കാലം തെളിയിച്ചു.

**പ്രബോധനങ്ങൾ**

- ഈശോയെ പഠിക്കുക, ഈശോയെപ്പോലെയാകുക[45].
- നിരന്തര ക്ഷാളനത്തിലൂടെ വിശുദ്ധീകരിച്ച്, ശൂന്യമാക്കി ചെറിയവരിലേക്കിറങ്ങിച്ചെല്ലണം[46].





- അനുദിനം കുരിശിന്റെ വഴി നടത്തി ആശ്വാസം കണ്ടെത്തണം[47].
- വെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവം ധ്യാനിക്കണം[48].
- ഒരു സന്യാസിയുടെ യഥാർഥ സ്ഥാനം ഈശോയുടെ കുരിശിൻ ചുവട്ടിലാണ്[49].
- നോമ്പിൽ എല്ലാദിവസവും ഈശോയുടെ പീഡാനുഭവം ധ്യാനിക്കണം[50].
- ഒരു സന്യാസി കൂടെക്കൊണ്ടുനടക്കേണ്ടത് - വി. ഗ്രന്ഥം, കുരിശ്, ജപമാല, ന്യായപ്രമാണം, വർത്തമാനപത്രം[51].

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol. I, ff. 15,12
2. A.Kol.MB.CSC.G., LMMR., vol. 1, ff. 50,51
3. A.Kol.MB.CSC.G., LMMR.,vol..1, ff. 134,89
4. A.Kol.MB.CSC.G., LMMR., vol. II, 34.2; Resolutions., vol.I,f.18
5. A.Kol.MB.CSC.G., LMMR., vol. I,f. 164
6. A.Kol.MB.CSC.G., Resolutions, vol.II, f. 21.
7. A.Kol.MB.CSC.G., Resolutions, vol. II,f. 31.
8. A.Kol.MB.CSC.G., Resolutions, vol.I, f. 16.
9. A.Kol.MB.CSC.G., Resolutions, vol.II, 22.
10. A.Kol.MB.CSC.G., LMMR., vol. I,f. 134.
11. A.Kol.MB.CSC.G., Resolutions., vol.I, f.14.
12. A.Kol.MB.CSC.G., LMMR., vol. I, f. 113.
13. A.Kol.MB.CSC.G., Resolutions., vol.I,f. 8.
14. A.Kol.MB.CSC.G., LMMR., vol. I, f. 38.
15. A.Kol.MB.CSC.G., LMMR., vol. I, f. 113.3
16. A.Kol.MB.CSC.G., Resolutions., vol.I, f. 14.1
17. A.Kol.MB.CSC.G.,OT., Sr Emmanuel CSC
18. A.Kol.MB.CSC.G., LMMR., vol. I, f. 19.2

19. A.Kol.MB.CSC.G., LMMR., vol. I,f. 31.
20. A.Kol.MB.CSC.G., Resolutions., vol.II,f. 31.
21. A.Kol.MB.CSC.G., LMMR., vol. I, f.113.
22. A.Kol.MB.CSC.G., LMMR., vol. I,f. 113.
23. A.Kol.MB.CSC.G., LMMR., vol. I,f. 113.
24. A.Kol.MB.CSC.G., LMMR., vol. I, f. 113.
25. A.Kol.MB.CSC.G., LMMR., vol. I,f. 66.
26. A.Kol.MB.CSC.G., LMMR., vol. I,f. 133.2
27. A.Kol.MB.CSC.G., LMMR., vol. I, f. 118.
28. A.Kol.MB.CSC.G., LMMR., vol. I,f. 118.
29. A.Kol.MB.CSC.G., LMMR., vol. I, f. 4.2
30. A.Kol.MB.CSC.G., LMMR., vol. I, f. 117.
31. A.Kol.MB.CSC.G., LMMR., vol. I, f. 117.2
32. A.Kol.MB.CSC.G., LMMR., vol. I, f. 4.2.
33. A.Kol.MB.CSC.G., LMMR., vol. I,f. 10
34. A.Kol.MB.CSC.G., LMMR., vol. I, f.64
35. A.Kol.MB.CSC.G., LMMR., vol. I, f. 75.1,2
36. A.Kol.MB.CSC.G., LMMR., vol. I, f. 98.4
37. A.Kol.MB.CSC.G., LMMR., vol. I, f. 132.5
38. A.Kol.MB.CSC.G., LMMR., vol. I, f. 133.3
39. A.Kol.MB.CSC.G., LMMR., vol. I, f. 187
40. A.Kol.MB.CSC.G., LMMR., vol. I,f. 188.3
41. A.Kol.MB.CSC.G., LMMR., vol. I, f. 64
42. A.Kol.MB.CSC.G., LMMR., vol. I, f. 105.3
43. A.Kol.MB.CSC.G., LMMR., vol. II, ff. 2,3.
44. A.Kol.MB.CSC.G., LMMR., vol. I, f. 31
45. A.Kol.MB.CSC.G., LMMR., vol. II, f. 2.2
46. A.Kol.MB.CSC.G., Resolutions., vol.II, f.31
47. A.Kol.MB.CSC.G., Resolutions., vol.II, f. 31
48. A.Kol.MB.CSC.G., Resolutions., vol.II, f. 31
49. A.Kol.MB.CSC.G., Confrences., 1946
50. A.Kol.MB.CSC.G., Written Testimony (Here after WT) vol.I, Sr Corthuna CSC, f. 20
51. A.Kol.MB.CSC.G., OT., Sr Vincenza CSC



യേശുവിനെ ദേവാലയത്തിൽ കണ്ടെത്തിയപ്പോഴും, മനുഷ്യാവതാരത്തിലും, ജനനത്തിലുമെല്ലാം മറിയം യേശുവിനു നൽകിയ സ്വീകരണവും സ്വാഗതവുമെല്ലാം പരിശുദ്ധ കുർബാന സ്വീകരിച്ചപ്പോൾ ഞാനും നൽകി. അതായത് ഉൽക്കടമായ ആഗ്രഹം, കത്തിയെരിയുന്ന ഉപവി, സർവാതിശായിയായ പരിശുദ്ധി, വിനയാന്വിതമായ തലോടൽ, ചുംബനങ്ങൾ. ഞാൻ സ്നേഹിക്കുന്നവനെ ഞാൻ കണ്ടെത്തിയിരിക്കുന്നുവെന്നും എന്റെ പ്രിയൻ എന്റേതായിരിക്കുന്നുവെന്നും (ഉത്ത. 6:3) ഞാൻ ഉറക്കെ പ്രഘോഷിച്ചു... ആ വലിയ സ്നേഹവിരുന്നിൽ അവിടുന്ന് സ്വന്തം ശരീരവും രക്തവും എനിക്കു ഭക്ഷിക്കുവാനായി നൽകുന്നു; വിരുന്നു മേശക്കരികിൽ സന്തോഷവതിയായ അമ്മയുമുണ്ടായിരുന്നു.

വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ നിന്നിൽ ആവസിക്കുന്ന യേശുവിനെ ഉചിതമായി സ്വീകരിച്ച്, സത്ക്കരിച്ച്, സന്തോഷിപ്പിക്കുവാനുള്ള കൃപാവരം അമ്മയോടു യാചിക്കുക.

ദൈവകാരുണ്യത്തിന്റെ ജോലി വ്യാപിപ്പിക്കുകയും എല്ലാ ജീവജാലങ്ങൾക്കും ദൈവത്തിന്റെ അനന്തനന്മ അനുഭവവേദ്യമാക്കുകയും ചെയ്യുക.

ഞാൻ നിത്യകാലത്തോളം ദൈവത്തിന്റെ കാരുണ്യം പ്രകീർത്തിക്കും.

LMMR., vol. II, ff. 89, 112
LMMR., vol. I, f. 28
Resolutions, vol. II, f. 47



യേശുവിന്റെ ദിവ്യസ്നേഹാഗ്നിയാൽ ശുദ്ധീകരിക്കപ്പെടുന്നതിനും
ആ അഗ്നിനാളങ്ങളാൽത്തന്നെ പ്രകാശിപ്പിക്കപ്പെടുന്നതിനും
ശക്തിസ്രോതസായ തിരുഹൃദയത്താൽത്തന്നെ ശക്തനാക്കപ്പെടുന്നതിനും
ദിവ്യഹൃദയത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നതിനുമായി
വലിയ പ്രത്യാശയോടുകൂടി ഏറ്റവും മാധുര്യമുള്ള
ഈശോയുടെ തിരുഹൃദയത്തിലേക്കു ഞാൻ പ്രവേശിച്ചു.
തന്റെ തിരുക്കുമാരന്റെ ഹൃദയത്തോട് അനുരൂപമാക്കപ്പെടേണ്ടതിനായി
ഞാൻ അമ്മയുടെ കാപ്പയുടെ കീഴിൽ സ്ഥിതിചെയ്തു.

പിതാവായ ദൈവമേ, അങ്ങയുടെ തിരുമനസ്സ് എന്നിൽ നിറവേറട്ടെ.
എന്നെപ്പറ്റിയുള്ള അങ്ങയുടെ പ്ലാനും പദ്ധതിയും
അറിഞ്ഞ് അതിനനുസൃതമായി വിശ്വസ്തതയോടെ
എന്റെ ഉത്തരവാദിത്വം നിർവഹിക്കട്ടെ.
അങ്ങനെ ഞാൻവഴി അങ്ങ് കൂടുതൽ മഹത്വപ്പെടട്ടെ.
ഓ ആരാധ്യനീയ ഹൃദയമേ, അങ്ങേ സ്നേഹാഗ്നിയാൽ
കത്തിച്ചാമ്പലാകുന്നതിനായി എന്റെ ഹൃദയം മാത്രമല്ല
എന്നെ മുഴുവനായും ഞാൻ അങ്ങേക്കു നൽകുന്നു.

Resolutions, vol. II, f. 21
LMMR., vol. I, ff. 63, 85

## ദിവ്യകാരുണ്യം

തീർഥയാത്രയിൽ ശക്തിസമ്പാദനത്തിനായി ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ കണ്ടെത്തിയ ഉറവിടമാണ് ദിവ്യകാരുണ്യം. ദിവ്യകാരുണ്യത്തിൽ ക്രൂശിതനെ ദർശിച്ച അദ്ദേഹം ദിവ്യകാരുണ്യത്തെ കൂടുതൽ പഠിച്ചറിയുന്നതിനായി നീണ്ട മണിക്കൂറുകൾ തപസിരുന്നു. ഈ തപസിലൂടെ അദ്ദേഹം ആബാനുഭവം സ്വന്തമാക്കി; ഏതവസ്ഥ യിലായിരുന്നാലും ജീവിതലക്ഷ്യം ദൈവത്തെ സ്നേഹിക്കുകയാ ണെന്ന് തിരിച്ചറിഞ്ഞു[1]. യഥാർഥ ധനം ഈശോയാണെന്നും ഈ സമ്പത്തിനായി അത്യധ്വാനം ചെയ്യണമെന്നും[2] തീരുമാനിച്ചു. എന്നും ദൈവത്തോട് യോജിച്ചിരിക്കുവാനും അവിടുത്തെ പ്രീതിഭാജനമാ യിരിക്കുവാനും ആഗ്രഹിച്ചു[3]. ദൈവസ്നേഹത്തെപ്രതി എല്ലാം ഉപേക്ഷിക്കണമെന്നും[4] ജീവിതയാത്രയിൽ ഈ ഉപേക്ഷ അനിവാ ര്യമാണെന്നും ഈശോയും പരിശുദ്ധ അമ്മയും നൽകുന്ന മാതൃക ഇതാണെന്നും[5] അദ്ദേഹം കണ്ടെത്തി. ഹൃദയമാകുന്ന ഭൂമി സമർപ്പിച്ച്[6] സ്നേഹത്തിന്റെ അടിമയായി ദൈവത്തിന്റെ ഭരണത്തിന് വിട്ടുകൊ ടുത്തു[7]. ദൈവവുമായി ഐക്യപ്പെട്ടിരുന്നാൽ ഏതുപ്രശ്നവും ദൈവതിരുമുമ്പിൽ മതിപ്പുള്ളതാകുമെന്ന്[8] വിശ്വസിച്ചു. യേശു വിനെപ്പോലെയാകുവാനും[9] യേശു പ്രവർത്തിച്ചതുപോലെ പ്രവർത്തി ക്കുവാനുമായി[10] ജീവിതം ക്രമീകരിക്കുന്നതിന് രൂപരേഖ തയ്യാറാക്കി[11].

- യേശുവിന്റെ ജീവിതം ധ്യാനിക്കുക.
- വിശുദ്ധ ഗ്രന്ഥം പഠിക്കുക.
- യേശുവിന്റെ ജീവിതത്തെപ്പറ്റിയുള്ള പുസ്തകങ്ങൾ വായിക്കുക.
- പരിത്യാഗപ്രവൃത്തികൾ ചെയ്യുക.
- യേശു തന്റെ ജീവിതത്തിൽ ചെയ്താലെന്നപോലെ ഓരോ പ്രവൃത്തിയും ചെയ്യുവാൻ ശ്രമിക്കുക.
- പരിശുദ്ധ അമ്മയോട് നിരന്തരം പ്രാർഥിക്കുക[12].

തീരുമാനങ്ങൾക്ക് മങ്ങലേൽക്കാതിരിക്കുവാൻ പരിശുദ്ധാത്മാ വിന്റെ വരദാനഫലങ്ങൾക്കായി പ്രാർഥിച്ചു[13]. ചോദിക്കുന്നതിനേക്കാൾ സമൃദ്ധമായി അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്ന ദൈവത്തോട് വിശുദ്ധ ഗ്രന്ഥജ്ഞാനവും ഭാഷാവരവും സന്തോഷത്തോടെ സഹിക്കുന്നതിനുള്ള ധീരതയും ജ്ഞാനവും ലഭിക്കുന്നതിനായി

പ്രാർഥിച്ചു[14]. ചെറുതാകലിന്റെ ആത്മീയത ദിവ്യകാരുണ്യ സന്നിധിയിലെ തപസിലൂടെ അദ്ദേഹം പഠിച്ചറിഞ്ഞ് ജീവിതതാഴ്മയും എളിയ ശുശ്രൂഷയും തന്റെ തനിമയായിരിക്കണമെന്ന് തീരുമാനിച്ചു[15].

എളിമയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനങ്ങൾ :

- കെട്ടിടത്തിന് ഉയരം കൂടുന്തോറും അസ്തിവാരത്തിന്റെ ആഴവും കൂടും.
- പൗരോഹിത്യം ഏറ്റവും ഉദാത്തമായതാണ്; തത്ഫലമായുണ്ടാകേണ്ട എളിമ അത്രയും ആഴമേറിയതായിരിക്കണം.
- വൃക്ഷത്തിന് ഉയരം കൂടുന്തോറും വേരിന്റെ താഴ്ചയും കൂടും.
- തറയിൽ കിടക്കുന്നവന് വീഴുമെന്ന ഭയത്തിനവകാശമില്ലാത്തതുപോലെ എളിമയുള്ളവൻ പാപത്തിൽ വീഴുന്നില്ല. അവന്റെ എല്ലാ സുകൃതങ്ങളും എളിമകൊണ്ടാവരണം ചെയ്തിരിക്കും, അഹങ്കാരമെന്ന കാറ്റിനാൽ അത് ചിന്നിച്ചിതറിപ്പോകുന്നില്ല[16].

ചെറിയവരിലേക്കിറങ്ങി[17] എല്ലാവർക്കും പിതാവായ ദൈവത്തിന്റെ വിരുന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുവാനാണ്[18] ശ്രേഷ്ഠമായ പൗരോഹിത്യവിളി[19] തനിക്ക് നൽകിയതെന്ന ബോധ്യത്തിൽ അദ്ദേഹമെടുത്ത തീരുമാനങ്ങൾ:

★ അസമത്വത്തിൽ കഴിയുന്നവരുടെ വേദന ലഘൂകരിച്ച് അവരുടെ അവസ്ഥ മെച്ചപ്പെടുത്തുക.

★ നല്ല സാമൂഹ്യവ്യവസ്ഥിതി സംജാതമാക്കുക.

★ അടിമത്വം അവസാനിപ്പിച്ച് വിശ്വസാഹോദര്യം സംജാതമാക്കുക[20].

★ ആന്തരീക അടിമത്വത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്കുക[21].

★ പാവപ്പെട്ടവരേയും വിരൂപമാക്കപ്പെട്ടവരേയും സ്നേഹിക്കുക[22].

★ വേദപ്രചാരണത്തിനിറങ്ങണം[24].

ദിവ്യകാരുണ്യത്തിൽ നിന്നും പാഠമുൾക്കൊണ്ട അദ്ദേഹത്തിന്റെ ജീവിതവും ദർശനങ്ങളും ഇന്നത്തെ ലോകത്തിന് ഒരു വെല്ലുവിളിയാണ്. ദൈവസ്നേഹത്താൽ എരിഞ്ഞ് പരസ്നേഹത്താൽ നിറഞ്ഞു ജീവിച്ച ജോണച്ചൻ[25] വരപ്രസാദത്തെ പ്രവർത്തനക്ഷമമാക്കി[26].

അദ്ദേഹത്തിന്റെ ജീവിതം ജനത്തിന് സാക്ഷ്യമായി മാറി. വെൺമയാർന്ന അപ്പത്തിൽ ഈശോയെ കണ്ടതുപോലെ മുറിവേറ്റ് വിരൂപമായ മുഖങ്ങളിലും അദ്ദേഹത്തിന് ഈശോയെ ദർശിക്കാനായി[27]. വിരൂപമായവരെ കൂടെ നിർത്തി, കൂട്ടായി നിന്ന്, കൂടെ താമസിപ്പിച്ച് രൂപഭംഗിയുള്ളവരാക്കി[28]. ദിവ്യകാരുണ്യസന്നിധിയിലെ കെടാവിളക്ക്[29] എന്നാണ് പരിചിതർ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

**പ്രബോധനങ്ങൾ**

- സക്രാരിയിലെ സ്നേഹത്തിന്റെ തടവുകാരനെ ഒറ്റപ്പെടുത്തരുത്[30].
- ദിവ്യകാരുണ്യ വിസീത്ത കുടെക്കൂടെ നടത്തണം[31].
- ഒരു ദിവസത്തിന്റെ കേന്ദ്രസ്ഥാനം ദിവ്യബലിയാണ്; ദിവസം മുഴുവനും ബലിജീവിതം തുടരണം[32].
- അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണം നിരന്തരം നടത്തണം[33].
- എളിയവരിലേക്കിറങ്ങി എളിയ ശുശ്രൂഷകൾ ചെയ്യണം[34].

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol. I, f. 82.1
2. A.Kol.MB.CSC.G., LMMR., vol. I, f. 61
3. A.Kol.MB.CSC.G., LMMR., vol. I,f. 157.2
4. A.Kol.MB.CSC.G., LMMR., vol. II,f. 3
5. A.Kol.MB.CSC.G., LMMR., vol. II,f. 3
6. A.Kol.MB.CSC.G., LMMR., vol.II, f. 5
7. A.Kol.MB.CSC.G., LMMR., vol. II, f. 65.4
8. A.Kol.MB.CSC.G., LMMR., vol. I, f. 44.2
9. A.Kol.MB.CSC.G., Resolutions., vol.I,f. 16
10. A.Kol.MB.CSC.G., Resolutions., vol.I,f. 3
11. A.Kol.MB.CSC.G., Resolutions., vol.I, f. 16
12. A.Kol.MB.CSC.G., Resolutions., vol.I, f. 16.5

13. A.Kol.MB.CSC.G., Resolutions., vol.II,f. 64

14. A.Kol.MB.CSC.G., Resolutions., vol.II, f. 64

15. A.Kol.MB.CSC.G., LMMR., vol. I,f. 131.1; LMMR., vol.II, f. 92.3

16. A.Kol.MB.CSC.G., LMMR., vol. I, f.131.2

17. A.Kol.MB.CSC.G., LMMR., vol. II,f. 46.2

18. A.Kol.MB.CSC.G., LMMR., vol. II, f. 46.2

19. A.Kol.MB.CSC.G., LMMR., vol. I, f. 131.1

20. A.Kol.MB.CSC.G., LMMR., vol. II, f. 46.2

21. A.Kol.MB.CSC.G., LMMR., vol. II, f. 50.2

22. A.Kol.MB.CSC.G., LMMR., vol. II,f. 92.3

23. A.Kol.MB.CSC.G., Resolutions., vol. II, f. 38

24. Archives of Mattom Assumption Franciscan Clarist Convent., (Here after A. Mat.A.F.C.C) Chronicle

25. A.Kol.MB.CSC.G., LMMR., vol.II, ff. 165, 166

26. A.Kol.MB.CSC.G., LMMR., vol. I,f. 36.6

27. A.Kol.MB.CSC.G., LMMR., vol. I, f. 166

28. OT., Martha, Chiralayam

29. OT., Mathai, Marathamcode

30. A.Kol.MB.CSC.G., Resolutions., vol.I, f. 10

31. A.Kol.MB.CSC.G., Resolutions., vol.I, f. 14

A.Kol.MB.CSC.G., Exhortations., Sr Rosily CSC, f. 127;

A.Kol.MB.CSC.G., WT., vol.I, Sr Bibiana CSC, f. 262

33. A.Kol.MB.CSC.G., Exhortations., Sr Alberta CSC, f.79;

OT., Sr Genova CSC; Sr Gregory CSC

34. A.Kol.MB.CSC.G., WT., vol.I, Sr Berchumens CSS, f. 193;

Sr Thomaseena CSC, f.236



യേശുവിന്റെ വചനം വായിച്ച് ജീവിതത്തിൽ പരിവർത്തനം വരുത്തുന്നവരും
അവിടുത്തെ മാതൃകയായി സ്വീകരിക്കുന്നവരും നശിക്കുകയില്ല.
ഉത്തമനായ ഗുരുവേ, എന്നെ അങ്ങേക്കനുരൂപനാക്കണമെ.
എന്നെ മറ്റൊരു ക്രിസ്തുവാക്കുക. എന്റെ അമ്മേ, എന്നെ സഹായിക്കണമെ.

ലോകത്തിന്റെ വിഷാംശമുള്ളതും മാരകവുമായ ആയുധങ്ങളിൽ നിന്നും
ഒഴിഞ്ഞു മാറുവാനും അവയ്ക്കെതിരെ മുൻകരുതലുകളെടുക്കുവാനും വചനം
കാലോചിതമായും സരളമായും പ്രഘോഷിച്ച് ആത്മാക്കളെ രക്ഷിച്ചുകൊണ്ട്
ദൈവമഹത്വം വർധിപ്പിക്കുവാനും എന്നെയും ആത്മാക്കളുടെ ജോലിയിൽ
വ്യാപൃതരായിരിക്കുന്ന എല്ലാവരേയും അനുഗ്രഹിക്കണമെ.

LMMR., vol. II, ff. 3, 34





## വചനം

ജീവിത തീർഥയാത്രയിൽ പദചലനങ്ങളെല്ലാം പ്രദക്ഷിണമാക്കി മാറ്റുവാൻ വചനത്തിനു മുമ്പിൽ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ മുട്ടുകൾ മടക്കി[1]. വചനം അതിന്റെ വ്യാഖ്യാനത്തോടുകൂടി പഠിച്ചു[2]. ജീവിതത്തിനാവശ്യമായ എല്ലാ വിഭവങ്ങളും വചനത്തിലുണ്ടെന്ന് അദ്ദേഹം കണ്ടെത്തി[3]. വചനത്തോട് അദ്ദേഹത്തിന് പ്രത്യേകമായ ആർത്തിയുണ്ടായിരുന്നു[4]. അദ്ദേഹം വചനം ജീവിതബന്ധിയാക്കി[5]. വചനമാകുന്ന കണ്ണാടിയിലൂടെ ജീവിതത്തെ നോക്കിക്കണ്ട് വിലയിരുത്തി, തിരുത്തി ജീവിതം പ്രകാശമാനമാക്കി[6]. വചനം ദൈവത്തിന്റെ സ്നേഹത്തിന്റെ, കരുണയുടെ സംസ്കാരമാണെന്ന്[7] അദ്ദേഹം തിരിച്ചറിഞ്ഞു. ദൈവത്തിന്റെ സംസ്കാരം തന്റെയും സംസ്കാര മായിരിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു[8]. താൻ കണ്ടുമുട്ടിയ വർക്കും തന്നെ കണ്ടുമുട്ടിയവർക്കും അദ്ദേഹം വചനം മുറിച്ചു വിളമ്പി[9]. വചനം ജീവിതത്തിൽ പരിവർത്തനം വരുത്തുമെന്ന[10] ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവവചനം വ്യക്തമായും മധുരമായും ശക്തമായും പ്രഘോഷിക്കുന്നതിനുള്ള വരത്തിനായി പരിശുദ്ധാത്മാവിനോട് നിരന്തരം പ്രാർഥിച്ചു[11]. വചനം അറിയാത്ത ഒരു പുരോഹിതന്റെ സ്ഥിതി എത്ര ശോചനീയമെന്ന്[12] അദ്ദേഹം കുറിച്ചുവച്ചു. അദ്ദേഹം ഒരു വചനോപാസകനായിരുന്നു.

സുവിശേഷപ്രഘോഷണത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനങ്ങൾ:

- വചനം കാലോചിതമായും സരളമായും പ്രഘോഷിച്ച് ആത്മാക്കളെ രക്ഷിച്ച് ദൈവമഹത്വം വർധിപ്പിക്കണം[13].
- സാധാരണ മനുഷ്യരുടെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി സുവിശേഷം പ്രഘോഷിക്കണം[14].

ഊക്കനച്ചൻ നല്ലൊരു വചനപ്രഘോഷകനായിരുന്നു. അദ്ദേഹം വൈദികർക്കും, സന്യസ്തർക്കും, അത്മായർക്കുമായി വചന പ്രഘോഷണം നടത്തി[15].

ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ വചനമനനങ്ങൾ ശ്രദ്ധേയമാണ്.

★ ലോകം മുഴുവനും ഒരു കുടുംബമാണ് - സസ്യകുടുംബം,

പക്ഷിക്കുടുംബം, ജന്തുകുടുംബം. ഈ കുടുംബത്തിൽ സമാധാനം നിലനിൽക്കണം[16].

★ എല്ലാ ജീവജാലങ്ങൾക്കും ദൈവത്തിന്റെ അനന്ത നന്മ അനുഭവവേദ്യമാക്കണം[17].

★ എല്ലാ കുടുംബങ്ങളുമായി ബന്ധം പുലർത്തണം[18].

★ ലോകം മുഴുവനും വേണ്ടി പ്രാർഥിക്കണം[19].

★ കൂട്ടായ്മയെ സ്നേഹിക്കണം. ധാരാളംപേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ആത്മാക്കൾക്കായുള്ള പ്രവർത്തനം വേഗത്തിലാകും[20].

★ എല്ലാവരേയും തീക്ഷ്ണതയുള്ളവരാക്കുക എന്നതാണ് പ്രേഷിതവേല[21].

★ അലസത പാപമാണ്[22].

★ സ്വയം വിശുദ്ധീകരണത്തിനും ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനുമായി പരിത്യാഗമനുഷ്ഠിക്കണം[23].

★ സഹനം കലകളുടെയെല്ലാം കലയാണ്. ഈ കല ഈശോയിൽ നിന്നും പരിശുദ്ധ അമ്മയിൽ നിന്നും അഭ്യസിക്കണം[24].

★ ധ്യാനാത്മക ജീവിതവും പ്രവർത്തനാത്മക ജീവിതവും ഒന്നിച്ചു കൊണ്ടുപോകണം[25].

വചനത്തെ കൂടെക്കൊണ്ടുനടന്ന അദ്ദേഹത്തിന്റെ ജീവിതം വചനത്തിൽ വേരൂന്നിയതായിരുന്നു. അദ്ദേഹത്തിന്റെ സഞ്ചാരം പ്രാന്തപ്രദേശങ്ങളിലൂടെയും വഴിയോരങ്ങളിലൂടെയുമായിരുന്നു. അദ്ദേഹത്തിന്റെ യാത്രകളെല്ലാം 'പെരിഫറിയിൽ' കഴിയുന്നവരെ തേടിയായിരുന്നു. ജീവിതം ഒരു കൂദാശയാക്കി മാറ്റിയ അദ്ദേഹത്തെ വേറിട്ടൊരു മനുഷ്യനാക്കിയത് ഈ യാത്രകളാണ്.

**പ്രബോധനങ്ങൾ:**

- വചനം ദിവസവും പഠിക്കണം.
- വചനം ദിവസവും എഴുതണം.
- ധ്യാനം വചനാധിഷ്ഠിതമായിരിക്കണം.

- ജീവിതം വചനകേന്ദ്രീകൃതമായിരിക്കണം.
- ഓരോ പ്രദേശത്തിനും അനുയോജ്യമായ വിധത്തിൽ വചന പ്രഘോഷണത്തിന് രൂപരേഖ തയ്യാറാക്കണം.

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol. II, f.31.1
2. A.Kol.MB.CSC.G., Resolutions., vol.I,f. 15
3. A.Kol.MB.CSC.G., LMMR., vol. II, f. 13
4. A.Kol.MB.CSC.G., LMMR., vol. II, f. 111
5. A.Kol.MB.CSC.G., LMMR., vol. II,f. 3
6. A.Kol.MB.CSC.G., Resolutions., vol.II,f. 16
7. A.Kol.MB.CSC.G., LMMR., vol. I, f. 135
8. A.Kol.MB.CSC.G., LMMR., vol. II, f. 88; Resolutions., vol. II,f. 47
9. A.Kol.MB.CSC.G., LMMR., vol. II, f. 34
10. A.Kol.MB.CSC.G., LMMR., vol. II, f. 13.2
11. A.Kol.MB.CSC.G., Resolutions., vol.II,f. 64
12. A.Kol.MB.CSC.G., LMMR., vol. II, f. 111
13. A.Kol.MB.CSC.G., LMMR., vol. II, f. 34
14. A.Kol.MB.CSC.G., LMMR., vol. I, f. 172.2 (2)
15. A.Kol.MB.CSC.G., Resolutions, vol.II,f. 33
16. AA.Kol.MB.CSC.G., LMMR., vol. I, f. 58
17. A.Kol.MB.CSC.G., LMMR., vol. II,f. 112.5
18. A.Kol.MB.CSC.G., Resolutions., vol.II,f. 66
19. A.Kol.MB.CSC.G., Resolutions., voII, f. 70
20. A.Kol.MB.CSC.G., Resolutions., vol.II,f. 13
21. A.Kol.MB.CSC.G., Resolutions., vol.II,f. 14
22. A.Kol.MB.CSC.G., Resolutions., vol.I,f. 10.2
23. A.Kol.MB.CSC.G., LMMR., vol. I, 47.1; 54; 68; Resolutions., vol.1,9
24. A.Kol.MB.CSC.G., LMMR., vol. I, f. 172
25. A.Kol.MB.CSC.G., LMMR., vol. I, f. 45.2



ഞാൻ ശ്രുതിമധുരമായ സംഗീതം കേൾക്കുന്നു. സ്രാപ്പേ മാലാഖ കാഹളമൂതിക്കൊണ്ട് ഏറ്റവും മുമ്പിൽ പോകുന്നു. അതിനു പിന്നിൽ സ്ഥാനചിഹ്നങ്ങൾ പതിപ്പിച്ച മനുഷ്യാവതാര ചിത്രങ്ങളോടുകൂടിയ അനേകം പതാകകൾ, വാദ്യോപകരണങ്ങളുമായി മാലാഖമാരും പുഷ്പതാലങ്ങളുമായി കന്യകമാരും അണിനിരന്നു. ധൂപാർച്ചന നടത്തുന്ന വിശുദ്ധഗണം. അതാ മനോഹരമായി അലങ്കരിച്ച രഥം വരുന്നു. അതിൽ തന്റെ മകന്റെ വലതു ഭഗത്ത് അമ്മ സിംഹാസനസ്ഥയായിരിക്കുന്നു. അമ്മേയുടെ സ്തുതികളാലപിച്ചുകൊണ്ട് ഞാനും ആ ഘോഷയാത്രയോടു ചേരുന്നു. അതിശ്രേഷ്ഠമായ ആ ഘോഷയാത്ര ജറുസലെം കവാടത്തിലെത്തുന്നു. അന്തരീക്ഷം മുഴുവനും സുഗന്ധ പരിമളംകൊണ്ടു നിറഞ്ഞു. മാലാഖവൃന്ദത്തിന്റെ ശ്രുതിമധുരമായ ഈരടികൾ എന്റെ കർണപുടങ്ങളിൽ പതിഞ്ഞു. ജറുസലേമിനു മഹത്വം... മാലാഖവൃന്ദം പാടി. രാജാവിനു പ്രിയങ്കരിയായവൾ അങ്ങനെ പ്രകീർത്തിക്കപ്പെടും... വാതിലുകളേ ശിരസുയർത്തുവിൻ... പിതാവ് തന്റെ അനന്തശക്തികൊണ്ടും പുത്രൻ വിജ്ഞാനം കൊണ്ടും പരിശുദ്ധാത്മാവു തന്റെ സ്നേഹംകൊണ്ടും അവളെ കിരീടമണിയിക്കുകയും എല്ലാവരുടെയും രാജ്ഞിയായി മുടിചൂടിക്കുകയും ചെയ്യുന്നു. തന്റെ ഇല്ലായ്മ മനസിലാക്കിക്കൊണ്ട് മറിയം തന്റെ സ്തോത്രഗീതം ശ്രുതിമധുരമായി പാടി. പെട്ടെന്ന് മാലാഖവൃന്ദവും വിശുദ്ധഗണവും അതേറ്റുപാടി. അങ്ങനെ സ്വർഗീയ ജറുസലെം സ്തോത്രഗീതങ്ങളാൽ മുഖരിതമായി. അമ്മേ ഞാനങ്ങയെ സ്നേഹിക്കുന്നു. എന്റെ ജീവനേക്കാൾ അങ്ങ് എനിക്ക് പ്രിയപ്പെട്ടവളാണ്. ഞാൻ അങ്ങയുടെ പ്രജയും, അടിമയും, മകനുമാകുവാൻ ഉൽക്കടമായാഗ്രഹിക്കുന്നു. അമ്മേ ഞാൻ പൂർണമായും അങ്ങയുടേതാണ്.

LMMR., vol. I, ff. 90,91
LMMR., vol. II, ff. 30,31

## പരിശുദ്ധ അമ്മ

ഫാ. അഗസ്റ്റിൻ ജോൺ ഊക്കന് വലിയ ശക്തിയാണ് പരിശുദ്ധ അമ്മ. അനാഥനായ തനിക്ക് സ്വന്തം അമ്മയാണ് പരിശുദ്ധ അമ്മ[1] എന്ന് അദ്ദേഹം ഉദ്ഘോഷിക്കുന്നു. ഈ ലോക മഹാസാഗരത്തിൽ ഒറ്റപ്പെട്ടപ്പോൾ മുങ്ങിത്താഴാതെ കൈപിടിച്ചുയർത്തിയത് പരിശുദ്ധ അമ്മയാണെന്ന്[2] അദ്ദേഹം വിശ്വസിച്ചു. തന്റെ പ്രിയപ്പെട്ട 'മമ്മാ'[3]യുടെ മടിയിലിരുന്ന് എല്ലാം ചെയ്യുവാൻ അദ്ദേഹം ആഗ്രഹിച്ചു[4]. അമ്മയോട് പ്രത്യേകമായ ഭക്തിയും സ്നേഹവുമുണ്ടായിരുന്ന അദ്ദേഹം പരിശുദ്ധ അമ്മയുടെ ഗുണഗണങ്ങൾ അനുകരിക്കുവാനുള്ള തീവ്രമായ പരിശ്രമം നടത്തി[5]. എല്ലാ പരീക്ഷണങ്ങളിലും അദ്ദേഹത്തിന് സംരക്ഷണം പരിശുദ്ധ അമ്മയായിരുന്നു[6]. ഈശോയോടു ചേർന്നുനിന്ന പരിശുദ്ധ അമ്മയുടെ ജീവിതശൈലി തന്റെ മഹനീയ മാതൃകയാക്കി[7]. പരിശുദ്ധ അമ്മയോട് പുത്രസഹജമായ വിധത്തിൽ സംഭാഷണം നടത്തിയിരുന്നതായി[8] ഡയറി വ്യക്തമാക്കുന്നു. അമ്മയുടെ എളിമ[9], വിശ്വാസം[10], അനുസരണം[11], ശിശുമനസ്[12], പരോന്മുഖത[13], അപരന്റെ ആവശ്യം കണ്ടറിയുന്ന പ്രകൃതി[14], നന്ദിനിറഞ്ഞ ജീവിതം[15]... ഒക്കെ അത്ഭുതത്തോടെ നോക്കിക്കണ്ട് അഭിനന്ദിക്കുകയും[16] അനുകരിക്കുവാൻ പരിശ്രമിക്കുകയും[17] ചെയ്തു. അമ്മ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറി[18]. ചെറുതാകലിന്റെ വലിപ്പം അമ്മ പഠിപ്പിച്ചപ്പോൾ[19] ചെറിയവരിലേക്കിറങ്ങാൻ വലിയ പ്രേരണയായി[20]. ദൈവിക വെളിപ്പെടുത്തലുകളോട് തിടുക്കത്തിൽ അമ്മ പ്രതികരിച്ചതുപോലെ[21] എളിയ ശുശ്രൂഷകൾക്കായും തിടുക്കം ആവശ്യമാണെന്ന് അദ്ദേഹം തീരുമാനിച്ചു[22]. ആവശ്യങ്ങൾ കണ്ടറിയുവാനുള്ള അമ്മമനസും[23] ഹൃദയങ്ങളുടെ സങ്കടങ്ങൾ അറിയുവാനുള്ള അമ്മയുടെ കഴിവുമെല്ലാം[24] അദ്ദേഹത്തിന് അഭിനന്ദന വിഷയങ്ങളും[25] അനുകരിക്കുവാനുള്ള[26] പാഠങ്ങളുമായിരുന്നു.

പരിശുദ്ധ അമ്മയുടെ ധ്യാനമനനങ്ങളിൽ നിന്നു ലഭിച്ച വെളിപ്പെടുത്തലുകൾ:

- ജീവിതത്തിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ അമ്മയെ അനുകരിക്കണം[27].
- എല്ലാറ്റിലും എപ്പോഴും ദൈവതൃക്കരം കാണണം[28].
- ഭരണാധികാരികൾക്കായി പരിശുദ്ധ അമ്മയോട് പ്രാർഥിക്കണം[29].

- ഭരണാധികാരികളെ അനുസരിക്കണം[30].
- ജീവിതം നന്ദിയുടേതാക്കി മാറ്റണം[31].

പരിശുദ്ധ അമ്മയുടെ ശുശ്രൂഷാചൈതന്യം ജോണച്ചൻ വിവരിക്കുന്നുണ്ട്:

..... നന്മ പ്രവർത്തിക്കുന്നതിനായി മേരി ബദ്ധപ്പെടുന്നു. ദൈവാനുഗ്രഹത്തിന്റെ ആദ്യത്തെ അത്ഭുതം - സ്നാപക യോഹന്നാന്റെ വിശുദ്ധീകരണം... പ്രകൃതിയിലെ ആദ്യത്തെ അത്ഭുതം - കാനായിൽ... നടന്നത് അമ്മയുടെ സാന്നിധ്യത്തിലാണ്... മാതൃസഹജമായ ആവേശത്തോടെ മറിയം അവരുടെ ആവശ്യം അറിയിക്കുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള നല്ല മനസും യേശുവിൽ നല്ല സ്വാധീനവും അമ്മക്കുണ്ടായിരുന്നു...[32]

പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം ഊക്കനച്ചന് വലിയ പ്രചോദനമാണ്:

... അവൾ സ്തോത്രഗീതം പാടുന്നു. എല്ലായിപ്പോഴും അവൾ മൗനാവലംബിയാണെന്നു ചിന്തിക്കരുത്. അവൾ ഇടതടവില്ലാതെ പാടുന്നു... അവൾ ദൈവത്തെ നന്ദിയോടെ പ്രഘോഷിക്കുന്നു...[33]

ഈശോയിൽനിന്നെന്നപോലെതന്നെ പരിശുദ്ധ അമ്മയിൽ നിന്നും ചെറുതാകലിന്റെ സുവിശേഷവും[34] ആദ്ധ്യാത്മിക ശിശുത്വവും[35] ഊക്കനച്ചൻ പഠിച്ചറിഞ്ഞു. സ്വയം മേരിയുടെ അടിമയായി സമർപ്പിച്ചു[36]. തന്റെ അമ്മയെ അനുകരിച്ച് തിടുക്കത്തിൽ ചെറിയവരിലേക്കിറങ്ങിച്ചെല്ലുവാൻ വെമ്പൽ കൊണ്ടു. വഴിയിറമ്പുകളിലൂടെയും, തോടിൻ ചിറകളിലൂടെയും, കായലോരങ്ങളിലൂടെയും, മലയിടുക്കുകളിലൂടെയുമുള്ള യാത്രകൾ ദുഷ്കരമെങ്കിലും തീർഥാടനമായി കണ്ടു[37]. അപരന്റെ ആവശ്യങ്ങളും വേദനകളും നൊമ്പരങ്ങളും പ്രശ്നങ്ങളുമെല്ലാം തന്റെ തന്നെ സങ്കടങ്ങളായി നെഞ്ചിലേറ്റി അമ്മയെപ്പോലെ പരിഹാരം ചെയ്തുകൊടുത്തു. അപരന്റെ സന്തോഷമായിരുന്നു അദ്ദേഹത്തിന്റെ സന്തോഷം. ആയിരുന്ന ഇടങ്ങളിലെല്ലാം വേദനിക്കുന്ന ജനത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. അവരുടെ പ്രശ്നങ്ങൾ കോർത്തൊരുക്കി ജപമാലയാകുന്ന പുഷ്പചക്രം[38]

അമ്മയെ അണിയിച്ചപ്പോൾ ജീവിതങ്ങളിൽ അത്ഭുതങ്ങൾ സംഭവിച്ചു. അവരെയെല്ലാം ചേർത്തുപിടിച്ച് അമ്മയുടെ മടിയിലിരുന്ന് സ്തോത്ര ഗീതമാലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. ജീവിതം ഒരു സ്തോത്ര ഗീതമാക്കി മാറ്റിയ[39] മേരീപുത്രൻ[40].

**പ്രബോധനങ്ങൾ**

★ പരിശുദ്ധ അമ്മയിലൂടെ ഈശോയിലേക്കെത്തണം.
★ ജപമാലയിലെ ഓരോ മണിയും ശ്രദ്ധാപൂർവം ചൊല്ലി പരിശുദ്ധ അമ്മക്ക് പുഷ്പചക്രം സമർപ്പിക്കണം.
★ പരിശുദ്ധ അമ്മയുടെ പീഠം അലങ്കരിക്കണം.
★ പരിശുദ്ധ അമ്മയോടു ചേർന്ന് സ്തോത്രഗീതം ആലപിക്കണം.
★ അമ്മയുടെ ഗുണഗണങ്ങൾ അനുകരിക്കണം.

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol. II, ff. 49.2, 55; LMMR vol. I, 103
2. A.Kol.MB.CSC.G., Resolutions., vol.II, f. 61
3. OT., Sr Grace CSC
4. A.Kol.MB.CSC.G., Resolutions., vol.I,f. 7
5. A.Kol.MB.CSC.G., LMMR., vol. II, ff. 65.3, 66, 67, 70
6. A.Kol.MB.CSC.G., LMMR., vol. I, f. 29
7. A.Kol.MB.CSC.G., LMMR., vol. II, f. 71
8. A.Kol.MB.CSC.G., LMMR., vol. II, f. 2
9. A.Kol.MB.CSC.G., LMMR., vol. I, f. 28
10. A.Kol.MB.CSC.G., LMMR., vol. II, f. 65.3
11. A.Kol.MB.CSC.G., LMMR., vol. II, ff. 65.4, 66
12. A.Kol.MB.CSC.G., LMMR., vol. II, f. 65
13. A.Kol.MB.CSC.G., LMMR., vol. II, ff. 61, 67
14. A.Kol.MB.CSC.G., LMMR., vol. II, ff. 62,70
15. A.Kol.MB.CSC.G., LMMR., vol. I, ff. 90-91
16. A.Kol.MB.CSC.G., LMMR., vol. I, ff. 22,23; LMMR., vol.II, ff. 69, 71

17. A.Kol.MB.CSC.G., LMMR., vol. II,f. 73

18. A.Kol.MB.CSC.G., LMMR., vol. I, ff. 43,44

19. A.Kol.MB.CSC.G., LMMR., vol. II, f. 67

20. A.Kol.MB.CSC.G., LMMR., vol. II, f. 50

21. A.Kol.MB.CSC.G., LMMR., vol. II, f. 62.7

22. A.Kol.MB.CSC.G., LMMR., vol. I, f. 46

23. A.Kol.MB.CSC.G., LMMR., vol. I, f. 77

24. A.Kol.MB.CSC.G., LMMR., vol. I, f. 78

25. A.Kol.MB.CSC.G., LMMR., vol. II, f. 47

26. A.Kol.MB.CSC.G., LMMR., vol. II, f. 49

27. A.Kol.MB.CSC.G., LMMR., vol.I,f. 8

28. A.Kol.MB.CSC.G., LMMR., vol.I, f. 44.2

29. A.Kol.MB.CSC.G., LMMR., vol.I, f. 126.2

30. A.Kol.MB.CSC.G., LMMR., vol.I, f. 46

31. A.Kol.MB.CSC.G., LMMR., vol.I, f. 46.2

32. A.Kol.MB.CSC.G., LMMR., vol.I, ff. 46.1; 77; 78; 48

33. A.Kol.MB.CSC.G., LMMR., vol.I,f. 46.2

34. A.Kol.MB.CSC.G., LMMR., vol.II, f. 92

35. A.Kol.MB.CSC.G., LMMR., vol.I, ff. 5,6,45,89

36. A.Kol.MB.CSC.G., LMMR., vol.II, f. 65.4

37. A.Kol.MB.CSC.G., LMMR., vol.I, ff. 107, 115

38. A.Kol.MB.CSC.G., LMMR., vol.II, f. 52

39. A.Kol.MB.CSC.G., LMMR., vol.I, ff. 90,91,108

40. A.Kol.MB.CSC.G., LMMR., vol.II, ff. 2,49.2,55



സ്വർഗീയ പിതാവിന്റെ പ്രതിഛായയയാണ് വിശുദ്ധ യൗസേപ്പ്.
യൗസേപ്പിതാവിനെ ആശ്രയിച്ചു യേശു ജീവിച്ചു.
യൗസേപ്പിതാവ് അധ്വാനിച്ചില്ലെങ്കിൽ യേശു വിശന്നു വലയും!
അതുകൊണ്ട് ഞാൻ അങ്ങയെ 'എന്റെ യൗസേപ്പിതാവേ' എന്നു വിളിക്കും.
യൗസേപ്പിതാവിന്റേയും എന്റെയും ദൈവവിളിയിൽ വളരെയധികം സമാനതയുണ്ട്.
യേശുവിന്റെ രക്ഷാകർത്താവാകുവാനാണ് ഞാനും വിളിക്കപ്പെട്ടിരിക്കുന്നത്.
യേശുവിന്റെ മൗതികശരീരമായ തിരുസഭ നിന്ദിക്കപ്പെടുകയും
പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു.
അവളെ സംരക്ഷിക്കുവാനുള്ള മാർഗങ്ങൾ യൗസേപ്പിതാവേ,
അങ്ങേക്കറിയാമല്ലോ. തിരുസഭയുടെ ശത്രുക്കളെ
മാനസാന്തരപ്പെടുത്തിക്കൊണ്ട് അവളെ സംരക്ഷിക്കണമെ.

LMMR., vol. I, ff. 27, 41.2

## വിശുദ്ധ യൗസേപ്പിതാവ്

ദൈവിക പദ്ധതികൾക്കു മുമ്പിൽ, വെല്ലുവിളികളുടെ മുമ്പിൽ, വൈരുദ്ധ്യങ്ങളുടെ മുമ്പിൽ... ഒക്കെ വിസ്മയത്തോടെ നിന്ന യൗസേപ്പിതാവിനെ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ തന്റെ വളർത്തുപിതാവായി[1] സ്വീകരിച്ചു. ജീവിതയാത്രയിൽ വഴികാട്ടിയായി മാറിയ യൗസേപ്പിതാവ് ജീവിതത്തിന്റെ അവിഭാജ്യഘടകമാണെന്ന്[2] ഊക്കനച്ചൻ അഭിമാനിച്ചു. യൗസേപ്പിതാവിന്റെ സൂക്ഷത്തിന് ഭരമേൽപിച്ചാൽ[3] അപകടങ്ങളിൽ സംരക്ഷണം ലഭിക്കുമെന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു[4]. തിരുസഭയുടെ സംരക്ഷണ ചുമതലയും[5] യൗസേപ്പിതാവിനാണ്. വിശുദ്ധൻ കാവൽക്കാരനാണ്[6]. തന്റെ അവസാന നാളുകളിൽ ഈശോയുടെയും പരിശുദ്ധ അമ്മയുടെയും പരിചരണങ്ങൾ ഏറ്റുവാങ്ങി സന്തോഷത്തോടുകൂടി മരണത്തെ സ്വാഗതം ചെയ്ത യൗസേപ്പിതാവ് നന്മരണ മധ്യസ്ഥനാണ്[7]. യൗസേപ്പിതാവിന്റെയും ഊക്കനച്ചന്റെയും ദൈവവിളിയിൽ സമാനതയുണ്ടെന്നുള്ള[8] കണ്ടെത്തലിലാണ് അദ്ദേഹം എത്തിനിൽക്കുന്നത്. യേശുവിന്റെ രക്ഷാകർത്താവാകുവാനാണ് യൗസേപ്പിതാവിന്റെ വിളിയെങ്കിൽ അലിഖിത വചനങ്ങളുടെ - ശാരീരക, മാനസിക, ആത്മീയ ബന്ധനത്തിൽപ്പെട്ട് വിരൂപമാക്കപ്പെട്ടവരുടെ - രക്ഷാകർത്താവാകുവാനാണ്[9] തന്റെ ഈ മഹോന്നതവിളി[10]യെന്നാണ് അദ്ദേഹത്തിന്റെ ബോധ്യം. യൗസേപ്പിതാവ് യേശുവിനെ സംരക്ഷിച്ചതുപോലെ, ഇവരെ സംരക്ഷിച്ച് രൂപഭംഗി വരുത്തുവാൻ ദൈവസ്നേഹം അദ്ദേഹത്തെ നിർബന്ധിച്ചു. ആയിരുന്ന ഇടങ്ങളിലെല്ലാം ഇതിന്റെ പ്രതിഫലനങ്ങൾ പ്രകടമായിരുന്നു. യൗസേപ്പിതാവിൽ തിളങ്ങിശോഭിച്ചിരുന്ന വിനയം, വിശുദ്ധി, വിജ്ഞാനം, വിനിമയം, സൗമ്യത, നീതി, അധ്വാനശീലം, എളിയശുശ്രൂഷ... ഒക്കെ ജീവിതത്തിൽ പകർത്തുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു[11]. ദൈവിക വെളിപ്പെടുത്തലുകൾക്കായി ക്ഷമയോടെ കാത്തിരിക്കണമെന്നും ദൈവിക പദ്ധതികൾക്ക് സ്വയം വിട്ടുകൊടുക്കണമെന്നും[12] അദ്ദേഹം പഠിച്ചറിഞ്ഞു.

വിശുദ്ധ യൗസേപ്പിതാവിനെപ്പറ്റിയുള്ള ഊക്കനച്ചന്റെ ധ്യാനവിചിന്തനങ്ങൾ ശ്രദ്ധേയമാണ് '... സ്വർഗീയ പിതാവിന്റെ പ്രതിഛായ. യൗസേപ്പിതാവിനെ ആശ്രയിച്ച് യേശു ജീവിച്ചു. യൗസേപ്പിതാവ്

അധ്വാനിച്ചില്ലെങ്കിൽ യേശു വിശന്നു വലയും. അതുകൊണ്ട് ഞാനങ്ങയെ എന്റെ യൗസേപ്പിതാവേ എന്നു വിളിക്കും. യൗസേപ്പി താവിന്റെയും എന്റെയും ദൈവവിളിയിൽ വളരെയധികം സമാനത യുണ്ട്. യേശുവിന്റെ രക്ഷാകർത്താവാകുവാനാണ് ഞാനും വിളിക്കപ്പെട്ടിരിക്കുന്നത്'[13].

'... ദൈവമാതാവിന്റെ അംഗരക്ഷകനും യേശുവിന്റെ വളർത്തു പിതാവുമായി അദ്ദേഹം സംരക്ഷണം നൽകി. നിത്യപിതാവിന്റെ പ്രതിഛായയായും മറിയത്തിന്റെ സൗമ്യശീലനായ ഭർത്താവായും പരിശുദ്ധാത്മാവിന്റെ പ്രതിനിധിയായും വി. യൗസേപ്പ് അത് നിർവഹിച്ചു[14]. ....യേശുവിന്റെ മൗതികശരീരമായ തിരുസഭ നിന്ദിക്ക പ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. അവളെ സംരക്ഷി ക്കുവാനുള്ള മാർഗങ്ങൾ യൗസേപ്പിതാവേ അങ്ങേക്കറിയാമല്ലോ. തിരുസഭയുടെ ശത്രുക്കളെ മാനസാന്തരപ്പെടുത്തണമെ...'[15]

'....ഞാനങ്ങയെ ഒരിക്കലും എന്നിൽനിന്നുമകറ്റുകയില്ല...'[16]

ഊക്കനച്ചന്റെ ചെറിയവരെത്തേടിയുള്ള പ്രയാണത്തിൽ മാർഗ ദർശിയും സംരക്ഷകനും മാതൃകയുമായി യൗസേപ്പിതാവിനെ ചേർത്തുപിടിച്ചു[17]. അങ്ങനെ അദ്ദേഹം നീതി നിഷേധിക്കപ്പെട്ടവർക്ക് നീതിയായും, ശബ്ദമില്ലാത്തവർക്ക് ശബ്ദമായും മാറിയപ്പോൾ[18] അനേകരുടെ ജീവിതങ്ങളാണ് പ്രകാശിതമായത്. വേദനിക്കുന്ന മനസുകൾക്ക് അദ്ദേഹം സൗഖ്യദായക സാന്നിധ്യമായിരുന്നു[19].

**പ്രബോധനങ്ങൾ**

- ദൈവിക വെളിപ്പെടുത്തലുകൾക്കായി കാത്തിരിക്കണം[20].
- ദൈവിക പദ്ധതികൾക്കായി നമ്മെത്തന്നെ വിട്ടുകൊടുക്കണം[21].
- നീതി പുലർത്തണം[22].
- എല്ലാ കുടുംബങ്ങളെയും സംരക്ഷിക്കണം[23].
- തിരുസഭയ്ക്കുവേണ്ടി പ്രാർഥിക്കണം[24].
- വൈരുദ്ധ്യങ്ങളെ ദൈവിക രഹസ്യങ്ങളായി കാണണം[25].
- എല്ലായിടത്തും എപ്പോഴും സൗഖ്യദായക സാന്നിധ്യമായി മാറണം[26].

## അടിക്കുറിപ്പുകൾ

1. A.Kol.MB.CSC.G., LMMR., vol. I, f. 27
2. A.Kol.MB.CSC.G., LMMR., vol. I, f. 139.2
3. A.Kol.MB.CSC.G., LMMR., vol. I, f. 25
4. A.Kol.MB.CSC.G., LMMR., vol. I, f. 41
5. A.Kol.MB.CSC.G., LMMR., vol. I, f. 41.2
6. A.Kol.MB.CSC.G., LMMR., vol. II, f. 62
7. A.Kol.MB.CSC.G., LMMR., vol. I, ff. 29, 139.3
8. A.Kol.MB.CSC.G., LMMR., vol. I, f. 27
9. A.Kol.MB.CSC.G., LMMR., vol. I, f. 27
10. A.Kol.MB.CSC.G., LMMR., vol. I, f. 71
11. A.Kol.MB.CSC.G., LMMR., vol. I, ff. 27.2, 41, 184.4
12. A.Kol.MB.CSC.G., LMMR., vol. II, ff. 12,3
13. A.Kol.MB.CSC.G., LMMR., vol. I, f. 27.2
14. A.Kol.MB.CSC.G., LMMR., vol. I, f. 41
15. A.Kol.MB.CSC.G., LMMR., vol. I, f. 41
16. A.Kol.MB.CSC.G., LMMR., vol. I, f. 139.2
17. A.Kol.MB.CSC.G., LMMR., vol. I, f. 25
18. A.Kol.MB.CSC.G., LMMR., vol. I, f. 166
19. OT., A.P. Augustine, Alukkal, Chiralayam
20. A.Kol.MB.CSC.G., LMMR., vol. I, f. 169.3
21. A.Kol.MB.CSC.G., Resolutions., vol. II, ff. 21, 42
22. AA.Kol.MB.CSC.G., LMMR., vol. II, f. 46.2
23. A.Kol.MB.CSC.G., Resolutions., vol. II, ff. 43, 66
24. A.Kol.MB.CSC.G., LMMR., vol. I, f. 41
25. A.Kol.MB.CSC.G., LMMR., vol. I, f. 135
26. A.Kol.MB.CSC.G., Resolutions., vol. I,f. 3



സ്വർഗത്തെപ്പറ്റി ധ്യാനിക്കുമ്പോൾ
ഈ ലോകം മായയാണെന്ന് ബോധ്യമാകും.
ദൈവമേ, അങ്ങയുടെ സ്നേഹവും
കൃപയും എനിക്കു നൽകുക,
എനിക്കതുമതി, ഞാൻ സമ്പന്നനാകും.
എന്തു സ്നേഹവും സന്തോഷവുമാണ്
സ്വർഗത്തിൽ പരിലസിക്കുന്നത്!
എന്തു സന്തുഷ്ടിയോടെയാണ് പിതാവായ ദൈവം നമ്മെ
രക്ഷിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ ബലി ചെയ്തത്.
പിതാവിന് തന്റെ ദത്തുപുത്രരോടുള്ള പരിഗണന കണ്ടാലും!
നാം ഇപ്പോൾ രാജകുമാരന്മാരാണ്.
അതുകൊണ്ട് നിസാരമായ അസൗകര്യങ്ങളും
ബുദ്ധിമുട്ടുകളുമെല്ലാം അവഗണിക്കുക.
നിത്യത വിദൂരത്തിലല്ല.
അവിടെ നമ്മുടെ അപ്പച്ചനും അമ്മച്ചിയും
നമ്മെയും പ്രതീക്ഷിച്ചിരിക്കുകയാണ്.
ഇവിടത്തെ നമ്മുടെ സ്നേഹജീവിതത്തിന്റെ
തുടർച്ച മാത്രമാണ് സ്വർഗം.
യേശുവേ, വിശുദ്ധർ നിന്നെ സ്നേഹിച്ചതുപോലെ
ഞാനും അങ്ങയെ സ്നേഹിക്കട്ടെ...
ഞാൻ സ്നേഹപ്രകരണങ്ങൾ നടത്തട്ടെ.

LMMR., vol. I, ff. 80, 3, 108

## വിശുദ്ധർ

ഈ ലോക ജീവിതം സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്രയാണെന്നും[1] പിതാവായ ദൈവം അവിടെ കാത്തിരിക്കുന്നുണ്ടെന്നും[2] ഇവിടത്തെ നമ്മുടെ സ്നേഹജീവിതത്തിന്റെ തുടർച്ചയാണ് സ്വർഗമെന്നും[3] ധ്യാനമനനങ്ങളിലൂടെ ഊക്കനച്ചന് നന്നായറിയാമായിരുന്നു. സഹനങ്ങൾ നിത്യജീവനിലേക്കുള്ള സമ്പത്താണെന്ന്[4] അദ്ദേഹം വിശ്വസിച്ചു. ജീവിത തീർഥാടനത്തിൽ വെളിച്ചം പകരുന്ന തെരുവുവിളക്കുകളായി വിശുദ്ധരെ[5] അദ്ദേഹം കൂട്ടുപിടിച്ചു. അദ്ദേഹത്തിന്റെ ഇടവക മധ്യസ്ഥനും നാമകരണ വിശുദ്ധനുമായ വി. ജോൺ നെപുംസ്യാനോട് പ്രത്യേക ഭക്തി പുലർത്തിയിരുന്നു[6]. സഹനം, ധീരത, സ്ഥിരത എന്നീ പുണ്യങ്ങൾ വി. ജോൺ നെപുംസ്യാനിൽ നിന്നും പഠിച്ച് ജീവിതത്തിൽ പകർത്തുവാൻ അദ്ദേഹം ശ്രമിച്ചു[7]. പാപസങ്കീർത്തനമെന്ന കൂദാശയ്ക്ക് ഊക്കനച്ചനു മാതൃക ഈ വിശുദ്ധനായിരുന്നു[8]. പുരോഹിതൻ തന്റെ സ്ഥാനമഹിമയാൽത്തന്നെ അജഗണങ്ങൾക്കുവേണ്ടി പ്രാർഥിക്കണമെന്നും അവരെ അനുരഞ്ജിപ്പിക്കണമെന്നും[9] അദ്ദേഹം തീരുമാനിച്ചു.

ദൈവം പ്രത്യേകമായി നൽകിയതെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്ന വി. അഗസ്റ്റിനോടും[10] ഭക്തി പുലർത്തിയിരുന്നു. വിശുദ്ധന്റെ ധീരോദാത്തത, വീരോചിതമായ സ്നേഹം, ഉജ്ജ്വലമായ തീക്ഷ്ണത, അഗാധമായ എളിമ എന്നീ ഗുണങ്ങൾ തന്നിലേക്കു പകർത്തുവാൻ അദ്ദേഹം പരിശ്രമിച്ചു[11]. അനുദിന വിശുദ്ധരെ അദ്ദേഹം ധ്യാനിച്ചിരുന്നുവെന്ന് ഡയറി വ്യക്തമാക്കുന്നു. വിശുദ്ധരോടുള്ള അദ്ദേഹത്തിന്റെ ഭക്തി അവർ അഭ്യസിച്ചിരുന്ന വീരോചിതമായ പുണ്യങ്ങൾ ജീവിതത്തിൽ പകർത്തുവാനായിരുന്നു. ഹൃദയം സ്രഷ്ടാവിനും സൃഷ്ടികൾക്കുമായി വിഭജിക്കപ്പെടാതിരിക്കുവാൻ അദ്ദേഹം നിരന്തരം കൃപ യാചിച്ചിരുന്നു[12].

മാലാഖമാരുടെ സംരക്ഷണവും അദ്ദേഹം തേടിയിരുന്നു[13]. ഡയറിയിൽ നാം വായിക്കുന്നതിങ്ങനെ: '...നമ്മെ കാത്തു സംരക്ഷിക്കുവാൻ ശക്തരും ഉജ്വലപ്രഭയാർന്നവരുമായ തന്റെ രാജകുമാരന്മാരോട് അവിടുന്ന് ആഹ്വാനം ചെയ്യുകയും അങ്ങനെ നമ്മുടെ ബലഹീനത മൂടിക്കളയുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മ എത്ര

വലുതാണ്. പിതാവേ, ഞാനങ്ങയോട് നന്ദി പറയുന്നു. മാലാഖ എന്റെ കൂടെ വരികയും നിത്യാനന്ദത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഞാൻ മാലാഖയോടു പ്രാർഥിക്കുകയും സ്തുതി പാടുകയും നന്ദി പറയുകയും ചെയ്യും. പരിത്യാഗപൂർണമായ ജീവിതത്തിലൂടെ എന്റെ മാലാഖയെ ഞാൻ പ്രീതിപ്പെടുത്തും...'[14] കാവൽ മാലഖയോട് അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു, കൂടെക്കൂടെ സംഭാഷണം നടത്തുകയും ചെയ്യുമായിരുന്നു. 'എന്റെ കാവൽ മാലാഖയോട് ഞാൻ സ്നേഹസംഭാഷണം നടത്തുകയും എല്ലാ ആവശ്യങ്ങളും ഉണർത്തിക്കുകയും ചെയ്യും'[15]. അദ്ദേഹം പ്രാർഥി ച്ചതിങ്ങനെ : '...എന്റെ കാവൽ മാലാഖായെ, പരിത്യാഗത്തിന്റെ വഴി എനിക്കു കാണിച്ചുതരണമെ. അങ്ങയുടെ നിർദേശാനുസരണം ഈ പുതിയ പാതയിൽക്കൂടി സുരക്ഷിതനായി ഞാൻ നടക്കട്ടെ. എന്നിൽ എന്തെല്ലാം മാറ്റം വരുത്തണമെന്നും, ഞാൻ എന്തെല്ലാം ഏറ്റെടുക്ക ണമെന്നും എന്നെ പഠിപ്പിക്കുക[16].

ആത്മീയ സ്രോതസുകളിൽ നിന്ന് ഉൾവെട്ടം ലഭിച്ച അദ്ദേഹം, ആത്മീയ ശിശുത്വമാണ് ഈശോയെ ഏറ്റവും കൂടുതലായി സ്നേഹിച്ച് ഉന്നതമായ വിശുദ്ധി പ്രാപിക്കുന്നതിനുള്ള മാർഗമെന്ന് കണ്ടെത്തി. 1903 മെയ് 2-ാം തീയതി അദ്ദേഹം പ്രാർഥിച്ചതിങ്ങനെ: '...രത്നംപോലെ എന്നെ ശുദ്ധീകരിക്കുക... എല്ലാവരാലും ചവിട്ടിമെതിക്കപ്പെടുന്ന മണൽത്തരിപോലെ എന്നെ എളിമയുള്ളവ നാക്കണമെ'[17].

ശുശ്രൂഷകൾക്കായുള്ള ഇടങ്ങൾ കണ്ടെത്തുവാനും അദ്ദേഹം ആശ്രയിച്ചത് ഈ ഉറവിടങ്ങളെത്തന്നെയാണ്.

**പ്രബോധനങ്ങൾ**

★ സഭാത്മകമായ ജീവിതം നയിക്കണം.[18]

★ തിരുസഭയുടെ ആവശ്യങ്ങളോട് ഭാവാത്മകമായി പ്രതികരി ക്കണം.[19]

★ കാവൽ മാലാഖയെ വേദനിപ്പിക്കരുത്.[20]

## അടിക്കുറിപ്പുകൾ

1. A.Kol.MB.CSC.G., LMMR., vol. I,f. 4
2. A.Kol.MB.CSC.G., LMMR., vol. I, f. 3
3. A.Kol.MB.CSC.G.,LMMR., vol.I, f. 108.1
4. A.Kol.MB.CSC.G., LMMR., vol. I, f. 4
5. A.Kol.MB.CSC.G.,LMMR., LMMR, vol.II, f. 19.1
6. A.Kol.MB.CSC.G., LMMR., vol. II, f. 34.2; Resolutions., vol.I, f. 5
7. A.Kol.MB.CSC.G., LMMR., vol. I, f. 48
8. A.Kol.MB.CSC.G., LMMR., vol. I, f. 48.2
9. A.Kol.MB.CSC.G., LMMR., vol. I, f. 132.6
10. A.Kol.MB.CSC.G., LMMR., vol. I, f. 7.2.1; LMMR., vol.II, f. 38
11. A.Kol.MB.CSC.G., LMMR., vol. I, f. 7.2.3
12. A.Kol.MB.CSC.G., Resolutions., vol.II,f. 8
13. A.Kol.MB.CSC.G., LMMR., vol. I, f. 124.1
14. A.Kol.MB.CSC.G., LMMR., vol. I, ff. 124.2,3
15. A.Kol.MB.CSC.G., LMMR., vol. I, f. 125
16. A.Kol.MB.CSC.G., LMMR., vol. I, f. 35
17. A.Kol.MB.CSC.G., LMMR., vol. I, f. 41
18. A.Kol.MB.CSC.G., LMMR., vol.I, ff. 48, 54, 129, 139...
19. A.Kol.MB.CSC.G., LMMR., vol. II, ff. 48.1, 3
20. A.Kol.MB.CSC.G., LMMR., vol. I, f. 125

# ഇറങ്ങിത്തിരിക്കേണ്ട ഇടങ്ങൾ

ഉറവിടങ്ങളിൽ നിന്ന് ശക്തിസംഭരിച്ച് ഉൾവിളി തിരിച്ചറിഞ്ഞ ഫാ.അഗസ്റ്റിൻ ജോൺ ഊക്കൻ ഇറങ്ങിത്തിരിക്കേണ്ട ഇടങ്ങൾക്കായുള്ള തെരച്ചിലിൽ ദിവ്യകാരുണ്യത്തിനു മുമ്പിലും വചനത്തിനു മുമ്പിലും തപസിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ പ്രധാനമായും ഉടക്കിയത് ഈശോയുടെ രണ്ട് പഠനങ്ങളിലാണ്.

**വി. ലൂക്കാ 4:18–19**

- ചെറിയവരെ സുവിശേഷം അറിയിക്കണം.
- ശാരീരിക, മാനസിക, ആത്മീയ ബന്ധനത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്കി ബന്ധങ്ങൾ സ്ഥാപിക്കണം.
- അന്ധതയിൽ കഴിയുന്നവർക്ക് പ്രകാശം ലഭ്യമാക്കണം.
- അടിച്ചമർത്തപ്പെട്ടവർക്ക് നീതി ലഭ്യമാക്കണം.
- അടിമത്വത്തിൽ കഴിയുന്നവരെ സ്വതന്ത്രരാക്കണം.
- പിതാവായ ദൈവത്തിന്റെ വിരുന്ന് എല്ലാവർക്കും സംലഭ്യമാക്കണം.

ഈശോയുടെ യാത്രകൾ ചെറിയവരെ തേടിയായിരുന്നു. ഈ യാത്രകൾ അതിരുകളിലൂടെയും, തെരുവുകളിലൂടെയും, ചേരികളിലൂടെയും, വഴിയോരങ്ങളിലൂടെയും, തീരപ്രദേശങ്ങളിലൂടെയും, മലയിടുക്കുകളിലൂടെയുമൊക്കെയായിരുന്നു. മാറ്റി നിറുത്തപ്പെട്ടവർ, സമൂഹം ഭ്രഷ്ട് കൽപിച്ചവർ അതിരുകളിലാണ്, തെരുവുകളിലാണ്. ഇവരെയൊക്കെ രക്ഷിക്കാൻ യാത്ര ചെയ്യുന്നത് മതിലുകൾക്കകത്താകരുത്. ബന്ധനങ്ങൾ ദുരീകരിച്ച്, ബന്ധങ്ങൾ നവീകരിച്ച്, ജീവിതം വിശുദ്ധീകരിച്ച്, പുതിയ സൃഷ്ടിയാക്കുകയാണ് ദൗത്യം.

## വി. മത്തായി 25:40

ചെറിയവർക്ക് എളിയ ശുശ്രൂഷ ചെയ്യണം.

ചെറിയവർ :

വിശക്കുന്നവർക്ക് ഭക്ഷണം

ദാഹിക്കുന്നവർക്ക് ദാഹജലം

പരദേശിക്ക് ആതിഥ്യം

നഗ്നരായവർക്ക് വസ്ത്രം

രോഗിക്ക് പരിചരണം

കാരാഗൃഹത്തിലുള്ളവർക്ക് സന്ദർശനം.

ഈ ചെറിയവരെല്ലാം അലിഖിത വചനങ്ങളാണ്. അവർക്ക് അപ്പമുണ്ടാക്കി, സദ്യയൊരുക്കി ദൈവത്തിന്റെ പ്രതിപുരുഷരായി മാറണം. ചെറിയവർക്ക് സ്ഥാനമില്ല, മാനമില്ല, വിലയില്ല, നിലയില്ല, അധികാരമില്ല. ഇവരെ തേടി കണ്ടെത്തി എളിയ ശുശ്രൂഷ ചെയ്യുകയാണ് "ദൗത്യം"- ശാരീരിക, മാനസിക, ആത്മീയ ശുശ്രൂഷകൾ. അങ്ങനെ കരുണയുടെ സുവിശേഷമായി മാറണം. വെൺമയാർന്ന അപ്പത്തിൽ ദിവ്യകാരുണ്യ ഈശോയെ കണ്ടതുപോലെ മുറിവേറ്റ, വിരൂപമാക്കപ്പെട്ട മുഖങ്ങളിലും ഈശോയെ ദർശിക്കാനാകണം.

# ശുശ്രൂഷയിലെ തനിമ

ആയിരിക്കേണ്ട ഇടങ്ങളിലേക്ക് എങ്ങനെ ഇറങ്ങിത്തിരിക്കണമെന്നുള്ള അന്വേഷണത്തിൽ ക്രൂശിതനു മുമ്പിലും വചനത്തിനു മുമ്പിലും പരിശുദ്ധ അമ്മയുടെ സാന്നിധ്യാനുഭവത്തിൽ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ തപസിരുന്നു. ആവശ്യത്തിലിരിക്കുന്നവരുടെ മനസ്സ് കണ്ടറിഞ്ഞ് അവരിലേക്കിറങ്ങിച്ചെന്ന് ശുശ്രൂഷകൾ നൽകി രക്ഷിച്ചെടുത്ത് തങ്ങളോട് ചേർത്തു നിർത്തിയവരാണ് ഈശോയും പരിശുദ്ധ അമ്മയും. സുവിശേഷം ഇത് വ്യക്തമാക്കുന്നുണ്ട്. ഈ മാതൃക പിഞ്ചെന്ന് സമുദായം അവഗണിച്ച് പുറന്തള്ളുന്നവരെ ഉദ്ധരിച്ചു രക്ഷിക്കുകയാണ് തന്റെ ദൗത്യമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ദൗത്യനിർവഹണത്തിനായി സ്രോതസുകളിലേക്ക് തിരിഞ്ഞപ്പോൾ അദ്ദേഹത്തിന് ചില വെളിപ്പെടുത്തലുകൾ ലഭിച്ചു.

**വി. ലൂക്കാ 10:25-37**-ൽ നല്ല സമരിയാക്കാരന്റെ ഉപമ വിവരിച്ചുകൊണ്ട് ഈശോ വ്യക്തമാക്കുകയാണ്, അയൽക്കാരൻ കരുണ കാണിച്ചവനാണ്. കരുണയുടെ ഭാവങ്ങൾ വിശുദ്ധ ഗ്രന്ഥം വിവരിക്കുന്നുണ്ട്:

- സമരിയാക്കാരൻ യാത്രയുടെ പകുതിയിൽ വഴിയിൽ കിടക്കുന്ന മുറിവേറ്റവനെ കാണുന്നു.
- അവന്റെ മനസ്സലിഞ്ഞു. അവന് തിരിച്ചറിവ് ലഭിച്ചു, മുറിവേറ്റു കിടക്കുന്ന ഇവൻ എന്റെ സഹോദരനാണ്.
- സൗഖ്യമാക്കുവാനായി അവൻ മുറിവ് കഴുകുന്നു.
- എണ്ണയൊഴിച്ച് ശ്രദ്ധയോടെ വച്ചുകെട്ടുന്നു.
- തന്റെ അത്യാവശ്യസാധനങ്ങളായ വീഞ്ഞും എണ്ണയും ആവശ്യക്കാരനു നൽകി പരിചരിക്കുന്നു.
- സഞ്ചാരിയുടെ അവകാശമായ കഴുതപ്പുറം ആവശ്യത്തിലിരിക്കുന്നവന് നൽകി.
- സഞ്ചാരിയുടെ വിശ്രമസ്ഥലമായ സത്രത്തിൽ കൊണ്ടുചെന്നാക്കുന്നു.

- മുറിവേറ്റവന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. സത്രം സൂക്ഷിപ്പുകാരനെ ഏൽപിക്കുന്നു.
- സഹോദരനോടു കാണിക്കുന്ന തുടർ താൽപര്യം - കൂടുതൽ ചെലവായാൽ തിരിച്ചുവരുമ്പോൾ തരാം.

ഈശോ പറയുന്നു: നീയും പോയി അതുപോലെ ചെയ്യുക.

ഊക്കനച്ചന്റെ ധ്യാനം ശ്രദ്ധേയമാണ്: പിശാചിനാൽ മുറിവേൽപിക്കപ്പെട്ട മനുഷ്യൻ മൃതപ്രായനായി കിടക്കുന്നു. പുരാതന നിയമമനുസരിച്ച് ഒന്നും ചെയ്യുവാൻ സാധ്യമല്ല. അപ്പോൾ നമ്മുടെ കർത്താവ് അവനെ രക്ഷിക്കുകയും തന്റെ സഭയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ കൊള്ളചെയ്യപ്പെട്ടു. ജ്ഞാനസ്നാന വസ്ത്രം നഷ്ടമാവുകയും മുറിവേൽക്കുകയും ചെയ്തു. അപ്പോൾ കർത്താവ് എന്നെ സുഖപ്പെടുത്തുകയും സെമിനാരിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അങ്ങയുടെ ഹൃദയത്തിന്റെ അനന്തനന്മ. എത്ര ഉദാരമായിട്ടാണ് അങ്ങയുടെ രക്തം എന്റെമേലൊഴുക്കിയത്. അതുകൊണ്ട് പാവങ്ങളോടും ദുർബലരോടും കരുണാർദ്രതയോടെ പെരുമാറുകയും അവരുടെ ഈ അവസ്ഥ മെച്ചപ്പെടുത്തുവാൻ എപ്പോഴും പ്രത്യേകിച്ച് ഒരു പുരോഹിതനെന്ന നിലയിൽ സത്രം സൂക്ഷിപ്പുകാരനായിരിക്കുമ്പോഴും പരിശ്രമിക്കുകയും ചെയ്യും[1].

പരിശുദ്ധ അമ്മയും ആവശ്യക്കാരെ കണ്ടെത്തി ശുശ്രൂഷിച്ച് ദൈവിക വെളിപ്പെടുത്തലുകളോട് സഹകരിച്ചവളാണ്. പരിശുദ്ധ അമ്മയുടെ ശുശ്രൂഷാമനോഭാവം ലൂക്കാ സുവിശേഷകൻ വ്യക്തമാക്കിത്തരുന്നുണ്ട്:

**ലൂക്കാ 1:39-45.** ദൈവിക വെളിപ്പെടുത്തലുകളോട് തിടുക്കത്തിൽ പ്രതികരിക്കുന്ന പരിശുദ്ധ അമ്മ. അമ്മയുടെ മനസ്സിന് തിടുക്കമുണ്ടായപ്പോൾ കാലുകൾക്ക് വേഗത കൂടി.

പരിശുദ്ധ അമ്മയുടെ വേറിട്ട ശുശ്രൂഷ വി. യോഹന്നാൻ വിവരിക്കുന്നുണ്ട് : **യോഹ. 2:1-11**

- അമ്മയുടെ സജീവ സാന്നിധ്യം അവിടെയുണ്ടായിരുന്നു. അമ്മ എല്ലാം നോക്കിക്കാണുന്നു. എന്നാൽ ഇടപെടുന്നില്ല.

- ആവശ്യങ്ങൾ കണ്ടറിയുവാനുള്ള അമ്മമനസ്സ്. വീഞ്ഞ് തീർന്നാൽ ശകുനമാണെന്ന് അമ്മക്കറിയാം.
- ഹൃദയങ്ങളുടെ സങ്കടങ്ങൾ അറിയുവാനുള്ള അമ്മയുടെ അപാരകഴിവ്. സങ്കടത്തിന് പരിഹാരമുണ്ടെന്ന് അമ്മ അറിഞ്ഞു. പ്രശ്നത്തിന് പരിഹാരമായ ദൈവപുത്രനെ കാണിച്ചു കൊടുത്തു. പ്രശ്നത്തിന് പരിഹാരം മാത്രമല്ല സമൃദ്ധിയുമുണ്ടായി. സമൃദ്ധി നൽകുന്നവനാണ് ദൈവം.
- അപരന്റെ ദുഃഖങ്ങൾക്ക് അറുതി വരുത്തുന്ന അമ്മ.

പരിശുദ്ധ അമ്മ ദാസിയായി മാറി. ദൈവപിതാവിന്റെ താളലയ ക്രമത്തിനൊത്ത് ജീവിച്ചപ്പോൾ ദൈവത്തിന്റെ ഇഷ്ടം അമ്മയുടെ ഇഷ്ടമായി മാറി.

പരിശുദ്ധ അമ്മയുടെ പരോന്മുഖത ഫാ. അഗസ്റ്റിൻ ജോൺ ഊക്കന് മാതൃകയാണ്. അദ്ദേഹം രേഖപ്പെടുത്തുന്നു: മേരിയുടെ ഉപവി സത്വരവും ക്ഷിപ്രമായതുമാണ് (ലൂക്കാ 1:39). എല്ലാ പ്രതിസന്ധികളും പ്രശ്നങ്ങളും അവൾ അവഗണിക്കുകയും മറക്കുകയും ചെയ്യുന്നു. എന്റെ അമ്മേ, എനിക്കങ്ങയെ അനുഗമിക്കുവാൻ സാധിക്കുമോ? എന്റെ സഹോദരന്മാരിൽ ക്രിസ്തുവിന്റെ വ്യക്തിത്വം ഞാൻ കാണണം. അപ്പോൾ പരസ്നേഹ പ്രവൃത്തികൾ ചെയ്യുവാൻ എളുപ്പമാകും. കാരണം ഒരുപ്രവൃത്തിയോ സേവനമോ യേശു സ്വയം ആവശ്യപ്പെടുമ്പോൾ ഉപേക്ഷിക്കത്തക്കവിധം വിഡ്ഢിയായി ആരാണുള്ളത്.

ഭവനം മുഴുവൻ അനുഗ്രഹങ്ങൾകൊണ്ട് നിറയ്ക്കുന്നു. യോഹന്നാനെ വിശുദ്ധീകരിക്കുന്നു. എലിസബത്ത് പരിശുദ്ധാത്മാവുകൊണ്ടു നിറയുന്നു. സഖറിയാക്ക് പ്രവചനവരം ലഭിക്കുന്നു. അമ്മേ, അങ്ങ് പ്രാപഞ്ചിക അനുഗ്രഹദായികയാണ്[2]. ഉപവി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഒരു വേദിയും അമ്മ ഉപേക്ഷിച്ചില്ല[3]. നന്മ പ്രവർത്തിക്കുന്നതിനായി മേരി ബദ്ധപ്പെടുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള നല്ല മനസ്സും യേശുവിൽ നല്ല സ്വാധീനവും അവൾക്കുണ്ടായിരുന്നു. പ്രകൃതിയിലെ ആദ്യത്തെ അത്ഭുതം കാനായിൽ യേശു പ്രവർത്തിച്ചത് മറിയത്തിന്റെ അഭ്യർഥനയനുസരിച്ചല്ലേ?[4] നാം ചോദിക്കാതെതന്നെ മറിയം നമുക്കുവേണ്ടി

മാധ്യസ്ഥമപേക്ഷിക്കുന്നു[5]. മാതൃസഹജമായ ആവേശത്തോടെ മറിയം അവരുടെ ആവശ്യം അറിയിക്കുന്നു. മറിയം സേവകരോടു പറയുന്നു : എന്റെ മകൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുക[6].... നല്ല വീഞ്ഞ് അവസാനം നൽകുന്നതുകണ്ട് അതിഥികൾ അത്ഭുതപ്പെട്ടു[7]. അമ്മയുടെ ദാസിമനോഭാവത്തേയും ഊക്കനച്ചൻ പ്രശംസിക്കുന്നുണ്ട്[8].

ഈശോയുടെയും പരിശുദ്ധ അമ്മയുടെയും മാതൃക അനുകരിച്ച ജോണച്ചൻ പ്രബോധനം നൽകി : ആർക്കും സഹായം നിഷേധിക്കരുത്[9]. മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്ന ചങ്ങലയാണ് പരസ്നേഹം. സ്നേഹിതരേയും ശത്രുക്കളേയും സ്നേഹിക്കുവാൻ സാധിക്കണം. ദൈവം എല്ലാവരേയും സ്നേഹിക്കുന്നതുകൊണ്ട് ദൈവത്തിന്റെ എല്ലാ മക്കളേയും സ്നേഹിക്കണം. രോഗികളോടും പാവപ്പെട്ടവരോടും സമുദായം അവഗണിച്ചവരോടും പ്രത്യേക പരിഗണന കാണിക്കുകയും വേണം[10].

മറിയത്തിന് അവളുടേതായൊരു മനസ്സുണ്ടായിരുന്നില്ല. എല്ലാറ്റിലും അവൾ ദൈവതൃക്കരം കണ്ടു[11]. ജീവിതത്തിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രിയപ്പെട്ട അമ്മയെ അനുകരിക്കുക[12].

എളിയവരിലേക്കിറങ്ങി എളിയ ശുശ്രൂഷകളിലൂടെ അനേകായിരങ്ങളെ മുഖ്യധാരയിലേക്കു കൊണ്ടുവന്ന് പിതാവായ ദൈവത്തിന്റെ സ്നേഹവും സമാധാനവും അനുഭവിച്ച് സന്തോഷ ◌േമനുഭവിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതി സംജാതമാക്കി ഒരു സ്നേഹസംസ്കാരം വളർത്തിയെടുക്കുവാൻ പിതാവായ ദൈവം അദ്ദേഹത്തെ ഉപകരണമാക്കി. അതിനനുസൃതമായ ആഴമായ ആത്മീയ ജീവിതവും അതിൽ നിന്നുരുത്തിരിഞ്ഞ പ്രവർത്തനശൈലിയും അദ്ദേഹത്തിൽ ദൃശ്യമായിരുന്നു.

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol. I, f. 85
2. A.Kol.MB.CSC.G., LMMR., vol. I, f. 67
3. A.Kol.MB.CSC.G., LMMR., vol. II, f. 62.7
4. A.Kol.MB.CSC.G., LMMR., vol. I, f. 46.1
5. A.Kol.MB.CSC.G., LMMR., vol. I, f. 48
6. A.Kol.MB.CSC.G., LMMR., vol. I, f. 77
7. A.Kol.MB.CSC.G., LMMR., vol. I, f. 78
8. A.Kol.MB.CSC.G., LMMR., vol. I, f. 70.3
9. A.Kol.MB.CSC.G., LMMR., vol. I, f. 38
10. A.Kol.MB.CSC.G., LMMR., vol. I, f. 166.3
11. A.Kol.MB.CSC.G., LMMR., vol. I, f. 44.2
12. A.Kol.MB.CSC.G., LMMR., vol. I, f. 8

# ഇറങ്ങിത്തിരിച്ച രീതികൾ

തന്റെ മാതൃകകളായ യേശുവിനെയും പരിശുദ്ധ അമ്മയെയും പോലെ കരുണയുടെ ആൾരൂപമായി മാറുവാനാണ് പൗരോഹിത്യമെന്ന ശ്രേഷ്ഠമായ വിളി നൽകി പിതാവായ ദൈവം തന്നെ തിരഞ്ഞെടുത്തതെന്ന ഉത്തമബോധ്യം ഊക്കനച്ചനുണ്ടായിരുന്നു. ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവത്തിന്റെ അനന്തകാരുണ്യത്തിനുള്ള നന്ദി പ്രകാശനമായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷകൾ എല്ലാം. ദൈവസ്നേഹത്തെപ്രതി മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിൽ അദ്ദേഹം സായൂജ്യം കണ്ടെത്തി. അപരന്റെ സന്തോഷവും സന്താപവും ആവശ്യങ്ങളും ആകുലതകളും തന്റേതുതന്നെയാണെന്ന തിരിച്ചറിവ് അദ്ദേഹത്തെ പ്രാർഥനയുടെ മനുഷ്യനും കർമനിരതനുമാക്കി. നല്ല ഇടയനായ ക്രിസ്തുവിന്റെ ഭാവങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട് അദ്ദേഹം കരുണയുടെ പര്യായമായി മാറി.

### ആത്മീയ ജീവിതം

ഫാ.അഗസ്റ്റിൻ ജോൺ ഊക്കൻ ഒരു സാധാരണ മനുഷ്യനായിരുന്നു. തന്റെ പ്രത്യേകമായ ജീവിതസാഹചര്യത്തിൽ വൈദികർ തക്കസമയത്ത് ഇടപെട്ടതുകൊണ്ട് ഒരു വൈദികനാകുവാൻ കഴിഞ്ഞെന്ന് അദ്ദേഹം നന്ദിയോടുകൂടി ഓർക്കുന്നു[1]. ഈശോയെയും പരിശുദ്ധ അമ്മയെയും ജീവിതത്തിൽ മാതൃകയാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു[2]. അദ്ദേഹത്തിന്റെ ന്യായപ്രമാണ ഗ്രന്ഥം വിശുദ്ധഗ്രന്ഥമായിരുന്നു. ഈശോയെയും പരിശുദ്ധ അമ്മയെയും അനുകരിക്കുവാനുള്ള ശമിക്കാത്ത ദാഹം ജീവിതത്തിൽ ഉടനീളം കാണാം[3]. തന്റെ മാതൃകകളുമായി ആത്മീയ ജീവിതം താരതമ്യപ്പെടുത്തിയപ്പോൾ കൊടുംപാപി, നീചൻ, മഹാപാപി എന്നൊക്കെ സ്വയം വിശേഷിപ്പിക്കുന്നുണ്ട്[4]. ആഗ്രഹിച്ച വിധത്തിലുള്ള പുരോഗതി

ആത്മീയ ജീവിതത്തിൽ പ്രാപിക്കാനായില്ലല്ലോ എന്ന് തോന്നിയപ്പോഴെല്ലാം എളിമപ്പെടുവാനും അനുതപിച്ച് പരിത്യാഗമനുഷ്ഠിക്കുവാനും അദ്ദേഹം തയ്യാറായി[5]. തെറ്റുകൾ സമയബന്ധിതമായി തിരുത്തി പുരോഗമിക്കുന്ന ആത്മീയത[6]. അതാണല്ലോ വിശുദ്ധി. 1903 ജൂൺ 28-ാം തീയതി തന്റെ 23-ാമത്തെ വയസ്സിൽ സെമിനാരിക്കാരനായ അഗസ്റ്റിൻ ജോൺ ഊക്കൻ ആത്മീയതയിൽ ആഴപ്പെടുവാനുള്ള തന്റെ തീവ്രമായ ആഗ്രഹം കുറിച്ചുവയ്ക്കുന്നുണ്ട്. പ്രസാദവരത്തോടു സഹകരിക്കുന്നതിനുള്ള കൃപ അദ്ദേഹത്തിനു ലഭിച്ചു[7]. വി. പത്രോസിന്റെ ജീവിതവുമായി തന്റെ ജീവിതത്തെ വിലയിരുത്തുന്നുമുണ്ട്[8]. ഒരു പുതിയ ജീവിതം നയിക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. 'ഞാൻ കൊള്ള ചെയ്യപ്പെട്ടു; മുറിവേൽപ്പിക്കപ്പെട്ടു. അപ്പോൾ കർത്താവ് എന്നെ സുഖപ്പെടുത്തുകയും സെമിനാരിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അങ്ങയുടെ ഹൃദയത്തിന്റെ അനന്ത നന്മ. എത്ര ഉദാരമായിട്ടാണ് അങ്ങയുടെ രക്തം എന്റെമേലൊഴുക്കിയത്. അതുകൊണ്ട് പാവങ്ങളോടും ദുർബലരോടും കരുണാർദ്രതയോടെ പെരുമാറുകയും അവരുടെ ഈ അവസ്ഥ മെച്ചപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്യും. എന്റെ ഹൃദയം അങ്ങെ ദിവ്യഹൃദയത്തിനു തുല്യമാക്കണമെ'[9]. അനുദിനം ആത്മീയ ജീവിതത്തിൽ വളരുവാൻ പരിശ്രമിച്ചിരുന്നതായി ഡയറിയിൽ നിന്നും വ്യക്തമാകുന്നുണ്ട്. അദ്ദേഹത്തിന് പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്[10]. വിശുദ്ധിയിലേക്കുള്ള സ്ഥിരമായ വളർച്ച അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം കാണാനാകും. അദ്ദേഹം പരിപൂർണനായിരുന്നില്ല, എന്നാൽ പരിപൂർണത പ്രാപിക്കുവാനുള്ള തീവ്രമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവമഹത്വത്തിനായി ഒരു വിശുദ്ധനാകുവാൻ അദ്ദേഹം ആഗ്രഹിച്ചു: 'അയോഗ്യനും നിഷ്ഠൂരപാപിയുമായ എന്നെ ഇത്രയും സമുന്നതമായ പദവിയിലേക്ക് ദൈവമേ, അങ്ങ് വിളിച്ചു. അനുദിനം ധാരാളം അനുഗ്രഹങ്ങളും പ്രേരണകളും പ്രചോദനങ്ങളും നിർദേശങ്ങളും നൽകി ഒരു വിശുദ്ധനാകുവാൻ അങ്ങ് എന്നോടാവശ്യപ്പെടുന്നു. അങ്ങയുടെ അനുഗ്രഹങ്ങളിൽ നിന്ന് ഞാൻ ഇനിയൊരിക്കലും വ്യതിചലിക്കുകയില്ല. ഒരു വിശുദ്ധനാകുവാൻ ഞാൻ പരിശ്രമിക്കും. എന്റെ ദൈവവിളിപോലെ തന്നെ വിശുദ്ധീകരണവും അങ്ങയുടെ ജോലിയാണ്. അതുകൊണ്ട്

എല്ലാ സഹായവും അങ്ങയിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ ദൈവമേ, എന്റെ ഹൃദയനാഥാ, എല്ലാ മഹത്വവും ബഹുമാനവും അങ്ങയുടേതാണ്. എല്ലായിടത്തും എപ്പോഴും എന്റെ നായകനും മാതൃകയുമായ യേശു പ്രവർത്തിച്ചാലെന്നപോലെ ഞാൻ പ്രവർത്തിക്കും. എന്റെ ഒരേയൊരു പ്രതിജ്ഞ ഇതാണ്[11]. തിരുപ്പട്ട സ്വീകരണത്തിന് ആറുമാസം മുമ്പ് 1907 ജൂൺ 20-ാം തീയതി അദ്ദേഹത്തിന്റെ പ്രതിജ്ഞ പ്രഥമവും പ്രധാനവുമായി സ്വയം വിശുദ്ധീകരണത്തിൽ ശ്രദ്ധിക്കണമെന്നായിരുന്നു[12]. വൈദികനായി പതിനഞ്ചു വർഷങ്ങൾക്കു ശേഷം 1922 സെപ്തംബറിൽ കൊച്ചി സംസ്ഥാനത്തിന്റെ ഏക യൂണിവേഴ്സിറ്റി കോളേജിന്റെ മാനേജരായിരുന്ന അവസരത്തിൽ, രൂപതയിൽ നല്ല പേരും പ്രശസ്തിയും നിലനിൽക്കുമ്പോൾ അദ്ദേഹം തന്റെ ആത്മീയ ജീവിതത്തിൽ വളരെയധികം ശ്രദ്ധിച്ചിരുന്നതായി കാണാം. ആത്മീയ ജീവിതത്തിൽ താൻ ആഗ്രഹിച്ച വിധത്തിലുള്ളൊരു പുരോഗതിയില്ലെന്ന് തിരിച്ചറിഞ്ഞ് ദൈവത്തിലാശ്രയിച്ച് സ്വയം വിശുദ്ധീകരണത്തിനായി പരിശ്രമിക്കുന്നു[13]. ദൈവസ്നേഹത്തെയും വ്യക്തിപരമായി എനിക്കു ലഭിച്ച അനുഗ്രഹങ്ങളെയും - പ്രത്യേകിച്ച് ശൈശവത്തിലും ബാല്യകാലത്തും എന്റെ മാതാപിതാക്കൾ എന്നെ വിട്ടുപോയപ്പോൾ- ലഭിച്ചവയെപ്പറ്റി മനനം ചെയ്തപ്പോൾ കണ്ണുനീർ പ്രവാഹത്താൽ അവിടുന്നെനിക്ക് വലിയ ആശ്വാസം നൽകി. ദാവീദിനെപ്പോലെ ഞാനും പറഞ്ഞു : 'അപ്പനും അമ്മയും എന്നെയുപേക്ഷിച്ചു. എന്നാൽ പിതാവേ, അങ്ങ് എന്നെ സ്വീകരിച്ചു. എന്റെ നിജാവസ്ഥയിൽ നിന്നും ഏകാന്തതയിൽ നിന്നും ദൈവം എന്നെ ഉയർത്തുന്നതായി എനിക്കു തോന്നി. എന്നാൽ അവിടുത്തെ ശക്തിപ്രാഭവത്തിന് പ്രതിഫലമായി ഞാൻ നൽകിയത് കടുത്ത കൃതഘ്നതയാണ്. എന്നെപ്പറ്റിയുള്ള അവിടുത്തെ പ്ലാനും പദ്ധതിയും ഞാൻ തകർത്തു കളഞ്ഞു. എന്നാൽ ഇപ്പോൾ മഗ്ദലേന മറിയത്തോടുകൂടി പ്രായശ്ചിത്തമനുഷ്ഠിക്കുന്നതിനായി വീണ്ടും എന്നെ ക്ഷണിക്കുന്നു[14]. വി. പൗലോസിനും വി. അഗസ്റ്റിനും എങ്ങനെ പുനർജന്മം ഉണ്ടായെന്ന് അദ്ദേഹം ധ്യാനിക്കുന്നു. ഇതിനെ അതിജീവിക്കുവാനായി ദിവ്യകാരുണ്യത്തിനു മുമ്പിൽ ആയിരിക്കുവാനും പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ പ്രത്യാശവയ്ക്കുവാനും അദ്ദേഹം തീരുമാനിച്ചു: 'എന്നെ

വിശുദ്ധീകരിക്കുവാനുള്ള ദൈവത്തിന്റെ രണ്ടാമത്തെ ഉദ്യമത്തോട് ഞാൻ സഹകരിക്കട്ടെ. ദൈവത്തെ അനുഭവിക്കുന്നതിനായി, അവിടുത്തെ സ്നേഹവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി വേണ്ടിവന്നാൽ എല്ലാം ഉപേക്ഷിക്കണം. അനുദിനം കുരിശിന്റെ വഴി നടത്തുമ്പോൾ എനിക്ക് കുറെ ആശ്വാസം ലഭിക്കുന്നതുകൊണ്ട് ഞാനതു കൂടുതൽ ഭക്തിയോടുകൂടി നടത്തണം. മധ്യാഹ്നത്തിൽ നടത്തുന്ന പരിശുദ്ധ കുർബാനസന്ദർശനം ഭയഭക്തിയോടുകൂടി നടത്തുകയും നമ്മുടെ കർത്താവിന്റെ പീഡാസഹനത്തെപ്പറ്റി ധ്യാനിക്കുകയും വേണം. പ്രായശ്ചിത്തമനുഷ്ഠിക്കുകയും പരിത്യാഗപ്രവൃത്തികൾ ചെയ്യുകയും വേണം. ഇതിൽ ഞാൻതന്നെ അവിശ്വസ്തനാണോയെന്ന് ഭയം തോന്നുന്നു. നിരന്തരമായി സഹിക്കുന്നതിനുള്ള കൃപാവരം പരിശുദ്ധ അമ്മയോട് ആത്മാർഥമായി ചോദിച്ചുവാങ്ങണം[15]. ശാരീരികാഭിലാഷങ്ങളെ നിയന്ത്രിക്കുന്നതിനായി മുള്ളരഞ്ഞാണം ധരിക്കണമെന്നും അദ്ദേഹം തീരുമാനിക്കുന്നു[16].

വിശുദ്ധിയിൽ വളർന്നുവരുവാൻ സെമിനാരി കാലഘട്ടം മുതൽ മരണംവരെ ജാഗ്രത പുലർത്തിയിരുന്നതായി കാണാം. സെമിനാരി കാലഘട്ടത്തിലെടുത്ത പ്രതിജ്ഞകൾ കൂടുതൽ തീക്ഷ്ണതയോടുകൂടി വൈദിക ജീവിതത്തിൽ അദ്ദേഹം നവീകരിച്ചു. പ്രായംകൂടുന്തോറും ആദ്ധ്യാത്മിക ജീവിതത്തിനുള്ള ഉത്സാഹവും വർധിച്ചിരുന്നതായി ഡയറി വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ഈ ആത്മീയ ചൈതന്യം മറ്റുള്ളവർക്കും പകർന്നു നൽകി. പാപത്തെപ്പറ്റി അനുതപിച്ച് പരിപൂർണരാകാൻ ശ്രമിക്കണമെന്ന് അദ്ദേഹം പ്രബോധനം നൽകി[17]. ഒരുവന്റെ മനഃസാക്ഷിയനുസരിച്ചു ജീവിച്ചാൽ വിശുദ്ധനാകാമെന്നും മനഃസാക്ഷി അഗ്നിയാണെന്നും അശ്രദ്ധമൂലം അത് കെടുത്തിക്കളയരുതെന്നും[18] അദ്ദേഹം പഠിപ്പിച്ചു. അനുദിന ജീവിതത്തിലെ സാധാരണ പ്രവൃത്തികളാണ് ഒരുവനെ വിശുദ്ധനാക്കുന്നത്[19] എന്നും സാധാരണ പ്രവൃത്തികൾ അസാധാരണമായി ചെയ്യുന്നതാണ് പരിപൂർണത[20] എന്നും അദ്ദേഹം ഉപദേശിച്ചു: അനുദിന ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ പ്രാർഥനയോടും എളിമയോടും അനുസരണത്തോടും എല്ലാറ്റിലുമുപരിയായി ദൈവസ്നേഹത്തെപ്രതിയും ചെയ്താൽ പരിപൂർണതയിൽ വളർന്നുവരാം. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രസാദവരത്തിൽ

ജീവിക്കുന്നതാണിത്. പുണ്യപൂർണത ഒരുദിവസം കൊണ്ട് സമ്പാദിച്ചെടുക്കുന്ന ഒന്നല്ല; നിരന്തരമായ പരിശ്രമം ആവശ്യമാണ്. ജീവിതം പുണ്യപൂർണതയിലേക്കുള്ള ഒരു തീർഥാടനമാണ്[21]. നീണ്ട ജീവിതമല്ല നല്ല ജീവിതമാണ് ഒരുവനെ വിശുദ്ധനാക്കുന്നത്[22] എന്ന് അദ്ദേഹം ദർശനം ചെയ്തു. ആത്മാർഥതയുള്ള, ധീരനായ, സ്നേഹവും കരുണയും നിറഞ്ഞ എളിമയുടെ ആൾരൂപമായ, പാവങ്ങൾക്ക് അത്താണിയായ ഒരു വൈദികനെയാണ് ഊക്കനച്ചനിൽ സാധാരണ ജനം കണ്ടത്[23].

ഉറവിടങ്ങളിൽ നിന്ന് ശക്തിസംഭരിച്ച് തന്റെ മാതൃകകളെ അനുകരിക്കുവാൻ നിശ്ചയിച്ചുറച്ച ഊക്കനച്ചന്റെ പൗരോഹിത്യ ശുശ്രൂഷയും ആത്മീയ വളർച്ചക്കായുള്ള പരിശ്രമങ്ങളും അജപാലന വഴിയിൽ അദ്ദേഹത്തെ വേറിട്ടൊരു മനുഷ്യനാക്കിത്തീർത്തു. യേശുവിനോടും പരിശുദ്ധ അമ്മയോടും എല്ലാ കാര്യങ്ങളിലും ആലോചനചോദിക്കുന്ന ശൈലിയും സ്വകാര്യത പങ്കുവയ്ക്കുന്ന രീതിയും മരണംവരെ അദ്ദേഹം തുടർന്നു[24]. പരിപൂർണതയിലേക്കുള്ള പ്രയാണത്തിൽ സ്വന്തം അപൂർണതകൾ എഴുതി തിരുത്തി മുന്നേറുന്ന ഒരാത്മാവിന്റെ തിളക്കം ഏവർക്കും പ്രചോദനമരുളുന്നതും സാക്ഷ്യമേകുന്നതുമായിരുന്നു[25]. വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും ഈശോയെ അള്ളിപ്പിടിച്ചും ആഞ്ഞുപുൽകിയും മുന്നോട്ടു നീങ്ങിയപ്പോൾ വേദനിക്കുന്ന നാനാ ജാതിമതസ്ഥർക്ക് അദ്ദേഹം മാതാവും പിതാവും സഹോദരനും സഹോദരിയും ഗുരുവും രക്ഷകനും കൂട്ടുകാരനുമായി മാറി[26]. ഏതവസ്ഥയിലായിരിക്കുന്നവർക്കും അദ്ദേഹം ഒരു അഭയകേന്ദ്രമായി മാറുന്ന വിസ്മയ കാഴ്ചയാണ് കാണാനായത്[27]. സെമിനാരി പരിശീലന കാലഘട്ടത്തിൽ അദ്ദേഹമെടുത്ത തീരുമാനങ്ങൾ കടലാസിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അവയെല്ലാം പുരോഹിത ശുശ്രൂഷാജീവിതത്തിൽ പ്രായോഗികമാക്കിയപ്പോൾ വിപരീത സാഹചര്യങ്ങളിൽപോലും യേശുപ്രവർത്തിച്ചാലെന്ന പോലെ പ്രവർത്തിക്കാൻ കഴിഞ്ഞു[28]. ചിന്തയും മനോഭാവങ്ങളും പെരുമാറ്റവുമെല്ലാം ക്രൂശിതനോട് അനുരൂപപ്പെടുത്തുവാനും സാധിച്ചു.

അജപാലന തീർഥയാത്രയുടെ ആദ്യഘട്ടത്തിൽ രൂപത ആസ്ഥാനവുമായി ബന്ധപ്പെട്ടു കിടക്കുന്ന ശുശ്രൂഷകൾ ചെയ്യുവാനായി





രുന്നു അദ്ദേഹത്തിന് നിയോഗം ലഭിച്ചത്. ഏൽപ്പിച്ച എല്ലാ ഉത്തര വാദിത്വ നിർവഹണത്തിലും അദ്ദേഹം ആത്മാർഥത പുലർത്തി. അദ്ദേ ഹത്തിന്റെ അജപാലന ശുശ്രൂഷയും ആത്മീയതയും ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഒരു മാതൃകാ പുരോഹിതനെയാണ് ജനം അദ്ദേഹത്തിൽ ദർശിച്ചത്. ഉപമിക്കാനാവാത്ത വിധത്തിലുള്ള സ്വഭാവത്തിനുടമയാ യിരുന്നു ഊക്കനച്ചൻ. പിതാവായ ദൈവത്തിനു മുമ്പിൽ താൻ ഒന്നു മല്ല എന്ന് അദ്ദേഹം കരുതി. സെമിനാരി കാലം മുതൽതന്നെ അദ്ദേഹം എളിമയുള്ളവനായിരുന്നു. കാന്റി സെമിനാരിയിൽ നിന്ന് തിരിച്ചെ ത്തിയ ഊക്കനച്ചൻ രൂപതാധ്യക്ഷന്റെ സെക്രട്ടറി, കത്തീഡ്രൽ വികാരി, മൈനർ സെമിനാരി റെക്ടർ, യൂണിവേഴ്സിറ്റി കോളേജിന്റെ മാനേജർ എന്നിങ്ങനെ രൂപതയിലെ പ്രധാനപ്പെട്ട ജോലികളിൽ നിയ മിതനായി. അപ്പോഴും പേരും പെരുമയും നൽകുന്ന ഇവയിൽ നിന്നും പിന്മാറി രൂപതയുടെ മിഷൻ പ്രദേശമായ കുന്ദംകുളത്തും സമീപ പ്രദേശങ്ങളിലും പോയി എളിയ ശുശ്രൂഷകളിൽ മുഴുകുവാൻ അദ്ദേഹം ആഗ്രഹിച്ചു[29]. അവിടത്തെ ഇടവകകളുടെ അന്നത്തെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ജീവിത നിലവാരം വളരെ ദരിദ്രമായിരുന്നു; സാമ്പത്തിക വ്യവസ്ഥ ദയനീയമായിരുന്നു, കത്തോ ലിക്കാ കുടുംബങ്ങൾ വളരെ കുറവായിരുന്നു; യാത്രാ സൗകര്യവും വിരളമായിരുന്നു. വളരെ തുച്ഛമായ അലവൻസും മറ്റു അസൗകര്യ ങ്ങളുമായിരുന്നെങ്കിലും[30] അദ്ദേഹം സംതൃപ്തനായിരുന്നു.

**അടിക്കുറിപ്പുകൾ**

1. OT., Sr Hyacinth, CMC
2. A.Kol.MB.CSC.G., LMMR., vol.I, ff. 29, 182
3. A.Kol.MB.CSC.G., Resolutions., vol.I, f. 18
4. A.Kol.MB.CSC.G., Resolutions., vol.II, ff. 35,43
5. A.Kol.MB.CSC.G., Resolutions., vol.II, ff. 31,39,44
6. A.Kol.MB.CSC.G., Resolutions., vol.II,f. 26
7. A.Kol.MB.CSC.G., LMMR., vol.I, f.66
8. A.Kol.MB.CSC.G., LMMR., vol.I, f.66
9. A.Kol.MB.CSC.G., LMMR., vol.I, f. 85

10. A.Kol.MB.CSC.G., Resolutions., vol.II,f. 22
11. A.Kol.MB.CSC.G., Resolutions., vol.I, ff. 2-3
12. A.Kol.MB.CSC.G., Resolutions., vol.II, f. 15
13. A.Kol.MB.CSC.G., Resolutions., vol.II, f. 25
14. A.Kol.MB.CSC.G., Resolutions., vol.II, f. 30
15. A.Kol.MB.CSC.G., Resolutions., vol.II, f. 31
16. A.Kol.MB.CSC.G., Resolutions., vol.II, f. 26
17. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, June 1951, f.13
18. A.Kol.MB.CSC.G., Exhortations., Sr Alberta CSC, 24 January, 1953, f.87
19. A.Kol.MB.CSC.G., Exhortations., Sr Alberta CSC, June, 1951, f. 13.3
20. A.Kol.MB.CSC.G., Exhortations., Sr Alberta CSC, June, 1951, f. 3
21. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June, 1951, f.26
22. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June, 1951, f. 46
23. A.Kol.MB.CSC.G., OT., f.8, A.P. Augustine, Alukkal, Chiralayam
24. A.Kol.MB.CSC.G., Adaranjalikal, "My admirable Preceptor'', Msgr. George Akkara, P. 14; Resolutions., vol.I, f. 7
25. A.Kol.MB.CSC.G., Resolutions., vol.II, ff. 63,44
26. A.Kol.MB.CSC.G., OT., f. 12 Chinnan Kuriappan Kannanaikkal
27. A.Kol.MB.CSC.G., OT., f.30, Mr. Kochappan Muringathery
28. A.Kol.MB.CSC.G., LMMR., vol.I, f. 133; Resolutions., vol.II, f. 17
29. A.Kol.MB.CSC.G., Resolutions., vol.II, f. 28
30. A.Tri.A., C-21. 1935-2

## വിശ്വാസം

സെമിനാരി പരിശീലനം മുതൽ മരണംവരെ ആഴമായ വിശ്വാസത്തിനുടമയായിരുന്നു ഊക്കനച്ചൻ. 1903 ആഗസ്റ്റ് 24-ാം തീയതി വി. അഗസ്റ്റിന്റെ വാക്കുകളിൽ അദ്ദേഹം ധ്യാനിക്കുന്നു: ഞാൻ അങ്ങയെ അറിയുന്നുണ്ടെങ്കിൽ അത് അങ്ങയെ മഹത്വപ്പെടുത്തുന്നതിനും അങ്ങേക്കു നന്ദി പറയുന്നതിനുമാണ്. അല്ലാതെ അറിവിന്റെ മേഖലയിൽ കുടുങ്ങി നശിക്കുവാനല്ല. ഞാൻ പഠിക്കുന്നതിന്റെ ലക്ഷ്യം അങ്ങയെ മഹത്വപ്പെടുത്തുകയും അങ്ങേക്ക് നന്ദി പറയുകയുമായിരിക്കട്ടെ[1]. ദൈവശാസ്ത്ര പഠനം ആരംഭിക്കുമ്പോൾ അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു: '...നമ്മുടെ സ്വാഭാവിക ശക്തിയും പ്രകാശവുംകൊണ്ട് ആ സത്യം നമുക്കു ലഭിക്കുകയില്ല. എന്റെ ദൈവശാസ്ത്ര പഠനത്തിന്റെ എല്ലാ വശങ്ങളും ബുദ്ധിശക്തിക്കനുസൃതവും പിതാവിൽ നിന്നുള്ള പ്രകാശം മൂലവും ഗ്രഹിക്കുവാൻ സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. പിതാവേ എന്നേയും അന്ധകാരത്തിലും മരണത്തിന്റെ ഛായയിലും കഴിയുന്ന എല്ലാവരേയും അങ്ങേ മകനെപ്പറ്റിയുള്ള അറിവിലേക്കാനയിക്കണമെ. നീ ഞങ്ങളെ യേശുവിലേക്കാനയിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കവനെ പ്രാപിക്കുവാൻ സാധിക്കുകയില്ല. അമ്മേ അങ്ങയുടെ മകനിലേക്കു ഞങ്ങളെ നയിക്കുക[2].

ഊക്കനച്ചന് വിശ്വാസത്തിനു മാതൃകയായിരുന്നത് പരിശുദ്ധ അമ്മയാണ്. അദ്ദേഹം പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചിരുന്നു: തനിക്ക് ഒരേ സമയം ദൈവമാതാവാകുവാനും കന്യകയായിരിക്കുവാനും സാധിക്കുമെന്നു വിശ്വസിച്ച മറിയത്തിന്റെ വിശ്വാസം പിതാവായ അബ്രാഹത്തിന്റെ വിശ്വാസത്തേക്കാൾ അത്യുദാത്തമായിരുന്നു. വൈപരീത്യമെന്ന് സുവിദിതമായ കാര്യങ്ങൾ ചെയ്യുവാൻ എന്നോടാവശ്യപ്പെടുമ്പോൾ അല്ലെങ്കിൽ മനുഷ്യദൃഷ്ടിയിൽ അസാധ്യമായവയെന്ന് വിചാരിക്കുന്ന കാര്യങ്ങൾ ആവശ്യപ്പെടുമ്പോൾ ദൈവകൃപയിൽ ആഴമായി വിശ്വസിക്കാതെ, കാര്യസാധ്യത്തിനായിമാത്രം ദൈവശക്തിയെ അഭയംഗമിക്കുകയാണോ ചെയ്യുന്നത്. വിരോധാഭാസം മഹോന്നത മഹിമയുടെ പിതാവാണ്[3]. അദ്ദേഹം പരിശീലന കാലത്തു പഠിച്ചത് പ്രായംകൂടുന്തോറും പക്വതപ്രാപിച്ചു

കൊണ്ടിരുന്നു. പൗരോഹിത്യം സ്വീകരിച്ച് ഇരുപത്തിയഞ്ച് വർഷങ്ങൾ പിന്നിട്ടപ്പോൾ 1932-ൽ അദ്ദേഹം ഡയറിയിൽ കുറിച്ചുവച്ചു: '....ദൈവത്തിന്റെ പരിപാലനയിൽ നിന്റെ ജീവിതത്തെപ്പറ്റിയും ചില പദ്ധതികളുണ്ട്. അത് നിനക്ക് രൂപരേഖ നൽകുമ്പോൾ വിശ്വാസത്തോടും സന്തോഷത്തോടുംകൂടി എല്ലാം സ്വീകരിക്കുക'[4]. എല്ലാ ജീവിത സാഹചര്യങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് സന്തോഷത്തോടുകൂടി അദ്ദേഹം മുന്നോട്ടു നീങ്ങി. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ നിന്ന് ഇത് വ്യക്തമാണ് : '.... എനിക്ക് വരൾച്ച അനുഭവപ്പെടുന്നുണ്ടെങ്കിലും പരിശുദ്ധാത്മാവ് തന്റെ വരങ്ങൾ എനിക്ക് നിഷേധിക്കുകയില്ല...'[5] ഈ വിശ്വാസചൈതന്യമാണ് ദൈവത്തോടും അധികാരികളോടും ഭാവാത്മകമായി പെരുമാറുവാൻ അദ്ദേഹത്തെ സഹായിച്ചത്. അനുദിന ജീവിതത്തിൽ അദ്ദേഹം ത്രിത്വൈക ദൈവത്തോട് നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പഠനങ്ങളും, ക്ലാസുകളും, പ്രസംഗങ്ങളും, ധ്യാനങ്ങളുമെല്ലാം മറ്റുള്ളവരെക്കൂടി വിശ്വാസത്തിൽ വളർത്തുവാൻ ഉതകുന്നവയായിരുന്നു. അദ്ദേഹം സ്വന്തം രൂപതയിലെ വൈദികരെ 1936 സെപ്തംബറിൽ ധ്യാനിപ്പിച്ചു[6]. ജീവിതാനുഭവങ്ങളെ വിശ്വാസ വെളിച്ചത്തിൽ കാണണമെന്ന് അദ്ദേഹം പഠിപ്പിച്ചു[7]. അഹങ്കാരവും വിശുദ്ധിയില്ലായ്മയും വിശ്വാസജീവിതത്തിൽ ശത്രുക്കളാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സെന്റ് തോമസ് കോളേജിന്റെ മാനേജരായിരുന്ന അവസരത്തിൽ ബോംബെയിൽ നിന്നും ഇംഗ്ലീഷ് ബൈബിൾ വരുത്തി കുട്ടികൾക്കു നൽകി[8]. വികാരിയായിരിക്കുമ്പോഴും വിശ്വാസപരിശീലനത്തിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. കത്തീഡ്രൽ വികാരിയായിരിക്കുമ്പോൾ 1918-ൽ പടിഞ്ഞാറെ കോട്ടയിൽ അദ്ദേഹം മതബോധന ക്ലാസുകൾ ആരംഭിച്ചു[9]. പാലയൂരിൽ ആൺകുട്ടികൾക്കും, മറ്റത്തിൽ പെൺകുട്ടികൾക്കും, ചൊവ്വന്നൂർ അടുത്ത് പാറേമ്പാടത്തും മതബോധന ക്ലാസുകൾ ആരംഭിച്ചു[10]. അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തി ആഘോഷിച്ചപ്പോൾ വിവിധ ഇടവകകളും സ്ഥാപനങ്ങളും നൽകിയ മംഗളപത്രങ്ങളിലും വിശ്വാസവും ധാർമിക മൂല്യങ്ങളും വളർത്തിയെടുക്കുവാൻ ചെയ്ത പരിശ്രമങ്ങൾ വിവരിക്കുന്നുണ്ട്[11]. മരിയൻ സൊഡാലിറ്റിയും മറ്റു ഭക്തസംഘടനകളും അദ്ദേഹം ആരംഭിച്ചു[12].





പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം പഠിപ്പിച്ചിരുന്നു[13]. വിശ്വാസജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുമെന്നും[14] ദൈവികരഹസ്യങ്ങളറിയുവാൻ ആഴമായ വിശ്വാസം ആവശ്യമാണെന്നും അദ്ദേഹം പഠിപ്പിച്ചു[15]. സന്യാസജീവിതം പരിശുദ്ധാത്മാവിന്റെ കൃപകളാൽ നിറഞ്ഞതായിരിക്കണമെന്ന് ഒരു മാസത്തെ ധ്യാനത്തിലൂടെ അദ്ദേഹം ബോധ്യപ്പെടുത്തി[16]. മുല്ലശ്ശേരിയിൽ മഠംപണി നടക്കുമ്പോൾ അദ്ദേഹം പാവറട്ടി പള്ളിയിൽ താമസിച്ചിരുന്നു. അനുദിന ജീവിതാവശ്യങ്ങൾ നടത്തുവാൻതന്നെ അദ്ദേഹം വളരെയധികം ബുദ്ധിമുട്ടിയിരുന്നു. അന്നത്തെ പാവറട്ടി പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന ഫാ. സഖറിയാസ് പുതുശേരി ഇതൊക്കെ എങ്ങനെയാണു നടത്തുന്നത് എന്നു ചോദിച്ചപ്പോൾ 'എല്ലാം ദൈവം നടത്തും'[17] എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആ മഠത്തിന് അദ്ദേഹം 'ദൈവപരിപാലന മഠം' എന്ന് പേരു നൽകി. ദൈവപരിപാലനയിലുള്ള ആഴമായ വിശ്വാസമാണ് ആദ്യകാല ബുദ്ധിമുട്ടുകൾ അതിജീവിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതെന്ന്[18] സി. സർഫീന, സി.ബ്രിജിറ്റ്, സി. ഹിയസിന്ത് എന്നിവർ സാക്ഷ്യപ്പെടുത്തുന്നു. ക്രൈസ്തവ വിശ്വാസത്തിൽ എല്ലാവരും വളർന്നുവരുവാൻ അദ്ദേഹം അക്ഷീണം യത്നിച്ചു[19]. ദൈവപരിപാലനയിലുള്ള അദ്ദേഹത്തിന്റെ ആഴമായ വിശ്വാസം ഡയറി വ്യക്തമാക്കുന്നുണ്ട്. തിരുപ്പട്ട സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കാനൊരുങ്ങുമ്പോൾ അദ്ദേഹം ധ്യാനിക്കുന്നതിങ്ങനെ: 'ഈശോയുടെ മരണം സാധൂകരിക്കുന്നതിന് കുന്തംകൊണ്ടു കുത്തി. എന്നാൽ അത് രണ്ടു പ്രവചനങ്ങളുടെ പൂർത്തീകരണവും ദൈവത്തിന്റെ പദ്ധതിയുമായിരുന്നു. അതുപോലെ ദൈവത്തിന്റെ പരിപാലനയിൽ നിന്റെ ജീവിതത്തെപ്പറ്റിയും ചില പദ്ധതികളുണ്ട്. അവ നിനക്കു രൂപരേഖ നൽകുമ്പോൾ വിശ്വാസത്തോടും സന്തോഷത്തോടുംകൂടി എല്ലാം സ്വീകരിക്കുക...'[20] ദൈവത്തിന്റെ പദ്ധതികൾക്കായി സ്വയം വിട്ടുകൊടുത്ത ഒരു ജീവിതം.





## അടിക്കുറിപ്പുകൾ

1. Confessions V. Cap.IV. as quoted in A.Kol.MB.CSC.G., LMMR., vol.I, f.99
2. A.Kol.MB.CSC.G., LMMR., vol.II, ff. 43-44
3. A.Kol.MB.CSC.G., LMMR., vol.II, f. 65
4. A.Kol.MB.CSC.G., Resolutions., vol.II, ff. 61-62
5. A.Kol.MB.CSC.G., Resolutions., vol.II, f. 64
6. A.Tri.A., B- 1936-9
7. A.Kol.MB.CSC.G., Pithruvani, p.9
8. A.Kol.MB.CSC.G., Adaranjalikal, "A Home for the Destitutes'', Fr Joseph Chungath, p.64
9. ACCO, DISM 1902-1921, a paper cutting from "The cochin Argus'' dated 14 July 1917
10. A. Tri. A.C-21-1948-4
11. A.Pal.P., Felicitation letters Aloor, Palayur, Ponnor, Orumanayur, Thriuvenkidam
12. A.Tri.A., V.18.1951.f.1
13. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f.57
14. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f.59
15. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f.146
16. A.Kol.MB.CSC.G., Exhortations., Sr Alberta CSC; 1951, ff.21-28
17. A.Kol.MB.CSC.G., Adaranjalikal, "Fr Ukken - A Divine Man'', Msgr. Zacharias Pudussery, p.35
18. A.Kol.MB.CSC.G., OT., ff.48-49, Sr Seraphina CSC; OT., f.21, Sr Hycinth CSC; WT., ff.13-15, Sr Bridget CSC
19. A.Kol.MB.CSC.G., WT., ff. 16-17, Sr Celestine
20. A.Kol.MB.CSC.G., Resolutions., vol.II, ff. 61,62

## പ്രത്യാശ

ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ വലിയ പ്രത്യാശവച്ചിരുന്ന വ്യക്തിയായിരുന്നു ഊക്കനച്ചൻ. സ്വന്തം ജീവിതത്തിലും അജപാലന ശുശ്രൂഷയിലും സന്യാസസഭാസ്ഥാപകൻ എന്ന നിലയിലും വിപരീത സാഹചര്യങ്ങളിൽപ്പോലും ദൈവത്തിൽ പ്രത്യാശയർപ്പിച്ചു. സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കണമെന്ന് അദ്ദേഹം പ്രബോധനം നൽകി. ഒരു തീർഥാടകനെപ്പോലെ ആയിരിക്കണമെന്നും സ്വർഗമാകുന്ന ഭവനത്തെ ലക്ഷ്യമാക്കി അതിവേഗം സഞ്ചരിക്കണമെന്നും അദ്ദേഹം പഠിപ്പിച്ചു[1]. പരിശുദ്ധാത്മാവ് തന്റെ വരദാനഫലങ്ങൾ നിഷേധിക്കുകയില്ലെന്ന് അദ്ദേഹത്തിന് ദൃഢമായ ബോധ്യമുണ്ടായിരുന്നു[2]. ഭക്ഷണത്തിന് അഭാവമുണ്ടായിരുന്നപ്പോഴും ഉള്ളത് ആവശ്യക്കാരനു നൽകാൻ അദ്ദേഹം പ്രേരിപ്പിച്ചിരുന്നു. എല്ലാം തമ്പുരാൻ തരും എന്ന വിശ്വാസമാണ് അദ്ദേഹത്തെ നയിച്ചത്[3].

## സ്നേഹം

ദൈവസ്നേഹത്തിന്റെ സെറാഫ് ആയിരുന്നു ഊക്കനച്ചൻ. അദ്ദേഹം ദൈവസ്നേഹത്താൽ ജ്വലിച്ചിരുന്നു. അത് പരസ്നേഹത്തിലൂടെ അദ്ദേഹം പ്രകടമാക്കി. സെമിനാരിയിലായിരുന്നപ്പോൾ പരസ്നേഹത്താൽ നിറയുന്നതിനായി നിരന്തരം അദ്ദേഹം പ്രാർഥിച്ചിരുന്നു എന്ന് ഡയറി വ്യക്തമാക്കുന്നു[4]. അദ്ദേഹത്തിന് പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള സ്നേഹം ഡയറിയിലും എഴുത്തുകളിലും ധ്യാനങ്ങളിലും ക്ലാസുകളിലും നിറഞ്ഞുനിൽക്കുന്നതായി കാണാം. അദ്ദേഹം തന്റെ ദൈവസ്നേഹാനുഭവം സഹജരുമായി പങ്കുവച്ചു. അദ്ദേഹത്തിന്റെ പരസ്നേഹം പാവപ്പെട്ടവരോടും അനാഥരോടുമുള്ള അനുകമ്പയിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അദ്ദേഹം തന്റെ അധികാരികളോടും സഹവൈദികരോടും സ്നേഹം പ്രകടിപ്പിച്ചു. മറ്റുള്ളവരുടെ ആത്മീയവും ശാരീരികവും മാനസികവുമായ സുസ്ഥിതിക്കായി പരിശ്രമിച്ചു.

ഊക്കനച്ചൻ ഫാ.പോൾ ചിറ്റിലപ്പിള്ളിക്കയച്ച എഴുത്തിൽ നിന്നും അദ്ദേഹത്തിന്റെ പരസ്നേഹചൈതന്യം വ്യക്തമാകുന്നുണ്ട്. കുഷ്ഠരോഗികളെ സമുദ്ധരിക്കുക എന്നത് ഊക്കനച്ചന്റെ വലിയൊരു സ്വപ്നമായിരുന്നു. പക്ഷെ അദ്ദേഹത്തിന് അനുമതി ലഭിച്ചില്ല[5].

ഫാ.പോൾ ചിറ്റിലപ്പിള്ളി ചൊവ്വന്നൂരിൽ ഊക്കനച്ചന്റെ സഹവികാരിയായിരുന്നിട്ടുണ്ട്[6]. പിന്നീട് അദ്ദേഹം സെന്റ് തോമസ് കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കുഷ്ഠരോഗികൾക്കായി മുളയത്ത് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ തീരുമാനിച്ചു. കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനായി പല സന്യാസസമൂഹങ്ങളുടെയും സഹായം ആവശ്യപ്പെട്ടെങ്കിലും ആരും അതിന് ധൈര്യപ്പെട്ടില്ല. 1953-ൽ അദ്ദേഹം ഇതേ ആവശ്യവുമായി ഊക്കനച്ചനെ സമീപിച്ചു. ചാരിറ്റി സിസ്റ്റേഴ്സുമായി ആലോചിച്ചശേഷം അദ്ദേഹം സമ്മതിച്ചു. തന്റെ ഇല്ലായ്മയിൽ നിന്ന് മൂന്നുപേരെ നൽകി. സേവന വ്യവസ്ഥകൾ ചോദിച്ചുകൊണ്ടുള്ള ഫാ. പോൾ ചിറ്റിലപ്പിള്ളിയുടെ കത്തിന് ഊക്കനച്ചൻ മറുപടി നൽകി: 1953 സെപ്തംബർ 18-ാം തീയതിയിലെ അച്ചന്റെ എഴുത്ത് കിട്ടി. ഒരു വ്യവസ്ഥയും കൂടാതെ സേവനം ചെയ്യുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. യാതൊരു വ്യവസ്ഥകളും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ലെങ്കിലും സിസ്റ്റേഴ്സിന്റെ സുസ്ഥിതിക്കായി ചിലത് പിന്നീട് കൂട്ടിച്ചേർത്തു. ഒരു റെക്കോഡ് സൂക്ഷിക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു[7]. ഈ സിസ്റ്റേഴ്സ് പിന്നീട് ഫാ. പോൾ ചിറ്റിലപ്പിള്ളി ആരംഭിച്ച സമരിറ്റൻ സഭയിൽ ചേർന്നു.

## പാവങ്ങളോടുള്ള പരിഗണന

ആവശ്യക്കാരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുക എന്നത് പരിശുദ്ധ അമ്മയിൽ നിന്നും ഊക്കനച്ചൻ പഠിച്ചെടുത്ത ഗുണങ്ങളിൽ ഒന്നാണ്. കോട്ടപ്പടിയിൽ വികാരിയായിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന അനാഥാലയം 1922-ൽ സെന്റ് തോമസ് കോളേജിന്റെ മാനേജരായിരിക്കുമ്പോൾ അദ്ദേഹം തൃശ്ശൂരിലേക്കു മാറ്റി. തൃശ്ശൂർ സേക്രഡ് ഹാർട്ട് കർമലീത്താമഠത്തിലെ നാളാഗമത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു : അന്ന് അദ്ദേഹം അവരുടെ കപ്ലോൻ ആയിരുന്നു. സെന്റ് തോമസിൽ പുതുതായി സ്ഥാപിച്ച അനാഥാലയത്തിലേക്ക് മെത്രാനച്ചന്റെ നിർദേശമനുസരിച്ച് കോട്ടപ്പടിയിലെ അനാഥാലയത്തിൽ നിന്നും വൃദ്ധരായ മൂന്നു സ്ത്രീകളെയും ഏഴു കുട്ടികളെയും കൊണ്ടുവന്നു. അവരുടെ അനുദിന ചെലവു നിർവഹിക്കുവാൻ ആവശ്യത്തിന് പണമില്ലാതിരുന്നതിനാൽ കപ്ലോനച്ചനാണ് സഹായിച്ചിരുന്നത്. ഈ സ്ഥാപനം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായിരുന്നു. ഊക്കനച്ചൻ മിഠായി വിതരണം ചെയ്യുകയും

ചെറിയൊരു ആഘോഷം നടത്തുകയും ചെയ്തു[8]. അയൽക്കാര നോടുള്ള അദ്ദേഹത്തിന്റെ സ്നേഹം പരിത്യാഗം വരെ എത്തി നിൽക്കുന്നതായിരുന്നു. അനുദിന ചെലവുകൾ നിർവഹിക്കുവാൻ കഷ്ടപ്പെട്ടിരുന്നപ്പോഴും പാവപ്പെട്ടവരെ അദ്ദേഹം സഹായിച്ചിരുന്നു. പാവപ്പെട്ടവരോടും വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. തന്റെ ഭക്ഷണം രോഗികളായ സിസ്റ്റേഴ്സിന് നൽകിയിരുന്നു[9]. ഒരു ദിവസം ഞങ്ങൾക്ക് ഭക്ഷിക്കുവാൻ മഠത്തിൽ ഒന്നുമുണ്ടായിരുന്നില്ല. ആ സമയത്ത് ഒരു ഭിക്ഷക്കാരൻ വന്ന് ഭക്ഷണം ചോദിച്ചു. ഞങ്ങൾ വിശന്നിരിക്കുകയായിരുന്നെങ്കിലും പോക്കറ്റിലുണ്ടായിരുന്നതെടുത്ത് അച്ചൻ അയാൾക്കു നൽകി. തീർച്ചയായും പരസ്നേഹപ്രവർത്തനങ്ങൾക്ക് അദ്ദേഹം ഞങ്ങൾക്കൊരു മാതൃകയാണ്. അദ്ദേഹത്തിന്റെ ഹൃദയത്തിലും ജീവിതത്തിലും പാവപ്പെട്ടവർക്ക് എപ്പോഴും പ്രത്യേക സ്ഥാനമുണ്ടാ യിരുന്നു[10] എന്ന് സി. ലൈബർത്ത സാക്ഷ്യപ്പെടുത്തുന്നു. പൗരോഹിത്യ ജൂബിലിയവസരത്തിൽ അദ്ദേഹമെടുത്ത പ്രതിജ്ഞ കളിൽ ഒന്നായിരുന്നല്ലൊ അത്: ഈശോയുടെ തിരുഹൃദയത്തിന് പ്രീതികരമായ ഉപവി എല്ലാവരോടും കാണിക്കുക- ചിന്തകളിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ. ആരെയെങ്കിലും വേദനിപ്പിക്കുന്നത് യേശുവിന്റെ മൃദുലമായ കൃഷ്ണമണി മുറിവേൽപ്പിക്കപ്പെടുന്നതു പോലെയാണ്[11]. അദ്ദേഹം അതീവ തീക്ഷ്ണതയോടുകൂടി തന്റെ പ്രതിജ്ഞ ജീവിതത്തിൽ പ്രായോഗികമാക്കി. അദ്ദേഹത്തെ സമീപിച്ചി ട്ടുള്ളവരെല്ലാവരും ഈ സ്നേഹചൈതന്യം അനുഭവിച്ചിട്ടുള്ളവരാണ്.

ഊക്കനച്ചൻ ജാതിമതഭേദമെന്യേ എല്ലാവരെയും സഹായിച്ചിരുന്നു എന്ന് ചൊവ്വന്നൂരിലെ കണ്ണനായ്ക്കൽ ചിന്നൻ കുരിയപ്പൻ സാക്ഷ്യ പ്പെടുത്തുന്നു: പാവപ്പെട്ടവരെ സഹായിക്കുന്നതിനായി അച്ചൻ ചിട്ടി നടത്തിയിരുന്നു. അതിന്റെ നടത്തിപ്പിന് ഒരു കമ്മിറ്റിയും കൃത്യമായ നിയമങ്ങളും ഉണ്ടായിരുന്നു. സ്വന്തമായൊരു ഭവനം നിർമിക്കാൻ സ്ഥലമില്ലാത്തവർക്ക് അദ്ദേഹം സ്ഥലം നൽകിയിരുന്നു. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാൻ അച്ചൻ എപ്പോഴും സന്നദ്ധനായിരുന്നു... യാക്കോബായക്കാരുമായി അദ്ദേഹം സ്നേഹ ത്തിലായിരുന്നു. ഹിന്ദുക്കൾ ധാരാളമുള്ള ഒരു സമൂഹത്തിൽ നിന്ന് അദ്ദേഹം പഞ്ചായത്ത് പ്രസിഡണ്ടായി നിയമിതനാവുകയും പിന്നീട്

തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹം എല്ലാം വളരെ ചിട്ടയായും ക്രമമായും ചെയ്തിരുന്നു[12]. അച്ചൻ പാവപ്പെട്ടവർക്ക് വീട് പണിതു നൽകുകയും കുടുംബങ്ങൾ സന്ദർശിക്കുകയും എപ്പോഴും അനുകമ്പയോടെ പെരുമാറുകയും ചെയ്തിരുന്നു. അദ്ദേഹം ജനങ്ങൾക്കുവേണ്ടി നിലകൊണ്ടു. വളരെ ആത്മാർഥതയുള്ള, കരുണ യുള്ള, ധീരനായ ഒരു സഹായി. ജനം അദ്ദേഹത്തെ ബഹുമാനിച്ചി രുന്നു. അതുകൊണ്ടാണ് പലവട്ടം അദ്ദേഹം പഞ്ചായത്ത് പ്രസിഡ ണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്[13]. എന്തുപ്രശ്നമുണ്ടായാലും ജനം അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിച്ചെന്നിരുന്നു. അദ്ദേഹം എല്ലാം പരിഹരിച്ചുകൊടുത്ത് അവരെ സഹായിച്ചിരുന്നു[14].

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇംഗ്ലീഷ് വിദ്യാഭ്യാസവും ഭരണസംവിധാനങ്ങളും നിലവിൽ വന്നു. പ്രാദേശിക സ്വയം ഭരണ സംവിധാനം നിലവിൽ വന്നത് 1914-ൽ ആണ്. ഇത് പഞ്ചായത്ത് എന്ന് അറിയപ്പെട്ടിരുന്നു. 1914-ൽ അഞ്ച് പഞ്ചായത്തുകളാണ് ഉണ്ടായിരുന്നത്. 1919 ആയപ്പോഴേക്കും പഞ്ചായത്തുകളുടെ എണ്ണം നാൽപത് ആയി. കൊച്ചി രാജാവിന്റെ ഭരണസമിതിയാണ് പഞ്ചായത്ത് പ്രസിഡണ്ടിനെയും കൗൺസിലർമാ രെയും നിയമിച്ചിരുന്നത്. അറിയപ്പെടുന്നവരും വിദ്യാസമ്പന്നരും പൊതുജനസമ്മതരുമായവരെയാണ് ഇതിലേക്ക് പരിഗണിച്ചിരുന്നത്. ഇവരുടെ കാലാവധി മൂന്നു വർഷമായിരുന്നു. മുപ്പതുരൂപവരെ മൂല്യമുള്ള സിവിൽ കേസുകൾ കൈകാര്യം ചെയ്യുവാനുള്ള അധികാരം പഞ്ചായത്തിനുണ്ടായിരുന്നു. 1940 ആയപ്പോഴേക്കും പഞ്ചായത്ത് പ്രസിഡണ്ടിനെയും കൗൺസിലർമാരെയും വോട്ടു ചെയ്ത് തെരഞ്ഞെടുക്കുന്ന രീതി നിലവിൽ വന്നു. നികുതി അടച്ചിരുന്നവർക്കാണ് വോട്ടവകാശമുണ്ടായിരുന്നത്.

ഫാ. ഊക്കൻ മേൽപറഞ്ഞ രണ്ടു രീതികളിലും പഞ്ചായത്ത് പ്രസിഡണ്ടായിട്ടുണ്ട്. ജനത്തിന്റെ സാമൂഹികവും സാമ്പത്തികവു മായ അഭിവൃദ്ധിക്കായി അദ്ദേഹം കഠിനാധ്വാനം ചെയ്തു. അകത്തോ ലിക്കർക്കും അക്രൈസ്തവർക്കുമിടയിൽ പ്രവർത്തിക്കുമ്പോഴും കത്തോലിക്കാ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത അദ്ദേഹം കാത്തു സംരക്ഷിച്ചു. ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കു കയും ചെയ്തിരുന്നു. ജനങ്ങളുടെയും നാട്ടിലെയും പ്രശ്നങ്ങൾക്ക്

അദ്ദേഹം സമാധാനപരമായി പരിഹാരം കണ്ടെത്തിയിരുന്നു.[15] ഇതിനായി മറ്റുള്ളവരിലും അദ്ദേഹം പ്രേരണ ചെലുത്തി.

സമൂഹത്തിലും മറ്റുള്ളവരോടും ഉദാരമതികളായിരിക്കണമെന്ന് ചാരിറ്റി സിസ്റ്റേഴ്സിനോട് അദ്ദേഹം ഉപദേശിച്ചിരുന്നു. തങ്ങളുടെ സ്ഥാപകനിൽ നിന്ന് അവർ പാഠമുൾക്കൊണ്ടു. ദൈവത്തോടും സഹോദരരോടുമുള്ള സ്നേഹത്തിൽ വളരണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു. ജാതി-മത-വർഗ-വർണ ഭേദമെന്യേ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും സ്നേഹത്തിന്റെ സന്ദേശവുമായി അദ്ദേഹം അവരെ പറഞ്ഞയച്ചു. അവർ അഗതികളെയും രോഗികളെയും ശുശ്രൂഷിച്ചു. നേഴ്സിംഗ് പഠിക്കുന്നതിനായി സിസ്റ്റേഴ്സിനെ പറഞ്ഞുവിട്ടു. എല്ലാ മഠത്തിനോടും ചേർന്ന് ചെറിയ ഡിസ്പെൻസറി സ്ഥാപിച്ചു. രോഗികളിലും അഗതികളിലും ഈശോയെ ദർശിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. പാവങ്ങളുടെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. എത്ര തിരക്കു പിടിച്ച ജീവിതത്തിനിടയിലും രോഗികളെയും പാവപ്പെട്ടവരെയും ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും കുടുംബങ്ങൾ സന്ദർശിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു[16]. അദ്ദേഹം ധ്യാനങ്ങളിലൂടെയും ക്ലാസുകളിലൂടെയും സിസ്റ്റേഴ്സിനെ പഠിപ്പിക്കുക മാത്രമല്ല ചെയ്തത് പരിശീലിപ്പിക്കുകയും ചെയ്തു: രോഗികളെയും വൃദ്ധരെയും ശുശ്രൂഷിക്കുന്നതിൽ ഞങ്ങളുടെ സ്ഥാപക പിതാവ് മുൻ നിരയിലായിരുന്നു. സ്വന്തപ്പെട്ടവരാരുമില്ലാത്ത ഒരു വൃദ്ധനെ ഒരു ദിവസം തെരുവിൽ നിന്ന് സ്വന്തം വസതിയിലേക്ക് അദ്ദേഹം കൊണ്ടുവന്നു. അച്ചൻ അദ്ദേഹത്തെ കുളിപ്പിച്ച് എല്ലാ ശുശ്രൂഷകളും നൽകി. നല്ല മരണത്തിന് അദ്ദേഹത്തെ ഒരുക്കി. സമാധാനപൂർണമായ മരണം അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു[17]. മഴക്കാലത്ത് പണിയില്ലാതെ വിഷമിക്കുന്നവർക്ക് ഭക്ഷണവും മറ്റു സാധനങ്ങളും നൽകുമായിരുന്നു. ചിലപ്പോൾ സ്വന്തം ഭക്ഷണംപോലും നൽകിയിരുന്നു[18]. ജോസഫ് പുലിക്കോട്ടിൽ കോർ എപ്പിസ്കോപ്പ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: ഊക്കനച്ചൻ മാനേജരായിരിക്കുമ്പോൾ എന്റെ അമ്മ ആർത്താറ്റ് സ്കൂളിൽ പഠിപ്പിച്ചിരുന്നു. സാമ്പത്തികമായി അദ്ദേഹം ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തിന്റെ പക്കൽ നിന്നും പതിവായി പണം വാങ്ങിക്കൊണ്ടുവന്നിട്ടുണ്ട്. പാവങ്ങളോടും

വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണനയുണ്ടാ യിരുന്നു. എല്ലാവരും അദ്ദേഹത്തെ ആദരിച്ചിരുന്നു[19].

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., Pithruvani, p.22
2. A.Kol.MB.CSC.G., Resolutions., vol.II, f. 64
3. A.Kol.MB.CSC.G., OT., ff. 48-49, Sr Seraphina CSC
4. A.Kol.MB.CSC.G., Resolutions., vol.I, f. 106
5. A.Kol.MB.CSC.G., OT., f. 9, Sr Berchumens CSS
6. A.Kol.MB.CSC.G., OT., f. 9, Sr Berchumens CSS
7. A.Tri.A., 143-1953-1, 1a, Fr Ukken dated 20 August 1953
8. A.Tri.a. SH.CMC.C., Chronicle, p.48
9. A.Kol.MB.CSC.G., WT., f. 22, Sr Hendrica CSC
10. A.Kol.MB.CSC.G., WT., f. 23, Sr Libertha CSC
11. A.Kol.MB.CSC.G., Resolutions., vol.II, f. 63
12. A.Kol.MB.CSC.G., OT., f.12, Chinnan Kuriappan Kannanaikkal
13. A.Kol.MB.CSC.G., OT., f. 9, Mr. Augustine A.P, Alukkal, Chiralayam
14. A.Kol.MB.CSC.G., OT., f. 30 Mr. Kochappan Muringathery
15. A.Kol.MB.CSC.G., Sabhayum Sthapakanum, p.81; Snehayogam, p.27
16. A.Kol.MB.CSC.G., WT., f. 14, Sr Bridget CSC
17. A.Kol.MB.CSC.G., WT., ff. 1-3, Sr Agnes CSC
18. A.Kol.MB.CSC.G., OT., f. 41, Sr Petronila CSC
19. A.Kol.MB.CSC.G., OT., f. 26, Cor Episcopa Joseph Pulikkottil

## വൈദികരോടുള്ള പരിഗണന

ബുദ്ധിമുട്ടനുഭവിക്കുന്ന വൈദികർക്ക് ഊക്കനച്ചൻ എപ്പോഴും സംലഭ്യനും സഹായകനുമായിരുന്നു. ഫാ. കാക്കു പനക്കൽ, ഫാ. അന്ത്രയോസ്, ഫാ. ബ്രഹ്മകുളം എന്നിവർ അതിന് ഉദാഹരണങ്ങളാണ്.

കുന്ദംകുളത്ത് അതിപുരാതന യാക്കോബായ കുടുംബത്തിൽപ്പെട്ട ഒരു വൈദികനായിരുന്നു ഫാ. കാക്കു പനക്കൽ. അദ്ദേഹം നല്ലൊരു വാഗ്മിയായിരുന്നു. ഫാ. ഊക്കന്റെ സഹായത്തോടുകൂടി 1928-ൽ അദ്ദേഹം കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. അന്നത്തെ കോട്ടയം ബിഷപ്പായിരുന്ന മാർ അലക്സാണ്ടർ ചൂളപറമ്പിലുമായി ആലോചിച്ച് ഊക്കനച്ചൻ ഇതേപ്പറ്റി വിശദമായ പഠനം നടത്തിയിരുന്നു[1]. കുന്ദംകുളം പോലെയുള്ളൊരു യാക്കോബായ സെന്ററിൽ ജീവിക്കുവാൻ ഫാ. പനക്കൽ വളരെയധികം കഷ്ടപ്പെട്ടു. ഈ സാഹചര്യത്തിൽ ഊക്കനച്ചൻ അദ്ദേഹത്തെ സഹായിച്ചു. പുനരൈക്യപ്പെട്ടതിനുശേഷം മൂന്നുമാസം അദ്ദേഹം ഊക്കനച്ചന്റെ കൂടെ താമസിച്ചു[2]. പുതുശേരിയിൽ വൈദികമന്ദിരത്തിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ചാരിറ്റി സിസ്റ്റേഴ്സ് അദ്ദേഹത്തെ സഹായിച്ചിരുന്നു[3]. ഫാ. പനക്കൽ പ്രായത്താലും രോഗത്താലും അവശതയനുഭവിച്ചപ്പോൾ ഊക്കനച്ചൻ ഒരു പിതാവിനെപ്പോലെ അദ്ദേഹത്തെ ശുശ്രൂഷിച്ചു[4].

ഒരു കത്തോലിക്കാ പുരോഹിതനായിരുന്ന ഫാ. അന്ത്രയോസ് വിവാഹം ചെയ്ത് ചൊവ്വന്നൂരിന്റെ സമീപ പ്രദേശമായ മരത്തംകോട് താമസിച്ചിരുന്നു. ഊക്കനച്ചൻ അദ്ദേഹവുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഊക്കനച്ചന്റെ കരുണാർദ്രമായ പെരുമാറ്റത്തിലൂടെ മരണത്തിനുമുമ്പ് അന്ത്രയോസച്ചനെ നേടുവാൻ അദ്ദേഹത്തിനു സാധിച്ചു. അന്ത്രയോസച്ചന്റെ മാനസാന്തരത്തിനായി ഉപവസിച്ചു പ്രാർഥിക്കുവാൻ സിസ്റ്റേഴ്സിനോട് ഊക്കനച്ചൻ ആവശ്യപ്പെട്ടിരുന്നു[5]. മരിക്കുന്നതിനുമുമ്പ് ഊക്കനച്ചൻ അദ്ദേഹത്തെ തന്റെ വസതിയിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചു. ഊക്കനച്ചന്റെ ഇടപെടലിലൂടെ സഭയുമായി അനുരഞ്ജനപ്പെട്ട് കൂദാശകൾ സ്വീകരിച്ചാണ് അദ്ദേഹം മരിച്ചത്[6].

വൈദികരോടുള്ള ഊക്കനച്ചന്റെ കരുണാമസൃണമായ ഇടപെടലിന് മറ്റൊരുദാഹരണമാണ് ഫാ. ബ്രഹ്മകുളത്തിന്റേത്. അദ്ദേഹം പാലയൂരിൽ ഊക്കനച്ചന്റെ സഹവികാരിയായിരുന്നു.

ഫാ. ബ്രഹ്മകുളത്തിന്റെ വികലമായ പെരുമാറ്റത്തെപ്പറ്റി ഇടവകയിൽ സംസാരമുണ്ടായി. അദ്ദേഹം അത് നിരസിച്ചു. എന്നാൽ തന്റെ വികാരിയച്ചൻ ഉപദേശിക്കാറുണ്ടായിരുന്നു എന്ന് സമ്മതിക്കുകയും ചെയ്തു. രൂപതയിലെ വികാരിജനറാളച്ചൻ അദ്ദേഹത്തെ വിളിച്ച് ശക്തമായ താക്കീത് നൽകി. ഫാ. ബ്രഹ്മകുളത്തിന്റെ പെരുമാറ്റം ശ്രദ്ധിക്കണമെന്നും അദ്ദേഹത്തിന്റെ ഉത്തരവാദിത്വ നിർവഹണം നിരീക്ഷിക്കണമെന്നും ഫാ. ഊക്കന് നിർദേശം നൽകുകയും ചെയ്തു[7]. ഈ കൽപന ഫാ. ബ്രഹ്മകുളത്തെ അസ്വസ്ഥനാക്കി[8]. തന്റെ സഹവികാരിയുടെ അസ്വസ്ഥത മനസ്സിലാക്കിയ ഊക്കനച്ചൻ മെത്രാനച്ചനെഴുതി : ഈ അപേക്ഷ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ മനസ് ശാന്തമാക്കണമെന്ന് ഞാൻ അഭിവന്ദ്യ പിതാവിനോട് അപേക്ഷിക്കുന്നു[9]. ഫാ. ഊക്കനിൽ നിന്നും ഭാവാത്മകമായ മറുപടി ലഭിച്ച് രണ്ട് മാസങ്ങൾക്കുശേഷം ബിഷപ് ഫ്രാൻസിസ് വാഴപ്പിള്ളി ഫാ. ബ്രഹ്മകുളത്തിനെഴുതി : അച്ചന്റെ വികാരിയച്ചനായ ഫാ. ജോൺ ഊക്കനിൽ നിന്നും നല്ല റിപ്പോർട്ടാണ് ലഭിച്ചതെന്നറി യിക്കുവാൻ സന്തോഷമുണ്ട്[10].

പുരോഹിത കൂട്ടായ്മയെ അദ്ദേഹം സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിനായി Priests' union ആരംഭിച്ചു.

ഇവയെല്ലാം ഇടയധർമത്തിന്റെ ഭാഗമായി അദ്ദേഹം കണ്ടു. അദ്ദേഹത്തിന് മാതൃക നല്ല ഇടയനായ ക്രിസ്തുവായിരുന്നല്ലൊ[11].

---

**അടിക്കുറിപ്പുകൾ**

1. A.Tri.A., P-3-1940-1, 1a; A.Tri.A., P-3-1940-2, Letter from Bishop Alexander Choolaparambil of Kottayam Diocese
2. A.Tri.A., C-21 - 1929.ff.1-2a
3. A.Kol.MB.CSC.G., Adaranjalikal, p.90
4. A.Kol.MB.CSC.G., WT., ff.1-3, Sr Agnes, CSC
5. A.Kol.MB.CSC.G.,OT., f.3, Sr Alphonsa, CSC
6. A.Kol.MB.CSC.G., WT., ff. 4-6, Sr Alberta, CSC
7. A.Tri.A; P-3- 1940-1,2 No. 291/40 Trichur, 1-2-1940
8. A. Tri.A., P-3-3, Fr Francis Brahmmakulam, 5 March, 1940 Palayur; A. Tri. A., P-3-1940-4, 4a, on 29.3.1940 from Palayur
9. A.Tri.A., P-3-1940-4, 4a, on 29.3.1940 from Palayur
10. A.Tri.A., P-3-1940-4, 4a note of Bishop Francis Vazhappilly on 18 May 1940
11. A.Kol.MB.CSC.G., LMMR., vol.I, ff. 114, 115





## സഹോദരിമാരോടുള്ള പരിഗണന

കൂട്ടായ്മയെ സ്നേഹിച്ചിരുന്ന വ്യക്തിയാണ് ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ. ധാരാളം പേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ അനേകം ആത്മാക്കളെ നേടാനാകും[1] എന്ന് അദ്ദേഹം വിശ്വസിച്ചു. സിസ്റ്റേഴ്സിന് സമൂഹത്തിൽ ചെയ്യാനാകുന്ന ശുശ്രൂഷയെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളിലെല്ലാം സിസ്റ്റേഴ്സിനായി ഭവനം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം അവരോട് ഉപവിയോടു കൂടി പെരുമാറുകയും ചെയ്തു. സമൂഹം രൂപീകരിക്കുവാനും മഠം പണിയുവാനും അദ്ദേഹം അവരെ സഹായിച്ചതെങ്ങനെയെന്ന് നാളാഗമങ്ങൾ വ്യക്തമാക്കുന്നു. പലപ്പോഴും തന്റെതന്നെ പണവും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ ഹോളിഫാമിലി കോൺഗ്രിഗേഷൻ ആരംഭിച്ചപ്പോൾ അതിന്റെ ആദ്യഭവനം വെഞ്ചിരിക്കുവാൻ ദൈവത്താൽ നിയോഗിതനായത് അന്നത്തെ മെത്രാന്റെ സെക്രട്ടറിയായിരുന്ന ഊക്കനച്ചനാണ്[2]. തങ്ങളുടെ ആദ്യത്തെ കപ്ലോനച്ചനായ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ സമൂഹം രൂപീകരിക്കുവാൻ എങ്ങനെ സഹായിച്ചു എന്ന് തൃശ്ശൂർ സേക്രഡ് ഹാർട്ട് കർമ്മലീത്താമഠം നാളാഗമം വിവരിക്കുന്നുണ്ട്. അത് അവസാനിക്കുന്നത് ഈ വാക്കുകളിലാണ്: ഞങ്ങളുടെ കപ്ലോനായ ഫാ. ജോൺ ഊക്കൻ മൂന്നുമാസം കൊണ്ട് മഠംപണി പൂർത്തിയാക്കുവാൻ കഠിനപ്രയത്നം ചെയ്തു. അദ്ദേഹത്തിന്റെ പരിശ്രമമില്ലായിരുന്നുവെങ്കിൽ ചുരുങ്ങിയ കാലഘട്ടം കൊണ്ട് ഇത്രയും മനോഹരമായൊരു ഭവനം പണിയുവാൻ സാധിക്കുമായിരുന്നില്ല[3]. കുന്ദംകുളത്തിനടുത്ത് ചിറളയം മഠത്തിലെ നാളാഗമത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ഊക്കനച്ചൻ മറ്റം പള്ളിവികാരിയും മഠം കപ്ലോനുമായിരുന്നെങ്കിലും ഞങ്ങളോട് അദ്ദേഹത്തിന് വലിയ അനുകമ്പയായിരുന്നു; ഞങ്ങളുടെ പ്രശ്നങ്ങളിൽ വലിയ ആശ്വാസവുമായിരുന്നു. അദ്ദേഹം ഞങ്ങളെ വളരെയധികം പ്രോത്സാഹിപ്പിച്ചു. ചിലപ്പോഴൊക്കെ മറ്റത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഒരു മഠം പണിയുന്നതിനെപ്പറ്റി അദ്ദേഹം മെത്രാനച്ചനോടും ജനറാളമ്മയോടും സംസാരിക്കുകയുണ്ടായി. ആയിടക്ക് അദ്ദേഹം പാലയൂർക്ക് സ്ഥലം മാറിപ്പോയി. മഠം പണിയാൻ സാധിക്കാത്തതിൽ അദ്ദേഹത്തിന് വലിയ സങ്കടമുണ്ടായിരുന്നു. പിന്നീട് വാഴപ്പിള്ളി പിതാവിന്റെ

അംഗീകാരം ലഭിച്ചപ്പോൾ അന്നത്തെ കപ്ലോനായിരുന്ന ഫാ. ജോസഫ് തോട്ടുങ്കലിന്റെ കൂടെ ഊക്കനച്ചൻ പുതിയ മഠത്തിന് തറക്കല്ലിട്ടു. ഊക്കനച്ചൻ സ്ക്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കണമെന്നത് ദൈവത്തിന്റെ പ്ലാനായിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും പരിത്യാഗത്തിന്റെയും ഫലമാണ് മനോഹരമായ മഠവും വിറകുപുര, തൊഴുത്ത്, കിണർ എന്നിവയും. കൂടാതെ കിഴക്കു ഭാഗത്തുള്ള വരാന്ത, ഗോവണി, വൈദികർക്കുള്ള മുറി എന്നിവ പുനർനിർമിക്കുകയും ചെയ്തു. ഞങ്ങളുടെ സുസ്ഥിതിക്കായി അദ്ദേഹം കഷ്ടപ്പെട്ടു. ഇവക്കെല്ലാം ഞങ്ങൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ഞങ്ങൾ എപ്പോഴും അദ്ദേഹത്തോട് നന്ദിയുള്ളവരാണ്[4].

മറ്റത്തിൽ ക്ലാരിസ്റ്റ് കോൺവെന്റ് ആരംഭിക്കുന്നതിനും മഠത്തിനും സ്കൂളിനുമായി സ്ഥലം വാങ്ങുന്നതിനും മഠം പണിയുന്നതിനുമായി അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ വിവരിച്ചതിനുശേഷം അസംപ്ഷൻ മഠം നാളാഗമം പറയുന്നതിങ്ങനെ: മഠം പണിയുന്നതിനായി സ്വന്തം ആരോഗ്യം പരിഗണിക്കാതെ രാത്രിയും പകലും അദ്ദേഹം കഠിനാധ്വാനം ചെയ്തു[5]. മാർത്താ കോൺഗ്രിഗേഷൻ ആരംഭിച്ചപ്പോൾ അവരെ സഹായിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി ഊക്കനച്ചൻ രണ്ട് ചാരിറ്റി സിസ്റ്റേഴ്സിനെ പറഞ്ഞുവിട്ടു[6].

ഈ പരസ്നേഹചൈതന്യമാണ് ചാരിറ്റി കോൺഗ്രിഗേഷന്റെ ഉത്ഭവത്തിനു പിന്നിലുള്ളത്. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കണമെന്ന് അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു, ക്ലാസുകൾ നല്കി, പരിശീലനവും നൽകി[7]. സിസ്റ്റേഴ്സിൽ ദൈവസ്നേഹവും പരസ്നേഹവും വളർത്തി കരുണയുടെയും സ്നേഹത്തിന്റെയും സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാൻ പരിശീലനത്തിന്റെ ആരംഭം മുതൽതന്നെ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു: നാം സ്നേഹത്തോടുകൂടി പെരുമാറണം. നമ്മുടെതന്നെ പേരിനുവേണ്ടി ഒന്നും ചെയ്യരുത്; എല്ലാവരോടും ക്ഷമയോടുകൂടി വ്യാപരിക്കണം. പ്രാർഥനയിലൂടെയും ധ്യാനമനനങ്ങളിലൂടെയും ദൈവസ്നേഹത്തിൽ വളർന്നുവരണം; പ്രവർത്തനങ്ങളെല്ലാം പ്രാർഥനയാക്കി മാറ്റണം; സാക്ഷ്യജീവിതം നയിക്കണം. ആരെങ്കിലും

രോഗികളായാൽ പരസ്നേഹചൈതന്യത്തോടും ഉദാരതയോടും കൂടി ശുശ്രൂഷിക്കണം. പ്രാർഥനയിലൂടെയും പരിത്യാഗത്തിലൂടെയും മാനസാന്തര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടണം[8]. മഗ്ദലേന മറിയത്തിന്റെ ഉദാഹരണത്തിലൂടെ ദൈവത്തെ സ്നേഹിക്കുവാൻ അദ്ദേഹം ഉപദേശിച്ചു. ഒരു സന്യാസിനി ഈശോയെ സ്നേഹിക്കുന്നതിന് ഇത് നല്ലൊരു പാഠമാണ്. അനുദിന ജീവിത സാഹചര്യങ്ങളെല്ലാം സ്നേഹത്തോടും ക്ഷമയോടുംകൂടി സ്വീകരിക്കുക. ഏറ്റവും എളിയ ശുശ്രൂഷയും സ്നേഹത്തോടുകൂടി ചെയ്യണം[9]. പരസ്നേഹം പരിപൂർണതയിലെത്തുന്നതിനുള്ള ഗോവണിയാണെന്നും സ്നേഹം ദയയും ക്ഷമയുമുള്ളതാണെന്നും അത് മറ്റുള്ളവരുടെ നന്മയും അഭിവൃദ്ധിയും മാത്രമാണ് ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം ഉപദേശിച്ചു[10]. പരസ്നേഹചൈതന്യത്തിന് അദ്ദേഹം അവർക്കൊരു വലിയ മാതൃകയായിരുന്നു. എല്ലാവരോടുമുള്ള സ്നേഹചൈതന്യമാണ് ഊക്കനച്ചന്റെ ഏറ്റവും വലിയ ഗുണം[11].

ഓരോരുത്തരുടെയും ആവശ്യം കണ്ടറിഞ്ഞ് അദ്ദേഹം പരസ്നേഹപ്രവൃത്തികൾ ചെയ്തു. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് പണം നൽകി, ചിലരെ ജോലികണ്ടെത്തുവാനും, ബിസിനസ് തുടങ്ങുവാനും സഹായിച്ചു. കൈത്തൊഴിൽ ചെയ്ത് ഉപജീവനമാർഗം കണ്ടെത്തുന്നതിനായി നെയ്ത്തുശാല, ആണിയുണ്ടാക്കൽ തുടങ്ങിയവ ആരംഭിച്ചു. ഫാ. തോമസ് അക്കരപ്പറ്റി പരസ്നേഹപ്രവർത്തനങ്ങൾക്കായി നൽകിയ 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് മഠം ആരംഭിച്ചു[12].

ഊക്കനച്ചന്റെ ശുശ്രൂഷാചൈതന്യം വ്യക്തമാക്കുന്നതാണ് മിസ്റ്റർ പൊറിഞ്ചു വാറുണ്ണിയുടെ വാക്കുകൾ: എനിക്ക് ആറ് വയസ്സുള്ളപ്പോൾ അപ്പൻ മരിച്ചു. അപ്പന് സിലോണിൽ ജോലിയുണ്ടായിരുന്നു. അപ്പന്റെ സമ്പാദ്യമായ 9000 രൂപ, പെട്ടി, ആഭരണങ്ങളും മറ്റുസാധനങ്ങളും കൊണ്ടുവരുവാൻ സഹായിച്ചത് ഊക്കനച്ചനാണ്. അമ്മയും ഞാനും കുറച്ചുനാൾ അച്ചന്റെ സ്ഥലത്ത് താമസിച്ചിട്ടുണ്ട്. ഞങ്ങളുടെ അസ്വസ്ഥതകളെല്ലാം നീക്കുവാൻ അച്ചനാണ് മുൻകൈ എടുത്തത്. കുറച്ചുവർഷങ്ങൾക്കുശേഷം

അമ്മയും മരിച്ചു. തുടർന്ന് അമ്മയുടെ വീട്ടുകാർ എന്നെ സംരക്ഷിച്ചുപോന്നു. അന്ന് അച്ചൻ പാലയൂർ വികാരിയായിരുന്നു. അമ്മ വീട്ടുകാർക്ക് എന്നെ വേണ്ടവിധത്തിൽ സംരക്ഷിക്കാനാകില്ലെന്നു കണ്ടപ്പോൾ പള്ളിമേടയിൽ സംരക്ഷിക്കാമെന്ന് അച്ചൻ അവരോടു പറഞ്ഞു[13]. ഊക്കനച്ചൻ വളർത്തിക്കൊണ്ടുവന്ന സ്നേഹസംസ്കാരത്തിന്റെ ചുരുൾ അഴിയുന്നത് ഇപ്രകാരമാണ്. തന്റെ ഉറവിടങ്ങളായ ഈശോയിൽ നിന്നും പരിശുദ്ധ അമ്മയിൽ നിന്നുമാണ് അദ്ദേഹം എല്ലാം പഠിച്ചത്.

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., LMMR., vol.II, f. 32.1, Resolutions., vol.II, f. 13
2. A.Put. HF.CHF.C., Chronicle, 13.10.1913 27.02.2000, p.1
3. A.Tri.SH.CMC.C., Chronicle, p.46, 12 March 1922
4. A.Chi.HC.CMC.C., Chronicle (Book No.1 vol.1) 1926 to 22.06.1952, pp. 24-26
5. A.Mat.A.FC.C., Chronicle vol.I, p. 26
6. Archives of Kokkunnu Holy Trinity CSM Convent, Chronicle, ff. 6-7; A.Cho.P.CSC.C., Chronicle, ff. 22-23
7. A.Kol.MB.CSC.G., WT., f.14, Sr Bridget, CSC
8. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, ff. 30-31
9. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f. 33
10. A.Kol.MB.CSC.G., Exhortations., Sr Alberta CSC; June 1951, f.5
11. A.Kol.MB.CSC.G., OT., f. 40, Sr Petronila, CSC
12. A.Kol.MB.CSC.G., ED 33
13. A.Kol.MB.CSC.G., WT., f.28, Mr. Porinchu Varunny Vazhappilly





## മിഷൻ ചൈതന്യം

കാന്റി സെമിനാരിയിൽ വൈദിക പരിശീലനം നേടിക്കൊണ്ടിരുന്ന കാലത്തുതന്നെ ഊക്കനച്ചൻ മിഷൻ ചൈതന്യത്താൽ ജ്വലിച്ചിരുന്നു. ആ കാലഘട്ടത്തിൽ സീറോമലബാർ സഭയിലെ വൈദികർക്ക് ഭാരതപ്പുഴക്ക് വടക്കും പമ്പാനദിക്കു തെക്കും മിഷൻ പ്രവർത്തന ത്തിനു പോകുവാൻ അനുവാദമില്ലായിരുന്നു. അതുകൊണ്ട് തന്റെ രൂപതയിൽത്തന്നെ പുതിയ മിഷൻ രംഗങ്ങൾ കണ്ടെത്തുവാനുള്ള പരിശ്രമങ്ങൾ അദ്ദേഹം നടത്തിയിരുന്നതായി ഡയറി വ്യക്തമാക്കുന്നു. വി. പീറ്റർ ക്ലാവറിന്റെ മിഷൻ പ്രവർത്തനം ധ്യാനവിഷയമാക്കിയ ഊക്കനച്ചൻ വിശുദ്ധന്റെ മാധ്യസ്ഥ്യം തേടുന്നുണ്ട്: 'വീട്ടുജോലികൾ ചെയ്യുന്നതിൽ പീറ്റർ സംതൃപ്തി കണ്ടെത്തുകയും ഒരു അത്മായ സഹോദരനായി ജീവിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പൗരോഹിത്യ പദവിയിലേക്കുയർത്തിയപ്പോൾ, പാപിക ളുടെയും സാധാരണക്കാരുടെയും സ്നേഹിതനായ തന്റെ ഗുരുവിനെ അനുകരിച്ച് വെറുക്കപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ നീഗ്രോ വർഗക്കാരുടെ രക്ഷക്കായി അവരെപ്പോലെയായിക്കൊണ്ട് തന്റെ ശേഷിച്ച ആയുഷ്ക്കാലം മുഴുവൻ - 40 വർഷങ്ങൾ- സമർപ്പിച്ചു... നീഗ്രോ വർഗക്കാരുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളിൽ ശ്രദ്ധ ചെലുത്തി, സ്വന്തം ജീവൻ പോലും അപകടത്തിലാക്കിക്കൊണ്ട്, ക്രൂരരായ അവരുടെ യജമാനന്മാരിൽ നിന്നും പീറ്റർ അവരെ സംരക്ഷിച്ചു... അങ്ങയുടെ ഉപവിയുടെ ഒരു ചെറിയ കണികയെങ്കിലും എനിക്കും മറ്റു വൈദികർക്കും നൽകുക; നമ്മുടെ നാട്ടിൽ അസമത്വത്തിൽ കഴിയുന്ന പുലയരുടെ വേദന ലഘൂ കരിച്ച്, അവരുടെ അവസ്ഥ മെച്ചപ്പെടുത്തി നല്ല സാമൂഹ്യവ്യവസ്ഥി തിയിലേക്ക് കൊണ്ടുവരുവാൻ ഞങ്ങൾ കിണഞ്ഞു പരിശ്രമിക്കട്ടെ. അടിമത്വം അവസാനിപ്പിച്ച് വിശ്വസാഹോദര്യം സ്ഥാപിക്കുവാനാണ് യേശു വന്നത്..[1]

രൂപതയിൽ അദ്ദേഹം കണ്ടെത്തിയ മറ്റൊരു മിഷൻ പ്രവർത്ത നമാണ് കുന്ദംകുളത്തും സമീപപ്രദേശങ്ങളിലുമുള്ള യാക്കോബാ യക്കാരുടെ പുനരൈക്യം.

തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിന്റെ മാനേജർ സ്ഥാനം ഉപേക്ഷിച്ചു കുന്ദംകുളത്തുപോയി മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഡയറി പറയുന്നതിങ്ങനെ: നമ്മുടെ രൂപതാധ്യക്ഷന്റെ അനുമതിയോടുകൂടി ഞാൻ ഒരു സന്യാസ സമൂഹത്തിൽ പ്രവേശിക്കുകയോ, ഒരു എളിയ ജോലി

സ്വീകരിക്കുകയോ ചെയ്യും. സന്യാസവൈദികനാകുവാനുള്ള അനുമതി നിഷേധിക്കുകയാണെങ്കിൽ കുന്ദംകുളം സർക്കാർ ആശുപത്രിക്കടുത്ത് പ്രായമായവർക്കും രോഗികൾക്കുമായി ഒരു ഭവനം ആരംഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ദിവ്യബലിയും മറ്റു ശുശ്രൂഷകളും സ്ഥിരമായി നടത്തുകയും വേണം. അങ്ങനെ പാഷണ്ഡകരിൽ നിന്നും രക്ഷിക്കണം[2].

തൃശ്ശൂർ രൂപതയുടെ വടക്കെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന ചൊവ്വന്നൂർ, ചിറളയം, ആർത്താറ്റ്, വെള്ളറക്കാട്, ഇയ്യാൽ മറ്റു സമീപ ഗ്രാമങ്ങൾ ഉൾപ്പെടുന്ന കുന്ദംകുളം പ്രദേശം ആ കാലഘട്ടത്തിൽ രൂപതയിലെ വലിയൊരു മിഷൻ പ്രദേശമായിരുന്നു. 1920-കളിൽ ഈ ഇടവകകളിലെ സ്ഥിതി വളരെ ശോചനീയമായിരുന്നു എന്ന് അന്നത്തെ ഒരു വികാരി അച്ചൻ 1922-ൽ രൂപതാ കാര്യാലയത്തിനയച്ച എഴുത്തിൽ നിന്ന് വ്യക്തമാണ്: ഒരു ഇടവകയിലെ എല്ലാ ജോലികളും-വികാരി, ട്രസ്റ്റി, കപ്യാർ, കണക്കെഴുത്ത്, തൂപ്പുജോലി - ഒരാൾതന്നെ ചെയ്യാമെന്നോ എല്ലാ ജോലികളും യാതൊരു പ്രതിഫലവും വാങ്ങാതെ ചെയ്യാമെന്നോ പൗരോഹിത്യം സ്വീകരിച്ചപ്പോൾ ഞാൻ വ്രതം ചെയ്തിട്ടൊന്നുമില്ല. ഇവയെല്ലാം ചെയ്യുവാനുള്ള ഉത്തരവാദിത്വബോധമൊന്നും എനിക്കില്ല. ചിറളയം കൂടാതെ മറ്റുരണ്ടു പള്ളികൾകൂടി എനിക്കിപ്പോൾ ശ്രദ്ധിക്കുവാനുണ്ട്. എന്നാലിപ്പോൾ ചൊവ്വന്നൂർകൂടി ജോലി ചെയ്യണമെന്ന് അങ്ങ് പറയുന്നു. കാലിൽ മുറിവുള്ളതുകൊണ്ട് ¼ മൈൽപോലും നടക്കുവാൻ എനിക്ക് സാധ്യമല്ല. ചൊവ്വന്നൂർ ഇടവകാതിർത്തിയിലുള്ള ഇയ്യാലിൽ ലഭിക്കുന്ന പല്ലക്ക് മാത്രമാണ് യാത്രക്കുള്ള മാർഗം. ചൊവ്വന്നൂർ ഇടവകക്കാർ വളരെ പാവപ്പെട്ടവരാണ്. പല്ലക്ക് വാഹകർ ഇയ്യാലിൽ നിന്ന് വരണം. അത് വളരെ ചെലവു വരുത്തും, മാത്രമല്ല അസാധ്യവുമാണ്. അതുകൊണ്ട് അത്യാവശ്യ ശുശ്രൂഷകൾക്കായി വളരെയധികം ദൂരം നടക്കുവാൻ ഞാൻ നിർബന്ധിതനാകുന്നു. തുടർന്നും ഈ ഭാരം വഹിക്കുവാൻ എനിക്ക് സാധ്യമല്ല. ഇത്രയും ഭാരമേറിയ ചുമതലകളിൽ നിന്ന് എന്നെ ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു[3].

മൂന്നോ അതിൽ കൂടുതലോ മിഷൻ സ്റ്റേഷനുകളിൽ ശുശ്രൂഷ ചെയ്യേണ്ടിയിരുന്നതുകൊണ്ട് വികാരിയച്ചന് വളരെ ദൂരം നടക്കേണ്ടതുണ്ടായിരുന്നു. പള്ളികളും താമസ സൗകര്യവുമെല്ലാം താൽക്കാലികമായുണ്ടാക്കിയ ഷെഡ്ഡുകളിലായിരുന്നു. സാമ്പത്തിക സ്ഥിതിയും മോശമായിരുന്നു. പലപ്പോഴും വികാരിയച്ചന് സ്വന്തം പോക്കറ്റിൽ നിന്നും പണം ചെലവഴിക്കണമായിരുന്നു. വൈദികർക്കു ലഭിച്ചിരുന്ന അലവൻസ് 10 രൂപയായിരുന്നു.

ഊക്കനച്ചന് ഈ പ്രദേശം നന്നായറിയാമായിരുന്നു. മൈനർ സെമിനാരി റെക്ടറായിരിക്കെ നാലുമാസം ഈ പ്രദേശത്ത് ശുശ്രൂഷ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ എഴുത്തിനെപ്പറ്റിയും അദ്ദേഹത്തിനറി യാമായിരുന്നു. അദ്ദേഹം രൂപതാ ആലോചനാ സമിതി അംഗമായി രുന്നു. ആ അവസരത്തിൽ ഏക യൂണിവേഴ്സിറ്റി കോളേജിന്റെ മാനേജർ, പ്രൊഫസർ എന്നീ നിലകളിൽ അദ്ദേഹം സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ശമ്പളം 60 രൂപ. നല്ല പേര്, പ്രശസ്തി. ഈ അവസരത്തിൽ അദ്ദേഹം രൂപതയിലേക്ക് ഒരു അപേക്ഷവെയ്ക്കുന്നുണ്ട്: കോളേജിലെ ജോലികൾ വേണ്ടെന്നുവച്ച് വേദപ്രചാരവേലക്കായി പോകുവാൻ അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു[4].

ചെറുതാകലിന്റെ ചേതോഹാരിത, വിളിച്ചവൻ മണ്ണോളം താണി റങ്ങി നിൽക്കുമ്പോൾ വിളിക്കപ്പെട്ട ഞാൻ വിണ്ണോളം ഉയർന്നു നിൽക്കേണ്ടവനല്ല എന്ന ആന്തരികസ്വരം, ദൈവമഹത്വത്തിനായുള്ള ജ്വലനം, ആത്മാക്കളുടെ രക്ഷക്കായുള്ള ശമിക്കാത്ത ദാഹം. സമർപ്പണ വഴികൾ കാശുസമ്പാദനത്തിനല്ല; സുഖസൗകര്യങ്ങൾക്കു മല്ല. ചരിത്രം എഴുതപ്പെടുന്നു...

അതിർത്തികളിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം താൻ സ്വപ്നം കണ്ട മിഷൻ പ്രവർത്തനത്തിന് ഏറ്റവും അനുയോജ്യമാണെന്ന് അദ്ദേഹം കണ്ടെത്തി. സഭൈക്യപ്രവർത്തനങ്ങൾ ഊർജസ്വലമാക്കു വാനും യാക്കോബായ സൗഹൃദം സ്ഥാപിച്ചെടുക്കുവാനും അടിമത്വമനുഭവിക്കുന്ന ദരിദ്രസഹോദരങ്ങൾക്ക് സ്വാതന്ത്ര്യം നൽകു വാനുമുള്ള പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പ്രദേശം. അതിനായി അദ്ദേഹം അത്യധ്വാനം ചെയ്തു എന്ന് കവലക്കാട്ട് വറീതിന്റെ പുനരൈക്യത്തിനായി ആലപ്പാട്ട് പിതാവിനെഴുതിയ എഴുത്തിൽ നിന്നും വ്യക്തമാണ്[5].

## അടിക്കുറിപ്പുകൾ

1. A.Kol.MB.CSC.G., LMMR., vol.II, f. 46
2. A.Kol.MB.CSC.G., Resolutions., vol.II, f. 29
3. A.Tri.A., C-13-1922-Iff. Vicar Chiralayam Church to Very Rev. Fr Anthony Pudussery, Administrator of Trichur Vicariate, on 18 March, 1922
4. A.Tri.A., PAR-1928; A.Mat.A.FC.C., Chronicle, vol.I, pp.56-57
5. A.Tri.A., P-3-1940-9; A.Tri.A., C-21-1950-5, Fr Ukken to Bishop Alappatt on the reunion of Kavalakkatt Vareeth.

## അഷ്ടസൗഭാഗ്യമാർഗത്തിൽ

പുരോഹിതൻ മറ്റൊരു ക്രിസ്തുവാണെന്ന്[1] ദർശനം ചെയ്ത ഊക്കനച്ചൻ ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ[2] എന്നും, എല്ലായിടത്തും എപ്പോഴും യേശു പ്രവർത്തിച്ചാലെന്നപോലെ ഞാനും പ്രവർത്തിക്കും[3] എന്നും 1903-ൽ ശെമ്മാശനായിരിക്കുമ്പോൾ ഡയറിയിൽ കുറിച്ചുവച്ചു. ഈശോയെ പഠിച്ചറിയുവാനും ജീവിക്കുവാനുമുള്ള ഒരു ജാഗ്രത ഡയറി ആദ്യന്തം വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ പഠനങ്ങൾ ലോകത്തിന്റെ രീതികൾക്ക് എതിരായി ചലിക്കുന്നതാണെന്നും അത് ഒഴുക്കിനെതിരെയുള്ള പ്രയാണമാണെന്നും അദ്ദേഹം പഠിച്ചറിഞ്ഞു. ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ യേശുവിനെ അനുവദിച്ചു. ഗിരിപ്രഭാഷണത്തിൽ യേശുപറഞ്ഞത് ജീവിത സാഹചര്യങ്ങളിൽ അദ്ദേഹം സാക്ഷാത്ക്കരിച്ച് വിശുദ്ധിയിൽ വളർന്നുവന്നു. അനുദിന ജീവിതത്തിൽ പ്രതിഫലിപ്പിക്കേണ്ട ദിവ്യഗുരുവിന്റെ ചിത്രം സുവിശേഷഭാഗ്യങ്ങളിൽ അദ്ദേഹം ദർശിച്ചു. ഈശോയുടെ കാഴ്ചപ്പാടിൽ അനുഗ്രഹീതർ, സൗഭാഗ്യർ, ആനന്ദമുള്ളവരൊക്കെ ആരാണെന്ന് അദ്ദേഹം ധ്യാനമനനങ്ങളിലൂടെ തിരിച്ചറിഞ്ഞു. വിശുദ്ധനാകുവാനുള്ള മാർഗവും ഇതുതന്നെയാണെന്ന ആത്മീയ വെട്ടം ലഭിച്ചപ്പോൾ ജീവിതം അഷ്ടസൗഭാഗ്യ മാർഗത്തിലൂടെയുള്ള ഒരു തീർഥയാത്രയാക്കി[4] മാറ്റി.

24 വയസ് പ്രായമുള്ള യുവാവ് 1904-ൽ ധ്യാനിക്കുന്നതിങ്ങനെ: ഈശോയുടെ മലയിലെ പ്രസംഗത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നത് ഒരു വലിയതുടക്കം എന്നാണ്[5]. ദൈവത്തെ കൂടുതൽ കൂടുതൽ അറിയുകയും സ്നേഹിക്കുകയും ചെയ്യണമെന്ന്[6] പ്രതിജ്ഞയെടുത്ത അദ്ദേഹം സ്വർഗസൗഭാഗ്യം ലഭിക്കുന്നതിനുള്ള ആദ്യഘടകം **ദാരിദ്ര്യമാണെന്നും** യേശുവിനോടുള്ള സ്നേഹത്തെപ്രതി എല്ലാം ഉപേക്ഷിക്കുകയും ദൈവതിരുമനസിന്റെ നിസാരമായ നിർദേശങ്ങൾ പോലും അനുസരിക്കുകയും ചെയ്യണമെന്നും വിവേചിച്ചറിഞ്ഞു. അദ്ദേഹത്തിനു മുമ്പിലുള്ള മാതൃക ദരിദ്രനായി ജനിക്കുകയും ജീവിക്കുകയും ചെയ്ത ഈശോ ആണ്[7]. ആത്മാവിൽ ദരിദ്രരായവർ എല്ലാ വിഘാതങ്ങളും വിലങ്ങുകളും വലിച്ചെറിയുകയും ദുരാഗ്രഹങ്ങളെ നിഗ്രഹിച്ച് സ്വതന്ത്രമായി ഉന്നതത്തിലുള്ളവയെപ്പറ്റി

ചിന്തിച്ച് ഈ ലോകത്തിൽ വച്ചുതന്നെ സ്വർഗീയ സന്തോഷം അനുഭവിക്കുകയും ചെയ്യുന്നു. അങ്ങയുടെ ദാരിദ്ര്യം ഞാനും പിന്തുടരും.[8] ജീവിതത്തിന്റെ സുരക്ഷിതത്വം ഈശോയിൽ കണ്ടെത്തി ലളിതവും വിരക്തിയുള്ളതുമായ ജീവിതം നയിച്ച് ആന്തരിക സ്വാതന്ത്ര്യവും ആനന്ദവും അനുഭവിച്ച ഒരു വ്യക്തിത്വം.

## ശാന്തതയുള്ളവർ ഭാഗ്യവാന്മാർ

ദൈവത്തിൽ മാത്രം പ്രത്യാശവയ്ക്കുന്നവരുടെ ആന്തരിക ദാരിദ്ര്യത്തിന്റെ ആവിഷ്കാരമാണ് ശാന്തത; ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുമെന്ന പ്രത്യാശ. മറ്റുള്ളവരുടെ തെറ്റുകളും കുറവുകളും ആർദ്രതയോടെ കണ്ട്, സഹായിച്ച്, അവരുടെ വീഴ്ചകളിൽ ഇടറാതെ, ഉപവിയോടുകൂടി ജീവിക്കുന്നതാണ് ശാന്തതയുടെ മാർഗം. ഇത് പരിശുദ്ധാത്മാവിന്റെ ഫലമാണ്. ആചാരോപചാരങ്ങളിലുള്ള വിനയം, കോപത്തിന്റെ നിയന്ത്രണം, വേദനകൾ മൗനമായി സഹിക്കുക-ഇവയെല്ലാം ശാന്തതയുടെ അവിഭാജ്യഘടകങ്ങളാണെന്ന് ധ്യാനമനനങ്ങളിലൂടെ ഊക്കനച്ചന് ബോധ്യപ്പെട്ടു. ശാന്തതക്കു മാതൃക ഈശോയുടെ തിരുഹൃദയമാണ്. അവൻ ചതഞ്ഞ ഞാങ്ങണ ഓടിക്കുകയില്ല, എരിയുന്ന തീ കെടുത്തുകയുമില്ല. ശത്രുക്കളോടും ശാന്തതയോടെ പെരുമാറണം. ശാന്തതയോടും വിനയത്തോടും കൂടി പ്രതികരിച്ചാൽ വിശുദ്ധിയിൽ വളരാമെന്നു തിരിച്ചറിഞ്ഞ അദ്ദേഹം ആത്മാക്കളുടെ രക്ഷക്കായി യത്നിക്കുന്ന എല്ലാവർക്കും ഈശോയുടെ ഹൃദയത്തെ അനുകരിക്കുവാനുള്ള കൃപയ്ക്കായി പ്രാർഥിക്കുന്നു[9].

## വിലപിക്കുന്നവർ ഭാഗ്യവാന്മാർ

വ്യഗ്രതകളെല്ലാം ഉപേക്ഷിച്ച്, പിതൃഗൃഹത്തിൽ നിന്നും വളരെയകലെ ദുഃഖിച്ചുകഴിയുന്നവരെ പിതാവിലേക്കാനയിച്ച് ആ സ്നേഹപിതാവിന്റെ ആലിംഗനവും തലോടലും അനുഭവവേദ്യമാക്കിക്കൊടുക്കണമെന്ന് യേശു പറയുന്നു. വേദനിക്കുന്നവരോടു സഹാനുഭൂതി പുലർത്തി, ജീവിതത്തിന്റെ ആഴങ്ങളെ സ്പർശിച്ച് യഥാർഥ സാന്ത്വനമായ ഈശോയിലേക്കാനയിക്കുമ്പോൾ സ്വർഗത്തിന്റെ മുന്നാസ്വാദനം ഇവിടെ വച്ചുതന്നെ ലഭിക്കുന്നു. കൊടുങ്കാറ്റിനുശേഷം ശാന്തതയും ദുഃഖത്തിനുശേഷം സന്തോഷവുമുണ്ടാകും. അവസാനം നിത്യസൗഭാഗ്യം അനുഭവിക്കുവാൻ സാധിക്കുമെന്ന





പ്രത്യാശയാണ് ആനന്ദം നൽകുന്നത് എന്ന തിരിച്ചറിവിൽ പീഡിതരെയും പാപികളെയും പിതാവിലേക്കാനയിക്കുന്നതിൽ അദ്ദേഹം ആമഗ്നനായപ്പോൾ[10] ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കുകയായിരുന്നു.

## നീതിക്കുവേണ്ടി ദാഹിക്കുന്നവർ

നീതി പൂർണതയാണ്. പൂർണത ദൈവതിരുമനസ് നിറവേറ്റുന്നതിലടങ്ങിയിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലർക്കും ദരിദ്രർക്കും നീതി ലഭ്യമാക്കണം. എല്ലാവരുടെയും നന്മ ആഗ്രഹിക്കുകയും വേണം. ദൈവതിരുമനസ്സ് നിറവേറ്റുന്നതിൽ വിശ്വസ്തത പുലർത്തി ആത്മാക്കളുടെ രക്ഷക്കായി യത്നിക്കുമ്പോൾ അനുഗ്രഹങ്ങളും അതിവിശിഷ്ടമായ സിദ്ധികളും നൽകി, ദൈവം സന്തോഷവും സമാശ്വാസവുംകൊണ്ട് സംതൃപ്തരാക്കുന്നു[11]. ഈ ആനന്ദവും സംതൃപ്തിയും അനുഭവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് പുതിയ സംസ്കാരം.

## കരുണയുള്ളവർ ഭാഗ്യവാന്മാർ

കൊടുക്കുക, സഹായിക്കുക, ശുശ്രൂഷിക്കുക, മാപ്പുനൽകുക, മനസ്സിലാക്കുക, വിധിക്കാതിരിക്കുക, കുറ്റമാരോപിക്കാതിരിക്കുക... ഇതൊക്കെ കരുണയുടെ പ്രതിഫലനങ്ങളാണ്. തന്റെ മാതൃകകളായ ഈശോയും പരിശുദ്ധ അമ്മയും ജീവിതകാലം മുഴുവനും കരുണയുള്ളവരായിരുന്നു എന്നു ധ്യാനിച്ച ഊക്കനച്ചൻ കാരുണ്യപ്രവൃത്തികളിൽ മുഴുകി ജീവിച്ചു. പ്രതിഫലേച്ഛകൂടാതെ യേശു എല്ലാവരോടും കരുണ കാണിക്കുന്നു[12]. കരുണയുടെ ഒരു സംസ്കാരം വളർത്തിയെടുത്ത് യഥാർഥമായ ആന്തരിക സന്തോഷം അനുഭവിക്കുവാൻ എല്ലാവർക്കും ഊക്കനച്ചൻ പ്രേരണ നൽകി.

## ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ

ഹൃദയശുദ്ധി എന്നുപറയുന്നത് മനസ്സറിഞ്ഞുകൊണ്ടു പാപങ്ങൾ ചെയ്യാതിരിക്കുന്നതുമാത്രമല്ല ലൗകികാഗ്രഹങ്ങളും ആശയങ്ങളും ത്യജിക്കുന്നതും തത്സ്ഥാനത്തു പരിശുദ്ധമായ ചിന്തകൾ നിറക്കുന്നതുമാകുന്നു എന്ന് ഊക്കനച്ചൻ ധ്യാനിക്കുന്നു. ഹൃദയം ലളിതവും നിർമലവും കളങ്കരഹിതവുമായി സൂക്ഷിക്കണം, കപടത ഒരിക്കലും പാടില്ല. ഹൃദയത്തിൽ നിന്നും ഉയരുന്ന ഒരു പ്രതിബദ്ധത നമ്മുടെ സഹോദരീസഹോദരന്മാരോട് ഉണ്ടാകണമെന്ന് ഈ

സുവിശേഷഭാഗ്യത്തിലൂടെ ഈശോ പഠിപ്പിക്കുന്നതായി അദ്ദേഹം തിരിച്ചറിഞ്ഞു. ദൈവത്തെയും സഹോദരനെയും ആത്മാർഥമായി സ്നേഹിക്കുന്ന ഹൃദയമുള്ളവർ ദൈവസന്നിധിയിൽ ജീവിക്കുകയും എല്ലാവസ്തുക്കളിലും ദൈവത്തിന്റെ പൂർണത പ്രതിഫലിക്കുന്ന തായി കാണുകയും ചെയ്യും. അവർ യഥാർഥ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിക്കും[13]. ഇങ്ങനെയുള്ളൊരു സംസ്കാരം വളർത്തിയെടുക്കുന്ന അജപാലന ശുശ്രൂഷകളിലാണ് ഊക്കനച്ചൻ വ്യാപൃതനായത്.

## സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ

സമൂഹത്തിൽ സമാധാനവും സൗഹൃദവും നിലനിർത്തണമെന്ന് ഈ സുവിശേഷഭാഗ്യം ധ്യാനിക്കുന്ന ഊക്കനച്ചൻ ദർശനം ചെയ്യു ന്നു. സംഘട്ടനങ്ങളും തെറ്റിദ്ധാരണകളും അപവാദങ്ങളും പ്രശ്ന ങ്ങളുമെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുന്നതിലൂടെ കൈവരുന്ന സമാ ധാനമാണിത്. തത്ഫലമായി സഹോദരരോടുള്ള ബന്ധത്തിലും പെരുമാറ്റത്തിലും ഊഷ്മളതയും സൗഹൃദവും പ്രാപിക്കാനാവുന്നു. ഇവിടെ മാത്സര്യബുദ്ധിയില്ല, പകരം അനുരഞ്ജനമാണ് നിലനിൽക്കുക.

യേശു എല്ലാവർക്കും സമാധാനം ആശംസിച്ചു. സമാധാനത്തെ വെറുത്തിരുന്നവരോടും സമാധാനത്തോടുകൂടി അവിടുന്ന് വർത്തിച്ചു; അവരെ സാന്ത്വനപ്പെടുത്തി. അവസാനം ദൈവത്തിനും മനുഷ്യനുമിടയിൽ അവിടുന്ന് സമാധാനം സ്ഥാപിച്ചു. ഇപ്രകാരം ധ്യാനമനനങ്ങളിലൂടെ വെളിപ്പെടുത്തലുകൾ ലഭിച്ചപ്പോൾ മറ്റൊരു ക്രിസ്തുവായി മാറുവാനുള്ള വിളി സ്വീകരിച്ച താനും സമാധാനത്തെ സ്നേഹിക്കണമെന്നും അതിൽ വളർന്ന് ദൈവത്തിനും പാപികൾക്കു മിടയിൽ സമാധാനം സ്ഥാപിക്കണമെന്നും[14] പ്രതിജ്ഞയെടുത്തു. അങ്ങനെ എല്ലാവരും സ്വർഗസൗഭാഗ്യത്തിന് അവകാശികളാകു മ്പോൾ ഉളവാകുന്ന സന്തോഷവും സൗഹൃദവും അനുഭവിക്കുന്ന കൂട്ടായ്മകൾ കെട്ടിപ്പടുക്കുവാൻ അദ്ദേഹം അക്ഷീണം യത്നിച്ചു.

## പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ

സുവിശേഷം ജീവിക്കുമ്പോൾ സഹനങ്ങളുണ്ടാകുമെന്ന ഉൾക്കാഴ്ച ഈ സുവിശേഷ ഭാഗ്യം ധ്യാനിച്ചതിലൂടെ അദ്ദേഹത്തിനു ലഭിച്ചിരുന്നു. യേശു മറ്റാരും സഹിക്കാത്തത്ര പീഡനങ്ങൾ ക്ഷമ യോടെ സഹിച്ചു. ഈ മാതൃക പിന്തുടരുവാൻ ആഗ്രഹിച്ച ഊക്കന ച്ചൻ കൂടുതൽ സഹനങ്ങൾ ഈശോയോടും പരിശുദ്ധ അമ്മയോടും ചോദിച്ചുകൊണ്ടിരുന്നു[15]. ഈശോയുടെ സ്നേഹത്തിന്റെ ഈ പഠനം

ജീവിക്കുമ്പോഴും നീതിയുടെ പാത പിൻചെല്ലുമ്പോഴും അനുഭവിക്കേണ്ടിവരുന്ന വേദനയിൽ വിശുദ്ധീകരണത്തിന്റെ സ്രോതസ് കുരിശാണെന്നു തിരിച്ചറിഞ്ഞ് അദ്ദേഹം ക്രൂശിത ആത്മീയതയിൽ വളർന്നുവന്നു. സ്വർഗത്തിലെ സന്തോഷം വളരെ വലുതായിരിക്കുമെന്ന[16] ഉൾക്കാഴ്ച ലഭിച്ച അദ്ദേഹം അനീതിക്കെതിരെ ശക്തമായി പോരാടി. തത്ഫലമായി ഏറ്റെടുക്കേണ്ടിവന്ന സഹനങ്ങളും വിമർശനങ്ങളും സമചിത്തതയോടെ സ്വീകരിച്ച് പീഡനമേൽക്കുന്നവരെ ഉദ്ധരിച്ച് പ്രത്യാശാനിർഭരമായ ജീവിതം നയിക്കുവാൻ സഹായിച്ചു. എതിർത്തവർക്കും വിമർശിച്ചവർക്കും അച്ചൻ അനുഗ്രഹമായി മാറിയപ്പോൾ[17] ഒരേ കൂട്ടായ്മയിൽ സൗഹൃദം പങ്കിടുന്ന വിസ്മയനീയമായ വസന്തമാണ് പൊട്ടിവിരിഞ്ഞത്.

ഈശോയുടെ സ്നേഹപൂർണമായ പഠനമാണ് അഷ്ടസൗഭാഗ്യങ്ങൾ. ലോകദൃഷ്ടിയിൽ ഇത് വിഢിത്തമായി തോന്നാം; ജീവിക്കുവാൻ എളുപ്പവുമില്ല. ഒഴുക്കിനെതിരെ സഞ്ചരിക്കുന്നതിനുള്ള വഴികളാണ് ഈശോ പറഞ്ഞു തരുന്നത്. ക്രൂശിതനെക്കുറിച്ചും സുവിശേഷഭാഗ്യങ്ങളെക്കുറിച്ചുമുള്ള ധ്യാനം ഒരു നവ്യമായ തുടക്കത്തിന് നാന്ദികുറിക്കുന്നു. അവിടുന്ന് താദാത്മ്യം പ്രാപിക്കുവാൻ ആഗ്രഹിച്ചിരുന്നവരുടെ മുഖങ്ങളിൽ ഊക്കനച്ചൻ അവിടുത്തെ സവിശേഷമായി കണ്ടു. ദരിദ്രരിലും സഹനമനുഭവിക്കുന്നവരിലും അവിടുത്തെ തിരിച്ചറിഞ്ഞു. സുവിശേഷത്തിന്റെ ഹൃദയമിടിപ്പ് കാരുണ്യമാണ് എന്ന വെളിപ്പെടുത്തൽ ലഭിച്ചു. ഇത് കാരുണ്യപ്രവൃത്തികളിൽ അധിഷ്ഠിതമാണ്. ആരെയും ഒഴിവാക്കാതെ, എല്ലാവരിലും ഈശോയുടെ മുഖം ദർശിച്ച്, ഉദ്ധരിച്ച്, രൂപഭംഗിയുള്ളതാക്കി, പ്രത്യാശനൽകി, പങ്കുവച്ചു സന്തോഷിച്ച്, കൂട്ടായ്മയിൽ വളർന്ന് ജീവിതത്തെ തിളക്കമാർന്നതാക്കി. ബന്ധനങ്ങൾ ദുരീകരിച്ച്, ബന്ധങ്ങൾ നവീകരിച്ച്, ജീവിതം വിശുദ്ധീകരിച്ച് ഒരു പുതിയ സംസ്കാരം വളർത്തിയെടുത്ത് സാമൂഹികമാറ്റത്തിന് ആരംഭം കുറിച്ചു. ഒരു വലിയ തുടക്കത്തിന്റെ എളിയ അമരക്കാരൻ.

## അജഗണത്തിനായി അലയുന്ന അജപാലകൻ

അജഗണത്തിനായി അലയുന്ന ഒരു അജപാലകനെയാണ് ഊക്കനച്ചനിൽ ജനം ദർശിച്ചത്. പകൽസ്വപ്നങ്ങൾ ധാരാളം കണ്ട വലിയ മനുഷ്യൻ. ഈ സ്വപ്നങ്ങളെല്ലാം അദ്ദേഹത്തെ അസ്വസ്ഥനാക്കി; ഉറക്കം കെടുത്തി. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ നിരാലംബരും അനാഥരുമായ കുട്ടികൾ, സ്ത്രീകൾ, സമുദായം ഭ്രഷ്ട് കൽപിച്ചവർ,

ചാപ്പകുത്തിയവർ, അഗതികൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ, വിളുമ്പിൽ കഴിയുന്നവർ, തകർന്ന കുടുംബങ്ങൾ... ചുരുക്കത്തിൽ മുഖവും മനസും ആത്മാവും വിരൂപമാക്കപ്പെട്ടവരെപ്പറ്റിയായിരുന്നു. അവരെ ഉദ്ധരിച്ച് മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം യേശുവിന്റെ വഴിയേ നടന്നു. അത് പുതിയ വഴികളായും വേറിട്ട വഴികളായുമാണ് സാധാരണക്കാർ കണ്ടത്. മറ്റുള്ളവരുടെ സൗഖ്യവും സന്തോഷവും അദ്ദേഹത്തിന്റെ സ്വപ്നങ്ങളായിരുന്നു. അപരന്റെ ജീവിതവഴിയിലേക്ക് ദൈവം കടന്നുവരുവാൻ സാഹചര്യം സൃഷ്ടിച്ചെടുത്തു. കൃപവിളയുന്ന വയലുകളാക്കി ജീവിതങ്ങളെ മാറ്റിയെടുത്തു. മറ്റുള്ളവരുടെ നൊമ്പരത്തിന്റെ ആഴവും ജീവിതത്തിന്റെ ദുരന്തങ്ങളും അദ്ദേഹത്തിന്റെ പ്രാർഥനയായിമാറി. വേദനിക്കുന്നവർക്കായി എന്തൊക്കെ കൂടുതലായി ചെയ്യാനാകും എന്ന് ദിവ്യകാരുണ്യസന്നിധിയിൽ അദ്ദേഹം നിരന്തരം ചോദിച്ചുകൊണ്ടിരുന്നു. ഉൾവിളിക്കനുസരിച്ച് ദൈവം വഴികൾ തുറന്നുതരുമെന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ വഴികളിലൂടെ സഞ്ചരിച്ചപ്പോൾ അനേകം ജീവിതങ്ങൾ പുനർനിർമിച്ചു നൽകാനായി. കാണികളാകാതെ കണ്ണികളാകണമെന്ന് ജിവിതം കൊണ്ട് പഠിപ്പിച്ചു.

### അടിക്കുറിപ്പുകൾ

1. A.Kol.MB.CSC.G., Resolutions., vol.II, f. 22
2. A.Kol.MB.CSC.G., Resolutions., vol.I, f. 16
3. A.Kol.MB.CSC.G., Resolutions., vol.I, f. 3
4. A.Kol.MB.CSC.G., LMMR., vol.I, f. 159
5. A.Kol.MB.CSC.G., LMMR., vol.II, f. 2
6. A.Kol.MB.CSC.G., LMMR., vol.II, f. 2
7. A.Kol.MB.CSC.G., LMMR., vol.II, f. 3
8. A.Kol.MB.CSC.G., LMMR., vol.II, f. 4
9. A.Kol.MB.CSC.G., LMMR., vol.II, f. 5
10. A.Kol.MB.CSC.G., LMMR., vol.II, ff. 6,7
11. AA.Kol.MB.CSC.G., LMMR., vol.II, ff. 7,8
12. A.Kol.MB.CSC.G., LMMR., vol.II, f. 9
13. A.Kol.MB.CSC.G., LMMR., vol.II, f. 10
14. A.Kol.MB.CSC.G., LMMR., vol.II, f. 11
15. A.Kol.MB.CSC.G., LMMR., vol.II, 12; LMMR., vol.I, f. 113
16. A.Kol.MB.CSC.G., LMMR., vol.II, f. 12
17. A.Kol.MB.CSC.G., OT., Martha, Chiralayam

## നീതിപാലകൻ

ഫാ.അഗസ്റ്റിൻ ജോൺ ഊക്കൻ നീതിപാലിക്കുന്നതിൽ നിഷ്ഠ പുലർത്തിയിരുന്നു. ഓരോരുത്തർക്കും അർഹതപ്പെട്ടതു നൽകുന്നതിൽ അദ്ദേഹം ശ്രദ്ധചെലുത്തിയിരുന്നു. അദ്ദേഹം ദൈവത്തോടും, ഉത്തരവാദിത്വ നിർവഹണത്തിലും, പള്ളി ജോലിക്കാരോടും, ഇടവക ജനങ്ങളോടും, താൻ സ്ഥാപിച്ച കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സിനോടും നീതിപുലർത്തി. മറ്റുള്ളവരുടെ അവകാശങ്ങൾക്കായി അദ്ദേഹം നിലകൊണ്ടു. സമൂഹത്തിൽ നീതി സ്ഥാപിച്ചെടുക്കുവാൻ നിലനിന്നിരുന്ന പലിശ സമ്പ്രദായത്തിനെതിരെ അദ്ദേഹം പോരാടി[1].

ദൈവത്തോടു നീതി പുലർത്തുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച സ്ഥിരവും നിരന്തരവുമായ പരിശ്രമം പ്രശംസനീയമാണ്. ദൈവവുമായുള്ള ബന്ധത്തിൽ അദ്ദേഹം നീതി പുലർത്തിയിരുന്നു എന്നതിന് ഇത് തെളിവാണ്. 1923 ആഗസ്റ്റ് മാസത്തിൽ തൃശ്ശൂർ സേക്രഡ് ഹാർട്ട് മഠത്തിലെ സിസ്റ്റേഴ്സിനെ ധ്യാനിപ്പിക്കുമ്പോൾ അദ്ദേഹമെടുത്ത തീരുമാനങ്ങൾ ഇതിന് വ്യക്തമായൊരു ചിത്രം നൽകുന്നുണ്ട്:

- പ്രഭാതത്തിൽ അഞ്ചുമണിക്കെഴുന്നേറ്റ് അരമണിക്കൂർ ധ്യാനിക്കുന്നതിനുള്ള സമയം കണ്ടെത്തണം.
- പ്രത്യേക ആത്മപരിശോധന നടത്തണം.
- മാസാദ്യ വെള്ളിയാഴ്ചയിലെ ഒരു മണിക്കൂർ ആരാധന ഗൗരവമായിട്ടെടുക്കുകയും ആഘോഷമായ പാട്ടുകുർബാന പാടുകയും വേണം.
- ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളോടുള്ള തീക്ഷ്ണതയുംമൂലം വീരോചിതമായ പ്രവൃത്തികൾ ചെയ്യണം. അത് നവീകരിക്കുകയും വേണം[2].

ദൈവത്തോടുള്ള തന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള മനോഭാവമാണ് ഈ പ്രതിജ്ഞകൾ വ്യക്തമാക്കുന്നത്. അതിരാവിലെയുള്ള അനുദിനധ്യാനം ഈശോയുമായി സ്നേഹസംഭാഷണത്തിൽ ഏർപ്പെടുന്നതിനുള്ള മാർഗമായും, മാസാദ്യ വെള്ളിയാഴ്ചകളിലെ ആരാധന ദൈവവുമായുള്ള ബന്ധം ആഴപ്പെടുത്തുന്നതിനുള്ള അവസരമായും അദ്ദേഹം കണ്ടു. ദൈവത്തോട് നീതി പുലർത്തണമെന്ന ധാർമിക കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു.

മറ്റുള്ളവരോട് അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധവും മനോഭാവവും ഊക്കനച്ചന്റെ നീതിയുടെ തിരശ്ചീന തലമാണ്. 1913

സെപ്തംബർ 28-ാം തീയതി അദ്ദേഹം എഴുതുന്നു: പണമിടപാടുകളിൽ നീതി പുലർത്തുകയും മനഃസാക്ഷിക്കനുയോജ്യമായവ മാത്രം പ്രവർത്തിക്കുകയും വേണം. ആരെയും അമിതമായി സ്നേഹിക്കുകയോ സ്നേഹംതേടി ആരുടെയെങ്കിലും പക്കൽ പോകുകയോ ഇല്ല[3]. ഇത് അദ്ദേഹത്തിന്റെ ബന്ധങ്ങളിലുള്ള സമചിത്തതയും മറ്റുള്ളവരുടെ അവകാശങ്ങൾ ആദരിക്കുന്ന മനോഭാവവുമാണല്ലോ വ്യക്തമാക്കുന്നത്. എല്ലാവരുമായി സൗഹൃദത്തിലായിരിക്കുവാനും ആദരിക്കുവാനും അധികാരികളെ അനുസരിക്കുവാനും അദ്ദേഹം തീരുമാനിച്ചു[4]. 1924-ൽ അദ്ദേഹം ഇങ്ങനെ കുറിച്ചുവച്ചു: ആരോടും ചെറിയ അളവിലെങ്കിലും അസൂയ തോന്നാതിരിക്കുകയും എന്നെ വേദനിപ്പിക്കുന്നവർക്കു വേണ്ടി ആത്മാർഥമായി പ്രാർഥിക്കുകയും വേണം[5]. ദൈവത്തോടും സഹോദരരോടുമുള്ള അദ്ദേഹത്തിന്റെ നീതിബോധത്തിന്റെ ധാർമിക കാഴ്ചപ്പാടാണല്ലോ ഇത് വ്യക്തമാക്കുന്നത്.

സെമിനാരി കാലഘട്ടത്തിൽ നീതി ധ്യാനവിഷയമാക്കിക്കൊണ്ട് മലബാറിന്റെ തീരപ്രദേശങ്ങളിൽ അസമത്വത്തിൽ കഴിയുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തണമെന്നും നല്ലൊരു സാമൂഹ്യവ്യവസ്ഥിതിയിലേക്ക് അവരെ കൊണ്ടുവരണമെന്നും അദ്ദേഹം തീരുമാനിക്കുന്നുണ്ട്. അടിമത്വം അവസാനിപ്പിച്ച് സാഹോദര്യം സംജാതമാക്കുവാനാണ് ഈശോ വന്നത്[6]. അവർ അനുഭവിച്ചുകൊണ്ടിരുന്ന അനീതി അദ്ദേഹത്തെ വളരെയധികം അസ്വസ്ഥനാക്കിയിരുന്നു. രണ്ടാഴ്ചക്കുശേഷം ഇതേ ആവശ്യത്തിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും[7] അദ്ദേഹം യാചിക്കുന്നുണ്ട്.

പരസ്നേഹ ചൈതന്യത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഗുണമാണ് നീതിബോധമെന്നും വാക്കിലും പ്രവൃത്തിയിലും സമൂഹത്തിൽ നീതി പുലർത്തണമെന്നും തന്റെ മക്കളെ അദ്ദേഹം ഉപദേശിച്ചു[8]. കുടുംബപരമായ വഴക്കുകളും പ്രശ്നങ്ങളും പരിഹരിക്കുവാൻ ജനം അദ്ദേഹത്തെ സമീപിച്ചിരുന്നു. അദ്ദേഹം നീതിമാനാണെന്നും നീതിമാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്നും ജനത്തിനറിയാമായിരുന്നു. ഇയ്യാൽ ഗ്രാമത്തിലെ എടക്കളത്തൂർ ഇ.വി. ഫ്രാൻസിസിന്റെ വാക്കുകൾ: ഹിന്ദുക്കളുടെ കുടുംബങ്ങളിൽപ്പോലും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവസാനത്തെ വാക്ക് ഊക്കനച്ചന്റേതായിരുന്നു. കുടുംബ സ്വത്ത് വിഭജനം നായർ കുടുംബങ്ങളിൽ വലിയ പ്രശ്നമായിരുന്നു. ഊക്കനച്ചൻ

നീതിക്കുവേണ്ടി നിലകൊണ്ടു. അദ്ദേഹത്തിന് അതിന് പ്രത്യേക കഴിവുണ്ടായിരുന്നു[9].

തന്റെ തറവാട്സ്വത്തു വിഭജനത്തിലുണ്ടായ പ്രശ്നങ്ങളിൽ മുൻവികാരിയായിരുന്ന ഊക്കനച്ചൻ എങ്ങനെ ഇടപെട്ടു എന്ന് മാർ പോൾ ചിറ്റിലപ്പിള്ളി വിവരിക്കുന്നതിങ്ങനെ : ഞാൻ ജനിക്കുന്നതിനുമുമ്പ് എന്റെ ഇടവകയിൽ ഊക്കനച്ചൻ വികാരിയായി അഞ്ചു വർഷം ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഞാൻ ഒരു വിദ്യാർഥിയായിരിക്കുമ്പോൾ അദ്ദേഹത്തെ കാണുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അദ്ദേഹം ചൊവ്വന്നൂർ വികാരിയായിരിക്കുമ്പോൾ ഇരുപത്തിയഞ്ച് വർഷങ്ങൾക്കുശേഷം ഒരു കുടുംബ സുഹൃത്തിനെപ്പോലെ എന്റെ വീട് സന്ദർശിക്കുകയും കുടുംബസമാധാനം നിലനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്തു[10].

'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും' നൽകണമെന്ന് തന്റെ മക്കളെ അദ്ദേഹം പഠിപ്പിച്ചു. മറിച്ചു ചെയ്യുന്നത് അനീതിയും അവിശ്വസ്തതയുമാണെന്നും ദിവ്യകാരുണ്യ ആരാധനയിലൂടെ പരിഹാരം ചെയ്യണമെന്നും ഉപദേശിച്ചു[11].

ആയിരുന്ന ഇടങ്ങളിലെല്ലാം തൊഴിലാളികളുടെ വേതനം വർധിപ്പിച്ചു, സാധ്യതകൾ കണ്ടെത്തി വളർത്തി വലുതാക്കി[12].

നീതിക്കുവേണ്ടി നിതാന്തം പോരടിക്കുന്നവന്റെ, വ്യവസ്ഥാ ജീർണതകളെ അഗ്നിനാവുകൾകൊണ്ടു വിമർശിക്കുന്നവന്റെ ശബ്ദമായി മാറി. അങ്ങനെ അപരന്റെ ചോലയിൽ അമർന്നു പോകുന്ന അനേകം ജീവിതങ്ങളെ ഉദ്ധരിച്ചെടുത്ത് ഈശോയുടെ സ്നേഹം അനുഭവവേദ്യമാക്കിക്കൊടുത്തു.

## ചൂഷണ വ്യവസ്ഥിതികൾക്കെതിരെയുള്ള കർമതേജസ്

തോട്ടിറമ്പുകളിലും വഴിവക്കുകളിലും കായലോരങ്ങളിലും തെരുവുകളിലുമൊക്കെ അടിമകളായി ജീവിച്ചിരുന്നവരുടെ ഇടയിൽ വലിയ മിഷനറിയും ഇടയനും വിമോചകനുമായി വർത്തിച്ചു. അവകാശ സംരക്ഷണത്തിനായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങി. അന്ന് നിലനിന്നിരുന്ന ജന്മി – കുടിയാൻ വ്യവസ്ഥിതിക്കെതിരെ ശക്തമായി പടപൊരുതി. സംരക്ഷണത്തിനായി നിയതമായ നിയമങ്ങളോടെ കമ്മിറ്റി രൂപീകരിച്ച് കുറി സമ്പ്രദായം ആരംഭിച്ചു[13]. തറവാട്ടുസ്വത്തായി ലഭിച്ച ഭൂമി ഇന്നും ഞങ്ങളുടെ കൈവശമുള്ളത് ഊക്കനച്ചൻ സഹായിച്ചതുകൊണ്ടാണെന്ന് ചൊവ്വന്നൂർ ഗ്രാമവാസികൾ പരസ്യമായി പറയുന്നു[14]. ഇവരെയെല്ലാം സ്നേഹത്തിന്റെ കൂദാശയാക്കി നെഞ്ചിലേറ്റി. ജീവിതം സമർപ്പണത്തിന്റെ തളരാത്ത നാളുകളാക്കി മാറ്റി. ഓരോരുത്തരും മറ്റുള്ളവരെക്കുറിച്ചുള്ള ഒരു ജാഗ്രതയിൽ, മറ്റുള്ളവർക്കു വേണ്ടിയുള്ള ആകുലതയിൽ

ആഴപ്പെടുമ്പോഴെ മനുഷ്യത്വം അതിന്റെ പൂർണതയിൽ പൂർത്തിയാകുകയുള്ളു എന്ന് ജീവിതംകൊണ്ട് പാഠമെഴുതിച്ചേർത്തു.

## വെല്ലുവിളികൾ സ്വയം ഏറ്റെടുത്തവൻ

പാവങ്ങളെയും പാപികളെയും കൂടെ പാർപ്പിച്ചും ഭവനങ്ങൾ പണിതുകൊടുത്തും അദ്ദേഹം അവരുടെ ജീവിതത്തിൽ സമൂലപരിവർത്തനം വരുത്തി[15]. മാനസിക രോഗികൾക്ക് അഭയം നൽകി[16]. ആരും എത്തിനോക്കാത്ത ചേരിയിലെ ജനങ്ങളുടെ ദുരിതപൂർണമായ ജീവിതത്തിന് പരിഹാരമുണ്ടാക്കുവാൻ കഠിനപ്രയത്നം ചെയ്തു. ചേരിയിലെ നിത്യസന്ദർശകനായി മാറി[17]. ഇത്രയുമായപ്പോൾ മറ്റുള്ളവർ തൊടുത്തുവിട്ട വിമർശന ശരങ്ങൾ ഏറെയായിരുന്നു.

ഓരോ പ്രതിസന്ധിയിലും കൂടുതലായി ദൈവത്തോടും ദൈവവചനത്തോടും ചേർന്നുനിന്നു. അങ്ങനെ ദൈവാരൂപിയാൽ കൂടുതൽ ശക്തിയുള്ളവനായി. പ്രതിസന്ധികളെ അവസരമായി കണ്ടു- തമ്പുരാനോട് ചേർന്നു നിൽക്കാനുള്ള അവസരങ്ങൾ. ദൈവം മനുഷ്യനെയും മനുഷ്യൻ ദൈവത്തെയും കണ്ടുമുട്ടുന്ന ഇടമാണല്ലോ ദൈവാലയം. നാം ആത്മദാനം നടത്തുന്ന ഇടമൊക്കെ നമുക്ക് ദേവാലയമാണ്. എന്റെ ദേവാലയങ്ങളെ ഞാൻ തിരിച്ചറിയണം ഓരോ കാലഘട്ടത്തിലും എന്ന് ജീവിതം കൊണ്ട് പഠിപ്പിച്ചു.

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., OT., f. 12, Chinnan Kuriappan Kannanaikkal
2. A.Kol.MB.CSC.G., Resolutions., vol.II, ff. 32-33
3. A.Kol.MB.CSC.G., Resolutions., vol.II, ff. 23-24
4. A.Kol.MB.CSC.G., Resolutions., vol.II, f. 27
5. A.Kol.MB.CSC.G., Resolutions., vol.II, f. 34
6. A.Kol.MB.CSC.G., LMMR., vol.II, f. 46
7. A.Kol.MB.CSC.G., LMMR., vol.II, f. 50
8. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, June 1951, f. 34
9. A.Kol.MB.CSC.G., OT., ff. 18-19, E.V. Francis, Edakkalathur, Eyyal
10. A.Kol.MB.CSC.G., Adaranjalikal, "A Priest worthy to be remembered'', Msgr. Paul Chittilappilly, p.23
11. A.Kol.MB.CSC.G., WT., f.32, Sr Savio CSC
12. Archives of Mattom Parish Palliyogam, 9 January 1927, p. 194; 23 Jan. 1927, p. 195; 1 May 1927, p. 200
13. A.Mat.P., PY.pp.164-165, 6 December 1925; A.chi.P., FS.; A.Pal.P., PY. p.100, 6 April 1941; Archives of Chowannur Parish Palliyogam, 23 March 1930.
14. A.Kol.MB.CSC.G., OT., f.9, Kannanaikkal Chinnan; f.10, Devassy Kunjuvareed Chiriyankandath
15. A.Kol.MB.CSC.G., OT., f. 9, Mr. Augustine A.P., Alukkal, Chiralayam; WT., f. 14, Sr Bridget CSC
16. OT., Martha, Chiralayam
17. OT., Sr Grace CSC

## അപരന്റെ ആവശ്യം സ്വന്തം ആവശ്യമായി കണ്ടവൻ

വികാരിയായിരുന്ന ഇടവകകളിലെല്ലാം അദ്ദേഹം പാവങ്ങളോട് പരിഗണനയുള്ള ഒരു അജപാലകനായി വർത്തിച്ചു. പാവപ്പെട്ടവർക്ക് കൈത്താങ്ങാകുവാൻ ജനങ്ങളെ അദ്ദേഹം പ്രബുദ്ധരാക്കി. പള്ളി യോഗങ്ങളിലെ തീരുമാനങ്ങളിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. വിവാഹം നടത്താൻ ബുദ്ധിമുട്ടുന്നവർക്ക് അദ്ദേഹം സാമ്പത്തിക സഹായം നൽകി[1]. പള്ളിയിലെ ഓല, നാളികേരം, അരി എന്നിവ നൽകി പാവപ്പെട്ടവരെ സഹായിച്ചു[2]. പാവപ്പെട്ടവരെ മൃതസംസ്കാര ശുശ്രൂഷകളിൽ സഹായിക്കുവാൻ മരണഫണ്ട് ആരംഭിച്ചു[3]. വലിയ പള്ളികളിൽ നിന്ന് ചെറിയ പള്ളികൾക്ക് സഹായം നൽകി[4]. ജാതി മതഭേദമെന്യെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു. അവരുടെ ആവശ്യങ്ങൾ സ്വന്തം ആവശ്യമായി കണ്ട് പരിഹാരമാർഗങ്ങൾ ചെയ്തുകൊടുത്തു.

1941 മെയ് 28-ാം തീയതി പാലയൂരും പരിസരത്തും കൊടുങ്കാറ്റുണ്ടായി; വലിയ നാശനഷ്ടവുമുണ്ടായി. വീടുകൾ നഷ്ടപ്പെട്ടവർ, ജീവിതം അപകടത്തിലായവർ, ജീവൻ അപഹരിക്കപ്പെട്ടവർ... അനേകരായിരുന്നു. വേദനയാൽ ക്ലേശിച്ചിരുന്ന ഓരോരുത്തരെയും സഹായിക്കുവാനും ആശ്വസിപ്പിക്കുവാനുമായി വീടുതോറും കയറിയിറങ്ങുവാൻ സ്നേഹതീക്ഷ്ണത അദ്ദേഹത്തെ നിർബന്ധിച്ചു[5].

1903 സെപ്തംബർ 26-ാം തീയതിയിലെ അദ്ദേഹത്തിന്റെ പ്രാർഥന സഫലീകൃതമായി: 'അങ്ങേക്കുവേണ്ടി പ്രവർത്തിക്കുവാൻ എന്റെ കൈകളെയും അങ്ങേക്കുവേണ്ടി ഓടുവാൻ എന്റെ കാലുകളെയും ശക്തിപ്പെടുത്തണമെ'[6]. ആ ചെറ്റക്കുടിലുകളിൽ കയറിയിറങ്ങിയ ശുഭ്രവസ്ത്രധാരിയായ വൈദികനെക്കുറിച്ച് മാലാഖ കടന്നുപോകുന്നുവെന്ന് അന്നാട്ടിലെ ജനം പറഞ്ഞു[7]. മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസിലാക്കി എന്തുത്യാഗം സഹിച്ചും അത് നിറവേറ്റിക്കൊടുക്കുവാൻ പരി. അമ്മയുടെ മാതൃക അദ്ദേഹത്തിന് പ്രേരണയായി[8].

കുടിലുകൾ തേടിയുള്ള യാത്ര ദുഷ്കരമെങ്കിലും തീർഥാടനമായി അദ്ദേഹം കണ്ടു. കാരുണ്യത്തിന്റെ തിരിവെട്ടവുമായി അദ്ദേഹം സഞ്ചരിച്ചു. വെളിച്ചത്തെ പുണർന്ന് ചുറ്റുപാടും വെളിച്ചമേകിയ ഒരു ജീവിതം. ദൈവമക്കളുടെ വിമോചനത്തിനുവേണ്ടി അടരാടുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന നിന്ദനങ്ങളും അപമാനങ്ങളും പുണ്യവും ഭാഗ്യവുമാണെന്ന സ്വർഗീയജ്ഞാനം ശക്തിയായിരുന്നു. ആത്മീയ ജ്ഞാനമുള്ള ഒരു സാമൂഹിക പരിഷ്കർത്താവ്.

## അപകടത്തിൽ കാവലാൾ

അപകടത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും അദ്ദേഹം കാവലാളായി വർത്തിച്ചു, അഭയമരുളി സംരക്ഷിച്ചു. ജീവിതങ്ങൾ പുനർനിർമിച്ചു നൽകി ഉദ്ധരിച്ചെടുത്തു[9]. അപരന്റെ മനസറിയുന്ന കാരുണ്യം. മനുഷ്യയാതനകളും സന്തോഷം നഷ്ടപ്പെട്ട കുടുംബങ്ങളും ഹൃദയത്തിൽ കാൽവരിയാക്കി മാറ്റി. വചനത്തെ ജീവിത സാഹചര്യത്തിൽ പ്രതിഫലിപ്പിച്ചു. ബലിയർപ്പണത്തിൽ മാത്രം ഒതുങ്ങാതെ, അൾത്താരയിൽ നിന്ന് ആൾത്താരയിലേക്ക് ഇറങ്ങുമ്പോഴാണ് പൗരോഹിത്യം ഫലം ചൂടുകയെന്ന് ഉറച്ചു വിശ്വസിച്ചു. അതിർത്തികൾക്കപ്പുറത്തുകടന്ന് മനുഷ്യശുശ്രൂഷക്ക് പുതിയ മാർഗങ്ങൾ കണ്ടെത്തി. ഒരു രണ്ടാംമൈൽ നടത്തം.

## വചനപ്രഘോഷകൻ

പ്രസിദ്ധനായ വചനപ്രഘോഷകനും അറിയപ്പെടുന്ന പ്രാസംഗികനും നലംതികഞ്ഞ വാഗ്മിയുമായിരുന്നു ഊക്കനച്ചൻ എന്ന് അനുഭവസ്തർ പറയുന്നു[10]. വചനസന്ദേശത്തിനായി ഒരുങ്ങാൻ ദൈവവചനത്തിനു മുമ്പിലും ദൈവജനത്തിനു മുമ്പിലും മുട്ടുമടക്കിയപ്പോൾ വചനങ്ങൾ ജീവദായകങ്ങളായി മാറി. പെന്തക്കുസ്തക്കാർ വചനം വളച്ചൊടിച്ചപ്പോൾ വചനോപാസകന് സഹിക്കാനായില്ല. ഇംഗ്ലീഷുകാരുടെ ബൈബിൾ വാങ്ങിവായിക്കാൻ മെത്രാനച്ചനിൽനിന്ന് അനുവാദം വാങ്ങി[11]. പഠിച്ചറിഞ്ഞ് സഭാശുത്രുക്കൾക്കെതിരെ വചനത്തിന്റെ വാളേന്തിയ തിരുസഭയുടെ ധീരപുത്രൻ, ആത്മാഭിഷേകം നിറഞ്ഞവൻ, ഒരു വചനസ്നേഹി.

---

**അടിക്കുറിപ്പുകൾ**

1. Archives of Palayur Parish Palliyogam, pp. 82;83;89;92;99
2. Archives of Palayur Parish Palliyogam, p. 97
3. Archives of Chiralayam Parish, Finance Society Register.
4. Mattom to Aloor; Kandasamkadavu to Vadanappilly
5. A.Kol.MB.CSC.G., Sovenir Adaranjalikal, p. 49
6. A.Kol.MB.CSC.G., LMMR., vol.I, f. 26 Septermber 1903
7. OT., DEO Palayur
8. A.Kol.MB.CSC.G., LMMR., vol.I, f. 48
9. A.Kol.MB.CSC.G; OT., f.55, Thomas Thanickal; OT., f. 58, Mrs. Thressia Pathrose
10. A.Kol.MB.CSC.G., Adaranjalikal, pp. 4,5
11. A.Kol.MB.CSC.G., 95

## മതസൗഹാർദം, എക്യുമെനിസം എന്നിവയുടെ പ്രവാചകൻ

എല്ലാ മതവിഭാഗങ്ങളെയും ഊക്കനച്ചൻ ആദരവോടെ കണ്ടു. എല്ലാ കുടുംബങ്ങളും സന്ദർശിക്കണമെന്ന് അദ്ദേഹം സിസ്റ്റേഴ്സിന് നിർദേശം നൽകി[1]. ഏതെങ്കിലും മതവിഭാഗങ്ങളോട് തരംതിരിവ് കാണിച്ചിരുന്നെങ്കിൽ ഹിന്ദുക്കൾ തിങ്ങിവസിച്ചിരുന്ന ചൊവ്വന്നൂർ അദ്ദേഹം പഞ്ചായത്ത് പ്രസിഡണ്ടായി പലവട്ടം തെരഞ്ഞെടുക്കപ്പെടുമായിരുന്നില്ല[2]. 1932 ഡിസംബർ 19-ാം തീയതി അദ്ദേഹം ഡയറിയിൽ കുറിച്ചു: പിതാവിനും തിരുഹൃദയത്തിനും അമ്മയ്ക്കും ഞാൻ എന്റെ ജന്മദിനാശംസകൾ നൽകി. വലുതോ ചെറുതോ ആയ യാതൊരു പാപവും ചെയ്യുവാൻ എന്നെ അനുവദിക്കല്ലേയെന്നും ആത്മാക്കൾക്കു വേണ്ടിയുള്ള സ്നേഹത്താൽ കത്തിയെരിയുന്നൊരു ഹൃദയം ജന്മദിന സമ്മാനമായി എനിക്കു നൽകണമേയെന്നും ഞാൻ പ്രാർഥിച്ചു[3]. അദ്ദേഹത്തിന്റെ മിഷൻപ്രവർത്തനത്തിൽ ഒരു പ്രധാനസ്ഥാനം സഭൈക്യപ്രവർത്തനങ്ങൾക്ക് നൽകിയിരുന്നു. കുന്ദംകുളത്തുള്ള അകത്തോലിക്കരുടെയിടയിൽ പ്രവർത്തിക്കണമെന്നത് അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു[4]. അദ്ദേഹം കുന്ദംകുളത്തായിരുന്നപ്പോൾ വളരെ ഉത്സാഹത്തോടുകൂടി സഭൈക്യപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന് വളരെ മുമ്പുതന്നെ 1930 മുതൽ സഭൈക്യപ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാൻ ലഭിക്കുന്ന ഒരവസരവും അദ്ദേഹം പാഴാക്കിയില്ല. യാക്കോബായ സഭയിൽ നിന്ന് പുനരൈക്യപ്പെട്ട തിരുവല്ല ബിഷപ് മാർ സെവെരിയൂസിന് യാക്കോബായക്കാരുടെ ശക്തിദുർഗമായ കുന്ദംകുളത്ത് അന്നത്തെ പാലയൂർ വികാരിയായിരുന്ന ഊക്കനച്ചൻ വലിയൊരു സ്വീകരണം നൽകി[5]. എക്യുമെനിക്കൽ പ്രവർത്തനങ്ങളിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത അത്ര വലുതായിരുന്നു. കൂടെയുള്ളവർക്ക് അതിന് അദ്ദേഹം പ്രേരണയും നൽകി.

ഇതര ക്രൈസ്തവ വിഭാഗങ്ങളോടുള്ള ഊക്കനച്ചന്റെ മനോഭാവം വെളിപ്പെടുത്തുന്നതാണ് 1940-ൽ അദ്ദേഹം മെത്രാനച്ചനെഴുതിയ ഒരു കത്ത്: മറ്റു ക്രൈസ്തവസഭാവിഭാഗങ്ങളിൽ നിന്നും പെന്തക്കുസ്താസഭയിൽ നിന്നും വരുന്നവരെ കത്തോലിക്കാ

സഭയിലേക്കു സ്വീകരിക്കുവാനും യാതൊരു തടസവുമില്ലാതെ അവരുടെ വിവാഹം ആശീർവദിക്കുവാനും അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ചിറളയത്തു താമസിക്കുന്ന എന്റെ സഹവികാരിക്കും ഈ അനുവാദം കൊടുക്കണമെന്നപേക്ഷി ക്കുന്നു[6]. പുനരൈക്യപ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിന്റെ താൽപ ര്യത്തിന് നല്ലൊരുദാഹരണമാണ് ഫാ. ജേക്കബ് പനക്കലിന്റെ പുന രൈക്യത്തിനായി ഊക്കനച്ചനെടുത്ത നടപടികളും പുനരൈക്യത്തി നുശേഷമുള്ള തുടർനടപടിക്രമങ്ങളും[7]. യാക്കോബായ സമൂഹവു മായി സൗഹൃദം സ്ഥാപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പരിശ്രമ ങ്ങൾക്ക് പ്രകടമായ ഉദാഹരണമാണ് ആർത്താറ്റ് യാക്കോബായ പള്ളിയും കത്തോലിക്കാ പള്ളിയുമായി നൂറ്റാണ്ടുപഴക്കമുണ്ടായി രുന്ന വഴക്ക് അവസാനിപ്പിക്കാൻ സാധിച്ചത്. കൊച്ചിരാജാവ് ഇട പെട്ട് ഈ സംഭവത്തിൽ കുറിയിട്ടപ്പോൾ പള്ളിയും പരിസരവും യാക്കോബായക്കാർക്കും പറമ്പ് കത്തോലിക്കാ പള്ളിക്കും ലഭിച്ചു. കുന്ദംകുളം-ഗുരുവായൂർ റോഡിനോടു ചേർന്നുള്ള പള്ളിപ്പറ മ്പിൽനിന്ന് ഇരുപതു സെന്റ് സ്ഥലം തങ്ങൾക്കുകിട്ടണമെന്ന് ആവശ്യപ്പെട്ട് ബ. ഊക്കനച്ചൻ മുഖാന്തിരം യാക്കോബായക്കാർ ആലപ്പാട്ട് തിരുമേനിക്ക് അപേക്ഷ സമർപ്പിച്ചു. അങ്ങനെ ചെയ്താൽ രണ്ടു സഭക്കാരും തമ്മിലുള്ള വഴക്ക് അവസാനിപ്പിക്കാനാകും എന്ന് ഊക്കനച്ചൻ എഴുതിയിരുന്നു. അഭിവന്ദ്യ പിതാവിന്റെ അനുമതിയോ ടുകൂടി ആവശ്യപ്പെട്ട സ്ഥലം യാക്കോബായക്കാർക്കു നൽകി. ഇരുസഭക്കാരും തമ്മിലുള്ള സൗഹൃദം അഭിവൃദ്ധിപ്പെട്ടു. അതിന്റെ സ്മാരകമാണ് കുരിശുപള്ളി[8].

മറ്റൊരു തെളിവാണ് പഴഞ്ഞിയിലെ കെ.സി. ജോസഫ് കോർ എപ്പിസ്ക്കോപ്പയുടെ വാക്കുകൾ: അന്ന് ഇവിടെ 20 കത്തോലിക്കാ കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളൂ. അധികവും യാക്കോബായക്കാർ. മീറ്റിംഗ് വിളിച്ചുകൂട്ടുന്നതറിഞ്ഞാൽ വലിയ എതിർപ്പുണ്ടാകും. അതു കൊണ്ട് അച്ചന്റെ മുറിയിലാണ് മീറ്റിംഗ് വിളിച്ചു കൂട്ടിയിരുന്നത്. പല മീറ്റിംഗുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്[9]. കുന്ദംകുളത്ത് സീറോ മലങ്കരക്കാർക്ക് മഠംസ്ഥാപിക്കുവാൻ സ്ഥലം വാങ്ങുന്നതിനായി മാർ ഇവാനിയോസ് പിതാവിനെ അദ്ദേഹം സഹായിച്ചിട്ടുണ്ട്[10]. സഭൈക്യപ്രവർത്തനങ്ങൾക്കായി വി. എവുപ്രാസ്യാമ്മയും ഊക്കനച്ചനും ഒരുമിച്ചുപ്രാർഥിച്ചിരുന്നു[11].

ആത്മാവിന്റെ ശക്തമായ പ്രചോദനം അദ്ദേഹത്തിനുണ്ടായിരുന്നു. വ്യക്തമായ ദർശനങ്ങളും ദൗത്യബോധവുമുണ്ടായിരുന്നു. ഹൃദയ ത്തിൽ അഗ്നിയും പാദങ്ങളിൽ ചിറകും വഹിച്ച് പുതിയ വഴികൾ വെട്ടിത്തെളിച്ചു. ദൈവമക്കൾക്കായി എളിയ ശുശ്രൂഷകൾ ചെയ്യുവാൻ സാധിച്ചത് ആത്മീയതയിൽ നങ്കൂരമിട്ട ജീവിതം ഉണ്ടായിരുന്നതുകൊണ്ടു മാത്രമാണ്. തിരുസന്നിധാനത്തിലെ കെടാവിളക്ക് എന്നാണ് മരത്തംകോട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നത്.

---

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., Resolutions., vol.II, ff. 43, 66
2. A.Kol.MB.CSC.G., Nallidayante Nal Vazhikal, "A Missionary of Religious Harmony: Fr. Augustine John Ukken'', Vincent Kundukulam, p.144
3. A.Kol.MB.CSC.G., Resolutions., vol.II, f. 61
4. A.Kol.MB.CSC.G., Resolutions., vol.II, f. 29
5. A.Pal.P., PY., p. 92
6. A.Tri.A., P-3-1940-9, Petition Submitted to Bishop Francis Vazhappilly, by Fr Augustine John Ukken from Palayur in 1940
7. A.Tri.A., C-21-1929, ff.1-2a; A.Tri.A., P-3-1940-2, Letter from Bishop Alexander Choolaparambil of Kottayam Diocese
8. A.Kol.MB.CSC.G., Adaranjalikal, pp. 90-91
9. OT., K.C. Joseph Cor Episcopa
10. Archives of Mar Ivanios, Trivandrum
11. Souvenir Nallidayante Nal Vazhikal p. 162

## സുവിശേഷ ദാരിദ്ര്യം ജീവിച്ചവൻ

സുവിശേഷ ദാരിദ്ര്യ ചൈതന്യം ജീവിച്ച വ്യക്തിയാണ് ഊക്കനച്ചൻ. തന്റെ ജൂബിലിവേളയിൽ ദാരിദ്ര്യ ചൈതന്യത്തെ സ്വയം വിലയിരുത്തുന്നുണ്ട്: '.... ഈ ഗുരുവിന്റെ ശിഷ്യനായ ഞാൻ ധാരാളം വസ്തുക്കൾ സ്വന്തമാക്കിയിരിക്കുന്നു- ഉപയോഗവസ്തുക്കൾ, സുഖദായക വസ്തുക്കൾ, ഉപയോഗശൂന്യമായ വസ്തുക്കൾ. ഞാൻ ആയിത്തീരാമെന്ന് പരസ്യമായി പ്രഖ്യാപിച്ചത് വാസ്തവത്തിൽ എങ്ങനെയാണ് സാധ്യമാവുക. അതുകൊണ്ട് അവയെല്ലാം സ്വമേധയാ ഞാൻ സമർപ്പിച്ചു. ഞാൻ ഒരു സ്ഥാപനമുണ്ടാക്കുവാൻ ശ്രമിക്കുകയാണെന്നും അതിന്റെ യജമാനൻ ഞാനല്ല എന്നും സ്വയം പറഞ്ഞു. എല്ലാമുണ്ടായിരിക്കുകയും ഒന്നും സ്വന്തമാക്കാതിരിക്കുകയും ചെയ്യുക. യഥാർഥമായ ദാരിദ്ര്യാരൂപി എനിക്കു നൽകണമേയെന്നും പ്രാർഥിച്ചു. അനാഥനായ ഞാൻ എന്റെ ഗുരുവും രക്ഷകനും മാതൃകയുമായ ബാലനായ യേശുവിനെ അടുത്തനുഗമിക്കും[1]. ഭൗതിക സമ്പത്തും സുഖസന്തോഷങ്ങളുമാണ് ലോകത്തെ ഭരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. എല്ലായിടത്തും ധനമോഹികളായ മനുഷ്യരാണ്. എല്ലാവരും സമ്പത്ത് വാരിക്കൂട്ടുന്നു, സുഖസന്തോഷങ്ങൾക്കായി ഉപയോഗിക്കുന്നു...[2] ലോകസുഖങ്ങളുടെ സ്വാധീനം വലുതാണെന്ന് അദ്ദേഹം മനസിലാക്കി. അടുത്ത ദിവസം ഗുരുവിന്റെ വാക്കുകൾ ധ്യാനിച്ചു: നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുത്ത് എന്റെ പിന്നാലെ വരിക... എന്റെ സമർപ്പണം പകുതിയും പകുതിയുമായി കുറെ വർഷങ്ങൾ ചെലവഴിച്ചിട്ടുണ്ട്... ഗുരുവിനെ പിഞ്ചെല്ലുവാൻ എല്ലാം പൂർണമായും ദൃഢമായും ത്യജിക്കണം[3]. ഇത്തരം ധ്യാനങ്ങൾ ധീരമായൊരു പ്രതിജ്ഞയിലേക്ക് അദ്ദേഹത്തെ നയിച്ചു: ഞാൻ സമ്പാദിച്ചവ കുറെയൊക്കെ പകുത്തുകൊടുക്കുകയും കടം വീട്ടി സ്വതന്ത്രനാവുകയും ചെയ്യും. ബാക്കിയുള്ളത് സ്ഥാപനങ്ങൾക്കോ, രൂപതക്കോ വ്യവസ്ഥകളൊന്നും കൂടാതെ നൽകും[4].

ഈ പ്രതിജ്ഞ ജീവിതത്തിലുടനീളം അദ്ദേഹം പ്രായോഗികമാക്കി. സമ്പത്ത്, ധനം, ലോകസുഖങ്ങൾ എന്നിവയിൽ നിന്നൊക്കെ ഒരു കല്ലേറുദൂരം മാറി[5] നിന്നുള്ള ജീവിതം നയിച്ചു. തനിക്കുണ്ടായിരുന്ന ഭൗതികസമ്പത്ത് അദ്ദേഹം ഉപേക്ഷിച്ചു. സെമിനാരി പരിശീലനത്തിനായി കാന്റിയിലേക്കു പോയപ്പോൾ സ്വന്തം നാടായ പറപ്പൂർ ചാലക്കലുണ്ടായിരുന്ന സ്വത്ത് അദ്ദേഹത്തിന് വിൽക്കേണ്ടതായിവന്നു[6]. സ്വാഭാവികമായും അവിടെ സ്വന്തമായി കുറച്ചു ഭൂമിയുണ്ടാകണമെന്ന്

അദ്ദേഹം ആഗ്രഹിച്ചിട്ടുണ്ടാകാം. 1929-ൽ പറപ്പൂർ ചാലക്കലിൽ അദ്ദേഹം കുറച്ചുഭൂമി വാങ്ങി[7]. സെന്റ് തോമസ് കോളേജിൽനിന്ന് സാമാന്യം നല്ല ശമ്പളം (60 രൂപ) അദ്ദേഹത്തിന് ലഭിക്കുന്നുണ്ടായിരുന്നു[8]. തന്റെ പ്രതിജ്ഞ പ്രായോഗികമാക്കുന്നതിന്റെ ഭാഗമായി 1942-ൽ അദ്ദേഹം ആ ഭൂമി വിറ്റു[9]. ദാരിദ്ര്യാവസ്ഥയിലായിരുന്ന ചൊവ്വന്നൂർ പള്ളിയുടെ നടത്തിപ്പിനായി ആ പണം നൽകി[10]. അദ്ദേഹത്തിന്റെ ഭക്ഷണവും ക്രമീകരിച്ചിരുന്നു എന്ന് 1924-ലേയും 1925-ലേയും തീരുമാനങ്ങളിൽനിന്നു വ്യക്തമാണ്[11]. സിസ്റ്റേഴ്സും ഇത് ശ്രദ്ധിച്ചിട്ടുണ്ട്[12]. അദ്ദേഹത്തിന്റെ വസ്ത്രം വൃത്തിയുള്ളതായിരുന്നു, എന്നാൽ വിലപിടിപ്പുള്ളതായിരുന്നില്ല[13]. മിതവ്യയശീലം പരിശീലിക്കുവാൻ അദ്ദേഹം ജനങ്ങൾക്ക് പ്രേരണ നൽകി. മദ്യപിച്ച് കുടുംബം നശിപ്പിക്കരുതെന്ന് അദ്ദേഹം ഉപദേശിച്ചു[14].

സിസ്റ്റേഴ്സിനെ ഈ പുണ്യം അദ്ദേഹം പരിശീലിപ്പിച്ചു. ഒരു സന്യാസിനിക്ക് ഒന്നിനോടും പ്രതിപത്തിപാടില്ലെന്നും[15] ദാരിദ്ര്യമെന്ന പുണ്യത്തെ സ്നേഹിക്കണമെന്നും[16] അദ്ദേഹം ഉപദേശിച്ചു. ലൗകികസുഖങ്ങളോടും സന്തോഷങ്ങളോടും ഹൃദയത്തിലും മനസ്സിലും അകലം സൂക്ഷിക്കണമെന്നും[17] പഠിപ്പിച്ചു. അങ്ങനെ ഈശോയുടെ ദാരിദ്ര്യം സന്തോഷത്തോടെ ആശ്ലേഷിക്കുവാൻ[18] അവരെ പരിശീലിപ്പിച്ചു. എല്ലാം മരണത്തിനു തൊട്ടുമുമ്പുള്ള പ്രവൃത്തിയെന്നപോലെ ചെയ്യണമെന്നും സംതൃപ്തമായ ജീവിതം നയിക്കണമെന്നും ഉപദേശിച്ചു[19].

## എല്ലാം സ്വന്തമായിരിക്കെ ഒന്നും ഇല്ലാത്ത അവസ്ഥ

ഊക്കനച്ചൻ വികാരിയായി നിയമിതനായപ്പോൾ ചൊവ്വന്നൂർ ഇടവകയുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഓലമേഞ്ഞ ഒരു ഷെഡ്ഡ്, മണ്ണുകൊണ്ട് പണിതുയർത്തിയ ഭിത്തി, ചാണകം മെഴുകിയ തറ. വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുതകിയ അൾത്താരയൊ, ജനങ്ങൾക്ക് ദിവ്യബലിയിൽ പങ്കുകൊള്ളുന്നതിനുവേണ്ട സ്ഥലസൗകര്യങ്ങളൊ, പള്ളിയിലേയ്ക്ക് നടന്ന് എത്തുന്നതിനുവേണ്ട റോഡൊ അക്കാലത്തുണ്ടായിരുന്നില്ല. പള്ളിയുടെ സാമ്പത്തിക സ്ഥിതിയും വളരെ മോശമായിരുന്നു.[20] അദ്ദേഹം സന്തോഷപൂർവം തന്റെ ദൗത്യം ഏറ്റെടുത്തു. 1928 മുതൽ അദ്ദേഹം വികാരിയായി തുടർന്നു. അദ്ദേഹത്തിന് അലവൻസ് നൽകുവാൻ ഇടവകയ്ക്ക് സാധിച്ചിരുന്നില്ല. ഇടവകയുടെ അനുദിന ചെലവുകൾ നിർവഹിക്കുവാൻ അദ്ദേഹം സ്വന്തം പണം ചെലവാക്കി. ഒരവസരത്തിൽ അൽപം





പണമുണ്ടായപ്പോൾ 6% പലിശക്ക് ബാങ്കിൽ നിക്ഷേപിച്ചു[21]. അദ്ദേഹം ചെലവഴിച്ച പണം പള്ളിയിലെ കണക്കുബുക്കിൽ എഴുതിയിരുന്നു. 1943-ലെ കണക്കനുസരിച്ച് പള്ളി അച്ചന് 2965 രൂപ 4 അണ 3 പൈസ കൊടുക്കുവാനുണ്ടായിരുന്നു. അച്ചനു കൊടുക്കുവാനുള്ള തുക കൊടുത്തു തീർക്കുവാൻ 1947-ൽ പള്ളിയോഗം തീരുമാനിച്ചു. 1947 ജൂലൈ 13-ാം തീയതി ഇടവകയിൽ നിന്നുതന്നെ ഇതിനായി രണ്ടു പേരെ നിയമിക്കുകയും മരത്തംകോട് അടക്ക കമ്പനി നടത്തിയിരുന്ന പള്ളിയുടെ സ്ഥലം അച്ചനു നൽകുവാൻ തീരുമാനിക്കുകയും ചെയ്തു[22]. ഇടവക പ്രതിനിധികൾ കണക്കുതിട്ടപ്പെടുത്തി, 1947 നവംബർ 23-ാം തീയതിയിലെ പള്ളിയോഗത്തിൽ അവതരിപ്പിച്ചു[23]. 1947 ഡിസംബർ 7-ാം തീയതി ഒരു അപേക്ഷയിലൂടെ രൂപതാ കാര്യാലയത്തെ അറിയിക്കുകയും ചെയ്തു. 1947 നവംബർ 23-ലെ യോഗതീരുമാനം:

ചൊവ്വന്നൂർ ഇടവക ഫാ. അഗസ്റ്റിൻ ജോൺ ഊക്കന് 2784 രൂപ 6 അണ 11 പൈസ നൽകുവാനുണ്ട്. അതോടുകൂടി 6000 രൂപ പലിശയും. ആകെ 8784 രൂപ 6 അണ 11 പൈസ.

1. മുതൽ മുടക്കിയത് കൊടുത്തു വീട്ടുന്നതിനായി മരത്തംകോട്ടുള്ള അടക്ക കമ്പനി അച്ചനൊ അച്ചൻ പറയുന്ന വ്യക്തിക്കൊ നൽകുവാൻ യോഗം തീരുമാനിച്ചു.
2. പള്ളിക്ക് ഭാരമാകാത്ത വിധത്തിൽ ബാക്കിയുള്ള രൂപയുടെ കാര്യം തീരുമാനിക്കാമെന്ന് അച്ചൻ സമ്മതിച്ചിട്ടുണ്ട്.

എ. അച്ചന്റെ നിയോഗാർഥം 1948 മുതൽ നവംബർ 15-ാം തീയതിയൊ അടുത്ത ദിവസങ്ങളിലൊ പള്ളിയുടെ ചെലവിൽ ഒരു റാസയും അച്ചന്റെ മരണ ദിവസം ഒരു റാസയും ചൊല്ലുക.

ബി. മൃതദേഹം പള്ളിയിൽ സംസ്കരിക്കേണ്ടി വന്നാൽ അദ്ദേഹം 20 വർഷം ശുശ്രൂഷ ചെയ്ത ജനങ്ങളുടെയിടയിൽ അപ്രകാരം ചെയ്യുക[24].

പള്ളിയോഗം തീരുമാനിക്കുകയും രൂപതാധ്യക്ഷൻ അംഗീകരിക്കുകയും ചെയ്ത ഈ ക്രമീകരണത്തിനെതിരെ ഒരു അജ്ഞാത (മൂക) കത്തും രൂപതാ കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി[25]. മരത്തംകോട് ഭൂമി ഊക്കനച്ചന് കൈമാറിയെങ്കിലും 1951 വരെ അദ്ദേഹം അത് സ്വീകരിച്ചിരുന്നില്ല[26]. അജ്ഞാത കത്തിൽ എഴുതിയിരുന്ന കാര്യങ്ങളൊന്നും യാഥാർഥ്യവുമായി ബന്ധപ്പെട്ടവയായി





രുന്നില്ല. ജനം അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന് അഞ്ചു വർഷങ്ങൾക്കു ശേഷം 1961-ലെ പള്ളിയിൽ നിന്നുള്ള ഒരു അപേക്ഷയിൽ കാണുന്നതിങ്ങനെ: ഫാ. തറയിലിനു ശേഷം ഫാ. ളൂവീസും അദ്ദേഹത്തിനു ശേഷം ഫാ. അന്തപ്പനും തുടർന്ന് ഫാ. ജോൺ ഊക്കനും വികാരിയായി. അന്ന് മുതൽ ഇന്നു വരെ പള്ളിയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. ചൊവ്വന്നൂർ പേര് അന്വർഥമാക്കുന്നതുപോലെയായത് ഊക്കനച്ചൻ ഇവിടെ വന്നപ്പോൾ മുതലാണ്. അദ്ദേഹം ഈ ഇടവകക്കുവേണ്ടി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇന്നും ഞങ്ങൾ അദ്ദേഹത്തെ ഓർക്കുന്നു[27].

ഊക്കനച്ചന്റെ മരണപത്രികയിൽ ഇങ്ങനെ വായിക്കുന്നു: എന്റെ ചികിത്സ, മൃതസംസ്കാരം, ആത്മാനുകൂലാർഥം ചെയ്യുന്ന എല്ലാ കാര്യങ്ങളും എന്റെ ചെലവിൽ നിർവഹിക്കണം. എന്തെങ്കിലും ബാധ്യതകൾ ഉള്ളതായി എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ അവയെല്ലാം ബാക്കിയുള്ള പണത്തിൽ നിന്നും നിർവഹിക്കണം. ലിസ്റ്റ് എ പ്രകാരം ഉള്ളതും അതിനുശേഷം ഞാൻ സമ്പാദിച്ചിട്ടുള്ളതും തൃശ്ശൂർ രൂപതയിൽ സ്ഥാപിതമായിട്ടുള്ള ചാരിറ്റി കോൺഗ്രിഗേഷന് നൽകേണ്ടതാണ്[28].

മരണപത്രപ്രകാരം മരത്തംകോട് ഭൂമി ലഭിച്ചത് ചാരിറ്റി കോൺഗ്രിഗേഷനാണ്. ഊക്കനച്ചന്റെ ആദ്യത്തെ ചരമവാർഷികത്തിനുമുമ്പ് 1957 സെപ്തംബർ 2-ാം തീയതി സുപ്പീരിയർ ജനറൽ ചൊവ്വന്നൂർ മഠത്തിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. നാളാഗമത്തിൽ നാം വായിക്കുന്നു: മരത്തംകോട് സ്ഥലവും കടയും 1050 രൂപയ്ക്ക് വിൽക്കുവാൻ മീറ്റിംഗിൽ തീരുമാനിച്ചു[29]. അച്ചൻ പള്ളിക്കായി ചെലവഴിച്ച 2784 രൂപ വീട്ടുന്നതിനായി നൽകിയ വസ്തുവിന്റെ മൂല്യം 1050 രൂപയായിരുന്നുവെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. ആ പ്രദേശത്തെ സ്ഥലത്തിന്റെ മൂല്യം അദ്ദേഹത്തിന് വളരെ നന്നായറിയാമായിരുന്നു. പള്ളിയോഗത്തിൽ ഈ ക്രമീകരണം അദ്ദേഹം സമ്മതിച്ചത് മനസ്സിന്റെ വിശാലതയും ഹൃദയത്തിന്റെ വലിപ്പവും കൊണ്ടാണ്. തന്റെ സ്വത്തിന്റെ ഒരു ഭാഗം പള്ളിക്കും മറ്റൊരു ഭാഗം കോൺഗ്രിഗേഷനും നൽകിക്കൊണ്ട് ദാരിദ്ര്യത്തിന്റെ ചൈതന്യം അക്ഷരാർഥത്തിൽ അദ്ദേഹം ജീവിച്ചു. 1948-ൽ മരണപത്രത്തിൽ അദ്ദേഹം എഴുതിയത് 1932-ൽ അദ്ദേഹമെടുത്ത ധീരമായ പ്രതിജ്ഞ അന്വർഥമാക്കുന്നു: ഞാൻ സമ്പാദിച്ചവ കുറെയൊക്കെ പകുത്തു

കൊടുക്കുകയും കടംവീട്ടി സ്വതന്ത്രനാവുകയും ചെയ്യും. ബാക്കിയുള്ളത് സ്ഥാപനങ്ങൾക്കോ, രൂപതക്കോ വ്യവസ്ഥകളൊന്നും കൂടാതെ നൽകും[30]. അദ്ദേഹത്തിനുണ്ടായിരുന്നതിന്റെ സിംഹഭാഗം ചൊവ്വന്നൂർ ഇടവകക്കും ബാക്കിയുള്ളത് ചാരിറ്റി കോൺഗ്രിഗേഷനും നൽകി.

കൊടിയ ദാരിദ്ര്യത്തിലും ആരാലും നിർബന്ധിക്കപ്പെടാതെ ഉള്ളത് മറ്റുള്ളവർക്ക് ഔദാര്യപൂർവം നൽകി. ക്രൂശിതനെ ധ്യാനിച്ചും ക്രൂശിതനോട് താദാത്മ്യപ്പെട്ടും ജീവിച്ചു. എല്ലാം സ്വന്തമായിരിക്കെ ഒന്നും ഇല്ലാത്ത അവസ്ഥയിലെത്തിയത് ക്രൂശിതനാണല്ലോ. ഉടുതുണിപോലും നഷ്ടപ്പെട്ടവൻ. അഷ്ടസൗഭാഗ്യങ്ങൾ നൽകിയ ആന്തരികജ്ഞാനം വളരെ വലുതായിരുന്നു.

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., Resolutions., vol.II, f. 50, 15 December 1932
2. A.Kol.MB.CSC.G., Resolutions., vol.II, f. 51, 15 December 1932
3. A.Kol.MB.CSC.G., Resolutions., vol.II, ff. 52-53, 16 December 1932
4. A.Kol.MB.CSC.G., Resolutions., vol.II, f. 53
5. A.Kol.MB.CSC.G., LMMR., vol.I, ff. 168, 179, 180, 181
6. OT., Kizhakkutte Francis Vaidiar
7. A.Kol.MB.CSC.G., 93
8. Acquittance Register, St. Thomas College, Thrissur, pp. 46-47
9. A.Kol.MB.CSC.G., 94
10. A.Cho.P., PY., vol.I, pp. 43-46
11. A.Kol.MB.CSC.G., Resolutions., vol.II, ff. 28, 32,33
12. A.Kol.MB.CSC.G., OT., f.41, Sr. Petronila CSC
13. A.Kol.MB.CSC.G., OT., f. 29, Kochappan Muringathery; A.Kol.MB.CSC.G; WT., ff.58-59, Sr. Vincenza CSC
14. OT., Martha, Chiralayam
15. A.Kol.MB.CSC.G., Exhortations., Sr Rosily CSC, f. 90
16. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, 24 September 1951, f. 94
17. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, 25 September 1951, f. 97
18. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, June 1951, f.149
19. A.Kol.MB.CSC.G., Exhortations., Sr Corthuna CSC, June 1951, f.149
20. A.Kol.MB.CSC.G., Souvenir Adaranjalikal., p. 53
21. A.Cho.P., PY., vol.I, p.36; pp.36-37; pp.37-38
22. A.Cho.P., PY., vol.I, p.39
23. A.Cho.P., PY., vol.I, p.43-46
24. A.Tri.A., C-21-1947-10a
25. A.Tri.A., C-21-1948-1, 1a
26. A.Cho.P.,PY., vol.I, p.36
27. A.Tri.A., C-21-1961-2
28. A.Kol.MB.CSC.G., ED 48a
29. A.Cho.P.CSC.C., Chronicle, ff. 72-73
30. A.Kol.MB.CSC.G., Resolutions., vol.II, f. 53, 16 December 1932

## മാന്യത കാത്തവൻ

എല്ലാ മനുഷ്യരെയും ഊക്കനച്ചൻ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു[1]. വ്യക്തിത്വങ്ങൾക്കു ക്ഷതമേൽക്കുവാൻ ഒരിക്കലും അവസരമുണ്ടാക്കിയില്ല. വ്യക്തികളുടെ സത്പേരിന് കളങ്കമുണ്ടാക്കരുത്[2] എന്ന പ്രതിജ്ഞ ജീവിതത്തിൽ അന്വർഥമാക്കി. മറ്റുള്ളവരിൽ ഈശോയെ ദർശിക്കണമെന്ന[3] പഠനം ജീവിതത്തിലുടനീളം പ്രാവർത്തികമാക്കി. ഊക്കനച്ചന്റെ അടുത്തേക്ക് ഏതൊരാവശ്യത്തിനായും ആരൊക്കെ എത്തിയാലും എത്ര ക്ഷീണിതനാണെങ്കിലും അദ്ദേഹം എഴുന്നേറ്റുനിന്ന് ഇരുകൈകളും കൂപ്പി അവരെ സ്വീകരിക്കുമായിരുന്നു[4]. സഹപ്രവർത്തകരുമായും സുപ്പീരിയേഴ്സുമായും ചിന്താഗതികളിൽ അദ്ദേഹത്തിന് സംഘർഷമുണ്ടായിട്ടുണ്ട്. അപ്പോഴും അദ്ദേഹത്തിന്റെ പെരുമാറ്റം വളരെ ശ്രേഷ്ഠമായിരുന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ: എന്റെ വീക്ഷണങ്ങൾ എന്റെ അധികാരിയുടേതുമായി യോജിപ്പിച്ചുകൊണ്ടുപോകുവാൻ ബുദ്ധിമുട്ടുതോന്നുന്നു. എന്തു വിലകൊടുക്കേണ്ടിവന്നാലും ഞാൻ അവ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകണം. അധികാരി ദൈവത്തിന്റെ സ്ഥാനമാണ് വഹിക്കുന്നത്. ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് തീരുമാനമെടുക്കേണ്ടത് അധികാരിമാത്രമാണ്. അദ്ദേഹം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു[5]. ഇതൊരു പ്രശ്നമായി പർവതീകരിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. കോളേജിൽ എന്റെ വഴികളും പ്രവൃത്തികളും അംഗീകരിക്കപ്പെടുന്നില്ല. ഞാൻ അതെപ്പറ്റി മനഃക്ലേശമനുഭവിക്കരുത്. ബഹുമതിക്കായുള്ള ആഗ്രഹം പരിത്യാഗപൂർവം പരിത്യജിക്കുന്നതിനുള്ള അവസരമാണിത്. എന്നെ അവഗണിക്കുന്നതിനും എന്നെക്കാൾ അധികമായി സ്വയം ഇഷ്ടപ്പെടുന്ന എന്റെ അധികാരിയെ അനുസരിക്കുന്നതിനുമുള്ള ഒരവസരമാണിത്. ഇത്തരത്തിലുള്ള യാതൊന്നും ആർക്കും ഞാൻ നിഷേധിക്കുകയില്ല. കോളേജിലെ എന്റെ താമസം നഷ്ടങ്ങൾ സഹിച്ചുകൊണ്ടുതന്നെയായാലും രമ്യതയിലായിരിക്കണം[6]. അദ്ദേഹം തന്റെ ശ്രേഷ്ഠമായ തീരുമാനം അഭംഗുരം കാത്തുസൂക്ഷിച്ചു. പേരോ പ്രശ്നമോ ഒരിടത്തും അദ്ദേഹം പറയുന്നില്ല. ഇടവകകളിൽ ആശയസംഘർഷമുണ്ടായപ്പോഴെല്ലാം ജനത്തെ ബോധവത്കരിക്കുവാനാണ് അദ്ദേഹം ശ്രദ്ധിച്ചത്[7]. സിസ്റ്റേഴ്സിന്റെ അഭിപ്രായഭിന്നതകളിൽ അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ പെരുമാറ്റം പ്രശ്നങ്ങൾക്ക് പരിഹാരമായി[8].





പള്ളി രജിസ്റ്ററുകളിൽ സുറിയാനിയിൽ ഒപ്പുവയ്ക്കേണ്ടിടത്ത് മുൻഗാമി ഇംഗ്ലീഷിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ ഊക്കനച്ചനും ആ പേജിൽ അതേരീതി തുടരുന്നതുകാണാം. എന്നാൽ തൊട്ടുടുത്ത പേജിൽ നിർദ്ദേശാനുസാരം സുറിയാനിയിൽ ഒപ്പിടുന്നു[9]. വ്യക്തികളിൽ ഈശോയെയാണ് അദ്ദേഹം ദർശിച്ചത്.

ഉള്ളിൽ ദൈവസാന്നിധ്യമുള്ളവനുമാത്രമെ അപരനിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിയാനാകൂ. ആത്മാഭിഷേകം നിറഞ്ഞ ഒരു പുരോഹിതൻ.

## പ്രകൃതി സൗഹൃദ സംസ്കാരത്തിന് വഴിവെട്ടിയവൻ

പുല്ലും പുൽക്കൊടിയും പൂവും ചെടിയും പുഴയും കായലും നദിയും തടാകവുമെല്ലാം ഊക്കനച്ചന്റെ ധ്യാനവിഷയങ്ങളാണ്. കൃഷിയിടങ്ങളോടും പൂന്തോട്ടങ്ങളോടും അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. ഭൂമി ഹരിതാഭമാക്കി ഫലപുഷ്പ സമ്പന്നമാക്കി പുഷ്ടിപ്പെടുത്തി പ്രകൃതിയുടെ താളലയക്രമവും സന്തുലിതാവസ്ഥയും നിലനിർത്തി. പക്ഷിമൃഗാദികളും അദ്ദേഹത്തിന്റെ സ്നേഹവലയത്തിൽ ഉൾപ്പെട്ടിരുന്നു. എല്ലാം പിതാവായ ദൈവത്തിന്റെ സ്നേഹവിരുന്നെന്ന് വിശേഷിപ്പിച്ചു. പ്രകൃതിയിൽനിന്ന് പാഠമുൾക്കൊണ്ടു. സൃഷ്ട പ്രപഞ്ചത്തെ മുഴുവനും ദിവ്യകാരുണ്യനാഥനിൽ ദർശിച്ചു. പ്രകൃതി ആസ്വദിച്ച് പ്രകൃതിനാഥനെ വാഴ്ത്തി. പ്രകൃതിയെ ധ്യാനിച്ച് പ്രകൃതിനാഥനിലെത്തണമെന്ന് പ്രബോധനമേകി. സിസ്റ്റേഴ്സിന് ഇതിന് പരിശീലനവും നൽകി. ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ച് അവരെ മതിപ്പുള്ളവരും ബോധവതികളുമാക്കുമായിരുന്നു[10].

## നല്ലൊരു ആർക്കൈവിസ്റ്റ്

ആയിരുന്ന ഇടങ്ങളിലെല്ലാം രേഖാലയം വൃത്തിയായും ഭംഗിയായും ചിട്ടയായും ക്രമപ്പെടുത്തി[11]. പുതിയവ ആരംഭിക്കുവാൻ അദ്ദേഹത്തിന്റെ സഹായം തേടിയ സംഭവങ്ങളുമുണ്ട്[12]. ചരിത്രത്തിൽ രേഖകൾക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ കുശാഗ്രബുദ്ധി.

## തെറ്റിദ്ധരിക്കപ്പെട്ടവൻ

കത്തീഡ്രലിൽ നിന്നും 1918 ഡിസംബർ 21-ാം തീയതി ഓണംകേറാമൂലയായ കോട്ടപ്പടിയിലേക്ക് ഊക്കനച്ചന് പെട്ടെന്നൊരു സ്ഥലം മാറ്റം ലഭിച്ചു. ഇത് തെറ്റിദ്ധാരണയുടെ പേരിലായിരുന്നുവെന്ന് അന്നത്തെ പൗരസ്ത്യതിരുസംഘത്തിന്റെ അപ്പസ്തോലിക്

ഡെലഗേറ്റ് ബയോൺഡിയുടെ 1919 ഡിസംബർ 28-ലെ ഒരു എഴുത്തിൽ നിന്നും വ്യക്തമാണ്[13]. അപ്പസ്തോലിക് ഡെലഗേറ്റ് ബയോൺഡി വിശദീകരണം ആവശ്യപ്പെട്ടു[14]. ഇത് എന്റെ ചുമലിന് താങ്ങാവുന്നതിലും വലിയ ഭാരമാണ്. എങ്കിലും അധികാരിക്ക് വിധേയപ്പെട്ട് സന്തോഷത്തോടെ സ്വീകരിക്കുന്നു. ഇതായിരുന്നു മറുപടി. അനുസരണം എങ്ങനെ പരിശീലിക്കണമെന്ന് സെമിനാരി കാലഘട്ടത്തിൽത്തന്നെ അദ്ദേഹം പഠിച്ചിരുന്നു. അധികാരി ദൈവത്തിന്റെ സ്ഥാനമാണ് വഹിക്കുന്നത്. ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് തീരുമാനമെടുക്കേണ്ടത് അധികാരി മാത്രമാണ്. അദ്ദേഹം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു[15].

കോട്ടപ്പടിയിലും ക്രിസ്തു സ്നേഹത്തിന്റെ ജ്വാലയിൽ വെന്തെരിഞ്ഞ് ദരിദ്രരെയും അഗതികളെയും മാറോടു ചേർത്തു. ഉള്ളു നോക്കാതെ ഉള്ളതുമാത്രം നോക്കി മനുഷ്യൻ വിലയിരുത്തപ്പെടുന്ന സത്രങ്ങളിൽ ഇടം ലഭിക്കാത്തവരെയൊക്കെ ചേർത്തുപിടിച്ച് ഇടം നൽകി. അടുത്തുവന്നവർക്കൊക്കെ നിഴലും നിലാവുമേകി.

**അടിക്കുറിപ്പുകൾ**

1. A.Kol.MB.CSC.G., Adaranjalikal, "A gentle Teacher'', Fr John Kunnappilly, pp.17-19
2. A.Kol.MB.CSC.G., Resolutions., vol.II, f. 27
3. A.Kol.MB.CSC.G., LMMR., vol.II, f.18
4. OT., Sr. Vincent Mary CMC
5. A.Kol.MB.CSC.G., Resolutions., vol.II, f. 26
6. A.Kol.MB.CSC.G., Resolutions., vol.II, f. 27
7. A.Tri.A.,C-21-1951-7,7a Fr Augustine John Ukken to Bishop G. Alappatt on 3 Sept.1951
8. A.Kol.MB.CSC.G., OT., f.17, Sr Emmanuel CSC
9. Kandasamkadavu Parish Baptism Register
10. A.Kol.MB.CSC.G., WT., vol.I, Sr Thomaseena CSC, f. 234-235, Sr Thekla CSC, f. 233, Sr Fatima CSC, f. 17
11. Mattom Parish, Kandasamkadavu Parish...
12. Vellarakkad Parish
13. ACCO, DISM 1902-1921, Pietro Fumasoni Biondi, Delegate Apostolic of India to Cardinal Niccolo Marini, Prefect of the Congregation for the Oriental Churches, on December 28, 1919, f.1
14. ACCO, DISM 1902-1921, Pietro Fumasoni Biondi to Cardinal Nicolo Marini, Prefect of the Congregation for the Oriental Churches, on December 28, 1919, f.1
15. A.Kol.MB.CSC.G; Resolutions., vol.II, f. 26

## തിരസ്കൃതൻ

സ്വന്തക്കാരാലും ബന്ധുക്കളാലും സഹപ്രവർത്തകരാലും അധികാരികളാലും ഊക്കനച്ചൻ തിരസ്കൃതനായിട്ടുണ്ട്.

- അമ്മയുടെ തലോടലുകളും അപ്പന്റെ കരുതലും സ്വീകരിക്കുവാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായില്ല[1].
- പറപ്പൂരുള്ള അമ്മായിയുടെ സംരക്ഷണയിലായിരിക്കുമ്പോൾ, എടക്കുളത്ത് അപ്പന്റെ തറവാട്ടിലേക്ക് അമ്മായി അച്ചാരുണ്ണി അദ്ദേഹത്തെ പറഞ്ഞുവിട്ടു. എന്നാൽ അവർ അദ്ദേഹത്തെ സ്വീകരിച്ചില്ല[2].
- പഠിക്കുവാൻ അദ്ദേഹം കൊതിച്ചു[3]. ജീവിത സാഹചര്യങ്ങൾ അദ്ദേഹത്തിനനുകൂലമായിരുന്നില്ല[4].
- സി.എം.ഐ സഭയിൽ ചേരുവാൻ അദ്ദേഹം എൽത്തുരുത്ത് ചെന്നു.എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ആശ്രമം അദ്ദേഹത്തെ സ്വീകരിച്ചില്ല[5].
- വൈദികനായ ശേഷം ഒരു സന്യാസവൈദികനാകുവാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അധികാരികൾ അനുവദിച്ചില്ല[6].
- സന്യാസിനിസഭ ആരംഭിക്കുവാൻ അപേക്ഷ സമർപ്പിച്ചു. ആരംഭത്തിൽ അധികാരികൾ അനുവദിച്ചില്ല[7].
- കുഷ്ഠരോഗികൾക്കായി ഒരു സ്ഥാപനം ആരംഭിക്കുവാൻ ആഗ്രഹിച്ചു. രൂപതാധികാരികൾ അനുമതി നൽകിയില്ല[8].
- മെത്രാനാകാൻ മൂന്നുപ്രാവശ്യം നാമനിർദേശം വന്നു. എന്നാൽ സഹപ്രവർത്തകർക്ക് സമ്മതമുണ്ടായില്ല[9].

തിരസ്കൃതനാക്കപ്പെട്ടതിനെപ്പറ്റി ഊക്കനച്ചന് പരിഭവമോ പരാതിയോ ഉണ്ടായിരുന്നില്ല. സെമിനാരി പരിശീലന കാലഘട്ടത്തിൽത്തന്നെ അഷ്ടസൗഭാഗ്യങ്ങൾ അദ്ദേഹം പലവട്ടം ധ്യാനിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്[10]. ഇത് ഒഴുക്കിനെതിരെയുള്ളൊരു പ്രയാണമാണെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു[11]. പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു നിറഞ്ഞാൽ മാത്രമെ അവ പരിശീലിക്കാനാകൂ എന്ന വ്യക്തമായ ബോധ്യവും അദ്ദേഹത്തിനു ലഭിച്ചിരുന്നു[12]. കൃപകൊണ്ടു നിറയുവാൻ മാനുഷികമായ ദുർബലതകളിൽ നിന്നും സ്വഭാവ വികലതകളിൽ നിന്നും സ്വതന്ത്രനാകണമെന്ന ആത്മീയ ജ്ഞാനം[13] അദ്ദേഹത്തിനു ലഭിച്ചിരുന്നു.

അതിനുള്ള നിരന്തരവും സ്ഥായിയുമായ ആത്മീയപോരാട്ടം നടത്തിയിരുന്നതായി ഡയറി വ്യക്തമാക്കുന്നു[14]. ഇതിനായി പരിത്യാഗങ്ങളും പ്രായശ്ചിത്ത പ്രവൃത്തികളും ചെയ്തിരുന്നതായും കാണാം[15]. പുരോഹിതനാകുവാനുള്ള വിളി നൽകിയ ദൈവം തന്നിൽ നിന്നും ആവശ്യപ്പെടുന്നത് വിശുദ്ധി ആണെന്നും ഉന്നതമായ വിശുദ്ധിയാണ് ആർജിച്ചെടുക്കേണ്ടതെന്നുമുള്ള ഉൾവെട്ടവും അദ്ദേഹത്തിന് ലഭിച്ചിരുന്നു[16]. അതുകൊണ്ട് ദൈവത്തോടും ദൈവവചനത്തോടും വിശ്വസ്തനായി ആത്മദാനത്തിലൂടെ യഥാർഥ ആനന്ദം ലഭിക്കുന്നതിനുള്ള ചവിട്ടുപടികളായി, ദൈവതിരുമുമ്പിൽ എളിമയോടെ വ്യാപരിക്കുന്നതിനുള്ള അവസരങ്ങളായി[17] ഈ തിരസ്കരണങ്ങളെ അദ്ദേഹം കണ്ടു. 1932-ലെ പൗരോഹിത്യ ജൂബിലി വേളയിൽ ഇവയെല്ലാം ഓർത്ത് ദിവ്യകാരുണ്യ സന്നിധിയിൽ നന്ദി പറഞ്ഞ് ആനന്ദാശ്രുക്കൾ പൊഴിക്കുവാൻ മാത്രമെ അദ്ദേഹത്തിന് സാധിച്ചിരുന്നുള്ളു. എന്റെ ശൈശവദശയിൽ മാതാപിതാക്കൾ വിടപറഞ്ഞപ്പോൾ ഞാൻ ഈ ലോകമഹാസാഗരത്തിൽ നിരാലംബനായിത്തീർന്നു. എന്നാൽ അങ്ങ് എന്നെ സ്വീകരിച്ചു... എന്റെ വിദ്യാഭ്യാസം, സെമിനാരി പ്രവേശനം, അവിടത്തെ സന്തോഷപ്രദമായ ജീവിതം, പൗരോഹിത്യം, രൂപതയിലെ എണ്ണപ്പെടേണ്ട ഉയർന്ന ജോലികൾ, ഇപ്പോഴും ബഹുമാനിക്കപ്പെടുന്ന അവസ്ഥ, ജൂബിലി യാഘോഷങ്ങൾ... ഇതിനു പകരമായി ഞാൻ അവിടുത്തേക്ക് എന്തു നൽകും. എന്റെ ആത്മാവേ കർത്താവിനെ പ്രകീർത്തിക്കുക...[18]

## Episcopal Candidate

എറണാകുളം വികാരിയാത്തിലെന്നപോലെ തൃശ്ശൂർ വികാരിയാത്തിലും മെത്രാനച്ചന് സഹായിയായി ഒരു മെത്രാനെ നിയമിക്കണമെന്ന ആവശ്യം 1915-ൽ ഉയർന്നു. നിർദേശിക്കപ്പെട്ട ഒരേയൊരു പേര് ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റേതായിരുന്നു. കാന്റിയിൽ താമസിച്ചിരുന്ന അന്നത്തെ അപ്പസ്തോലിക് ഡലഗേറ്റ് സെലസ്കി വഴി തൃശ്ശൂർ വികാരിയാത്തിൽ നിന്നും റോമിലേക്ക് പരിശുദ്ധ പിതാവിനയച്ച എഴുത്ത് വായിക്കുന്നതിങ്ങനെ: വർധിച്ചുവരുന്ന പ്രായവും ഓഫീസ് ജോലികളുടെ ഭാരവും മൂലം പിൻതുടർച്ചാവകാശമുള്ള ഒരു സഹായിയെ ഈ ജോലികൾ നിർവഹിക്കുവാൻ നിയമിക്കണമെന്ന് പരിശുദ്ധ സിംഹാസനത്തോടപേക്ഷിക്കുവാൻ വികാരി അപ്പസ്തോലിക്ക ഡോ. ജോൺ മേനാച്ചേരിക്ക് പ്രേരണ നൽകുന്നു. ഇതിന് ഏറ്റവും അനുയോജ്യനായ വ്യക്തിയായി പിതാവ് നിർദേശിക്കുന്ന പേര് ഫാ. ജോൺ ഊക്കന്റേതാണ്[19]. അദ്ദേഹത്തെ അനുകൂലിക്കാതെ അയച്ച കത്തിൽ പറയുന്നതിങ്ങനെ: ഒരു





പള്ളിയിൽപോലും വികാരിയാകാത്ത ചെറുപ്പം വൈദികനെ എന്തു കൊണ്ട് തെരഞ്ഞെടുക്കുന്നുവെന്ന് മനസിലാകുന്നില്ല[20] എന്നാണ്. അന്ന് ഊക്കനച്ചന് വയസ് 35. അദ്ദേഹം മൈനർ സെമിനാരി റെക്ടറും മെത്രാനച്ചന്റെ സെക്രട്ടറിയുമായിരുന്നു.

ബിഷപ് ജോൺ മേനാച്ചേരിയുടെ കാലശേഷം പുതിയൊരു മെത്രാനെ നിയമിക്കുന്ന പാനലിൽ ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ പേര് ഉണ്ടായിരുന്നു[21]. അദ്ദേഹത്തെ അനുകൂലിക്കാതിരുന്നവർ ചൂണ്ടിക്കാണിച്ചത് ഊക്കനച്ചൻ ഒരു അനാഥനാണ്[22] എന്നായിരുന്നു.

അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ മാതാപിതാക്കൾ വിടപറഞ്ഞതു കൊണ്ട് അദ്ദേഹം അനാഥനായതാണ്. സെമിനാരി പരിശീലനകാല ഘട്ടത്തിൽ സ്വയം അനാഥനാണെന്നും പരിശുദ്ധ അമ്മയുടെ പുത്രനാണെന്നും അമ്മയുടെ പുണ്യങ്ങൾ ജീവിതത്തിൽ പകർത്തണമെന്നും ഊക്കനച്ചൻ പറഞ്ഞുവയ്ക്കുന്നു. മാർ ഫ്രാൻസിസ് വാഴപ്പിള്ളിയുടെ പിൻഗാമിയെ കണ്ടെത്തുന്നതിനുള്ള പാനലിലും ഫാ. അഗസ്റ്റിൻ ജോൺ ഊക്കന്റെ പേരുണ്ടായിരുന്നു[23]. തൃശ്ശൂരും പരിസരത്തുനിന്നുമല്ലാത്ത ഏക പേര് അദ്ദേഹത്തിന്റേതായിരുന്നു. അന്ന് അദ്ദേഹം രൂപതയുടെ മിഷൻപ്രദേശമായ കുന്ദംകുളത്തായിരുന്നു.

ഒരു നല്ല വൈദികൻ എന്ന പേര് ആജീവനാന്തം അദ്ദേഹം കാത്തു സൂക്ഷിച്ചു. തപോനിഷ്ഠമായ ആദ്ധ്യാത്മിക ജീവിതശൈലിക്ക് മങ്ങലേറ്റില്ല. വിശുദ്ധിയുടെ മകുടമണിഞ്ഞ ജീവിതങ്ങളുടെയൊക്കെ പിന്നാമ്പുറങ്ങളിൽ ഒരു അഗ്നിസ്നാനത്തിന്റെ കഥയുണ്ട്.

## എതിർത്തവർക്ക് അനുഗ്രഹം

വലിപ്പ ചെറുപ്പ ഭേദമെന്യെ, ദരിദ്ര സമ്പന്ന വ്യത്യാസമില്ലാതെ എല്ലാവർക്കും നീതി ലഭ്യമാക്കണമെന്നത് ഊക്കനച്ചന്റെ ശമിക്കാത്ത ദാഹമായിരുന്നു. ഇതുമൂലമുണ്ടായ വിമർശനങ്ങൾ അദ്ദേഹത്തെ ഒരിക്കലും അധീരനാക്കിയില്ല. അച്ചായിയുടെ മൃതസംസ്കാര ശുശ്രൂഷയുമായി ബന്ധപ്പെട്ടു നടന്ന പ്രശ്നം ഇതിന് നല്ലൊരു തെളിവാണ്.

ചൊവ്വന്നൂർ കത്തോലിക്കാ ദേവാലയത്തിന് രണ്ട് ഗേറ്റുകളുണ്ട്. ഒന്ന് പടിഞ്ഞാറു വശത്ത് മറ്റൊന്ന് തെക്കുവശത്ത്. ഇയ്യാൽ, മരത്തംകോട്, കിടങ്ങൂർ, പന്തല്ലൂർ എന്നീ ഗ്രാമങ്ങളിലും ചൊവ്വന്നൂരിന്റെ തെക്കുവശത്തും ആരെങ്കിലും മരിച്ചാൽ മൃതദേഹം വഹിച്ചു കൊണ്ടുള്ള വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കേണ്ടത് തെക്കുവശത്തെ ഗേറ്റിൽക്കൂടിയും പോർക്കുളം, അയ്യംപറമ്പ് എന്നീ

സ്ഥലങ്ങളിലും ചൊവ്വന്നൂരിന്റെ വടക്കുവശത്തും ആരെങ്കിലും മരിച്ചാൽ വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കേണ്ടത് പടിഞ്ഞാറുവശത്തെ ഗേറ്റിൽക്കൂടിയും ആയിരുന്നു. ഇത് പള്ളിയോ ഗതീരുമാനമാണ്. വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയോഗം തീരുമാനിക്കുന്നത് ഇടവകയിൽ നടപ്പാക്കുന്നു. ഇടവക ജനങ്ങൾ ഇവ അനുസരിക്കേണ്ടതുമാണ്. മറിച്ച് ശക്തരായ ഒന്നോ രണ്ടോ പേരുടെ ആഗ്രഹങ്ങൾക്ക് വികാരി അച്ചൻ വിധേയപ്പെട്ടാൽ ഇടവകയുടെ സുഗമമായ നടത്തിപ്പിന് ബുദ്ധിമുട്ടുളവാകും. മാത്രമല്ല സാധാരണ ജനത്തിന് നീതി ലഭിക്കുകയുമില്ല.

മണലിൽ ചേറു കൊച്ചപ്പൻ പ്രസ്തുത യോഗതീരുമാനത്തിൽ അസന്തുഷ്ടനായിരുന്നു. ഈ യോഗതീരുമാനം അനുസരിക്കുക യില്ലെന്നും പ്രായമായ തന്റെ അമ്മൂമ്മ മരിച്ചാൽ ഒരു വൈദികന്റെ സാന്നിധ്യമില്ലെങ്കിൽപോലും പടിഞ്ഞാറുവശത്തെ ഗേറ്റിൽക്കൂടി വിലാപയാത്ര ദേവാലയാങ്കണത്തിൽ പ്രവേശിക്കുമെന്നും പരസ്യമായി പറഞ്ഞു. 1951 ആഗസ്റ്റ് 7-ാം തീയതി ചേറു കൊച്ചപ്പന്റെ അമ്മൂമ്മ അച്ചായി മൃതിയടഞ്ഞു. കൊച്ചപ്പന്റെ മുതിർന്ന ബന്ധുക്കൾ അരു തായ്മകൾ ചെയ്യരുതെന്ന് ഉപദേശിച്ചെങ്കിലും അനുസരിച്ചില്ല[24]. വികാരി എന്ന നിലയിൽ ഊക്കനച്ചന് ശക്തമായ തീരുമാനമെടു ക്കേണ്ടിവന്നെങ്കിലും ജനങ്ങൾക്ക് അത് വലിയൊരു പാഠമായിരു ന്നു. അച്ചായിയുടെ മകൻ മണലിൽ ചേറു പൊറിഞ്ചു ആലപ്പാട്ടു പിതാവിനെഴുതിയ അപേക്ഷയിൽ പറയുന്നു... വികാരി അച്ചനെ അനു സരിക്കാതിരുന്ന ചേറുക്കുട്ടിയെ നിയമാനുസൃതം ശിക്ഷിക്കണം[25].

പിന്നീട് വീട്ടിൽ തുടർച്ചയായുണ്ടായ രോഗങ്ങൾ തങ്ങളുടെ വികാരിയച്ചനെ അനുസരിക്കാതിരുന്നതുകൊണ്ടാണോ എന്നു സ്വന്തക്കാരുടെയും ബന്ധുക്കളുടെയുമിടയിൽ സംസാരമുണ്ടായി. കൊച്ചപ്പന്റെ ഭാര്യ ആനിക്ക് കണ്ണിനു രോഗമായപ്പോൾ ഡോക്ടർമാർ ശസ്ത്രക്രിയ നിർദേശിച്ചു. എല്ലാ സജ്ജീകരണങ്ങളോടുംകൂടി ടെമ്പൊട്രാവലർ പുറപ്പെടുന്നതിനു മുമ്പ് ആനി ഊക്കനച്ചന്റെ കബറിടത്തിൽ ചെന്ന് പ്രാർഥിച്ചു: ഊക്കനച്ചാ, ഞങ്ങളുടെ കുടുംബത്തോട് ക്ഷമിച്ചു എന്നതിന് അടയാളമായി ശസ്ത്രക്രിയ കൂടാതെ എനിക്കു തിരിച്ചുവരാനാകണം. ആശുപത്രിയിൽ ചെന്ന് ശസ്ത്രക്രിയക്കായി ഓപ്പറേഷൻ തിയറ്ററിൽ പ്രവേശിപ്പിച്ച ആനിയെ ടെസ്റ്റുകൾ നടത്തിയശേഷം ശസ്ത്രക്രിയ ആവശ്യമില്ലെന്നു പറഞ്ഞ് തിരിച്ചുവിട്ടു. ഈ സുഖപ്രാപ്തി ഊക്കനച്ചന്റെ മാധ്യസ്ഥ്യം മൂലമാ ണെന്ന് ആനിയും കുടുംബവും വിശ്വസിക്കുന്നു. പ്രാർഥനാമുറിയിൽ ഈശോയുടെ തിരുഹൃദയത്തിനു താഴെ ഊക്കനച്ചന്റെ ഫോട്ടോ അലങ്കരിച്ചുവച്ച് അവർ മാധ്യസ്ഥ്യം യാചിക്കുന്നു[26].

എതിർത്തവരോടും പരിഹസിച്ചവരോടും കുറ്റമാരോപിച്ചവരോടും സത്പേരു നശിപ്പിക്കുവാൻ പരിശ്രമിച്ചവരോടും നിരുപാധികം ക്ഷമിച്ച് അനുഗ്രഹം വർഷിക്കുന്ന വലിയ കാരുണ്യം.

**അടിക്കുറിപ്പുകൾ**

1. Souvenir Adaranjalikal, p.7
2. Souvenir Adaranjalikal, p.8
3. Kizhakkutte Francis Vaidiar, Chiralayam
4. Archives of Parappur St. Johns L.P. School, Admission Register, vol.I, pp. 3-4
5. Souvenir Adaranjalikal, p. 38
6. A.Kol.MB.CSC.G., Resolutions., vol.II, f. 28
7. Souvenir Adaranjalikal, p. 39
8. A.Kol.MB.CSC.G., OT., f. 9, Sr Berchumens, CSS
9. Archivio della Congregatione per le Chiese Orientali, Delegazione Indiana. Soriani del Malabar 1902-1921, Protocol No. 36545
10. A.Kol.MB.CSC.G., LMMR., vol.II, f. 2
11. A.Kol.MB.CSC.G., LMMR., vol.II, f. 4
12. A.Kol.MB.CSC.G., LMMR., vol.I, f. 149
13. A.Kol.MB.CSC.G., Resolutions., vol.II, ff. 10,11
14. A.Kol.MB.CSC.G., Resolutions., vol.II, f. 48
15. A.Kol.MB.CSC.G., Resolutions., vol.II, f. 26
16. A.Kol.MB.CSC.G., Resolutions., vol.II, f. 23
17. A.Kol.MB.CSC.G., Resolutions., vol.II, f. 65
18. A.Kol.MB.CSC.G., Resolutions., vol.II, f. 61
19. ACCO, DISM 1902-1921, Protocol No. 36545, Petition without date from Trichur to the Holy Father sent through Zaleski which was transmitted to Rome from Kandy on 2 April 1915.
20. ACCO, DISM 1902-1921, Protocol No. 36545
21. ACCO, DISM 1902-1921, Protocol No. 5060, Ladislao Zaleski, Patriarch of Antioch to the cardinal Prefect of the Congregation on 16 January 1921, f.2
22. ACCO, DISM 1902-1921, Protocol No. 5073, Report of Mar Augustine Kandathil, Vicar Apostolic of Ernakulam, dated 22 December 1920
23. ACCO, Scritture Riferite Malabaresi, Trichur 433/42, Apostolic Delegation, Allegato al rapporto N. 17495/43, Candidati proposti.
24. A.Tri.A., C-21-1951-7,7a, Fr Augustine John Ukken to Bp. G.Alappatt on 3 Sept. 1951
25. A.Tri.A., C-21-1951-6,6a, Manalil Cheru Porinchu to Bp. G.Alappat of Trichur on 28 Aug; 1951
26. A.Kol.MB.CSC.G., OT., ff. 5-6, Mrs. Annie Kochappan

## കാത്തിരിപ്പിന്റെ ആത്മീയത

സുവിശേഷ ഭാഗ്യങ്ങൾ മനനം ചെയ്യുമ്പോൾ ലഭിക്കുന്ന ഒരു വെളിപ്പെടുത്തലുണ്ട്- കാത്തിരിക്കണം ദൈവതിരുമനസ്സറിയാൻ. ജീവിതത്തിലെ അനുഭവങ്ങളുടെയും സാഹചര്യങ്ങളുടെയും പൊരുളറിയാൻ ദീർഘനാൾ ക്ഷമയോടെ ക്രൂശിത സന്നിധിയിലായിരിക്കണം. ഊക്കനച്ചന്റെ ജീവിതവും ദർശനങ്ങളും ഈ സത്യം വിളിച്ചോതുന്നുണ്ട്.

1930 നവംബർ 21-ാം തീയതി ചൊവ്വന്നൂരിൽ വിധവകൾക്കായി ഒരു ഭക്തസംഘടന ഊക്കനച്ചൻ ആരംഭിച്ചു[1]. ഇവരെ പരിശീലിപ്പിച്ചെടുത്താൽ ഒരു പുതിയ സന്യാസിനി സമൂഹം ആരംഭിക്കാനാകുമെന്ന തിരിച്ചറിവിൽ അന്നത്തെ രൂപതാധ്യക്ഷൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളിക്ക് അപേക്ഷ സമർപ്പിച്ചു[2]. അദ്ദേഹം ആ ആവശ്യം നിരസിക്കുകയും ഒരു ഭക്തസംഘടനയായി തുടർന്നാൽ മതിയെന്ന് നിർദേശിക്കുകയും ചെയ്തു[3]. ശാന്തതയോടും പ്രത്യാശയോടും കൂടി അദ്ദേഹം ദിവ്യകാരുണ്യസന്നിധിയിൽ കാത്തിരുന്നു, താഴ്മയോടെ ക്രൂശിതനിൽ ആശ്രയിച്ചു. മാർ ഫ്രാൻസിസ് വാഴപ്പിള്ളിയുടെ പിൻഗാമിയും ഊക്കനച്ചന്റെ ശിഷ്യനുമായ മാർ ജോർജ് ആലപ്പാട്ട് തിരുമേനി 1944 നവംബർ 13-ാം തീയതി സഭ ആരംഭിക്കുവാൻ അനുവാദം നൽകി[4]. ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന് നന്ദിയായി ഊക്കനച്ചൻ രാത്രി മുഴുവൻ ജാഗരണ ആരാധന നടത്തി[5]. ദൈവത്തിന്റെ സമയത്തിനും ഇടപെടലിനുമായി ദിവ്യകാരുണ്യസന്നിധിയിൽ ക്ഷമയോടും വലിയ പ്രതീക്ഷയോടുംകൂടി കാത്തിരിക്കണമെന്നും നന്ദിനിറഞ്ഞ ജീവിതം നയിക്കണമെന്നും അദ്ദേഹം പ്രബോധനം നൽകി[6].

മുഴുവൻ സമയവും മിഷൻ പ്രവർത്തനത്തിൽ മുഴുകി ആത്മാക്കളെ രക്ഷിക്കണമെന്ന ഉൾപ്രേരണ വൈദികപരിശീലനത്തിലായിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിനു ലഭിച്ചു[7]. വീണ്ടും വീണ്ടും ധ്യാനിച്ചും പ്രാർഥിച്ചും അദ്ദേഹം ആത്മാവിന്റെ ഉൾവെട്ടം സ്വീകരിച്ചു. സീറോമലബാർ സഭയ്ക്ക് അനുവദനീയമായ രീതിയിൽ മിഷൻ പ്രവർത്തനം നടത്തുവാനുള്ള മാർഗങ്ങൾ ശെമ്മാശനായിരിക്കുമ്പോൾത്തന്നെ 1904-ൽ കണ്ടെത്തി[8]. പക്ഷെ നീണ്ടവർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. വെളിപ്പെടുത്തലുകൾക്കായി തിരുസന്നിധിയിൽ തപസിരുന്നു. 1928-ൽ[9] അവസരം ലഭിച്ചപ്പോൾ ആത്മാക്കളുടെ രക്ഷക്കായി അക്ഷീണം യത്നിച്ച് അലഞ്ഞുനടന്നു[10].





ഇടവേളയിൽ അഭിമുഖീകരിക്കേണ്ടിവന്ന എല്ലാസാഹചര്യങ്ങളും അനുഭവങ്ങളും എളിയ ശുശ്രൂഷക്കും മഹോന്നതമായ വിശുദ്ധിക്കുമായി ദൈവം ഒരുക്കുന്ന വലിയ അവസരങ്ങളായി കണ്ടു. അവനെ കാണാതിരിക്കുമ്പോഴും പ്രതീക്ഷയുടെ കിരണങ്ങളോടെ കാത്തിരിക്കണമെന്ന്[11] ജീവിതംകൊണ്ട് പഠിപ്പിച്ചു.

## ആത്മീയപോരാട്ടവും ജാഗ്രതയും

ആത്മീയ ജീവിതം നിരന്തരമായ ഒരു പോരാട്ടമാണ്; ഒഴുക്കിനെതിരെയുള്ള നീന്തലാണ്. ലോകം, ലൗകികമനസ്ഥിതി എന്നിവക്കെതിരെയും മാനുഷിക ബലഹീനതകൾ, പ്രവണതകൾ എന്നിവക്കെതിരെയും പോരാടണം. തിന്മകൾക്കെതിരെയുള്ള നിരന്തരമായ കഠിന പ്രയത്നമാണിത്. സദാ ജാഗ്രതയും വിശ്വസ്തതയും ഇതിന് ആവശ്യമാണ്.

ഊക്കനച്ചൻ ആത്മീയ ജീവിതത്തിൽ സദാ ജാഗ്രത പുലർത്തിയിരുന്നതായി കാണാം. തന്റെ മാതൃകകളായ ഈശോയും പരിശുദ്ധ അമ്മയുമായും താരതമ്യം നടത്തി വിലയിരുത്തി അപൂർണതകൾ കണ്ടെത്തി, എഴുതി, സമയബന്ധിതമായി തിരുത്തി പരിത്യാഗവും പ്രായശ്ചിത്തവുമനുഷ്ഠിച്ച് വിശുദ്ധിയിൽ വളരുവാൻ സ്ഥിരവും സ്ഥായിയുമായി പ്രയത്നിക്കുന്ന ഒരു ആത്മാവിന്റെ തിളക്കം ഡയറി വ്യക്തമാക്കുന്നുണ്ട്. തിരുപ്പട്ടം സ്വീകരിച്ച് ആറാമത്തെ വർഷം 1913-ൽ അദ്ദേഹം തന്റെ ആത്മീയ ജീവിതം വിലയിരുത്തി തീരുമാനമെടുക്കുന്നു: ഓരോദിവസവും എന്നെ പൂർണമായും ദൈവത്തിനു സമർപ്പിച്ചുകൊണ്ടും ആത്മാക്കളുടെ രക്ഷയ്ക്കായി എപ്പോഴും പ്രവർത്തിച്ചുകൊണ്ടും ക്രിസ്തുവിനെപ്പോലെയാകണം. അതിനേക്കാൾ താഴ്ന്ന പടിയിലുള്ള പരിപൂർണത പുരോഹിതനായ എനിക്കു യോജിച്ചതല്ല[12].

1922 സെപ്തംബറിൽ അദ്ദേഹം തീരുമാനമെടുക്കുന്നു : അതീവപരിചയം പാപത്തിനുള്ള ഒരവസരമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങളിലാശ്രയിച്ചുകൊണ്ട് ഞാൻ അവ ഉപേക്ഷിക്കണം. അനുശാസന നടപടികൾക്കായി മൂന്നു മാസമെടുക്കണം. വിശേഷ ദിവസങ്ങളൊഴിച്ചുള്ള എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും 15 മിനിറ്റു സമയം മുള്ളരഞ്ഞാണം ധരിക്കണം[13]. സാധിക്കുമ്പോഴെല്ലാം വാതിലടച്ച് മുട്ടുകുത്തിനിന്നുകൊണ്ട് സായാഹ്നപ്രാർഥന ചൊല്ലണം[14]. വീണ്ടും അദ്ദേഹം

കുറിച്ചുവയ്ക്കുന്നു: ദൈവത്തെ അനുഭവിക്കുന്നതിനായി, അവിടുത്തെ സ്നേഹവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി വേണ്ടിവന്നാൽ എല്ലാം ഉപേക്ഷിക്കണം. അനുദിനം കുരിശിന്റെ വഴി കൂടുതൽ ഭക്തിയോടുകൂടി നടത്തണം. മധ്യാഹ്നത്തിൽ നടത്തുന്ന പരി. കുർബാന സന്ദർശനം ഭയഭക്തിയോടുകൂടി നടത്തുകയും നമ്മുടെ കർത്താവിന്റെ പീഡാസഹനം ധ്യാനിക്കുകയും വേണം[15].

ജീവിതത്തെ മുഴുവൻ- സെമിനാരിപ്രവേശനത്തിനു മുമ്പ്, സെമിനാരി കാലഘട്ടം, പൗരോഹിത്യ ജീവിതം- 1932-ൽ ജൂബിലിയവസരത്തിൽ അദ്ദേഹം വിലയിരുത്തുന്നുണ്ട്. പാപത്തെ വ്രണത്തോടും വാതത്തോടും കുഷ്ഠത്തോടുമാണ് അദ്ദേഹം താരതമ്യപ്പെടുത്തുന്നത്. ആഴമായ പാപബോധത്തിൽ നിന്നും പശ്ചാത്താപത്തിൽ നിന്നും ഉത്ഭൂതമായ കണ്ണുനീരോടുകൂടിയാണ് ഈ ധ്യാനം നടത്തിയതെന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നു. കാരണം ദൈവത്തിന്റെ അനന്ത പരിശുദ്ധിയുമായി തുലനം ചെയ്യുമ്പോൾ താൻ ഒരു മഹാപാപിയാണെന്ന്, മഹാദ്രോഹിയാണെന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. തലമുതൽ കാൽപാദംവരെ വ്രണങ്ങൾ നിറഞ്ഞവൻ. പരിഹാരമനുഷ്ഠിക്കാതെ മരിക്കരുതേയെന്ന് ഞാൻ പ്രാർഥിച്ചു[16].

ധൂർത്ത പുത്രന്റെ ഉപമ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ധൂർത്ത പുത്രൻ എന്റെ യഥാർഥ പ്രതിഛായയാണ്. പിതാവായ ദൈവത്തിന്റെ കരുണയും ആർദ്രതയും അതിർവരമ്പുകളില്ലാത്തതാണ്. ഞാൻ നിത്യകാലത്തോളം ദൈവത്തിന്റെ കാരുണ്യം പ്രകീർത്തിക്കും[17].

വിശുദ്ധി ജന്മസിദ്ധമായി ലഭിക്കുന്ന ഒന്നല്ല, മറിച്ച് ആർജിച്ചെടുക്കേണ്ടതാണ്. സ്ഥിരമായ കഠിന പ്രയത്നത്തിലൂടെ അദ്ദേഹം വിശുദ്ധിയിൽ വളർന്നുകൊണ്ടിരുന്നു. ധ്യാനമനനങ്ങളിലൂടെ ആത്മീയതയിൽ വളരുവാനുള്ള ശക്തി സംഭരിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. അദ്ദേഹത്തിന്റെ പ്രാർഥന ഇപ്രകാരമായിരുന്നു: പിതാവായ ദൈവമേ, അങ്ങയുടെ തിരുമനസ്സ് എന്നിൽ നിറവേറട്ടെ. എന്നെപ്പറ്റിയുള്ള അങ്ങയുടെ പ്ലാനും പദ്ധതിയും അറിഞ്ഞ് അതിനനുസൃതമായി വിശ്വസ്തതയോടെ എന്റെ ഉത്തരവാദിത്വം നിർവഹിക്കട്ടെ. അങ്ങനെ ഞാൻവഴി അങ്ങ് കൂടുതൽ മഹത്വപ്പെടട്ടെ. പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്. ക്രിസ്തുവിന്റെ സുഗന്ധ പരിമളമാണ്. ഞാനും അപ്രകാരമായിരിക്കണം[18].

## അടിക്കുറിപ്പുകൾ

1. Souvenir Adaranjalikal, p.39; Msgr. Thomas Moothedan; Upavisabhayum Sthapakanum, p.18; OT., Sr Grace CSC
2. Souvenir Adaranjalikal, p.39; Msgr. Thomas Moothedan; Upavisabhayum Sthapakanum, p.19; OT., Sr Grace CSC; Sr Bridget CSC
3. Souvenir Adaranjalikal, p.39; Msgr. Thomas Moothedan; Upavisabhayum Sthapakanum, p.19; OT., Sr Grace CSC; Sr Bridget CSC
4. A.Kol.MB.CSC.G., ED 23
5. OT., Sr.Grace CSC, Sr Bridget CSC, Sr Hyacinth CMC
6. OT., Sr Bridget CSC
7. A.Kol.MB.CSC.G., LMMR., vol.I, f. 6
8. A.Kol.MB.CSC.G., LMMR., vol.II, f. 46; Resolutions., vol.II, f. 29
9. A.Mat.A.F.C.C., Chronicle, vol.I, pp. 56-57
10. A.Kol.MB.CSC.G., OT., f. 9 Mr. Augustine A.P; Alukkal, Chiralayam
11. A.Kol.MB.CSC.G., OT., ff. 48-49, Sr Seraphina CSC
12. A.Kol.MB.CSC.G., Resolutions., vol.II, f. 23
13. A.Kol.MB.CSC.G., Resolutions., vol.II, f. 26
14. A.Kol.MB.CSC.G., Resolutions., vol.II, f. 29
15. A.Kol.MB.CSC.G., Resolutions., vol.II, f. 31
16. A.Kol.MB.CSC.G., Resolutions., vol.II, f. 44
17. A.Kol.MB.CSC.G., Resolutions., vol.II, f. 47
18. A.Kol.MB.CSC.G., Resolutions., vol.II, ff. 21-22

## ജീവിതസംഘർഷങ്ങൾ

പ്രശ്നരഹിതമായ ഒരു ജീവിതമായിരുന്നില്ല ഊക്കനച്ചന്റേത്. പ്രശ്നങ്ങളും പ്രതിസന്ധികളും സംഘർഷങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽ കാർമേഘപടലങ്ങൾ പരത്തിയിട്ടുണ്ട്. എല്ലാം ശാന്തതയോടും സമചിത്തതയോടും പ്രസന്നതയോടുംകൂടി അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും സാധിച്ചു എന്നത് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു. ഈശോയോടും പരിശുദ്ധ അമ്മയോടും തുടർച്ചയായി നടത്തിയ സംഭാഷണങ്ങളും സ്വകാര്യത പങ്കുവക്കലും പ്രശ്നങ്ങളുടെ യഥാർഥ അവസ്ഥയിലേക്ക് ദിവ്യവെട്ടം വീശാൻ ഇടയാക്കി. പരിശുദ്ധാത്മാവുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെ വിപരീത സാഹചര്യങ്ങളെ ധീരതയോടും ശാന്തതയോടും കൂടി അഭിമുഖീകരിക്കുന്നതിനും വിവേകത്തോടും വിവേചനയോടുംകൂടി അതിജീവിക്കുന്നതിനും സാധിച്ചു. അതിലെല്ലാം ദൈവത്തിന്റെ കരുണയും കരുതലും തിരിച്ചറിഞ്ഞപ്പോൾ അനുഭവിച്ച ആന്തരികസന്തോഷം മുഖത്തും ചെയ്തികളിലും എപ്പോഴും പ്രകടമായിരുന്നു. ഇത് അദ്ദേഹത്തിന്റെ ദർശനങ്ങൾ തിളക്കമുള്ളതാക്കിമാറ്റി. മറ്റുള്ളവർക്ക് അത് ദൈവത്തിന്റെ ഇടപെടലായി അനുഭവപ്പെട്ടു.

മൂന്നാംക്ലാസിൽ പഠനം അവസാനിപ്പിക്കേണ്ടിവന്നപ്പോൾ പഠിക്കുവാൻ അദ്ദേഹത്തിന് കൊതിയായിരുന്നു; പുസ്തകങ്ങളോട് അദ്ദേഹത്തിന് ആർത്തിയായിരുന്നു. പുസ്തകം വാങ്ങാൻ കാശിനായി ബന്ധുജനങ്ങളെ സമീപിച്ചിട്ടുണ്ട്. കിട്ടിയ അഞ്ചണക്ക് പുസ്തകം വാങ്ങി നെഞ്ചോടുചേർത്തുവച്ചിട്ടുണ്ട്. മരണംവരെ അദ്ദേഹം അത് സൂക്ഷിച്ചിരുന്നു. വന്നവഴികൾ ഒരിക്കലും മറന്നില്ല[1]. നല്ല വസ്ത്രത്തിനും അദ്ദേഹം കൊതിച്ചിട്ടുണ്ട്[2]. ഈ ജീവിതാനുഭവങ്ങളെല്ലാം നല്ലതിനായിരുന്നുവെന്ന് പിൽക്കാലത്ത് അദ്ദേഹം തിരിച്ചറിയുന്നു. പരിശുദ്ധ അമ്മയാണ് തന്റെ അമ്മയെന്നും ഈശോയാണ് ഗുരു എന്നും ഡയറിയിൽ പലവട്ടം കുറിച്ചുവക്കുന്നു[3]. ഇവരുടെ സ്നേഹം ആഴത്തിൽ അനുഭവിച്ചറിയുവാനും അത് ആവശ്യത്തിലിരിക്കുന്നവർക്ക് പങ്കുവച്ചു നൽകുവാനുമുള്ള ഉൾക്കാഴ്ചകൾ ലഭിക്കുവാൻ നന്നേ ചെറുപ്പത്തിലുണ്ടായ അനുഭവങ്ങൾ നിമിത്തമായി ഭവിച്ചു എന്ന് അദ്ദേഹം പറയുന്നുണ്ട്[4]. പഠനം ഒരു തപസാണെന്നും പഠനത്തിൽ റ്റ്യൂട്ടർ പരിശുദ്ധ അമ്മയും അധ്യാപകൻ ഈശോയാണെന്നും അദ്ദേഹം സെമിനാരികാലഘട്ടത്തിൽ തീരുമാനിച്ച് അവരിലാശ്രയിക്കുന്നു[5].





വൈദിക പരിശീലനത്തിനായി കാന്റി സെമിനാരിയിലേക്കു പോകുമ്പോൾ പിതൃസ്വത്തായി പറപ്പൂർ ചാലക്കൽ ലഭിച്ച സ്ഥലവും പാടവും അദ്ദേഹം വിറ്റു[6]. പറപ്പൂർ തന്റെ പേരിൽ സ്വന്തമായൊരു സ്ഥലമുണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. വൈദികനായ ശേഷം 1929-ൽ പറപ്പൂർ ചാലക്കൽ അദ്ദേഹം കുറച്ചു സ്ഥലം വാങ്ങി[7]. എന്നാൽ പിന്നീട് സുവിശേഷ ദാരിദ്ര്യം ധ്യാനിച്ചപ്പോൾ തന്റെ മാതൃകയായ ഈശോയുടെ പൂർണതയിലേക്കെത്തുവാൻ ഈ സ്ഥലം ഒരു തടസമാണെന്ന തിരിച്ചറിവിൽ 1942-ൽ അത് വിറ്റു. പണം ദാരിദ്ര്യാവസ്ഥയിലായിരുന്ന ചൊവ്വന്നൂർ പള്ളിയുടെ നടത്തിപ്പിനായി നൽകുകയും ചെയ്തു[8].

തിരുപ്പട്ട സ്വീകരണത്തിന് ഒരുമാസം മുമ്പ് 1907 നവംബർ 3-ാം തീയതി തന്റെ ദാരിദ്ര്യാവസ്ഥയോർത്ത് ഊക്കനച്ചൻ വേദനിച്ചു. യാത്രക്കനുയോജ്യമായ വസ്ത്രങ്ങളോ മറ്റ് അവശ്യ വസ്തുക്കളോ ഇല്ല. ദരിദ്രനായ അനാഥൻ. എന്നാൽ നാളിതുവരെയും തന്നെ സംരക്ഷിച്ചുകൊണ്ടുവന്ന യേശു എല്ലാക്കാര്യവും നോക്കിക്കൊള്ളും എന്ന വിശ്വാസം അദ്ദേഹം വീണ്ടെടുത്തു. വർഷങ്ങൾക്കു മുമ്പ് തന്റെ പിതാവും ഗുരുവും മാതൃകയുമായി യേശുവിനെ സ്വീകരിച്ചതാണല്ലൊ. ജോൺ തന്റെ ബലഹീനതയോർത്ത് മനസ്തപിച്ചു. ദൈവപരിപാലനയിൽ ദൃഢമായി വിശ്വസിച്ചു. ജോൺ ആ രംഗം വിവരിക്കുന്നതിങ്ങനെ: എന്റെ ദാരിദ്ര്യവും യാത്രക്കുള്ള വസ്ത്രങ്ങളും മറ്റ് അവശ്യവസ്തുക്കളും വാങ്ങുവാനുള്ള കഴിവുകേടും ഓർത്തു ഞാൻ വളരെയധികം ദുഃഖിച്ചു. എന്നാൽ ഇന്ന് എന്റെ സ്വർഗീയ പിതാവിന്റെ കരങ്ങളിൽ എന്നെ പൂർണമായും ഞാൻ സമർപ്പിച്ചു. അവിടുന്ന് എന്റെ കാര്യം നോക്കിക്കൊള്ളും. ഞാൻ ദീർഘസമയം പ്രാർഥിക്കുകയും മനസ്താപപ്രകരണങ്ങൾ ചൊല്ലുകയും ചെയ്തു. കഷ്ടം! ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രവർത്തിച്ചു. ലജ്ജ തോന്നുന്നു. അങ്ങയെ പ്രീതിപ്പെടുത്തുന്നതിനായി ഞാൻ എന്തുചെയ്യണമെന്ന് എന്റെ ദൈവമേ എനിക്കു കാണിച്ചു തരണമെ. അങ്ങ് ഒരുക്കിക്കൊണ്ടിരിക്കുന്ന ജോലിയിലേക്ക് എന്നെ നയിക്കണമെ. അങ്ങനെ പാപം നിർമാർജനം ചെയ്തുകൊണ്ടു മരിക്കുവാൻ ഞാൻ അഭിലഷിക്കുന്നു. ഞാൻ ജീവിക്കുന്നെങ്കിൽ അങ്ങയുടെ മഹത്വത്തിനായി മാത്രം, അങ്ങയുടെ തിരുമനസ്സ് നിറവേറ്റുന്നതിനായി മാത്രം ആയിരിക്കട്ടെ. എന്റെ ഗുരുവായ യേശുവെ, അമ്മേ, എന്നെ സഹായിക്കണമെ[9].

സെന്റ് തോമസ് കോളേജിലെ ജീവിതവുമായി പൊരുത്തപ്പെട്ടുപോകുവാൻ അദ്ദേഹം വിഷമിച്ചു. അധികാരിയുമായി അഭിപ്രായവ്യത്യാസമുണ്ടാവുകയും ചെയ്തു. വാർഷിക ധ്യാനത്തിനുശേഷം അദ്ദേഹം കുറിച്ചുവക്കുന്നു: എന്റെ വീക്ഷണങ്ങൾ അധികാരിയുടേതുമായി യോജിപ്പിച്ചുകൊണ്ടുപോകുവാൻ ബുദ്ധിമുട്ടുതോന്നുന്നു. എന്തുവിലകൊടുക്കേണ്ടിവന്നാലും ഞാൻ അവ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകണം. അധികാരി ദൈവത്തിന്റെ സ്ഥാനമാണ് വഹിക്കുന്നത്. ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് തീരുമാനമെടുക്കേണ്ടത് അധികാരി മാത്രമാണ്. അദ്ദേഹം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു[10].

സെന്റ് തോമസ് കോളേജിന്റെ മാനേജരും പ്രൊഫസറുമായിരിക്കെ മറ്റു രൂപതാ വൈദികരെയപേക്ഷിച്ച് അഞ്ചോ ആറോ ഇരട്ടി അലവൻസ് ലഭിക്കുമ്പോഴും പൗരോഹിത്യ ദൈവവിളിയുടെ ആത്മസംതൃപ്തി അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. ഒരു ആത്മീയ സംഘർഷം അദ്ദേഹത്തെ വേട്ടയാടി. 1922-1925 കാലഘട്ടത്തിൽ തീക്ഷ്ണതയുള്ള ഒരു മിഷണറിയായിത്തീരുവാൻ മനസ്സിനെ അദ്ദേഹം ഒരുക്കി. അന്ന് പ്രായം 42 വയസ്. ആവശ്യത്തിനു സമയമെടുത്ത് പക്വമായ ഒരു പ്രതിജ്ഞയെടുക്കുന്നു: നമ്മുടെ രൂപതാധ്യക്ഷന്റെ അനുമതിയോടുകൂടി ഞാൻ ഒരു സന്യാസ സമൂഹത്തിൽ പ്രവേശിക്കുകയോ, ഒരു എളിയ ജോലി സ്വീകരിക്കുകയോ ചെയ്യും. സന്യാസ വൈദികനാകുവാനുള്ള അനുമതി നിഷേധിക്കുകയാണെങ്കിൽ കുന്ദംകുളം സർക്കാർ ആശുപത്രിക്കടുത്ത് പ്രായമായവർക്കും രോഗികൾക്കുമായി ഒരു ഭവനം ആരംഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ ദിവ്യബലിയും മറ്റു ശുശ്രൂഷകളും സ്ഥിരമായി നടത്തുകയും വേണം. അങ്ങനെ മതാനുയായികളെ പാഷാണ്ഡകരിൽ നിന്നും സംരക്ഷിക്കണം[11].

കുഷ്ഠരോഗികൾക്കായി ഒരു സ്ഥാപനം ആരംഭിക്കുവാനുള്ള തന്റെ സ്വപ്നം അനുമതി നിഷേധിക്കപ്പെട്ടതിലൂടെ ശിഥിലീകരിക്കപ്പെട്ടപ്പോൾ അദ്ദേഹം അനുഭവിച്ച മാനസിക സംഘർഷം ഏറെയാണ്[12]. പിന്നീട് ഫാ.പോൾ ചിറ്റിലപ്പിള്ളി മുളയത്ത് കുഷ്ഠരോഗികൾക്കായി ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചപ്പോൾ ഫാ. ഊക്കന്റെ സഹായം തേടുന്നുണ്ട്. തന്റെ ഇല്ലായ്മയിൽ നിന്ന് 1953-ൽ മൂന്നു സിസ്റ്റേഴ്സിനെ ഈ ശുശ്രൂഷക്കായി വിട്ടുകൊടുത്തു. യാതൊരു വ്യവസ്ഥകളുമില്ലാതെ ശുശ്രൂഷ നടത്താമെന്നാണ് ആഗ്രഹിക്കുന്നതെന്ന്[13]

അദ്ദേഹമെഴുതി. ഊക്കനച്ചൻ രൂപതാ മെത്രാനെഴുതുന്നതും ശ്രദ്ധേയമാണ്: നമ്മുടെ കർത്താവീശോമിശിഹായോടുള്ള സ്നേഹത്തെ പ്രതി വലിയൊരു ജീവകാരുണ്യ പ്രവർത്തനത്തിനായി ഇത്രയും വലിയൊരു ത്യാഗം ചെയ്യുവാൻ രൂപത തയ്യാറാകുമ്പോൾ, സിസ്റ്റേഴ്സിനായി സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് ഉചിതമല്ല. അങ്ങ് നൽകുന്ന എല്ലാ നിർദേശങ്ങളും സിസ്റ്റേഴ്സ് അനുസരിക്കുന്നതാണ്[14]. നന്മ എവിടെ നിന്നായാലും അത് അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വളർത്തിയെടുക്കുവാനും വേണ്ടി പരിത്യാഗമനുഷ്ഠിക്കുവാനും അദ്ദേഹം തയ്യാറായിരുന്നു.

സന്യാസം യേശുവിനെ ഏറ്റവും അടുത്ത് അനുഗമിക്കലാണ്; ഗുരുവിനെപ്പോലെ പരിപൂർണനാകുവാനുള്ള ഒരു വിളിയാണത്. ഗുരുവിന്റെ ഗുണങ്ങൾ സന്യാസികൾ സ്വന്തമാക്കണം. ഈ പരിശീലനത്തിലൂടെ കടന്നുപോകുന്നവർ എല്ലാവരും സത്യസന്ധരായിരിക്കുമെന്നായിരുന്നു നിഷ്കളങ്കനായ ഊക്കനച്ചന്റെ ബോധ്യം. ഇതിനു വിരുദ്ധമായി മറ്റുള്ളവരെപ്പറ്റി അരുതായ്മകൾ പറഞ്ഞുകൊടുത്തപ്പോൾ സന്യാസ പരിശീലനത്തിന്റെ ഭാഗമായി അദ്ദേഹം ശാസിച്ചിട്ടുണ്ട്, ശിക്ഷണം നൽകിയിട്ടുമുണ്ട്. എന്നാൽ സത്യം വെളിപ്പെടുത്തപ്പെട്ടപ്പോൾ അടുത്തുചെന്ന് ക്ഷമായാചനം നടത്തുവാനുള്ള ഹൃദയ വിശാലതയും അദ്ദേഹത്തിനുണ്ടായിരുന്നു[15].

ആഗ്രഹിച്ച വിധത്തിലുള്ള പുണ്യപൂർണതയിലും പരിശീലനം നൽകിയ വിധത്തിൽ വിശുദ്ധിയിലും മക്കൾ വളർന്നുവരുന്നില്ലല്ലോ എന്നു കണ്ടപ്പോൾ ആ ഹൃദയം തേങ്ങി[16].

വളർത്തിക്കൊണ്ടുവന്ന മക്കൾ തന്നെ തെറ്റിദ്ധരിക്കുകയും സംശയിക്കുകയും ചെയ്തപ്പോൾ ആ മനസ് വിങ്ങി[17].

താൻ അനുഗ്രഹിച്ച് നിയമിച്ച സുപ്പീരിയറുടെ സംസ്കാരശൂന്യമായ പെരുമാറ്റം ഹൃദയത്തെ ഭേദിക്കുന്നതായിരുന്നു[18].

കോൺഗ്രിഗേഷൻ ആവശ്യപ്പെട്ടില്ലെങ്കിൽ ഇടവക പള്ളിയിൽ മൃതദേഹം സംസ്കരിക്കണമെന്ന് മരണ പത്രത്തിൽ എഴുതിച്ചേർത്തപ്പോൾ ആ മനസ് നീറിയിട്ടുണ്ടാകും[19].

അപ്പോഴും ആ കരുണാർദ്രഹൃദയന് തന്റെ മക്കളോട് വാത്സല്യത്തിൽ കുതിർന്ന വാക്കുകളേ പറയുവാനുണ്ടായിരുന്നുള്ളൂ:

ചെറിയോരജഗണമേ ഭയപ്പെടേണ്ടാ; ഇന്നത്തേക്കാളധികമായി സ്വർഗത്തിലിരുന്ന് ഞാൻ അനുഗ്രഹങ്ങൾ വർഷിക്കും[20].

ജീവിത സംഘർഷങ്ങളിൽ ഈശോയെ അള്ളിപ്പിടിച്ചും ആഞ്ഞു പുൽകിയും മുന്നോട്ടു നീങ്ങി. ജീവിതം ബലിപീഠം ചുറ്റി ആയിരുന്നു. അൾത്താരയോട് ഒട്ടിനിന്നു, കുരിശിൻ ചുവട്ടിൽ അമ്മ നിന്നതുപോലെ. ദൈവകൃപയാൽ നിറഞ്ഞും പൊതിഞ്ഞും ഇരിക്കുന്ന അവസ്ഥ. അപരനെ ഉണർത്താനുതകുന്ന ആത്മബലമുള്ള ഉണർത്തുപാട്ടിന്നുടമ.

**അടിക്കുറിപ്പുകൾ**

1. OT., Kizhakkutte Francis Vaidiar, Chiralayam
2. OT., Sr Thomaseena CSC; Sr Sebastina CSC
3. A.Kol.MB.CSC.G., LMMR., vol.I, f. 182.4, LMMR., vol.II, f. 49.2
4. A.Kol.MB.CSC.G.,Resolutions., vol.II, f. 61
5. A.Kol.MB.CSC.G.,Resolutions., vol.I, f. 15
6. Souvenir Adaranjalikal, p.9
7. A.Kol.MB.CSC.G., 93
8. A.Kol.MB.CSC.G., 94
9. A.Kol.MB.CSC.G., Resolutions., vol.II, f. 20
10. A.Kol.MB.CSC.G., Resolutions., vol.II, f. 26
11. A.Kol.MB.CSC.G., Resolutions., vol.II, ff. 28-29
12. A.Kol.MB.CSC.G., OT., f.9, Sr Berchumens CSS
13. A.Tri.A., 143-1953-1, 1a
14. A.Tri.A., 143-1954-2, A. J. Ukken 18-1-1954
15. OT., Sr Carmel CSC
16. OT., Sr Hyacinth CMC
17. OT., Sr Louisa CSC
18. OT., Sr Petronila CSC
19. OT., Sr Grace CSC
20. OT., Sr Bridget CSC, Sr Louisa CSC





## ആത്മീയതയിൽ നങ്കൂരമിട്ട ജീവിതം

ഊക്കനച്ചൻ ജീവിതത്തിലുടനീളം ആത്മാർഥതയുള്ള, വിശ്വസ്തതയുള്ള, സത്യസന്ധനായ, ആദരണീയനായ, തീക്ഷ്ണമതിയായ, വിശുദ്ധനായ ഒരു വ്യക്തിയായിരുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു[1]. ഈശോയോടും പരിശുദ്ധ അമ്മയോടും താരതമ്യം ചെയ്ത് തന്റെ അപൂർണതകൾ കണ്ടെത്തിയപ്പോഴെല്ലാം അനുതാപക്കണ്ണുനീർ വീഴ്ത്തി പ്രായശ്ചിത്തമനുഷ്ഠിച്ച് പരിഹാരം ചെയ്യുവാനുള്ള എളിമ അദ്ദേഹത്തിനുണ്ടായിരുന്നു[2]. അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ അടിസ്ഥാനങ്ങൾ ഡയറിയുടെ നാല് വാല്യങ്ങളും വ്യക്തമാക്കുന്നുണ്ട്: Lights from Meditations, Monthly Recollections etc. Vol.I, Vol.II, Resolutions Vol.I and Vol.II. ഇതിൽ ആദ്യത്തെ മൂന്നു വാല്യങ്ങളും നാലാമത്തേതിന്റെ ആദ്യഭാഗവും എഴുതിയത് 1902-1907 കാലഘട്ടത്തിലാണ്. അന്ന് അദ്ദേഹം കാന്റി സെമിനാരിയിലായിരുന്നു. Resolutions Vol.II-ന്റെ രണ്ടാംഭാഗം അദ്ദേഹം പുരോഹിതനായതിനുശേഷം എഴുതിയിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സെമിനാരി കാലഘട്ടത്തിലെ ധ്യാനചിന്തകളും പ്രതിജ്ഞകളും തന്റെ ആത്മീയജീവിതം കെട്ടിപ്പടുത്തുയർത്തുന്നതിൽ എപ്രകാരം സഹായിച്ചു എന്ന് വികാരിയായിരുന്ന ഇടവകകളിലെയും മഠങ്ങളിലെയും രേഖകൾ വ്യക്തമാക്കിത്തരുന്നു.

ജീവിതം നിത്യതയിലേക്കുള്ള ഒരു തീർഥയാത്രയാണെന്നും[3] അവിടെ അപ്പച്ചനും അമ്മച്ചിയും തന്നെ കാത്തിരിക്കുന്നുണ്ടെന്നും[4] അദ്ദേഹം വിശ്വസിച്ചു. അനുദിന ജീവിതത്തിലെ പരിത്യാഗങ്ങളും എളിമപ്പെടുത്തലുകളും സഹനവുമെല്ലാം നിത്യജീവിതത്തിലേക്കുള്ള സമ്പത്തായി അദ്ദേഹം കണ്ടു[5]. പരിശുദ്ധ അമ്മയിൽനിന്നും ഈ നന്മകളെല്ലാം അദ്ദേഹം പഠിച്ചു[6]. വിശുദ്ധ ജീവിതം നയിക്കുവാൻ അദ്ദേഹം പരിശുദ്ധ അമ്മയുടെ സഹായം തേടിയിരുന്നു, ഈശോയോട് അനുഗ്രഹം യാചിച്ചിരുന്നു[7]. 'എന്നെ ഒരു വിശുദ്ധനാക്കണമെ' എന്ന് അദ്ദേഹം നിരന്തരം പ്രാർഥിച്ചിരുന്നു[8].

വിശുദ്ധ ജീവിതം നയിക്കുവാൻ അദ്ദേഹം സിസ്റ്റേഴ്സിന് പ്രേരണ നൽകി. സാധാരണ പ്രവൃത്തികൾ അസാധാരണമായി ചെയ്യുന്നതാണ് വിശുദ്ധി[9] എന്ന് അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹം പഠിപ്പിച്ചതിങ്ങനെ: അനുദിന ജീവിതത്തിലെ എല്ലാ ജോലികളും നന്നായി ചെയ്യുക, നന്നായി പ്രാർഥിക്കുക, അനുതപിച്ച് പ്രായശ്ചിത്തമനുഷ്ഠിക്കുക, എളിമയും അനുസരണവും പരിശീലിക്കുക,

എല്ലാറ്റിലുമുപരിയായി ഈശോയെ സ്നേഹിക്കുക. ഇങ്ങനെ പുണ്യ പൂർണതയിലേക്കു വളരാം. മരണംവരെ ദൈവത്തിന്റെയും സഹോദരങ്ങളുടെയും മുമ്പിൽ പ്രസാദവരാവസ്ഥയിലുള്ള ജീവിതമാണിത്. പുണ്യപൂർണത ഒരു ദിവസംകൊണ്ട് ആർജിച്ചെടു ക്കാവുന്ന ഒന്നല്ല, അനുദിനം അതിനായി പരിശ്രമിക്കണം. ജീവിതം പുണ്യപൂർണതയിലേക്കുള്ള ഒരു തീർഥയാത്രയാണ്[10]. അദ്ദേഹത്തിന് പ്രധാനപ്പെട്ടത് നീണ്ട ജീവിതമല്ല, നല്ല ജീവിതമാണ്[11].

പരിശീലന കാലഘട്ടത്തിൽ പഠിച്ചതെല്ലാം പൗരോഹിത്യ ജീവി തത്തിൽ പ്രായോഗികമാക്കിയപ്പോൾ അനേകം കുടുംബങ്ങൾക്ക് അദ്ദേഹം രക്ഷകനായി മാറി[12]. എല്ലാവരും അദ്ദേഹത്തെ ബഹുമാ നിച്ചിരുന്നു[13]. ഊക്കനച്ചന്റെ സഹവികാരിയായിരുന്ന ഫാ. പോൾ ചാഴൂർ സാക്ഷ്യപ്പെടുത്തുന്നതിങ്ങനെ: നന്മ നിറഞ്ഞിരുന്ന, നന്മ പകർന്നുകൊടുക്കുവാൻ വെമ്പൽകൊണ്ടിരുന്ന, മറ്റുള്ളവരിൽ നന്മ മാത്രം കാണുവാൻ കഴിഞ്ഞിരുന്ന ഒരു ഔദാര്യഹൃദയൻ. എല്ലാവരുടെയും മനസ്സിൽ ഊക്കനച്ചന് വലിയസ്ഥാനമുണ്ടായിരുന്നു. ചെറിയവനോ, വലിയനോ എന്ന നോട്ടം അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ എല്ലാവരും വലിയവർതന്നെ. വിശുദ്ധനായ വലിയ അച്ചൻ[14].

ഊക്കനച്ചൻ പഠിപ്പിച്ചത് അദ്ദേഹം ജീവിച്ചു : ഈ ലോകത്തിലെ നമ്മുടെ ജീവിതം ഒരു തീർഥയാത്രയാണ്. നമ്മുടെ ലക്ഷ്യം സ്വർഗമാണ്[15].

അദ്ദേഹത്തിന്റെ ആഴമേറിയ ആത്മീയതക്ക് വ്യക്തമായ തെളിവ് റോമിൽ നിന്നുള്ള ഒരു കത്ത് നൽകുന്നുണ്ട്. വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ നിന്ന് റോമിലേക്കയച്ച ഒരു അപേക്ഷയിൽ ഇങ്ങനെ വായിക്കുന്നു: സെമിനാരി പരിശീലനത്തിനായി വിദേശത്തുനിന്നും വൈദികരെ വിട്ടുതരണം.

ഊക്കൻ യോഹന്നാൻ അച്ചനെപ്പോലെയുള്ളവർ അവിടെയു ണ്ടല്ലോ. അവരെ ഉപയോഗപ്പെടുത്തിയാൽ പോരെ. പിന്നെ എന്തിനാണ് വിദേശത്തുനിന്ന്... എന്നായിരുന്നു റോമിൽ നിന്നും ലഭിച്ച മറുപടി.

ആയിരുന്ന ഇടങ്ങളെയെല്ലാം സൗരഭ്യപൂർണമാക്കിയ ആഴമേറിയ ആത്മീയത.

## കലാപ്രേമി

ഊക്കനച്ചൻ നല്ലൊരു കലാസ്വാദകനും കലാപ്രേമിയും കലാ പ്രോത്സാഹകനുമായിരുന്നു. പ്രസംഗകലയിലും കവിതയിലും

അദ്ദേഹം നിപുണനായിരുന്നു[16]. ഇടവകകളിൽ ഗായകസംഘം രൂപീകരിക്കുവാനും സംഗീതോപകരണങ്ങൾ പരിശീലിപ്പിക്കുവാനും അദ്ദേഹം അതീവ ശ്രദ്ധചെലുത്തിയിരുന്നു[17]. ആശയങ്ങൾ ക്രോഡീകരിക്കുന്നതിലും ധ്യാനകലയിലും അദ്ദേഹം അദ്വിതീയനായിരുന്നുവെന്ന് ഡയറി വ്യക്തമാക്കുന്നു[18]. പ്രാർഥനകൾ എഴുതണമെന്ന്[19] പ്രതിജ്ഞയെടുത്ത അദ്ദേഹം നല്ലൊരു എഴുത്തുകാരനും മാധ്യമ സംസ്കാരം വളർത്തിയെടുക്കാൻ നടപടികൾ സ്വീകരിച്ചവനും[20] ആയിരുന്നു. വിവിധ കലകളിൽ തന്റെ മക്കൾ വളർന്നുവരണമെന്നാഗ്രഹിച്ച് പരിശീലനങ്ങളും പ്രോത്സാഹനങ്ങളും നൽകി[21]. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തുകൾ വികസിപ്പിച്ചെടുത്ത് ദൈവമഹത്വത്തിനും ദൈവജന സേവനത്തിനുമായി ഉപയോഗിച്ച് വിശുദ്ധിയിൽ വളർന്ന് ആത്മാക്കളുടെ രക്ഷ സാധ്യമാക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. ദൈവതിരുമുമ്പിൽ കൊച്ചുകൊച്ചു കാര്യങ്ങളിൽ വിശ്വസ്തരായിരുന്നാൽ യഥാർഥമായ ആനന്ദം അനുഭവിക്കാമെന്നും, അതാണ് വിശുദ്ധിയെന്നും അദ്ദേഹം പ്രബോധനം നൽകുന്നു[22].

**അടിക്കുറിപ്പുകൾ**

1. OT., A.P.Augustine, Alukkal, Chiralayam
2. A.Kol.MB.CSC.G., LMMR., vol.I, ff. 163.3, 164, 165
3. A.Kol.MB.CSC.G., LMMR., vol.I, f. 4
4. A.Kol.MB.CSC.G., LMMR., vol.I, f. 3
5. RA.Kol.MB.CSC.G., LMMR., vol.I, ff. 4-5
6. A.Kol.MB.CSC.G., LMMR., vol.I, f. 112.4, LMMR., vol.II, f. 35.2
7. A.Kol.MB.CSC.G.,Resolutions., vol.II, f. 8
8. A.Kol.MB.CSC.G.,Resolutions., vol.II, ff. 19,66
9. A.Kol.MB.CSC.G., Exhortations., Sr Alberta; 1 June, 1951, f. 3
10. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f. 26
11. A.Kol.MB.CSC.G., Exhortations., Sr Corthuna CSC; June 1951, f. 46
12. A.Kol.MB.CSC.G., OT., f. 35, Mrs. Margarita Porinchu Mandumpal
13. A.Kol.MB.CSC.G., OT., f. 7, Fr Antony Mechery
14. A.Kol.MB.CSC.G., Adaranjalikal, "Sanitly Father", Fr Paul Chazhoor, pp. 89-91
15. A.Kol.MB.CSC.G., Exhortations, Sr Corthuna CSC, f. 6
16. OT., Kochappan, Chowannur
17. A.Mat.P., PY. 7 November 1926, p. 190
18. Souvenir Adaranjalikal, p. 4
19. A.Kol.MB.CSC.G., Resolutions., vol.II, f. 66, 1932 December 20
20. Souvenir Nallidayante Nalvazhikal, p. 158
21. OT., Sr Libertha CSC
22. Pithruvani Confrences, 1946





## ബന്ധങ്ങളുടെ തോഴൻ

ബന്ധങ്ങൾ സ്ഥാപിക്കുവാനും വളർത്തുവാനും ഊട്ടിയുറപ്പിക്കുവാനും ഊക്കനച്ചന് പ്രത്യേക സിദ്ധിയുണ്ടായിരുന്നു. കണ്ടുമുട്ടുന്ന എല്ലാവരേയും സ്നേഹത്തിൽ ഒന്നിപ്പിക്കുവാൻ അദ്ദേഹത്തിന് പ്രത്യേകമായൊരു കഴിവുണ്ടായിരുന്നു. ഇത് തന്റെ ദൗത്യമായി അദ്ദേഹം കണ്ടു. യാക്കോബായ സൗഹൃദം വളർത്തിയെടുക്കുവാൻ ഏതറ്റംവരെ പോകുവാനും അദ്ദേഹം സന്നദ്ധനായി. ജാതി-മത-വർഗ-വർണ ഭേദമെന്യെ എല്ലാവരും ഊക്കനച്ചന്റെ സുഹൃത്തുക്കളായിരുന്നു. അപകടത്തിൽപ്പെട്ടവർ, പ്രശ്നങ്ങളിലകപ്പെട്ടവർ, പ്രതിസന്ധികളിൽപ്പെട്ടുഴലുന്നവർ... എല്ലാവരിലേക്കും അദ്ദേഹത്തിന്റെ പ്രത്യേകശ്രദ്ധ എത്തിയിരുന്നു. അദ്ദേഹത്തിന്റെ ഇടപെടലുകൾ മനഃപരിവർത്തനത്തിന് വഴിതെളിച്ചു[2]. ബന്ധങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നവരെ കൂട്ടിയോജിപ്പിക്കുന്ന കണ്ണിയായി അദ്ദേഹം പ്രവർത്തിച്ചു[3]. ആത്മാക്കളുടെ രക്ഷക്കായി ഒരുമിച്ചുപ്രവർത്തിക്കണമെന്ന ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു[4]. അതുകൊണ്ട് ഇടവകകളിൽ സന്യാസ ഭവനങ്ങൾ ആരംഭിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു[5]. മാനസാന്തര പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കൂട്ടായ്മകൾ ആവശ്യമാണെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. കൂട്ടായ്മയെ അദ്ദേഹം സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു[6]. പിതാവായ ദൈവത്തിന്റെ സ്നേഹവിരുന്ന് എല്ലാവർക്കും സംലഭ്യമാക്കുവാൻ അദ്ദേഹം അവിരാമം പരിശ്രമിച്ചു[7]. വിശുദ്ധിയിൽ വളരുക എന്നത് സമൂഹത്തിൽ മറ്റുള്ളവരോടു ചേർന്നുള്ള പ്രയാണമാണെന്നും ഒരുമിച്ചുള്ള ജീവിതം നിസ്സാരമായ ദൈനംദിന കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നുവെന്നും അദ്ദേഹം പഠിപ്പിച്ചു. നിസ്സാരമായ പ്രവൃത്തികൾ നന്നായി ചെയ്താൽ അത് യോഗ്യതാപരമായിത്തീരും. അതിനാൽ കൂട്ടത്തോടൊന്നിച്ചുപോകാനും വിവേകത്തോടെ പെരുമാറാനുമുള്ള കഴിവിനായി പ്രാർഥിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു[8]. അദ്ദേഹം ആരംഭിച്ച സന്യാസിനിസമൂഹത്തിൽ കൂട്ടായ്മക്ക് വലിയ പ്രാധാന്യം നൽകി. മനഃസമാധാനം, ഹൃദയങ്ങളുടെ ഐക്യം, സന്മാതൃക, സന്തോഷം, ഐശ്വര്യം, സ്വാതന്ത്ര്യം എന്നിവയൊക്കെ കൂട്ടായ്മയുടെ ഫലങ്ങളായി അദ്ദേഹം കണ്ടു. സ്നേഹിച്ചും ആദരിച്ചും പരിഗണിച്ചും വ്യക്തിബന്ധങ്ങളിലൂടെ കൂട്ടായ്മയെ പരിപോഷിപ്പിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു[9]. മറ്റുള്ളവരോടുള്ള ഇടപെടലുകളിൽ ദയവായി (Please), നന്ദി (Thanks), ക്ഷമിക്കണം( Sorry) എന്നീ പ്രയോഗങ്ങൾ കൂടെക്കൂടെ ഉപയോഗിച്ച് സൗഹൃദം വളർത്തി കൂട്ടായ്മയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നത് വിശുദ്ധിയിലുള്ള വളർച്ചയായി അദ്ദേഹം ദർശിച്ചു[10].

അങ്ങനെ 1906-ൽ ഡീക്കനായിരിക്കുമ്പോൾ അദ്ദേഹമെടുത്ത പ്രതിജ്ഞ ജീവിതത്തിലുടനീളം അന്വർഥമാക്കി: ..... കൂട്ടായ്മയെ ഞാൻ സ്നേഹിക്കണം. ധാരാളം പേർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ആത്മാക്കൾക്കായുള്ള പ്രവർത്തനം ത്വരിതമാകും. പിതാവായ ദൈവമേ, അങ്ങയുടെ ആഗ്രഹങ്ങൾ എന്നിൽ സഫലീകരിക്കണമെ. അമ്മേ, എന്റെ എല്ലാ പ്രതിജ്ഞകളും അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു[11].

## വ്യക്തിത്വ സവിശേഷതകൾ

മനുഷ്യൻ എന്ന നിലയിൽ ഊക്കനച്ചന് അപൂർണതകളുണ്ടായിരുന്നു. അദ്ദേഹം പരിപൂർണതയുള്ള ഒരു വ്യക്തിയായിരുന്നില്ല. വിശുദ്ധി എന്നു പറയുന്നത് തെറ്റുകളൊന്നുമില്ലാത്ത അവസ്ഥയല്ലല്ലോ. പാവപ്പെട്ടവരോടും, സമുദായം അവഗണിച്ചവരോടും, രോഗികൾ, അനാഥർ എന്നിവരോടുമൊക്കെ അദ്ദേഹത്തിന് സ്നേഹവും കരുണയുമുണ്ടായിരുന്നു. ഇത് വികാരപരമായ തലത്തിൽ ഒതുങ്ങുന്നതായിരുന്നില്ല. സാഹചര്യം കിട്ടുമ്പോഴെല്ലാം അവർക്കുവേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. നല്ല അച്ചടക്കബോധമുള്ള വ്യക്തിയായിരുന്നു ഊക്കനച്ചൻ. സിസ്റ്റേഴ്സിനെയും ഇടവകജനങ്ങളെയും അച്ചടക്കബോധത്തിൽ വളർത്തിക്കൊണ്ടുവന്നു. പൗരോഹിത്യം മഹോന്നതമായ വിളിയായി കാണുമ്പോഴും അദ്ദേഹം എല്ലാവർക്കും സമീപസ്ഥനായിരുന്നു; എല്ലാവരോടും അദ്ദേഹത്തിന് പരിഗണനയുണ്ടായിരുന്നു. അദ്ദേഹം ആതിഥ്യമര്യാദയുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ഉത്തരവാദിത്വബോധവും ചിട്ടയായ ജീവിതക്രമവും അനിതരസാധാരണമാണ്. തന്റെ എല്ലാ സർട്ടിഫിക്കറ്റുകളും മറ്റുരേഖകളും ക്രമമായി സൂക്ഷിച്ചിരുന്നു. അദ്ദേഹം വഹിച്ചിരുന്ന എല്ലാ തസ്തികകളും ഉത്തരവാദിത്വത്തോടും സമർപ്പണബോധത്തോടുംകൂടി ചെയ്തു. സെമിനാരിയിലായിരിക്കുമ്പോളെടുത്ത തീരുമാനം പാലിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു: എന്റെ ഗുരുവിന്റെ ജോലി തുടർന്നുകൊണ്ടുപോകുന്നതിന് എന്റെ സഹോദരന്മാരുമായി സ്നേഹത്തിൽ കഴിയണം[12]. അദ്ദേഹം ഈ തീരുമാനത്തിൽ നിലകൊണ്ടു. അദ്ദേഹത്തെ സമീപിച്ചവരെല്ലാം ഇത് അനുഭവിക്കുകയും ചെയ്തു. മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസറായിരുന്ന ഫാ. ജോൺ കുന്നപ്പിള്ളി, ഊക്കനച്ചന്റെ ആന്തരിക ശക്തിയെയും ശുശ്രൂഷാമനോഭാവത്തെയും വിവരിക്കുന്നു: ഉപവിസഹോദരികളുടെ സന്യാസിനിസമൂഹത്തിന് ജന്മം നൽകിയ ഫാ. ജോൺ ഊക്കൻ ഒരു ആര്യചരിതനാണെന്ന് ആദ്യമായി അദ്ദേഹത്തെ സന്ദർശിച്ച അവസരത്തിൽത്തന്നെ എനിക്ക് തോന്നിയിട്ടുള്ളതാണ്. പിന്നീട് പലപ്രാവശ്യം ഞാനദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ആതിഥ്യം

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രാവശ്യവും പ്രസ്തുതാഭിപ്രായം എന്നിൽ കൂടുതൽ കൂടുതൽ രൂഢമൂലമാവുകയേ ചെയ്തിട്ടുള്ളു. നൈസർഗികമായ ആ തൂമന്ദഹാസവും ഫലിത സമ്മിശ്രമായ സംഭാഷണവും അനാർഭാടമായ സേവന തൽപരതയും ആർക്കാണ് മറക്കാൻ കഴിയുക.[13] സി. ബ്രിജിറ്റ് സി.എസ്.സി ഊക്കനച്ചന്റെ സ്വഭാവപ്രകൃതി വിവരിക്കുന്നു : '... വളരെ നിഷ്കളങ്കനും സമർപ്പണബോധമുള്ളവനും കരുണയും സ്നേഹവും നിറഞ്ഞവനും സേവന സന്നദ്ധനും ആദർശ സമ്പന്നനുമായ വലിയൊരു പുരോഹിതൻ. എല്ലാവർക്കും അദ്ദേഹം സ്വീകാര്യനായിരുന്നു. എല്ലാറ്റിലുമുപരിയായി വിശുദ്ധനായ ഒരു വൈദികൻ'.[14] ദൈവശാസ്ത്രത്തെപ്പറ്റി വ്യക്തതയുള്ള ഒരു വിശുദ്ധനായ വൈദികനായാണ് എല്ലാവരും അദ്ദേഹത്തെ പരിഗണിച്ചിരുന്നത്. അതുകൊണ്ടുതന്നെ സിസ്റ്റേഴ്സിനെയും[15] സ്വന്തം രൂപതയിലെ വൈദികരെയും[16] ധ്യാനിപ്പിക്കുവാൻ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളെപ്പറ്റി മോൺ. ജോർജ് അക്കര സാക്ഷ്യപ്പെടുത്തുന്നു: ഊക്കനച്ചന്റെ സംസാരചാതുരി സുപ്രസിദ്ധമാണ്. പ്രസംഗങ്ങളിലും ദീർഘസംഭാഷണവേളയിലും രസം തുളുമ്പുന്ന അനുഭവകഥകളും ഉദാഹരണങ്ങളും ഒപ്പം അവസരോചിതങ്ങളും ആലോചനാമൃതങ്ങളുമായ പഴഞ്ചൊല്ലുകളും എടുത്തു വിളമ്പി ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റി അവരെ ആഹ്ളാദചിത്തരും സംതൃപ്തരുമാക്കാനുള്ള അച്ചന്റെ അസാമാന്യമായ കഴിവിൽ ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്[17]. ഊക്കനച്ചനെ അറിയാവുന്ന പലരും പറയുന്നത് അദ്ദേഹം സന്തോഷപ്രകൃതിയുള്ളവനും നന്ദിനിറഞ്ഞ ഹൃദയത്തിനുടമയുമാണ്[18] എന്നാണ്. സെമിനാരിയിൽ ഊക്കനച്ചന്റെ ശിഷ്യനായിരുന്ന മോൺ.ജോർജ് അക്കര പറയുന്നു: രാത്രി ഭക്ഷണം കഴിഞ്ഞുള്ള ഉല്ലാസ സമയം മുതിർന്നവർ പാടാനും കളിക്കാനും മറ്റുമായി പൊതുഹാളിൽ കൂട്ടംകൂടുമ്പോൾ ഏകദേശം ഒരു ഡസനോളം വരുന്ന ഇളയവിദ്യാർത്ഥികളായ ഞങ്ങൾ മിക്കദിവസങ്ങളിലും അച്ചന്റെ മുറിയിലാണു സമ്മേളിക്കുക. പരേതനായ ജോർജ് ആലപ്പാട്ട് തിരുമേനിയും ഫാ. ആന്റണി തെക്കിനിയത്ത്, പിന്നീട് റെയിൽവെ മാനേജരായിരുന്ന ശ്രീമാൻ ടി.എ ജോസഫ് എന്നിവരൊക്കെ ഇക്കൂട്ടത്തിലുണ്ടായിരുന്നു. അച്ചൻ ഞങ്ങളിൽ ഒരുവനായി മാറുന്ന സ്ഥിതിവിശേഷം അത്ഭുതകരമായി ഞങ്ങൾക്കനുഭവപ്പെട്ടു. റെക്ടറിന്റെ ഒരു ഭാവവും കാണപ്പെട്ടിരുന്നില്ല. മാന്യത വിടാതെയുള്ള തമാശകളും, വിമർശനങ്ങളും, രസം ഊറുന്ന അനുദിന സംഭവങ്ങളും, മുറിപ്പെടുത്താത്ത കളിയാക്കലും ഗുരുശിഷ്യഭേദമെന്യേ പരസ്പരം കൈമാറിക്കൊണ്ടുള്ള ഉല്ലാസവും വാസ്തവത്തിൽ ഒരു ആഘോഷമാക്കി മാറ്റിയിരുന്നു[19].

മൈനർ സെമിനാരിയിലെന്നപോലെതന്നെ അദ്ദേഹം ശുശ്രൂഷ ചെയ്ത എല്ലായിടത്തും കൂട്ടായ്മയെ സ്നേഹിക്കുകയും സൗഹൃദം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നു. സിസ്റ്റേഴ്സിനോടുള്ള അദ്ദേഹത്തിന്റെ സമീപനരീതി സി. ആൽബർത്ത വിവരിക്കുന്നു: ആരെങ്കിലും വിഷമിക്കുന്നതായി കണ്ടാൽ ഉടനെതന്നെ അദ്ദേഹം അവരെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യും. തമാശകൾ അദ്ദേഹത്തിന് ഇഷ്ടമായിരുന്നു. സിസ്റ്റേഴ്സിന്റെ കൂടെ നടക്കാൻ പോകുമ്പോൾ തമാശകൾ പറഞ്ഞ് മത്സരിക്കും. ഇങ്ങനെയുള്ള അവസരങ്ങൾ ക്ഷീണിച്ച മനസ്സുകൾക്ക് ഉന്മേഷം പകരുന്നതായിരുന്നു[20]. ആത്മീയ ബലം, കരുണ, സ്നേഹം, വിശുദ്ധി എന്നിവയാൽ അദ്ദേഹം എല്ലാവർക്കും പ്രചോദനമരുളി. അനുദിന ജീവിതം അദ്ദേഹത്തിന്റെ ആത്മീയ പക്വത പ്രതിഫലിപ്പിച്ചിരുന്നു. സിസ്റ്റേഴ്സിനെയും ഇപ്രകാരം ഉപദേശിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു[21].

## നന്ദിനിറഞ്ഞ ജീവിതം

ദൈവം ജീവിതത്തിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അത്ഭുതപ്പെടുകയും നന്ദിപറയുകയും ചെയ്യുന്ന വ്യക്തിത്വത്തിനുടമയാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. 1903-ൽ 23 വയസുള്ളപ്പോൾ അദ്ദേഹം ധ്യാനിക്കുന്നതിങ്ങനെ: ദൈവം എനിക്കു നൽകിയ അനുഗ്രഹങ്ങൾക്കും ആശ്വാസങ്ങൾക്കും ഇന്ന് നന്ദി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്നിലേയ്ക്ക് കൂടുതൽ കൂടുതൽ പുതിയ പുതിയ അനുഗ്രഹങ്ങൾ വർഷിക്കുന്നതായി അനുഭവപ്പെട്ടു. നന്ദി പറയുന്തോറും അളവില്ലാത്ത അനുഗ്രഹവർഷങ്ങൾ. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു മുൻപിൽ നന്ദി പറഞ്ഞുപറഞ്ഞ് അവസാനം ഞാൻ പരാജിതനായി.[22] ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളെ അദ്ദേഹം കൂടെക്കൂടെ ധ്യാനിച്ച് വിസ്മയപ്പെട്ടിരുന്നു. നന്ദി പറയുകയും അഭിനന്ദിക്കുകയും ചെയ്യുന്ന ശൈലി അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ വലിയ സവിശേഷതയാണ്. തനിക്ക് അസ്തിത്വം നൽകിയതിനെപ്പറ്റി അദ്ദേഹം ധ്യാനിക്കുന്നു: പാതാള സ്പർശിയായ ഇല്ലായ്മയിൽ നിന്ന് ഒരു ആറ്റംപോലെയുള്ള എന്നെ ദൈവത്തിന്റെ അനന്തകാരുണ്യം ഉയർത്തിക്കൊണ്ടുവന്നു. ദൈവത്തിന്റെ അനന്ത സ്നേഹം[23]. പൗരോഹിത്യവിളിയേയും ദൗത്യത്തേയുംപറ്റി ധ്യാനിച്ചുകൊണ്ട് ഊക്കനച്ചൻ പറയുന്നു: ഒരു വലിയകാന്തമെന്നപോലെ യേശു ശിഷ്യന്മാരെ ആകർഷിക്കുന്നു. അഗ്നിഗോളം പോലെ അവിടുത്തെ മുഖം പ്രകാശമാനമായി, ഉപവികൊണ്ട് ഹൃദയം കരകവിഞ്ഞൊഴുകി. പ്രത്യാശാരഹിതമായ സാഹചര്യങ്ങളിൽനിന്ന് അവിടുന്ന് എന്നെ വിളിച്ചു... മനുഷ്യരെ അന്വേഷിച്ചു പോകുന്നതിനും





ഫലംപുറപ്പെടുവിക്കുന്നതിനും, ആ ഫലം നിലനിൽക്കുന്നതിനും വേണ്ടിയാണ് അവിടുന്ന് എന്നെ വിളിച്ചത്.[24]

പിതാവായ ദൈവത്തിന്റെ കരുണ അദ്ദേഹത്തിന്റെ നിരന്തരമായ ധ്യാനവിഷയമായിരുന്നു. അദ്ദേഹം കുറിച്ചുവയ്ക്കുന്നു: പിതാവായ ദൈവത്തിന്റെ കരുണയും ആർദ്രതയും അമാനുഷികമാണ്, അത് ദൈവികവുമാണ്. അതിർവരമ്പുകളില്ലാത്ത കരുണാർദ്രസ്നേഹം. ഞാൻ നിത്യകാലത്തോളം ദൈവത്തിന്റെ കാരുണ്യം പ്രകീർത്തിക്കും.[25] ജീവിതത്തിലെ ദൈവാനുഭവങ്ങളെ കടഞ്ഞെടുത്ത് ഈശോയുടെ കരുണയും സ്നേഹവും തിരിച്ചറിഞ്ഞ് ദിവ്യകാരുണ്യ സന്നിധിയിൽ അദ്ദേഹം ആനന്ദാശ്രു പൊഴിച്ചു. തന്റെ ഇല്ലായ്മകളിലും അപൂർണതകളിലും കാരുണ്യത്തിന്റെ കരം ദർശിച്ച അദ്ദേഹം കാരുണ്യത്തിന്റെ പ്രകാശത്തിൽ ജീവിതത്തെ രൂപാന്തരപ്പെടുത്തി. തന്റെ ജൂബിലിയവസരത്തിൽ 1932 ഡിസംബർ 19-ാം തിയതി അദ്ദേഹം ധ്യാനിക്കുന്നു: നിത്യമായ സ്നേഹത്താൽ ദൈവം എന്നെ സ്നേഹിച്ചു. അനാദികാലം മുതൽ അവിടുന്ന് എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഞാൻ ദൈവത്തിന്റെ സ്നേഹഭാജനമായി മാറുന്നു. അവിടുത്തെ കരുണാർദ്രസ്നേഹം ഞാൻ അനുഭവിക്കുന്നു. സമയത്തിന്റെ പൂർണതയിൽ അവിടുന്ന് എന്നെ സൃഷ്ടിക്കുകയും എനിക്ക് അസ്തിത്വം നൽകുകയും ചെയ്തു. എന്റെ ശൈശവദശയിൽ മാതാപിതാക്കൾ വിടപറഞ്ഞപ്പോൾ ഞാൻ ഈ ലോകമഹാസമുദ്രത്തിൽ നിരാലംബനായിത്തീർന്നു. എന്നാൽ അങ്ങ് എന്നെ സ്വീകരിച്ചു. എന്റെ വിദ്യാഭ്യാസം, സെമിനാരി പ്രവേശനം, അവിടത്തെ സന്തോഷപ്രദമായ ജീവിതം, പൗരോഹിത്യം, രൂപതയിലെ എണ്ണപ്പെടേണ്ട ഉയർന്ന ജോലികൾ, ഇപ്പോഴും ബഹുമാനിക്കപ്പെടുന്ന അവസ്ഥ, ജൂബിലി... എല്ലാം അവിടുത്തെ കരുണാർദ്രസ്നേഹം ഒന്നുകൊണ്ടുമാത്രമാണ്. ഇതിനുപകരമായി ഞാൻ അവിടുത്തേക്ക് എന്തു നൽകും. എന്റെ ആത്മാവേ, കർത്താവിനെ പ്രകീർത്തിക്കുക. പിതാവിനും, തിരുഹൃദയത്തിനും, അമ്മക്കും ഞാൻ എന്റെ ജന്മദിനാശംസകൾ നൽകി. വലുതോ ചെറുതോ ആയ യാതൊരു പാപവും ചെയ്യുവാൻ എന്നെ അനുവദിക്കല്ലേയെന്നും ആത്മാക്കൾക്കുവേണ്ടിയുള്ള സ്നേഹത്താൽ കത്തിയെരിയുന്നൊരു ഹൃദയം ജന്മദിന സമ്മാനമായി എനിക്കു നൽകണമേയെന്നും ഞാൻ പ്രാർഥിച്ചു[26]. അദ്ദേഹം ഇങ്ങനെ പ്രതിജ്ഞയെടുത്തു: ആത്മാക്കളെ നേടുന്നതിനായി കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കണം. യേശുവിന്റെ കരുണയും ആർദ്രതയും നിറഞ്ഞ സ്നേഹം ഭൂഗോളത്തിന്റെ എല്ലാഭാഗത്തുമുള്ള മനുഷ്യമക്കൾക്കും അനുഭവവേദ്യമാക്കിക്കൊടുക്കണം[27].




ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെ അദ്ദേഹത്തിന് നന്ദി പറയുവാൻ മാത്രമെ ഉണ്ടായിരുന്നുള്ളു. ദൈവത്തിന്റെ അനുഗ്രഹങ്ങൾ എപ്പോഴും ലഭിക്കുമെന്ന പ്രത്യാശ അദ്ദേഹത്തിനു ണ്ടായിരുന്നു. ജീവിതത്തിലെ ബുദ്ധിമുട്ടുനിറഞ്ഞ എല്ലാ സാഹചര്യ ങ്ങളിലും - വ്യക്തി ജീവിതത്തിൽ, ഇടവക വികാരി, സഭാസ്ഥാപ കൻ എന്നീ നിലകളിൽ - ദൈവത്തിന്റെ കരുണയിൽ അദ്ദേഹം പ്രത്യാശയർപ്പിച്ച് നന്ദി പറയുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തു. പരിശുദ്ധ അമ്മയോടു ചേർന്ന് നിരന്തരം സ്തോത്രഗീതം ആലപിച്ച് ദൈവത്തെ അദ്ദേഹം പ്രകീർത്തിച്ചുകൊണ്ടിരുന്നു. പരിശുദ്ധ അമ്മയെ ധ്യാനിച്ച് അദ്ദേഹം പറഞ്ഞുവയ്ക്കുന്നു: മറിയം ഇടതടവില്ലാതെ സ്തോത്രഗീതം ആലപിച്ച് ദൈവത്തെ നന്ദിയോടെ പ്രഘോഷിക്കുന്നു.[28] സ്വർഗീയ ജറുസലേം മുഴുവൻ അത് ഏറ്റുപാടുന്നു. ഞാനും സ്തുതികളാല പിച്ചുകൊണ്ട് അവരോട് ചേരുന്നു.[29] ഒരു തീർഥാടകന്റെ മനസ്സുണ്ടായിരിക്കുവാനും എപ്പോഴും നന്ദിയോടുകൂടി ദൈവത്തെ മഹത്വപ്പെടുത്തി സന്തോഷത്തോടുകൂടിയായിരിക്കുവാനും അദ്ദേഹം തന്റെ മക്കളെ പഠിപ്പിച്ചു.[30]

## ഒരു മിസ്റ്റിക്

പൗരോഹിത്യം വ്യത്യസ്തമായൊരു ജീവിതശൈലിയും ജീവിതനിലപാടും സ്നേഹാന്വേഷണവുമാണ്. അതൊരു രണ്ടാം മൈൽ നടത്തമാണ്. ആവശ്യപ്പെട്ടതുമാത്രം ചെയ്തുതീർക്കുന്ന ഒരു നടത്തത്തിനപ്പുറം നടന്നു നീങ്ങാനുള്ള വലിയൊരു ദൗത്യം. സമൂഹത്തിൽ താൻ കണ്ടുമുട്ടിയവർക്കും തന്നെ തേടിയണഞ്ഞ വർക്കും അലിവിന്റെയും അനുകമ്പയുടെയും കാരുണ്യത്തിന്റെയും തണൽ പകർന്നു. ആത്മീയശക്തി സമൂഹത്തിലേക്ക് ഒഴുക്കി ആത്മീയമായി നവീകരിക്കപ്പെടുന്നതിന് ഏറെ കാര്യങ്ങൾ ചെയ്തു. ജീവിതം നന്മയുടെ, സന്തോഷത്തിന്റെ, കാരുണ്യത്തിന്റെ ആഘോഷമാക്കി മാറ്റി. ഒരു നവസംസ്കാരം കെട്ടിപ്പടുത്തു. അസാ ധാരണ കരിസ്മയുള്ള വ്യക്തിയായിരുന്നു ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.

സർവനന്മയുടെയും ഉറവിടമായ ദൈവത്തിന്റെ സ്നേഹം മിശി ഹായുടെ കുരിശിൽ കണ്ടെത്തി. കരുണയിൽ സമ്പന്നനായ ദൈവത്തെ അന്തരാത്മാവിൽ ധ്യാനിച്ചനുഭവിച്ച ധന്യൻ സത്യത്തി ന്റെയും സ്നേഹത്തിന്റെയും രഹസ്യാത്മകമായ വെളിപാടിലൂടെ സഹോദരങ്ങളുടെ പ്രത്യേകിച്ച് സഹിക്കുന്നവരുടെയും പാവപ്പെട്ട വരുടെയും 'പെരിഫറിയിൽ' കഴിയുന്നവരുടെയും മഹത്വവും നന്മയും





വ്യക്തമായി കണ്ടു. ആ നന്മയും മഹത്വവും വീണ്ടെടുക്കുന്നതിനായി ജീവിതം മുഴുവൻ സമർപ്പിച്ചു. ഈ എളിയവരിൽ ഈശോയെ കണ്ടെത്തിയ അച്ചൻ തനിക്കുകിട്ടിയ മിസ്റ്റിക് അനുഭവം ലോകത്തിനു നൽകിയതാണ് ഉപവിസഹോദരികളും അനാഥ മന്ദിരവും. ജീവിച്ചത്, അനുഭവിച്ചത് പകർന്നു നൽകി. ജീവിതത്തിൽ പകർത്തി ശുശ്രൂഷയിൽ ചാലിച്ചു ചേർക്കണമെന്നും കുരിശിലെ വാനമ്പാടിയെയും അഷ്ടസൗഭാഗ്യങ്ങളും കൂടെക്കൂടെ ധ്യാനിച്ച് അനുദിന ജീവിതത്തിൽ പ്രതിഫലിപ്പിക്കണമെന്നും ആഹ്വാനം നൽകി.

## അടിക്കുറിപ്പുകൾ

1. Souvenir Adaranjalikal, pp.90-91 WT.,ff. 1-3, Sr Agnes CSC
2. OT., f.9, Mr. Augustine A.P., Alukkal, Chiralayam
3. OT., f. 30, Mr. Kochappan Muringathery; WT., f. 14, Sr Bridget CSC
4. A.Kol.MB.CSC.G.,LMMR., vol.II, f. 32
5. A.Tri.SH.CMC.C., Chronicle, p.46, 12 March 1922
6. A.Kol.MB.CSC.G., Resolutions., vol.II, f. 13
7. A.Kol.MB.CSC.G., OT., f.12, Chinnan Kuriappan Kannanaikkal
8. A.Kol.MB.CSC.G., WT., vol.I, f.74, Sr Alberta CSC
9. A.Kol.MB.CSC.G., Exhortations., Sr Paulina CSC, ff. 26-27
10. A.Kol.MB.CSC.G., WT., vol.I, ff. 234-235, Sr Thomaseena CSC
11. A.Kol.MB.CSC.G., Resolutions., vol.II, f. 13
12. A.Kol.MB.CSC.G., LMMR., vol.II, f. 32
13. A.Kol.MB.CSC.G., Adaranjalikal, "A Gentle Teacher", Fr John Kunnappilly, pp.17-19
14. A.Kol.MB.CSC.G., WT., ff. 13-15, Sr Bridget CSC
15. A.Chi.HC.CMC.C., Chronicle, 25 May, 1942, p.22; A.Mat.A.F.C.C; Chronicle, 1927, p.56; Resolutions., vol.II, ff. 20-25, 32,33
16. A.Tri.A., B-1936-10.p.422; A.Tri.A., B-1936-9. p.373
17. A.Kol.MB.CSC.G., Adaranjalikal, "My Admirable Preceptor'', Msgr. George Akkara, pp.3-6
18. A.Kol.MB.CSC.G., WT; f.1, Sr Agnes CSC; WT., ff.36-37, Sr Vincenza CSC; OT., ff.48-49, Sr Seraphina CSC; OT., f. 17, Sr Emmanuel.
19. A.Kol.MB.CSC.G., Adaranjalikal, "My Admirable Preceptor'', Msgr. George Akkara, pp. 3-6
20. A.Kol.MB.CSC.G., WT., ff. 4-6, Sr Alberta CSC
21. A.Kol.MB.CSC.G., WT., f. 35, Sr Thekla CSC
22. A.Kol.MB.CSC.G., LMMR., vol. I, f. 16
23. A.Kol.MB.CSC.G., Resolutions., vol.II, f. 41
24. A.Kol.MB.CSC.G., Resolutions., vol.II, f. 42
25. A.Kol.MB.CSC.G., Resolutions., vol.II, f. 47
26. A.Kol.MB.CSC.G., Resolutions., vol.II, ff. 60-61
27. A.Kol.MB.CSC.G., Resolutions., vol.II, f. 60
28. A.Kol.MB.CSC.G., LMMR., vol.I, f. 46
29. A.Kol.MB.CSC.G., LMMR., vol.I, f. 90
30. A.Kol.MB.CSC.G., OT., ff. 48-49, Sr Seraphina CSC



ധന്യപദവി പ്രഖ്യാപനവും കൃതജ്ഞതാബലിയും (2018 ഡിസംബർ 26)





# ഒരു നവസംസ്കാരം

ക്രൂശിതനെ പ്രണയിച്ചു പ്രണയിച്ച് ജീവിതം ഒരു പ്രണയഗീതമാക്കി മാറ്റി ഒരു സ്നേഹസംസ്കാരം വളർത്തിയെടുത്ത വ്യക്തിയാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ജീവിതദർശനങ്ങൾക്ക് ഒരു പുതിയ വഴി അദ്ദേഹം കണ്ടെത്തി. അത് ക്രൂശിതനിലും ദിവ്യകാരുണ്യത്തിലും അഷ്ടസൗഭാഗ്യങ്ങളിലും അധിഷ്ഠിതമാണ്. ചിന്തയിൽ, വാക്കിൽ, ഭാവനയിൽ, പ്രവൃത്തിയിൽ, പെരുമാറ്റത്തിൽ... എല്ലാം കരുണയുടെ ഭാവം നിറഞ്ഞു നിന്നു. ക്രൂശിതനെപ്പറ്റിയുള്ള ധ്യാനത്തിൽനിന്നും കാരുണ്യപ്രവൃത്തികളിലേക്കും അവയിൽനിന്ന് വീണ്ടും ക്രൂശിതനിലേക്കും കടന്നുപോകുന്നതിന്റെ ഐക്യം ജീവിതത്തിൽ പൂർത്തിയാക്കി. സുവിശേഷഭാഗ്യങ്ങളാലും അന്ത്യവിധിയുടെ മാനദണ്ഡങ്ങളാലും പരിശീലിപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു. ജീവിതം വ്യതിയാനപ്പെടുത്തുന്നതിന് തുടക്കം മുതൽത്തന്നെ കർത്താവിനെ അനുവദിച്ചു. ജീവിതത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി. വിശുദ്ധിയിൽ വളരുവാൻ ആത്മാർഥമായി ആഗ്രഹിച്ച് കാരുണ്യപ്രവൃത്തികളിൽ മുഴുകി. വിശുദ്ധിക്ക് ഒരു പുതിയ ദർശനം നൽകി. വിശുദ്ധി എന്നത് സ്നേഹത്തിന്റെ അനുഭവിക്കലാണ്, സമ്പൂർണമായ ആത്മദാനമാണ്; ഒരു സഹോദരനെയോ സഹോദരിയെയോ കാണുമ്പോൾ ഉദാസീനതയോടെ കടന്നുപോകുവാൻ സാധിക്കാത്തതാണ്.

ദൈവസ്നേഹത്തിന്റെ മാനുഷിക മുഖമാണ് അജപാലന ജീവിതത്തിലൂടെ പ്രകടമായത്. ലാളിത്യവും വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ അജപാലകൻ. 'കത്തിയെരിയുന്ന തീ' ഉള്ളിൽ വഹിച്ചു മുന്നേറി അനേകരെ വളർച്ചയിലേക്കു നയിച്ചു. തിരമാലകളുടെ ആർത്തിരമ്പലും കോളിളക്കവുമില്ലാതെ ശാന്തമായ ഒരു നദിപോലെ ഒഴുകിയ ജീവിതം. ക്രിസ്തു സ്നേഹത്തിന്റെ ജ്വാലയിൽ വെന്തെരിഞ്ഞ് ദരിദ്രരെയും അഗതികളെയും മാറോട് ചേർത്ത വ്യക്തിത്വം. പ്രതീക്ഷ

നഷ്ടപ്പെട്ടവരെ പ്രത്യാശയുടെ തുരുത്തിലേക്ക് കൈപിടിച്ചു നടത്തി പിതാവായ ദൈവത്തിന്റെ സ്വർഗീയ വിരുന്ന് എല്ലാവർക്കും സംലഭ്യമാക്കി. 'പെരിഫറിയിൽ' കഴിയുന്നവരെ കൂടെ നിർത്തി, കൂട്ടായി നിന്നു, ദിവ്യകാരുണ്യനാഥനിലേക്ക് അടുപ്പിച്ചു. അവരോടുകൂടെ സന്തോഷിച്ചു, സ്വാതന്ത്ര്യം അനുഭവിച്ചു, സ്നേഹിച്ചു, ആദരിച്ചു. മനുഷ്യമനസ്സുകളെ വേർതിരിച്ചു നിർത്തിയിരുന്ന വേലികൾ പൊളിച്ചുകളഞ്ഞു. സ്നേഹിക്കുക എന്നതിന്റെ അർഥം പരിഭവങ്ങളില്ലാതെ നിണം വാർക്കുകയാണെന്ന് എഴുതിച്ചേർത്തു. ദൈവത്തിന്റെ ആനന്ദത്തിന്റെ ഒരാവിഷ്കാരമായിരുന്നു ജീവിതം.

ഈ ലോകത്തിൽ ദൈവത്തിന്റെ സ്നേഹവും കരുണയുമായിത്തീരുന്ന ഒരു നവസംസ്കാരം വളർത്തിയെടുത്തു. ഉപഭോക്തൃ സമൂഹത്തിന്റെ ജ്വരബാധിച്ച ആഗ്രഹങ്ങളെ നിഹനിക്കുവാൻ വേണ്ട ഒരു ജീവിതലാളിത്യം വളർത്തിയെടുത്ത് ദരിദ്രരോട് ആത്മാർഥമായ കരുതൽ പ്രകടിപ്പിക്കുന്ന സംസ്കാരം. ശുഭാപ്തി വിശ്വാസമുള്ളവരും നന്ദിയുള്ളവരും വക്രതയില്ലാത്തവരുമാക്കിത്തീർക്കുന്ന ഒരു സംസ്കാരം. അപരന്റെ നന്മയിൽ സന്തോഷിക്കുന്ന സംസ്കാരം. കൂട്ടായ്മയിൽ ജീവിക്കുമ്പോഴുളവാകുന്ന ആനന്ദം അനുഭവിക്കുന്ന സംസ്കാരം. അത് പങ്കുവയ്ക്കുന്നതും പങ്കുചേരുന്നതുമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരെയും ദരിദ്രരെയും അഭയാർഥികളെയും സംരക്ഷിച്ച് മലയിലെ പ്രസംഗത്തിൽ യേശു ചൂണ്ടിക്കാട്ടിയ അഷ്ടസൗഭാഗ്യമാർഗത്തിൽ ചരിച്ച് ആനന്ദിക്കുന്ന സംസ്കാരമാണിത്. ഓരോ മനുഷ്യനെയും ദൈവസൃഷ്ടിയായിക്കണ്ട് അംഗീകരിക്കാനും ഉൾക്കൊള്ളാനും കഴിയുന്ന മനുഷ്യന്റെ ജീവിതപരിസരം ആത്മീയതയുടെ അനുപമമായ വസന്തമായി മാറും. സമ്പൂർണ ക്രൈസ്തവികതയുടെയും സമ്പൂർണ മാനവികതയുടെയും ഈ വസന്തമാണ് ഊക്കനച്ചനിലൂടെ വിടർന്നു പുഷ്പിച്ച സ്നേഹസംസ്കാരം. ക്രൂശിതന്റെ ആ പ്രണയഗായകൻ ഇന്നും ഈണത്തിൽ മീട്ടുന്ന പ്രണയഗീതമാണ്:

***"സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി***
***സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ."***

# ബാല്യകാലസ്മരണകൾ അയവിറക്കുമ്പോൾ...

ഊക്കനച്ചനെ കത്തോലിക്കാസഭ ധന്യൻ എന്ന് പ്രഖ്യാപിച്ചതായി അറിഞ്ഞപ്പോൾ വളരെ അധികം സന്തോഷം തോന്നി. എന്റെ ബാല്യകാലസ്മരണകളിൽ നിറഞ്ഞുനിൽക്കുന്ന മഹത് വ്യക്തിയാണ് ചൊവ്വന്നൂർ നിവാസികൾ സ്നേഹപൂർവം അച്ചൻ തമ്പുരാൻ എന്ന് വിളിക്കുന്ന ഊക്കനച്ചൻ. ചെറുപ്പകാലത്ത് ഊക്കനച്ചനെ നേരിട്ട് കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായിരുന്നു. എന്റെ മുത്തച്ഛന് -കിട്ട വൈദ്യർ- ഊക്കനച്ചനുമായി നല്ല സ്നേഹബന്ധം ഉണ്ടായിരുന്നു. ഊക്കനച്ചൻ നൽകിയ ബൈബിൾ മുത്തച്ഛൻ എന്നും വായിച്ചിരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ഞാൻ ജനിച്ചത് ഗുരുവായൂരാണ്. എനിക്ക് മൂന്ന് വയസ്സുള്ളപ്പോൾ എന്റെ അച്ഛൻ മരണമടഞ്ഞു. ഊക്കനച്ചന്റെ ഉപദേശപ്രകാരം മുത്തച്ഛൻ ഗുരുവായൂരുള്ള സ്ഥലം വിൽക്കുകയും ചൊവ്വന്നൂർ പള്ളിയുടെ വടക്കുകിഴക്കു ഭാഗത്ത് എട്ടംപുറം റോഡിൽ ഒരു കവുങ്ങിൻ തോട്ടം വാങ്ങുകയും ചെയ്തു. പിന്നീട് വീട് പണിതതും അച്ചൻ നിർദേശിച്ച സ്ഥലത്തുതന്നെയാണ്. വീടുപണിക്ക് അച്ചന്റെ പക്കൽനിന്നും പലപ്പോഴും പണം കടം വാങ്ങിയിരുന്നു; തിരിച്ചുകൊടുത്തിട്ടുമുണ്ട്. പാവങ്ങളോട് അദ്ദേഹത്തിന് പ്രത്യേകപരിഗണനയും താത്പര്യവും ഉണ്ടായിരുന്നു.

ജാതിയോ മതമോ നോക്കാതെ സാമൂഹ്യസേവനം ചെയ്ത മഹത് വ്യക്തി. എല്ലാവരെയും എല്ലാറ്റിനെയും വലുതായി മാത്രം കണ്ട ആത്മീയാചാര്യൻ. കലർപ്പില്ലാത്ത സ്നേഹത്തിന്റെ ഉടമ. നന്മയുടെ, സന്തോഷത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവെക്കലിന്റെ, കരുതലിന്റെ ജീവിതശൈലി പടുത്തുയർത്തിയ ചരിത്രപുരുഷൻ. എല്ലാ മനുഷ്യരുടേയും സന്തോഷവും സമാധാനവും സമൃദ്ധിയും ആഗ്രഹിച്ചു പ്രവർത്തിച്ച വലിയ മനുഷ്യൻ. പഞ്ചായത്ത് ഭരണത്തിന് റോൾമോഡൽ... ഇതാണ് ഞാൻ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഊക്കനച്ചൻ.

കാലഘട്ടത്തിന്റെ കടന്ന കാഴ്ചയോടുകൂടി ആയിരുന്ന ഇടങ്ങളെ സൗരഭ്യപൂർണമാക്കി എന്നുപറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലത്ത് വളരെ അധികം വികസനപ്രവർത്തനങ്ങൾ നടന്നു. പല ഒറ്റയടി പാതകളും വീതിയുള്ള പഞ്ചായത്ത് റോഡുകളായി മാറിയത് നാടിന്റെ വികസന കാര്യത്തിൽ ഊക്കനച്ചനുണ്ടായിരുന്ന കഴിവും കാര്യശേഷിയും കൊണ്ടാണ്. പലരും റോഡിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തത് അച്ചനോടുള്ള ആദരവുകൊണ്ടു മാത്രമാണ്. ചൊവ്വന്നൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒഴുക്കുപാറ റോഡ്, അയ്യപ്പത്ത് റോഡ്, ചൊവ്വന്നൂർ - പാറേമ്പാടം റോഡ് എന്നിവ ഇത്തരത്തിലുള്ള വികസനപ്രവർത്തനത്തിന്റെ ഭാഗമാണ്.

അച്ചൻ അത്യാസന്ന നിലയിലാണെന്ന് അറിഞ്ഞപ്പോൾ മരിക്കുന്നതിന്റെ തലേദിവസം അമ്മയുടെ കൂടെ കാണുവാൻ പോയതിന്റെ സജീവസ്മരണ എനിക്കുണ്ട്; ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. പിന്നീട് നിര്യാണവാർത്തയറിഞ്ഞ് നാടിന്റെ നാനാഭാഗത്തുനിന്നും ചൊവ്വന്നൂർ പ്രദേശം കാണാത്തയത്ര ജനമാണ് ഒഴുകിയെത്തിയത്. കുന്ദംകുളംവരെയുള്ള വിലാപയാത്രയിലും വലിയൊരു ജനസമൂഹമുണ്ടായിരുന്നു.

ബാല്യകാലത്ത് ഊക്കനച്ചനെ കാണുവാനും ഇടപഴകുവാനും സാധിച്ചത് എന്റെ ഭാഗ്യവും അനുഗ്രഹവുമായി ഓർക്കുന്നു. അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് പാറപ്പുറത്ത് പണിത വീട്ടിൽ സന്തോഷത്തോടുകൂടി സുരക്ഷിതനായി ജീവിക്കുമ്പോൾ അച്ചൻതമ്പുരാൻ എത്രയും വേഗം വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുവാൻ ഇടവരട്ടെ എന്നാണ് പ്രാർഥന.

**അഡ്വ. പി.വി. ചന്ദ്രൻ**
കുന്ദംകുളം.

# ഓർമകളുടെ ചെപ്പ് തുറന്നാൽ...

കൈയിൽ ഒരു വടിയും തലയിൽ തൊപ്പിയും വച്ച് ചൊവ്വന്നൂരിന്റെ ഇടവഴികളിലൂടെയും ഊടുവഴികളിലൂടെയും നടന്നു നീങ്ങുന്ന ഊക്കനച്ചനാണ് എന്റെ ഓർമയിലുള്ളത്. എല്ലാവരേയും ആകർഷിക്കുന്ന വ്യക്തിത്വം. നാനാജാതിമതസ്ഥരായ എല്ലാവരേയും അദ്ദേഹം സ്നേഹിച്ചു, ആദരിച്ചു. പാവപ്പെട്ടവരോടും വേദനിക്കുന്നവരോടും അദ്ദേഹത്തിന് പ്രത്യേക പരിഗണന ഉണ്ടായിരുന്നു. പഞ്ചായത്ത് രാജ് രൂപീകൃതമാകുന്നതിനുമുമ്പുതന്നെ കൊച്ചി രാജാവ് അദ്ദേഹത്തെ പഞ്ചായത്ത് പ്രസിഡണ്ടായി നിയമിച്ചു. പിന്നീട് പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ദീർഘസമയം അദ്ദേഹം പ്രാർഥിച്ചിരുന്നു. പ്രാർഥനയിലെ കൃത്യത നമുക്ക് മാതൃകയാണ്. അദ്ദേഹം പ്രാർഥന എഴുതിയിരുന്നു. അത് വളരെ പ്രചോദനാത്മകമായിരുന്നു.

എക്യുമെനിസത്തെപ്പറ്റി വ്യക്തമായ അറിവുള്ള വ്യക്തിയായിരുന്നു ഊക്കനച്ചൻ. എല്ലാ സഭകളുമായി അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു. മതങ്ങളുമായി വിമർശന ബുദ്ധിയില്ലാത്ത ബന്ധം അദ്ദേഹം സൂക്ഷിച്ചു. വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ മതങ്ങൾ തമ്മിൽ കടുത്ത തർക്കങ്ങൾ നിലനിന്നിരുന്നപ്പോൾ വിശ്വാസലംഘനം ഇല്ലാതെത്തന്നെ എല്ലാ മതങ്ങളുമായി സ്നേഹത്തിൽ അദ്ദേഹം ഇഴുകിച്ചേർന്നു. എല്ലാവർക്കും സമ്മതനായ വ്യക്തിയായിരുന്നു ഊക്കനച്ചൻ. പല മീറ്റിംഗുകളും അദ്ദേഹം വിളിച്ചുകൂട്ടിയിട്ടുണ്ട്.

കുട്ടികളുടെ വളർച്ചയും വിദ്യാഭ്യാസവും അദ്ദേഹത്തിന്റെ വലിയ സ്വപ്നങ്ങളായിരുന്നു. പലരേയും അദ്ദേഹം പഠിപ്പിച്ചു വലുതാക്കിയിട്ടുണ്ട്, ജോലിയിൽ പ്രവേശിപ്പിച്ചിട്ടുമുണ്ട്. അന്ന്

കുന്ദംകുളത്ത് മൂന്ന് സ്കൂളുകളേ ഉണ്ടായിരുന്നുള്ളൂ. കുട്ടികൾക്ക് സന്ദേശം നൽകുവാൻ പലപ്പോഴും അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. സാമൂഹ്യനന്മകൾ, ധാർമിക മൂല്യങ്ങൾ, പ്രകൃതി സൗഹൃദം എന്നിവയൊക്കെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലെ മുഖ്യവിഷയങ്ങളായിരുന്നു.

ഞാൻ സ്നേഹിക്കുകയും ആദരിക്കുകയും മാതൃകയായി മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്ന വന്ദ്യപുരോഹിതനാണ് ഊക്കനച്ചൻ. അദ്ദേഹം എക്യുമെനിസത്തിന്റെ പ്രവാചകനും ബന്ധങ്ങളുടെ സൂക്ഷിപ്പുകാരനും സാമൂഹിക പരിഷ്കർത്താവും ആത്മീയാചാര്യനുമാണ്.

**ഫാ. ജോർജ് ചീരൻ**
വികാരി,
ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്
ചൊവ്വന്നൂർ

❖ ❖ ❖

# കുടുംബങ്ങളുടെ വഴികാട്ടി

ഊക്കനച്ചൻ പണിതുതന്ന വീടാണിത്. ഈ പ്രദേശത്ത് ഇങ്ങനെയുള്ള ഏഴ് വീടുകളുണ്ടായിരുന്നു. ഞങ്ങൾക്ക് ആവശ്യമുള്ളതെല്ലാം തന്നിരുന്നത് അച്ചനാണ്. ചിലപ്പോഴൊക്കെ ഓല, തേങ്ങ ഒക്കെ തരുമായിരുന്നു. രോഗമായാൽ ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്യും. ഒരു മാനസികരോഗിയെ ചികിത്സിക്കുവാൻ കൊണ്ടുപോയത് ഇപ്പോഴും ഓർമയിലുണ്ട്. ഇവിടെ പുരുഷന്മാർ മദ്യപിച്ച് കുടുംബത്തിൽ വഴക്കുണ്ടാക്കുക പതിവായിരുന്നു. അച്ചൻ അവരെ ശകാരിക്കുമായിരുന്നു.

സന്ധ്യയാകുമ്പോൾ അച്ചൻ ഇതിലെ നടക്കുവാനിറങ്ങും. കുടുംബ പ്രാർഥന ചൊല്ലിയൊ എന്നു ചോദിക്കും. ആരെങ്കിലും മദ്യപിച്ചിട്ടുണ്ടെങ്കിൽ അവരെ കൂടെ കൊണ്ടുപോകും. നല്ലതുപോലെ ശാസിക്കും. കിട്ടുന്ന കാശ് കുടുംബത്തിൽ കൊടുക്കണമെന്ന് നിർബന്ധിക്കും. എന്റെ ഭർത്താവിന്റെ മദ്യപാനം അവസാനിപ്പിച്ചത് ഊക്കനച്ചനാണ്. അദ്ദേഹം കുടുംബങ്ങളുടെ വഴികാട്ടിയാണ്.

**മർത്ത**, ചിറളയം.

**" നമുക്ക് ചുറ്റും നാം അറിയാത്തവരായി ആരുമുണ്ടാകരുത്."**
**"ആർക്കും സഹായം നിഷേധിക്കരുത്."**





# ഊക്കനെച്ചൻ എന്റെ കുടുംബസുഹൃത്ത്

ഞാൻ കൂട്ടുകുടുംബത്തിലാണ് വളർന്നത്. ഞങ്ങളുടെ കുടുംബസുഹൃത്തായിരുന്നു ഊക്കനച്ചൻ. എന്റെ അപ്പനുമായി അച്ചന് നല്ല സ്നേഹബന്ധം ഉണ്ടായിരുന്നു. അപ്പൻ പതിമൂന്ന് വർഷം സിലോണിലായിരുന്നപ്പോൾ വീട്ടിലെ എല്ലാ കാര്യങ്ങളും നടത്തിത്തന്നിരുന്നത് ഊക്കനച്ചനായിരുന്നു. ഇടയ്ക്കിടയ്ക്ക് വീട്ടിൽ വരാറുണ്ടായിരുന്നു. ഞങ്ങളെ ഓരോരുത്തരെയും വിളിച്ച് വീട്ടിലെ കാര്യങ്ങളൊക്കെ സ്വന്തം കുടുംബത്തിലുള്ളവർ ചോദിക്കുന്നതുപോലെ ചോദിച്ചറിയുമായിരുന്നു. അച്ചന് കൊടുത്തിരുന്നതൊക്കെ ഞങ്ങൾക്ക് പങ്കുവെച്ച് തന്നിരുന്നു.

ഊക്കനച്ചൻ എന്നെ വേദോപദേശം പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധ കുർബാനയെ കുറിച്ചും, ഈശോയുടെ സ്നേഹത്തെപ്പറ്റിയും പറഞ്ഞുതരുമായിരുന്നു. ഞങ്ങൾ ഇരുപത്തിരണ്ട് കൂട്ടം നമസ്കാരം പഠിക്കണമെന്നത് അച്ചന് നിർബന്ധമായിരുന്നു. നമസ്കാരം ചൊല്ലിക്കേൾപ്പിച്ചു കഴിഞ്ഞാൽ കൊച്ചുകൊച്ചു സമ്മാനങ്ങൾ നൽകിയിരുന്നു. അച്ചൻ നടക്കാനിറങ്ങുമ്പോൾ വഴിയിൽ കാണുന്ന കുട്ടികളുടെ തലയിൽ കൈവെച്ച് അനുഗ്രഹിക്കും, കൈയിൽ ഉള്ളത് നൽകുകയും ചെയ്യും.

എന്റെ രണ്ടാമത്തെ മകളെ മാമ്മോദീസ മുക്കിയത് ഊക്കനച്ചനാണ്. കുഞ്ഞിന് കൊച്ചുത്രേസ്യ എന്ന് പേരിട്ടു. കൊച്ചുത്രേസ്യാ പുണ്യവതി അറിയപ്പെടുന്ന കാലമാണിത് എന്നും പറഞ്ഞു. അച്ചന് സുഖമില്ല എന്ന് കേട്ടപ്പോൾ കാണുവാൻ പോയത് ഓർമയിലുണ്ട്. അപ്പോൾ കുറേപേർ നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. കണ്ണുതുറന്ന് നോക്കിയത് ഓർക്കുന്നുണ്ട്. അത് അവസാന നോട്ടമായിരുന്നു. ദൈവം അദ്ദേഹത്തെ വിശുദ്ധനാകാൻ അനുഗ്രഹിക്കട്ടെ എന്നാണ് എന്റെ പ്രാർഥന.

**മേരി വർഗ്ഗീസ്,** ചൊവ്വന്നൂർ




# ഊക്കനച്ചൻ എന്റെ അപ്പൻ

അനാഥയായ എന്നെ സ്വീകരിച്ച് സ്വന്തം മകളെപ്പോലെ വളർത്തിയ എന്റെ അപ്പനാണ് ഊക്കനച്ചൻ. ചെറുപ്പത്തിലേ മഠത്തിൽനിന്നു വളർന്നു. പ്രായമായപ്പോൾ വിവാഹം കഴിക്കുവാൻ ഇഷ്ടമുണ്ടെങ്കിൽ കഴിച്ചോളൂ, വേണ്ടതെല്ലാം ചെയ്തുതരാം ഇല്ലെങ്കിൽ നല്ല കുട്ടിയായി അമ്മമാരോടൊപ്പം നിന്നോ... എന്നു പറഞ്ഞു. ഇന്നും സങ്കടങ്ങളിലും വേദനകളിലും ഈ വാക്കുകൾ എനിക്ക് ശക്തിയാണ്. അച്ചന് എന്നെ ഒത്തിരി ഇഷ്ടമായിരുന്നു. കാലിൽ ചൊറി വന്നപ്പോൾ പോക്കറ്റിൽ നിന്ന് അഞ്ച് രൂപ എടുത്തുതന്ന് വൈദ്യരെ കാണുവാൻ പറഞ്ഞുവിട്ടത് ഇന്നും ഓർമയിലുണ്ട്. എനിക്കുവേണ്ടി എല്ലാം ചെയ്തുതന്നിരുന്നു.

അച്ചൻ കുറെയധികം സമയം മുട്ടുകുത്തി പ്രാർഥിക്കുന്നത് കണ്ടിട്ടുണ്ട്. മാതാവിനോട് വലിയ ഭക്തിയുണ്ടായിരുന്നു. നല്ല ശ്രുതി മധുരമായി അദ്ദേഹം പാടുമായിരുന്നു. കുടുംബവഴക്കുതീർക്കാൻ കുറേപ്പേർ അച്ചന്റെ അടുത്തുവരുന്നത് കണ്ടിട്ടുണ്ട്. ദുഃഖങ്ങളും വേദനകളും അനുഭവിക്കുന്നവരോട് ഒരു പ്രത്യേക സ്നേഹവും അനുകമ്പയും അദ്ദേഹത്തിനുണ്ടായിരുന്നു. ജാതിയൊ മതമൊ, വലിയനെന്നൊ ചെറിയവനെന്നൊ അദ്ദേഹം നോക്കിയിരുന്നില്ല. എല്ലാവരേയും അദ്ദേഹം സ്വന്തമായിക്കരുതി. എന്റെ അപ്പൻ എത്രയും വേഗം വിശുദ്ധനായി വണങ്ങപ്പെടണം എന്നാണ് ആഗ്രഹം.

**കുഞ്ഞേത്തി**, കല്ലൂർ

# തിരുസന്നിധാനത്തിലെ കെടാവിളക്ക്; എന്റെ ജീവിതത്തിന്റെ വഴിവിളക്ക്

എന്റെ ജീവിതത്തിൽ കെടാവിളക്കായി ഇന്നും ഊക്കനച്ചന്റെ നിറസാന്നിധ്യം ഉണ്ട്. കുഞ്ഞുനാളിൽ എന്റെ മനസ്സിൽ ആഴമായി പതിഞ്ഞ ആ രൂപം ഇന്നും ഒട്ടും ഒളിമങ്ങാതെ എന്നെ നയിച്ചുകൊണ്ടിരിക്കുന്നു. അത്രയേറെ ആ മഹത് വ്യക്തിത്വം എന്നെ സ്വാധീനിച്ചു.

ഊക്കനച്ചൻ മഠത്തിൽ ദിവ്യബലിയർപ്പിച്ചിരുന്ന ദിവസങ്ങളിലൊക്കെ വളരെ താൽപര്യത്തോടെ അൾത്താര ശുശ്രൂഷിയായി ഞാനവിടെ പോകുമായിരുന്നു. വളരെ നേരത്തെത്തന്നെ ഞാൻ എത്തുമ്പോൾ കാണുന്ന ഒരു കാഴ്ചയുണ്ട്; സക്രാരിയിലേക്ക് നോക്കി മുട്ടുകുത്തി പ്രാർഥിക്കുന്ന ഊക്കനച്ചൻ. ആ കാഴ്ച എന്റെ മനസ്സിൽ ഈശോയോട് അഗാധമായ സ്നേഹവും ഊക്കനച്ചനോട് വലിയ ബഹുമാനവും ഉളവാക്കി. സത്യം പറഞ്ഞാൽ ഊക്കനച്ചൻ എന്റെ ജീവിതത്തിൽ ഇന്നും എന്നും ഒരു ആത്മീയബലവും പ്രചോദനവും ശക്തിയുമാണ്. അച്ചന്റെ വലിയ മാധ്യസ്ഥ്യം ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

മഠത്തിൽ വർഷത്തിൽ ഒരു ദിവസം പതിമൂന്ന് മണിക്കൂർ ആരാധന നടക്കുമ്പോൾ ഞാൻ സ്കൂളിൽ പോകാറില്ല. അവിടെ ധൂപക്കുറ്റി വീശി നിൽക്കും. ആരാധനാ സമയങ്ങളിൽ മുട്ടിന്മേൽ നിന്ന് പ്രാർഥിക്കുന്ന ഊക്കനച്ചനെ കാണുമ്പോൾ ഞാനും അറിയാതെ ഭയഭക്തിയോടെ പ്രാർഥിക്കുമായിരുന്നു. ഒരുപാട് സ്നേഹവും വാത്സല്യവും ഊക്കനച്ചന് എന്നോടുണ്ടായിരുന്നു. അച്ചൻ മരിച്ചതറിഞ്ഞപ്പോൾ വലിയ സങ്കടമായിരുന്നു. എന്നേക്കുമായി ചലനം നിലച്ച ആ പുണ്യപ്പെട്ട ശരീരത്തിനരികിൽ ഒരുപാട് നേരം നിന്നും ഇരുന്നും സമയം ചിലവഴിച്ചു. നഗരികാണിക്കലിലും മൃതസംസ്കാര ശുശ്രൂഷകളിലും ഒക്കെ കണ്ണുനീരോടെ പങ്കെടുത്തു. അദ്ദേഹം എത്രയും വേഗം അൾത്താരയിൽ വണങ്ങപ്പെടുവാൻ ഇടവരണെ എന്നാണ് എന്റെയും കുടുംബത്തിന്റെയും പ്രാർഥന.

**താണിക്കൽ ഔസേഫ് തോമസ്**, ചൊവ്വന്നൂർ

# ഊക്കനച്ചൻ ഞങ്ങളുടെ കുടുംബത്തിന്റെ രക്ഷകൻ

പാവങ്ങളോടും വേദനിക്കുന്നവരോടും ഊക്കനച്ചന് പ്രത്യേക താൽപര്യവും പരിഗണനയും ഉണ്ടായിരുന്നു. ഞങ്ങളുടെ വീട്ടിൽ പണം ആവശ്യമായി വന്നപ്പോഴൊക്കെ അദ്ദേഹം സഹായിച്ചിട്ടുണ്ട്. അച്ചന്റെ പക്കൽനിന്നും പണം വാങ്ങുവാൻ അപ്പൻ എന്നെ പറഞ്ഞുവിടുമായിരുന്നു. അപ്പൻ അത് തിരിച്ചുകൊടുത്തിരുന്നില്ല. അതുകൊണ്ട് കൂടെക്കൂടെ പോകുവാൻ എനിക്ക് മടിയായിരുന്നു. എന്റെ വിവാഹത്തിന് അച്ചൻ ഒരുപാട് സഹായിച്ചിട്ടുണ്ട്.


ആരെങ്കിലും വിഷമിക്കുന്നുണ്ടെന്നറിഞ്ഞാൽ അച്ചൻ ഉടനെത്തന്നെ അവിടെ ചെല്ലുകയും ആവശ്യമുള്ളതെല്ലാം ചെയ്തു കൊടുക്കുകയും ചെയ്യുമായിരുന്നു. പലർക്കും അദ്ദേഹം വീടുവച്ചുകൊടുത്തിട്ടുണ്ട്. എല്ലാവരുടേയും പ്രശ്നങ്ങൾ അദ്ദേഹം കേൾക്കുമായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുവാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. ജാതിയൊ മതമൊ അദ്ദഹം നോക്കിയിരുന്നില്ല. മരിക്കാറായവർ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സമാധാനപരമായി മരിക്കുന്നത് കണ്ടിട്ടുണ്ടെന്ന് അപ്പൻ പറഞ്ഞു കേട്ടിട്ടുണ്ട്.

ഞാൻ വിധവയായപ്പോൾ ഊക്കനച്ചൻ എന്നെ വളരെയധികം ആശ്വസിപ്പിച്ചിട്ടുണ്ട്. എന്റെ രണ്ടാമത്തെ വിവാഹത്തിനും അച്ചൻ സഹായിച്ചിട്ടുണ്ട്. തുടർന്നും പ്രാർഥിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. അദ്ദേഹം വീട്ടിൽ വന്നപ്പോഴൊക്കെ ഞങ്ങളോടൊപ്പം ഏകദേശം അരമണിക്കൂർ സമയം പ്രാർഥിക്കുമായിരുന്നു. ഞങ്ങളുടെ ആവശ്യങ്ങളിൽ ഇടപെട്ട ഞങ്ങളുടെ കുടുംബത്തിന്റെ രക്ഷകനാണ് ഊക്കനച്ചൻ.

**മർഗരീത്ത പൊറിഞ്ചു**, ചൊവ്വന്നൂർ



Young Fr Augustine John Ukken




സെന്റ് തോമസ് ദേവാലയം, ചൊവ്വന്നൂർ






കബറിടം

സെമിനാരി റെക്ടർ






മാമ്മോദീസ മുങ്ങിയ ദേവാലയം, ഏനമ്മാവ്



ഇടവക ദേവാലയം, പറപ്പൂർ

## ഊക്കനച്ചന്റെ മുറി







പിതൃസന്നിധിയിലേയ്ക്ക്



"ചെറിയോരജഗണമേ ഭയപ്പെടേണ്ടാ,
ഞാൻ ഇന്നത്തെക്കാളധികമായി സ്വർഗത്തിലിരുന്ന്
അനുഗ്രഹങ്ങൾ വർഷിക്കും."



അതിരൂപതാ ട്രൈബ്യൂണൽ സമാപനം (2012 മെയ് 23)